# നിരണം ഗ്രന്ഥവരി

## (അക്കര പകർപ്പ്)

http://www.malankaraorthodox.tv/

(Malayalam)

**Niranam Grandhavary**

**(Church History)**

**Editor: Kurian Writer**

Copy Right Reserved

| | | |
|---|---|---|
| First Web Edition | : | Nov., 2009 |
| Typesetting | : | Sophia Print House, Kottayam Ph: 3255054 |
| Published by | : | C. Cherian, Akkara Kunnumpurathu<br>Pachimatharaka Publications, Kottayam<br>Mob: 9446195642 |

# അവതാരിക

"ആറാം മാർത്തോമ്മായുടെ സഭാ ചരിത്രഗ്രന്ഥവരി" എന്ന പേരിൽ അറിയപ്പെട്ടുപോരുന്ന ഈ കൈയെഴുത്തു ചരിത്രത്തിൽ പഴയനിയമത്തിലെ ലോകോല്പത്തി മുതൽക്കുള്ള ചരിത്രസംഭവങ്ങൾ, പുതിയനിയമചരിത്ര സംഭവങ്ങൾ, ആദിമ ക്രൈസ്തവസഭാചരിത്രം എന്നിവ സംക്ഷിപ്തമായ രീതിയിലും മലങ്കര സുറിയാനി സഭയുടെ ചരിത്രം നാതിവിസ്താരമായും വിവദിക്കപ്പെട്ടിരിക്കുന്നു. മലങ്കരസഭയുടെ ചരിത്രം ഒഴിച്ചുള്ള പൂർവ്വ ചരിത്രഭാഗങ്ങൾ എല്ലാം തന്നെയും സഭാംഗങ്ങളുടെ ഉപയോഗത്തെ മുൻനിർത്തി മലങ്കരയിലെ വിദ്വാന്മാരായ വൈദികശ്രേഷ്ഠന്മാർ പൂർവ്വരേഖകളെ ആധാരമാക്കി മുൻകാലത്ത് ഇവിടെത്തന്നെ എഴുതി സൂക്ഷിച്ചിരുന്നതാണെന്ന് വിചാരിക്കപ്പെടുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ സഭാ സ്ഥാപനം മുതൽ അഞ്ചാം മാർത്തോമ്മായുടെ സ്ഥാനാരോഹണ കാലമായ 1728 –നു കൊല്ലം 936 –ാമാണ്ടു വരെക്കുള്ള ചരിത്രം മുൻഗാമികളായ മാർത്തോമ്മാ മെത്രാന്മാർ മേൽപ്പറഞ്ഞ ചരിത്രത്തിന്റെ അനുബന്ധമായി അതതുകാലം എഴുതി ചേർത്തിരുന്നതിനെ തുടർന്നാണ് അഞ്ചാം മാർത്തോമ്മായെ ബന്ധിക്കുന്ന പ്രധാന ചരിത്ര സംഭവങ്ങൾ ആറാം മാർത്തോമ്മാ തന്നെ ഇതിൽ എഴുതിച്ചേർത്തിരിക്കുന്നത്. ..... എന്നാൽ 81–ാമാണ്ട് (981) കടമറ്റത്തിരിക്കുമ്പോൾ ഇപ്പോഴത്തെ വർത്തമാനങ്ങളും നിരണത്തു കാലം ചെയ്ത അഛന്റെ (അഞ്ചാം മാർത്തോമ്മാ) കാര്യവും എഴുതണമെന്നും അതുകൊണ്ട് വളരെ ഉപകാരമുണ്ടെന്നും (ആറാം മാർത്തോമ്മാ) കല്പിച്ചത്രെ എഴുതിച്ചത്" എന്ന് ഈ കൈയെഴുത്ത് പകർപ്പിന്റെ 200–ാം പേജിൽ കാണുന്നതായ ഏഴാം മാർത്തോമ്മായുടെ പ്രസ്താവന തന്നെ ഇതിന് ലക്ഷണമാണ്. ആറാം മാർത്തോമ്മായെ സംബന്ധിച്ചുള്ള പ്രധാന ചരിത്ര സംഭവങ്ങളെല്ലാം അദ്ദേഹം തന്നെ ഈ ഗ്രന്ഥത്തിൽ ഗ്രന്ഥവരിയായി എഴുതിച്ചേർത്തിരിക്കുന്നുവെന്നുള്ളതിന് ഇതിൽ തന്നെ ലക്ഷ്യമുണ്ട്. ആറാം മാർത്തോമ്മായുടെ അന്ത്യഘട്ടം അതാവിത് കൊല്ലവർഷം 983 മുതൽ സി. എം. എസ്. മിഷണറിമാരായ യൂറോപ്യന്മാർ സുറിയാനിസഭയിൽ സുവിശേഷ പ്രയത്നം ആരംഭിക്കുന്നതായ 1005–ാമാണ്ട് വരെക്കുള്ള ചരിത്രവും അതതു കാലം മലങ്കരസഭാ ഭരണം നടത്തീട്ടുള്ള മെത്രാപ്പോലീത്തന്മാർ യഥാകാലം എഴുതിച്ചേർത്ത് ഈ ഗ്രന്ഥവരി മുഴുമിച്ചിരിക്കുന്നു.

**കുര്യൻ റൈട്ടർ**

# നിരണം ഗ്രന്ഥവരി
# (അക്കര പകർപ്പ്)

ബാവായുടെയും പുത്രന്റെയും റൂഹാദകുദശായുടെയും നാമത്താൽ ആദിമുതൽ മിശിഹാക്കാലം വരെയും, മിശിഹാക്കാലം മുതൽ പുതുമ യുടെ കാലങ്ങളിലും മലയാളത്തിലുണ്ടായിരിക്കുന്ന കാര്യങ്ങളേയും എഴു തുന്നു.

എന്നാൽ ലോകം സൃഷ്ടിക്കപ്പെട്ട നാൾമുതൽ പ്രളയം വരെയും ചെന്ന കാലം 2391. സൃഷ്ടിപ്പുനാൾ മുതൽ മിശിഹാ വരെ കാലം 5491.

ആറാം ദിവസം വെള്ളിയാഴ്ച ആദത്തേയും അവ്വായേയും ദൈവത്തി ന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. 131-ാം വർഷത്തിൽ ആദത്തിന്റെ മക്കൾ കായേനും ഹാബേലും കർത്താവിന്നു കാഴ്ച വെച്ച കാരണത്താൽ ഹാബേലിന്റെ കാഴ്ചയിൽ ഇമ്പപ്പെട്ടുയെന്നും കായേൻ അറിഞ്ഞു ഹാബേലിനെ കായേൻ കൊന്നു. വീണ്ടും ആദത്തിനു ശേത് പിറക്കപ്പെടു കയാൽ കായേന്റെ സന്തതി മാനുഷ മക്കളെന്നും ശേതിന്റെ മക്കൾ ആലോഹി മക്കളെന്നും പേരിട്ടു (ആലോഹി = ദൈവം). 930-മാണ്ട് ആദാം മരിച്ചു. ആദാം മുതൽ നോഹു വരെയുള്ളവർക്ക് തുലാ മാസം ആണ്ടുപി റപ്പ്. നോഹു മുതൽ മിശിഹാ വരെയുള്ളവർക്ക് മേട മാസം ആണ്ടുപിറപ്പ്. മിശിഹാ മുതൽ മകരമാസം ആണ്ടുപിറപ്പ്. യവുനായക്കാർക്ക് തുലാ മാസം ആണ്ടുപിറപ്പ്. മലയാളത്തുകാർക്ക് ചിങ്ങ മാസം ആണ്ടുപിറപ്പ്. *(ആദാം മേടമാസം 6-നു വെള്ളിയാഴ്ച സൃഷ്ടിക്കപ്പെട്ടുയെന്ന് ബാർ എബ്രായയുടെ പ്രാചീനകാലവൃത്താന്തസംഗ്രഹം എന്ന സുറിയാനി ഗ്രന്ഥത്തിൽ പറയുന്നു).*

987-ാമാണ്ട് ഹാനോഖിന് 365 വയസ്സായപ്പോൾ ഒടുക്കകാലങ്ങളിൽ വരുവാനിരിക്കുന്ന കാര്യങ്ങൾ നിവ്യൂസാ (ദീർഘദർശനം) ആയിട്ട് പറക കൊണ്ട് ഉയിരോടു മേഘത്തിൽ കൊണ്ടുപോയിരിക്കുന്നു.

2391-ൽ പ്രളയം വരുന്നതിനു മുമ്പ് 1791-ൽ നോഹു പിറന്നു. അതു വരെയും ഉള്ള മനുഷ്യർക്ക് ക്യാനായെ മാർഗ്ഗം ആകകൊണ്ടും ഏറിയ കാലം ജീവിച്ചിരുന്നതിനാലും ദൈവബോധങ്ങളെക്കൊണ്ട് പാരമ്പര്യമാ യിട്ട് ഒരുത്തരുക്കൊരുത്തരു വാക്കു വിശേഷം കൊണ്ടു കയ്യാളിച്ചു നടന്നു വരുന്നു *(വാഗ്മൂലമായ പഠിപ്പിക്കൽ കൊണ്ട് എന്ന് സാരം)*. ആദാം മുതൽ നോഹു വരെ കരിന്തല *(തലമുറ)* പത്ത്. ആദാം, ശേത്, ആനോസ്, കൈനാൻ, മഹലാലയേൽ, യാറദ്, ഹനോക്ക്, മത്തുശാലഹ്, ലാമേക്ക്, നോഹ്. നോഹ് വിശ്വാസത്തിൽ നീതിയുള്ളവനായി ദൈവഭക്തിയോടു നടന്നുവന്നു. ആ കാലത്ത് സകല മനുഷ്യരാലും മിശിഹാ രക്ഷിപ്പാനാ

http://www.malankaraorthodox.tv/

യിട്ടു വരുന്നുവെന്ന് ആശയോടു നോക്കിയിരിക്കപ്പെട്ടു. പിന്നത്തേതിൽ ദൈവവിരോധികളും മല്ലന്മാരും പടയാളികളുമായി അവനവന് തോന്നിയ വിധത്തിൽ നടന്നു. ദോഷത്തിൽ ആയതിന്റെ ശേഷം ജലപ്രളയത്താലെ മാനുഷ മക്കളിൽ നോഹും മക്കൾ മൂവരും അവരുടെ സ്ത്രീകളും ഉൾപ്പെടെ എട്ടുപേരെ കയറ്റിയതൊഴികെ ശേഷമൊക്കെയും താൻ മുടിച്ചു.

2391-ാമാണ്ട് വൃശ്ചികമാസം 17-നു പ്രളയം വന്നു. 2392-ാമാണ്ട് വൃശ്ചികമാസം 27-നു നോഹ് കപ്പലിൽ നിന്നിറങ്ങി കർത്താവിന്നു പൂജ കഴിച്ചു. അക്കാലം മനുഷ്യരൊക്കെയും ദുർമ്മാർഗത്തെ വിട്ട് ദൈവത്തെ ഭയപ്പെട്ട് നടപ്പാൻ കല്പിച്ചു. നോഹിന് മൂന്ന് മക്കൾ. ശേം, ഹാം, യാഫേത്ത്. അവരാൽ ലോകമൊക്കെയും മനുഷ്യജന്മം പരിപാലിച്ചു വന്നു. നോഹു മൂന്നു മക്കൾക്കായിട്ടു ഭൂമിയൊക്കെയും പകുത്തു കൊടുത്തു.

ശേമിന്റെ സന്തതിക്ക് കിഴക്ക് ആസിയാക്കെട്ടും *(ഏഷ്യാ ഖണ്ഡം)* ഹാമിന്റെ സന്തതിക്ക് ഭൂമിയുടെ നടുവ്, തെക്കുവടക്ക്, ആഫ്രിക്കാ അമ്മേരിക്കാക്കെട്ടും, യാഫേത്തിന്നു പടിഞ്ഞാറ് റോപ്പാക്കെട്ടും (യൂറോപ്പ്).

2458-ാമാണ്ട് ശേമിന്റെ പുത്രൻ സാലാസാലായുടെ പുത്രൻ യെവറാം. അന്നു മുതൽ യവറായ ജാതി *(എബ്രായ വർഗ്ഗം)* യും പേച്ചുമുണ്ടായി (പേച്ച് = ഭാഷ). 2657-ാമാണ്ട് വെള്ളത്താലെ ഇനിയും മുടിയായ്വാൻ ആകാശത്തിൽ കരേറുന്നതിന് ഹാമിന്റെ മക്കൾ മുതലായിട്ട് ശേഷംപേര് ഒരു നിരൂപണയും വിചാരവുമാകകൊണ്ട് ബാബേലിൽ കോട്ട പണി തുടങ്ങി. അതിന്റെശേഷം പേച്ചു പലതായി കോട്ട പണിയും മുടങ്ങി. മനുഷ്യർ പല ദിക്കിലും ചിതറപ്പെട്ടു. ബാബേലിൽ രാജാവായിട്ടു വാണിരുന്ന നെപ്രോസ് *(നിമ്രോഗ് എന്നു പാഠാന്തരം)* നിനുവ നഗരിയെ രാജധാനിയാക്കി വെച്ചു. 2741-ാമാണ്ട് നോഹു മരിച്ചു. 2743-ാമാണ്ട് അബ്രഹാം പിറന്നു. 2818-ാമാണ്ട് അബ്രാഹത്തിനോട് കർത്താവ് അരുളിച്ചെയ്തു: വിഗ്രഹാരാധന നിറഞ്ഞ കൽദായനാട്ടിൽ നിന്ന് കനാന്റെ നാട്ടിന്ന് അയയ്ക്കുമ്പോൾ നിനക്കും നിന്റെ സന്തതിക്കും കനാന്റെ നാടു കൊടുക്കുമെന്നും *(നൽകുമെന്നും)* നിന്റെ സന്തതിയിൽ നിന്ന് മിശിഹാ പുറപ്പെടുമെന്നും കല്പിച്ചു. അതിന്റെശേഷം വിഗ്രഹാരാധന ലോകത്തിൽ നിറഞ്ഞതുകൊണ്ട് അബ്രഹാം, ഇസാക്കു, യാക്കോ എന്ന ഈ മനുഷ്യരെ കർത്താവ് തെരഞ്ഞെടുത്തു. 2819-ാമാണ്ട് അബ്രഹാം മിസ്രയനിൽ പോയി. അബ്രഹാം പുറപ്പെട്ട നാൾതൊട്ട് ഇസ്രായേൽ മക്കൾ മിസ്രേനിൽ നിന്നു പുറപ്പെട്ടതുവരെയും ചെന്ന കാലം 430. 2827-ാമാണ്ട് സോദോമിൽ ഉണ്ടായ പടയിൽ ലോത്തിനേയും അവന്റെ തോട്ടങ്ങളെയും കവർച്ചയായിട്ട് രാജാക്കന്മാർ കൊണ്ടുപോയത് അബ്രഹാം കേട്ടു. അവന്റെ അടിയാരു 318 പേരെയും കൂട്ടിക്കൊണ്ടു ചെന്ന് നാലു രാജാക്കളെയും ജയിച്ച് മുതൽകാര്യങ്ങളും കൊണ്ടുവരുംവഴിക്ക് മൽക്കുസദേക്ക്

http://www.malankaraorthodox.tv/

എന്ന ആളിനെ കാണ്‌ക കൊണ്ട് അയാൾക്ക് കൊണ്ടുവന്നതിൽ പത്തിൽ ഒന്ന് പകരം കൊടുത്തു *(പതാരം കൊടുത്തുവെന്നു പാഠാന്തരം).* അയാൾ അപ്പവും വീഞ്ഞും വാഴ്ത്തി അബ്രഹാമിനു കൊടുത്തു. 2829-ാമാണ്ട് അബ്രാഹത്തിനു ഇഷ്മായേൽ പിറക്കപ്പെട്ടു. 2842-ാമാണ്ട് കർത്താവ് അബ്രാഹത്തിന് വറുഗീസിന്റെ *(ചേല)* മാർഗ്ഗം മുദ്ര ആയിട്ട് കല്പിച്ചു. സോദോമും ഗോമോറായും മറ്റു നഗരികൾ മൂന്നും തീയും ഗന്ധകവും എറക്കി മുടിച്ചു. ലോത്തിനേയും കെട്ടിയവളേയും പെൺമക്കൾ രണ്ടു പേരെയും അവിടെ നിന്നിറക്കി. കെട്ടിയവൾ പിറകോട്ടു നോക്കുകയാൽ ഉപ്പുതൂണായിട്ട് തിരിഞ്ഞു. 2843-ാമാണ്ട് അബ്രാഹത്തിനു ഇസഹാക്കു പിറക്കപ്പെട്ടു. 2868-ാമാണ്ട് ഇസഹാക്കിന് ഏറെക്കുറെ 25 വയസ്സായപ്പോൾ കർത്താവിന്റെ കല്പനകൊണ്ട് അറുത്ത് പൂജ കഴിപ്പാൻ കൊണ്ടുപോയി *(ബലി എന്ന് സാരം).* അവന്റെ വിശ്വാസത്തിന്റെ ഉറപ്പെക്കുറിച്ച് ഇസ ഹാക്കിനെ അറുക്കേണ്ട എന്നും വൃക്ഷത്തിൽ നിന്ന് കുഞ്ഞാടിനെ അറു ത്തു പൂജ കഴിപ്പാൻ കല്പിച്ചു. അക്കാലം മുതൽ നരബലി മുറയുണ്ടായി. 2893-ാമാണ്ട് മിസ്രേക്കാർ മറ്റു ദൈവങ്ങളിൽ മനസ്സായി. ആദിത്യനേയും ചന്ദ്രനെയും നമസ്കരിപ്പാൻ അവരു പ്രമാണിച്ചു. 2903-ാമാണ്ട് ഇസാ ക്കിന് ഏശാവും യാക്കോബും രണ്ടു പുത്രന്മാർ പിറക്കപ്പെട്ടു. 2918-ാ മാണ്ട് അബ്രഹാം മരിച്ചു. 2920-ാമാണ്ട് യാക്കോബ് തന്റെ ജ്യേഷ്ഠൻ ഏശാവിന്റെ പിണക്കത്തെ കുറിച്ച് 17-ാം വയസ്സിൽ ലാബാന്റെ പക്കൽ പോയി ലേയായേയും റാഹേലിനേയും കെട്ടി. അവർക്ക് ബിൽഹായും സില്പായും രണ്ടു വെപ്പാട്ടികളേയും കൊടുത്തു. അവരിൽ നിന്നു 12 പുത്രന്മാർ ഉണ്ടായി. ഇസ്രായേൽ മക്കൾക്ക് പന്ത്രണ്ട് ഗോത്രപിതാക്ക ന്മാർ അവരായിരുന്നു. മുമ്പ് പിറന്ന രൂബൻ തനിക്കുള്ള മൂപ്പ് സ്ഥാന ത്തേയും രാജസ്ഥാനത്തേയും പട്ടസ്ഥാനത്തേയും ഒഴിഞ്ഞു. യൂദാവിന്നും കിട്ടി *(യൂദാവിന്നും യോസേപ്പിന്നും കെട്ടി എന്നു പാഠാന്തരം).*

യൂദാ രാജാവായതിനാൽ അതിൽ രാജാക്കളും മിശിഹാ കർത്താവും പിറക്കപ്പെട്ടു. യോസേപ്പിന് ബഹുമാനവും മൂപ്പുസ്ഥാനവും കിട്ടിയതിനാൽ അവന്റെ മക്കളായ മനശ്ശ, എഫ്രായിം എന്ന രണ്ടു പേരെയും ഗോത്ര പിതാക്കളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടു. ലേബിയുടെ *(ലേവി)* വഴിപാട്ടിൽ *(കുലം/താവഴി)* പട്ടസുഖവും *(ആചാര്യത്വം)* കല്പിച്ചു. ഏശ്ശാബ് *(ഏശാ വ്)* വിഗ്രഹാരാധനക്കാരുടെ പെണ്ണിനെ വിവാഹം ചെയ്തു. അതു കാര ണത്താൽ ആ വഴിപാട്ടുകാര് ദൈവത്തെ മറന്നേച്ച് ദേവന്മാർക്ക് വേല ചെയ്തു.

3032-ാമാണ്ട് യോസേപ്പിന് 17 വയസ്സായപ്പോൾ തന്റെ മേൽ ശത്രുക്കളാ യിരുന്ന കൂടപ്പിറപ്പുകളാൽ പിടിക്കപ്പെട്ട് മിസ്രയിമിന്റെ നാട്ടിന്നു പോയി. 3044-ാമാണ്ട് ഇസഹാക്ക് മരിച്ചു. 3045-ാമാണ്ട്, യോസേപ്പ് മൂന്നു വർഷം

http://www.malankaraorthodox.tv/

കാവലിൽ *(തടവിൽ)* പാർത്തശേഷം ഫറഓ കണ്ട സ്വപ്നത്തെ പൊരുളു തിരിച്ച കാരണത്താൽ മിസ്രേന്റെ നാട്ടിന്നു രാജാവായി. 3054-ാമാണ്ട് യാക്കോബ് തനിക്കുള്ള ജനങ്ങളോടുകൂടി 70 പേര് മിസ്രേനു പോയി. 3071-ാമാണ്ട് യാക്കോബ് മരിച്ചു. 3125-ാമാണ്ട് യോസേപ്പ് മരിച്ചു. അതിന്റെ ശേഷം മിസ്രെക്കാർ ഇസ്രായേൽ മക്കളെ അടിമകളാക്കി വളരെ ഉപദ്ര വിച്ചു. എന്നാൽ 215 സംവത്സരം ആകയാൽ 70 ജനം വന്നതിനാൽ 603550 പേരു വർദ്ധിച്ചുണ്ടായി. ആയത് 20 വയസ്സിന്ന് കീഴുള്ളവരും അന്നു കുല ചെയ്യപ്പെട്ട പൈതങ്ങളും 22000. ലേവ്യരും കൂടാതെ ആകുന്നു. അക്കാ ലത്തിൽ ഇയ്യോബ് പിറന്നു. 3286-ാമാണ്ട് അഹറോൻ പിറന്നു. 3289-ാമാണ്ട് മോശ പിറന്നു. അവരിരുവരും മിസ്രേമിൽ ചെന്നാറെ യന്നേസും യമ്പീ രേസും എന്ന ക്ഷുദ്രക്കാരുമായിട്ട് വളരെ തർക്കിച്ചു. പത്തു കൂട്ടം ബാധ യാൽ കർത്താവ് മിസ്രെമിനെ ശിക്ഷിച്ചു. 3364-ാമാണ്ട് മേടമാസം 14-നു മിസ്രയിമിൽ നിന്ന് ഇസ്രായേൽക്കാര് പുറപ്പെട്ടു. അവർ മിസ്രെമിൽ നിന്ന് പുറപ്പെട്ടനാൾ മുതൽ കനാന്റെ നാട്ടിന്നു ചെന്നതുവരെയും കാലം 46. ഓറൈത്തായിലും *(പഴയനിയമം)* എങ്കർത്തായിലും *(പുതിയനിയമം)* ചൊല്ലിയിരിക്കുന്ന 430 വർഷം അബ്രഹാം പുറപ്പെട്ട നാൾ തൊട്ടത്രെ ആകുന്നു. ഓറൈത്തായിലും പ്രാക്കുസേസിലും *(അപ്പോസ്തോലപ്രവൃ ത്തി)* ചൊല്ലിയിരിക്കുന്ന 400 വർഷം ഇസഹാക്ക് പിറന്ന നാൾ തൊട്ടത്രെ ആകുന്നു.

മിഥുനമാസം 3-നു പെന്തക്കുസ്തിയെന്ന അൻപതാം പെരുന്നാളിൽ കർത്താവ് സീനായി മലയിൽ വെച്ച് പത്തു പ്രമാണങ്ങളും മാർഗ്ഗങ്ങളും കല്പലകമേൽ എഴുതിക്കൊടുത്തു. ഇസ്രായേൽ മക്കൾ എല്ലാവരും ശുദ്ധ മാകപ്പെട്ടവരെന്നും കല്പിച്ചു. മറ്റുള്ള കുലങ്ങൾ തങ്ങളുടെ മനസ്സു പോലെ ദേവന്മാരെ വന്ദിക്കുന്നതിനും തിരിപ്പിച്ചു. എബ്രായേൽ *(ഇസ്രാ യേൽക്കാർ)* നടക്കേണ്ടും മര്യാദകൾക്കും മാർഗ്ഗവിധികൾക്കും പലക എഴുതി മോശയുടെ പറ്റിൽ കൊടുത്തതിന്റെ വിവരങ്ങൾ ഒക്കയും ഓറൈ ത്തായിൽ എഴുത്തുപെട്ടിട്ടുണ്ട്. 3408-ാമാണ്ട് അഹരോനും അവന്റെ പെങ്ങൾ മറിയവും മരിച്ചു. അതിന്റെശേഷം അഹരോന്റെ പുത്രൻ ഏലി യാസാറിന് മേല്പട്ടം കെട്ടി. അക്കാലം ബെലയാം എന്ന കാവ്യ നിവ്യാ യുടെ ഉപദേശത്താൽ ബാലാക്ക് എന്ന രാജാവിന്റെ കാലത്തിൽ മോബാ യക്കാരുടെ പെണ്മക്കളോട് സൊല്ലുർത്തം *(വ്യഭിചാരം)* ചെയ്ത് എബ്രാ യേൽ, ദേവന്മാരേയും വന്ദിച്ചു. ഇതിന്മണ്ണം പലപ്പോഴും ചെയ്കയാൽ അവരെ താൻ *(ദൈവം)* മുടിച്ചു. 3409-ാമാണ്ട് മീനമാസം 1-നു മോശ മരിച്ചു. എന്നാൽ ഇസ്രായേൽ മക്കൾ 40 വർഷം വനത്തിൽ പാർത്ത തിന്റെ ശേഷം അവർക്ക് മന്നായും തൽവായും എറക്കി കൊടുത്തു. അതിന്റെശേഷം ഇസ്രായേൽ മക്കളെ ഇശോൻ വർന്നോൻ *(യേശുബർ*

http://www.malankaraorthodox.tv/

*നൂൻ)* കനാന്റെ നാട്ടീന്നു കൂട്ടിക്കൊണ്ടു പോകപ്പെട്ടു. ഈറിഹോമിന്റെ *(യറിഹോ)* കോട്ടയും മറ്റു രാജ്യങ്ങളും പിടിക്കപ്പെട്ടു. 3415-ാമാണ്ട് ഈശോ വർന്നോൻ കനാന്റെ നാട്ടിൽ ചെന്നു ഇസ്രായേലിന് സ്വന്തഭൂമിയാക്കി ക്കൊടുത്തു.

കനാന്റെ നാട്ടിൽ ചെന്ന നാൾ മുതൽ ശ്ലേമ്മോൻ പള്ളി പണിയി ച്ചതു വരെ ചെന്ന കാലം 434. 3416-ാമാണ്ട് ഇസ്രായേൽ മക്കൾക്ക് ശാബത നാളെന്ന വർഷം ആയിരുന്നു. അവിടം തൊട്ട് വർഷത്തു കയേ റ്റിക്കൊള്ളണം. രണ്ടു വർഷത്തിനു മുമ്പേ പ്രാക്കുസേസ്സിൽ 13-ാം കെപ്പാ ലയോൻ 2-ാം പാസോക്കായിൽ ചൊല്ലിയിരിക്കുന്ന (അപ്പോ. പ്രവൃത്തി 13:2) 450 വർഷം ഇസഹാക്ക് പിറന്ന നാൾ തൊട്ടു തികഞ്ഞിരിക്കുന്നു. അപ്പോൾ ശീലോവിൽ കെവുസാ എന്ന പെട്ടകവും കൊണ്ടുപോയി വെയ്ക്കപ്പെട്ടു. 3555-ാമാണ്ട് ഈശോവർന്നോൻ മരിച്ചു. അതിന്റെശേഷം ഞായകാററു *(ന്യായാധിപതിമാർ)* 339 വർഷം ഇസ്രായേലിനെ ഭരിച്ചു വന്നു. അവരുടെ പേരുകൾ: 1) കാനോസും (2) ആഹോറും (3) ബാറാ ക്കും, (4) ഗിദയോനും (5) തോലായും (6) യായീറും (7) നവുത്താഹും (8) അബിശാനും (9) ആലോനും (10) അക്രോനും (11) ശെമിശാനും (12) മേല്പട്ടക്കാരൻ ഏലിയും (13) ശമുമേൽ നിവ്യായും. ഇങ്ങനെ ശമുവേൽ നിവ്യായുടെ കാലത്തിനോളവും ഇസ്രായേലിനെ ന്യായാധിപതിമാർ ഭരി ച്ചുവന്നു. 3779-ാമാണ്ട് ഞായകാററുടെ മുൻപൻ കാനാസു ഭരിച്ചുവന്നു. 3851-ാമാണ്ട് ബാറാക് എന്ന ന്യായകാരനും തെബറോൻ (ദെബോറാ) എന്ന നിവ്യാട്ടി (ദീർഘദർശിനി) യും കൂടെ വിചാരിച്ചു വന്നു. 3982-ാമാണ്ട് ഗിദയോന്റെ കാലത്തിൽ റായോസ് എന്ന സ്ത്രീ ഉണ്ടായിരിക്കണം. 4005 -ാമാണ്ട് ശെമിശോൻ ഫലസ്തിയാക്കാരുടെ പിണക്കത്തിൽ പാടുകൾ പലകൂട്ടവും അനുഭവിച്ചു. 20 വർഷം ഭരിച്ചു. ദാന്റെ വഴിപാട്ടുകാരനായ തുകൊണ്ട് യാക്കോയുടെ നിവ്യൂസാ അവന്റെ മേൽ വരികയും ചെയ്തു. അക്കാലത്തിൽ മീഖാ എന്നൊരുത്തൻ ഒരു വിഗ്രഹത്തെ ഉണ്ടാക്കി ആച രിച്ചു. അതു കാരണത്താൽ വിഗ്രഹാരാധന നടന്നുവന്നു. 4045-മാണ്ട് ശിംശോൻ മരിച്ചു. അതിന്റെശേഷം ഏലി എന്ന പട്ടക്കാരൻ വിചാരിച്ചു വന്നു. എന്നാൽ ഏലിക്കു രണ്ടു മക്കൾ ഹൊപ്പിനി എന്നും ഫിനഹാ സെന്നും. ഇവരു രണ്ടുപേരും തന്നിഷ്ടക്കാരായിരുന്നു. അക്കാലങ്ങളിൽ ശമുവേൽ പിറന്നു. ചെറുപ്പത്തിൽ തന്നെ ഏലിയുടെ അടുക്കൽ പാർപ്പിച്ചി രുന്നു. അപ്പോൾ കർത്താവിന്റെ സ്വരം ഏലിയേയും മക്കളേയും ഒരു ദിവസം തന്നെ മുടിക്കുമെന്നും ശമുവേലിനോടു കല്പിച്ചു. ഇതിന്റെ ശേഷം ഫലിസ്തിയാക്കാർ ഒരു യുദ്ധത്തിനു വരികയാൽ ഇവർക്ക് മടു പ്പായതുകൊണ്ട് ശീലോഹിൽ ഇരുന്ന കെവുസാ എടുപ്പിച്ചു കൊണ്ടുപോ യാറെ പട്ടക്കാരു രണ്ടു പേരെയും കൊന്നു. കെവുസായും പിടിച്ചു പറിച്ചു

http://www.malankaraorthodox.tv/

കൊണ്ടുപോയി. അത് കേട്ട് ഏലിയും മരിച്ചു. അതിന്റെ ശേഷം ശമുവേൽ നിവ്യാ ഇസ്രായേലിനെ ഭരിച്ചുവരുമ്പോൾ മറ്റുള്ള കുലങ്ങളെപ്പോലെ ഞങ്ങൾക്കും രാജാവുണ്ടാകണമെന്ന് ശമുവേലിനോട് ഇസ്രായേൽ ജനങ്ങൾ അപേക്ഷിക്ക കൊണ്ട് കീശിന്റെ പുത്രൻ ശവുലിനെ രാജാവാക്കി കൊടുപ്പാൻ കല്പിച്ചു. 4074-ാമാണ്ട് ബെന്യാമിന്റെ വഴിപാട്ടിൽ നിന്ന് ചാവോലിനെ *(ശൗൽ)* ഒന്നാമത്തെ രാജാവായിട്ട് പട്ടം കെട്ടി. ശമുവേൽ നിവ്യായോടു കൂടെ 40 വർഷം ഇസ്രായേലിനെ ഭരിച്ചുവന്നു. ഫെലസ്തിയാക്കാരു കെവുസാ കൊണ്ടുപോയിരുന്നതിനെ ഒന്നു രണ്ടു ദിക്കിൽ വെച്ചിരുന്നാറെ മൂലവ്യാധിയായിട്ടും എലികടിച്ചും ഏറിയ ആളുകൾ മരിച്ചുപോക കൊണ്ട് പ്രായശ്ചിത്തവും നിശ്ചയിച്ചു. കറക്കുന്നതിൽ രണ്ടു പശുക്കളെ വണ്ടിക്കുകെട്ടി വണ്ടിപ്പുറത്ത് കെവുസായും വെച്ച് അയക്ക കൊണ്ട് തിരിയെ വരികയും ചെയ്തു. 4076-ാമാണ്ട് ചാവോൽ രാജാവ് കർത്താവിന്റെ കല്പനക്ക് ഭേദം വരുത്തുകകൊണ്ട് അവനു പകരം ഈശോയുടെ പുത്രൻ ദാവീദിന് 22 വയസ്സായിരിക്കുമ്പോൾ കല്പനയോടു കൂടി ശമിയേൽ നിവ്യാ രാജപട്ടം കെട്ടി. അതിനെകുറിച്ച് 8 വർഷം ശാവുലിന്റെ പിണക്കത്തോടു കൂടി ദാവീത് ബുദ്ധിമുട്ടേൾക്കേണ്ടി വന്നു. 4082-ാമാണ്ട് ശമുവേൽ നിവ്യാ മരിച്ചു. 4084-ാമാണ്ട് ഫലിസ്തിയക്കാരുടെ യുദ്ധത്തിൽ ശാവോലിന് ദൈവകോപം കൊണ്ടും ബെന്യാമിനോടു യാക്കോ ചൊല്ലിയിരിക്കുന്ന നിവ്യൂസാ കൊണ്ടും പടയിൽ ശാവോൽ ത്തന്നെ വാളിന്മേൽ വീണു മരിച്ചു. ഇതിന്റെശേഷം ദാവീദ് രാജാവായിട്ട് വാണു. ഈ ദാവീദ് ദൈവത്തിന്റെ കല്പനയ്ക്ക് ഭേദം ചെയ്യാതെയും രാജകാര്യം വേണ്ടുംവണ്ണം വിചാരിച്ചും 40 സംവത്സരം ഇസ്രായേലിനെ ഭരിച്ചുവന്നു. തന്റെ ഗോത്രത്തിൽ മശിഹാ പിറക്കുമെന്നും ഊലാലായിൽ ചൊല്ലിയിരിക്കുന്നു. നാഥാൻ നിവ്യാ ദാവീദിന്നു ഗുരുവായിരുന്നു. 4125-ാമാണ്ട് ദാവീദ് മരിച്ചു. അവന്റെ പുത്രൻ ശ്ലേമ്മോൻ 19 വയസ്സായപ്പോൾ രാജാവായിട്ടു വാണു. ശ്ലേമ്മോൻ പള്ളിപണി തുടങ്ങിയനാൾ മുതൽ ബാബേലിനുടെ അടിമയാൽ കൊണ്ടുപോയ നാൾ വരെയും ചെന്ന കാലം 527. 4128-ാമാണ്ട്, ഇസ്രായേൽ മിസ്രയിമിൽ നിന്ന് പുറപ്പെട്ട്, 480-ാം വർഷത്തിൽ മിശിഹാ പിറക്കുന്നതിന് 1000 വർഷത്തിനു മുമ്പിൽ പള്ളിക്ക് അടിസ്ഥാനം വെയ്ക്കപ്പെട്ടു. 4135-ാമാണ്ട് ഓർശലേം പള്ളിപണി തീർന്നു. ശ്ലേമ്മോൻ കർത്താവിൽ നിന്ന് ജ്ഞാനത്തേയും ഭാഗ്യത്തേയും വാങ്ങിച്ചു. മൂന്നു പുസ്തകം ശ്ലേമ്മോൻ എഴുതി. ഒടുവിൽ തനിക്കുള്ള സ്ത്രീകളാൽ ചിറ്റിമ്പത്തിനും വിഗ്രഹാരാധനക്കും വീഴുകകൊണ്ട് വീണ്ടും തമ്പുരാനിൽ ശരണപ്പെട്ട് ഗുണത്തിന്ന് തിരിഞ്ഞു എന്ന് കുഹലാധ *(കുലിലാധാ എന്നു പാഠാന്തരം)* ചൊല്ലിയതുകൊണ്ടറിയാം. 4147-ാമാണ്ട് അരമനയും വീടുകളും കെട്ടിത്തീർന്നു. സിന്ധു ദേശത്തിനു കപ്പൽ യാത്രയാക്കിയാറെ പായ്മരം ഇല്ലായ്കകൊണ്ട് മൂന്നുവർഷം താമസിച്ചു. പൊൻ,

വെള്ളി, രത്നം, ആനക്കൊമ്പ്, മതി, മയിൽ, ഇതൊക്കെയും തർശ്ശീശെന്ന ദ്വീപാന്തരക്കരയിൽ നിന്നും കൊണ്ടുവന്നു. 4164–ാമാണ്ട് ശ്ലേമ്മോൻ മരിച്ചു. അതിന്റെശേഷം രണ്ടു വഴിപാടായിട്ട് രാജാക്കന്മാർ തിരിഞ്ഞു. ശ്ലേമ്മോന്റെ പുത്രൻ റെഹോബോയാം യെഹൂദായുടെ വഴിപാടിന്നും ബന്യാമിന്റെ വഴിപാടിനും *(ഗോത്രം)* രാജാവായിരുന്നു. അവരുടെ പിന്നാലെ ദാവീദിന്റെ വഴിപാട്ടിൽ നിന്നും 19 രാജാക്കന്മാർ രാജമുടി വെക്കപ്പെട്ടവരായി. അവരിൽ 8 പേർ ദൈവഭക്തിയുള്ളവരായിരുന്നു. അത് യൂദായുടെ രാജാക്കളെന്നു ചൊല്ലപ്പെടും. അവർ 22 രാജാക്കൾ 507 സംവത്സരം ഭരിച്ചു. എന്നാൽ യെരോബോയാം എന്നൊരുത്തനെ പത്തു വഴിപാട്ടുകാരും കൂടെ രാജാവായിട്ട് പട്ടം കെട്ടി. അതിന്റെ ശേഷമായിട്ട് 18 രാജാക്കൾ ശെഖേമാലും ശമ്രീനിലും മുതലായിട്ട് വാണു. ഇവരെ ഇസ്രായേലിന്റെ രാജാക്കളെന്ന് ചൊല്ലപ്പെട്ടു. ഇപ്രകാരം രണ്ടായിട്ടും, 240 വർഷം നടന്നു എന്നു ചൊല്ലിയിരിക്കുന്നു. ഇതിന്മണ്ണം യൂദായിലും, ഇസ്രായേലിലും രാജാക്കന്മാർ വാണു വന്നു. 4165–ാമാണ്ട് യോറബുആം *(യെരോബോയാം)* എന്ന രാജാവ് ദൈവത്തെ മറന്ന് ദാനിലും ബെതേലിലും രണ്ടു വിഗ്രഹങ്ങളെ പണി ചെയ്യിച്ചു. അതിനെ ആചരിച്ചു അവിടെ അറുത്ത് പൂജ കഴിക്കണെമെന്നും നിശ്ചയിച്ചു. 4190–ാമാണ്ട് ആസാ എന്ന യൂദായുടെ രാജാവ് ദുഷ്ടനിഗ്രഹക്കാരനായിരുന്നു. അക്കാലങ്ങളിൽ നിവ്യന്മാരു പലരും ഏറിയിരുന്നു. 4230–ാമാണ്ട് ആഹാബ് എന്ന ഇസ്രായേലിന്റെ രാജാവ് മറ്റുള്ള രാജാക്കളെക്കായിലും മഹാ കാർക്കോടകനായിരുന്നു *(ദുഷ്ടനായിരുന്നുവെന്ന് സാരം)*. ബാലാ *(ബാൽ)* എന്ന ദേവനെയും വന്ദിച്ചു. കർത്താവിന്റെ നിവ്യന്മാരെയും പട്ടക്കാരെയും കൊല്ലുന്നതിനും പുറപ്പെടുവിക്കുന്നതിനും പ്രയത്നം ചെയ്തു. നാബോസെന്ന (നബോത്ത്) പുണ്യപ്പെട്ടവനേയും കൊല്ലിച്ചതിന്റെ ശേഷം അവന്റെ രക്തം നായിക്കൾ നക്കിയതുപോലെ രാജാവിന്റെ രക്തത്തേയും നക്കി. അവന്റെ കെട്ടിയവൾ ഇസുബേലെന്ന *(ഇസബേൽ)* അക്രമക്കാനത്തിയും *(അക്രമക്കാരി)* ഇതൊക്കയും ചെയ്തതുകൊണ്ട് ഇതിന്മണ്ണംതന്നെ അവൾക്കും ഭവിച്ചു. അവരുടെ കാലങ്ങളിൽ ഏലിയാ എന്ന വലിയ നിവ്യാ ഉണ്ടായിരുന്നു. വിഗ്രഹങ്ങളേയും ദുർമ്മാർഗ്ഗത്തേയും മർത്ത് *(മറുത്ത്)* ബഹുകാര്യങ്ങളും ചെയ്തു. മൂന്നു വർഷം മഴയും മുടക്കി. വീണ്ടും അപേക്ഷിച്ചു മഴ പെയ്യിക്കയും ചെയ്തു. 4241–ാമാണ്ട് യൂദായുടെ രാജാവായിട്ട് യാഹുശാഫാത്ത് *(യഹോശാഫാത്ത്)* വാണിരുന്നു. അക്കാലത്തിൽ ഏലിശാ എന്ന നിവ്യാ അനേകം പുതുമകളും പ്രത്യക്ഷങ്ങളും *(അത്ഭുതകർമ്മങ്ങൾ)* കാണിച്ചു. 4283–ാമാണ്ട് യൂദാവിന്റെ രാജാവ് യോറാം കർത്താവിന്റെ പ്രമാണം കാക്കായികകൊണ്ടും ദാവീദ് അവർക്ക് കല്പിച്ചിരുന്ന പ്രമാണങ്ങൾ മറക്കകൊണ്ടും മിസ്രയക്കാരു യോറാമിനോടു യുദ്ധം ചെയ്തു. 4301–ാമാണ്ട് ഇസ്രായേലിന്റെ രാജാവായ യാഹു 28 വർഷം ഭരിച്ചു *(യേഹു)*. ആഹാബിന്റെ

http://www.malankaraorthodox.tv/

വീട്ടുമനുഷ്യരെ ഒക്കയും കൊന്നു. അപ്പോൾ ഏലിയാ നിവ്യാ ചൊല്ലിയ നിവ്യൂസാ തികയപ്പെട്ടു. 4329-ാമാണ്ട് യോബാസ് *(യഹോയാശ്)* യൂദാവിൽ രാജാവായി. തന്റെ സ്ത്രീ അത്താലിയാൾക്കു പകരം ഏഴു വയസ്സിൽ രാജപട്ടം കെട്ടി *(അവന്റെ പിതാവ് അഹസിയായുടെ മാതാവ് അഥാലിയായിക്കു പകരം ഏഴു വയസ്സിൽ രാജപട്ടം കെട്ടി എന്നു പാഠാന്തരം).* കുറഞ്ഞൊരു കാലം ദൈവത്തെ ഭയപ്പെട്ടു നടന്നു. രണ്ടാമത് വിഗ്രഹങ്ങളെ ആചരിച്ചു. 4397-ാമാണ്ട് സക്കറിയാ എന്ന മേല്പട്ടക്കാരൻ രാജാവിന്നും ലോകർക്കും ബുദ്ധി ചൊല്ലിയതിനാൽ അതിനെ മറുത്ത് പള്ളിയിൽ വെച്ച് കല്ലുകൊണ്ടെറിഞ്ഞു കൊന്നു *(സക്കറിയായെ കൊന്നു വെന്ന് സാരം).* 4398-ാമാണ്ട് ആൻമുസിയ *(അമസിയാ)* എന്ന യൂദായുടെ രാജാവ് നീതിനെറി നടത്തി വാണു. 4429-ാമാണ്ട് യോറബ് ആം ഇസ്രായേലിൽ രാജാവായി വാണു. 4455-ാമാണ്ട് യൂദായുടെ രാജാവ് യുശിയാ മിസ്രെന്റെ നാടു പിടിച്ചു. ഇന്ദുസ്ഥാന *(ഹിന്ദുസ്ഥാന)* വ്യാപാരത്തെ നടത്തി *(4398-ൽ അമസിയാ എന്ന യൂദാ രാജാവ്, യൂശിയാ മെസ്രൊന്റെ നാടിനെ പിടിച്ച് ഇന്ദുസ്ഥാൻ വ്യാപാരത്തെ അടക്കി എന്നു പാഠാന്തരം).* അവരുടെ കാലത്തിൽ യോശിയാ, യൂബെൽ ആമോസ് ഈ മൂന്നു നിവ്യന്മാരും ലോകർക്ക് മാർഗ്ഗത്തെ നടത്തിവന്നു. 4527-ാമാണ്ട് യൂദായുടെ രാജാവ് യോസാം നെറിവുകാരനായിരുന്നു. അക്കാലത്തിൽ ഏശായ, മീഖായെന്ന നിവ്യന്മാർ ഉണ്ടായിരുന്നു. എന്നാൽ ഏശായാ ചൊല്ലി: മിശിഹാ ഒരു കന്യാസ്ത്രീ എടത്തിലും *(ഒരു കന്യകയിലും)* മീഖാ ചൊല്ലി: ബസലഹമ്മിലും *(ബേതലഹേമിലും)* പ്രക്കുമെന്ന് *(പിറക്കുമെന്ന്)* നിവ്യൂസാ പറഞ്ഞു *(ദീർഘദർശനം പറഞ്ഞു).* 4535-ാമാണ്ട് ആസോറിന്റെ രാജാവ് ഇസ്രായേലിന്റെ രാജ്യം പിടിച്ചു. അതിനു മുൻപെ യെവുനാൻ നിവ്യാ, നിനുവായക്കാരോട് *(ദേവന്മാരെ കുമ്പിടുന്നവരായ നിനുവായക്കാരോട് എന്ന് പാഠാന്തരം)* അറുവിച്ച് ദേവന്മാരെ കുമ്പിടുന്നവരെ വിശ്വാസത്തിലാക്കി. 4586-ാമാണ്ട് റോമ്മായുടെ മുൻപിലത്തെ രാജാവ് ഏഴു മലകൾ മേൽ റോമ്മാനഗരി പണിയപ്പെട്ടു. 4612-ാമാണ്ട് ആഹാസ് എന്ന യൂദായുടെ രാജാവ് 16 വർഷം ഭരിച്ചു. ആ കാലത്തിൽ ആസോറിന്റെ രാജ്യത്ത് അടിമയായി കൂട്ടിക്കൊണ്ടുപോയി. 4642-ാമാണ്ട് ഹെസക്യാ എന്ന യൂദായുടെ രാജാവ് ദൈവത്തെ ഭയപ്പെട്ടു നടന്നു. ദാവീദിന്റെ പ്രമാണങ്ങളും നടത്തി. നാഹും നിവ്യായുടെ കാലത്തിൽ ഹെസക്യാ മോശ ഉണ്ടാക്കിയ വെണ്കല *(പിച്ചള)* സർപ്പത്തെ ഉടച്ച് ധൂളിയാക്കി പൊടിച്ചുകളഞ്ഞു. 4671-ാമാണ്ട് ആസോറിന്റെ രാജാവ് സൽമ്മാനസർ ശമ്മെറീൻ എന്ന നാട് *(ശമറിയാ)* പിടിച്ചു. 254 വർഷം ചെന്ന് ഇസ്രായേൽ രാജ്യത്തിന്റെ രാജാവ് യൊശിയായേയും ഇസ്രായേലിന്റെ പത്തു വഴിപാട്ടുകാരെയും ആസോറിന്ന് അടിമയായി കൊണ്ടുപോയി. 4678-ാമാണ്ട് ആസോറിന്റെ രാജാവ് സൽമനസേറിന്റെ പിണക്കത്തിൽ

http://www.malankaraorthodox.tv/

ഹെസക്കാ രാജാവിന്ന് ജയം ഉണ്ടായി. ഒരു രാത്രിയിൽ മാലാഹായാൽ ഒരു ലക്ഷത്തിഎൺപത്തയ്യായിരം പേരെ കൊന്നു.

4679-ാമാണ്ട് ബാബേലിന്റെ രാജാവ് ഹെസക്ക്യായുടെ അടുക്കൽ ആളയച്ച് സകലവും കാണിച്ചു. 4685-ാമാണ്ട് മനശയെന്ന യൂദായുടെ രാജാവ് 55 വർഷം വാണു. കുറ്റമില്ലാത്ത രക്തത്തെ വളരെ അഴിച്ചു. ഗുണമില്ലാതെ പല കൂട്ടവും നടത്തി. ഹെസക്ക്യാ നടത്തിയതൊക്കയും അഴിച്ച് വിഗ്രഹങ്ങളുണ്ടാക്കി ആചരിച്ചു. ഏറെക്കുറെ 120 വയസ്സായിരുന്ന ഏശയാ നിവ്യായേയും മരവാളാൽ അറത്തു അറുത്തു കൊന്നു എന്ന് യൂദാന്മാരുടെ പൂർവ്വപുസ്തകത്തിൽ എഴുതിയിരിക്കുന്നു.

4699-ാമാണ്ട് ആസോറിന്റെ രാജാവ് ഇസ്രായേല്യരെ ബാബേലിൽ കൊണ്ടുപോയി. അവിടെയിരുന്നുവെന്ന വിഗ്രഹഭക്തിക്കാരാലെ അവരെ ചെമ്മറിന്റെ *(ശമറീന്റെ)* നഗരിയിൽ പാർപ്പിച്ചു. അവരുടെ ദൈവത്തേയും വിഗ്രഹത്തേയും അനുസരിച്ച് നടന്നു. അക്കാലം തൊട്ട് ചമ്മരിത്താ മാർഗ്ഗം *(ശമര്യമതം)* ഉണ്ടായി. 4725-ാമാണ്ട് യൂദാവിൽ നല്ല രാജാവാകിയ യൊശിയാ വാണു. അയാളുടെ 18-ാം വർഷത്തിൽ മാർഗ്ഗത്തെ പുതുമയാക്കി നടത്തി. അത് 350 സംവത്സരത്തിനു മുമ്പെ ഒരു നിവ്യാ ഇവരുടെ പേരിൽ ചൊല്ലിയിരുന്നത് തികഞ്ഞു. 4796-ാമാണ്ട് യെറമിയാ, ഉവദിയ, ഹെബക്കുക്, സഫനിയ എന്ന നിവ്യന്മാരുണ്ടായിരുന്നു. 4809-ാമാണ്ട് ആസോറിന്റെ മന്ത്രി ബാബേലിന്റെ രാജ്യം പിടിച്ചു. അന്നാൾതൊട്ട് കൽദായക്കാര് അവരുടെ വർഷത്തു കയേറ്റി. 4833-ൽ നെഹോയെന്ന മെസ്രെന്റെ രാജാവ് വാണതിന്റെ ശേഷം അവരുടെ കപ്പൽ ശോമെന്ന സമുദ്രത്തിലിരുന്നു യാത്ര പുറപ്പെട്ടു. മൂന്നു വർഷം കൊണ്ട് ആഫ്രിക്കാ നാടു ചുറ്റിത്തിരിഞ്ഞു വന്നു. അവരു യോശിയാ എന്ന യൂദായുടെ രാജാവിനെ ജയിച്ചു. 4851-ാമാണ്ട് ബാബേലിന്റെ രാജാവ് നാബുക്കദനാസർ *(നെബുക്കദനേസർ)* ആസോറായക്കാർക്ക് വിരോധമായിട്ടു തുടങ്ങി നിനുവാ നഗരിയും അഴിച്ചു. 4863-ാമാണ്ട് ബാബേലിന്റെ രാജാവ്, യൂദായുടെ രാജാവ് യൂയാക്കി എന്നവരെ തനിക്കു വേല ചെയ്‌വാൻ കൊണ്ടുപോയി. ബാബേലിന്റെ അടിമയിൽ 70 വർഷം കിടന്നു *(4861 എന്ന് പാഠാന്തരം)*. അതിന്റെ ശേഷം ഹസ്ക്കിയേലെന്നും *(ഹെസക്കിയേൽ)* ദാനിയേലെന്നും രണ്ടു നിവ്യന്മാരുണ്ടായിരുന്നു. 4867-ാമാണ്ട് നബുക്കുദനസറ് ഒരു വിഗ്രഹത്തെ സൊപ്നത്തിൽ *(സ്വപ്നം)* കാണപ്പെട്ടു. അതിന്റെ പൊരുൾ പൂർവംതൊട്ട് ഇന്നാൾ വരെയും അടങ്ങിയിരിക്കുന്ന നാലു രാജ്യങ്ങളായ ബാബേൽ, പാറേസ് *(പാരസികം - പേർഷ്യാ)*, യെബുനാ *(യവന)*, റോമ്മാ ഇത് ദാനിയേൽ നിവ്യാ പൊരുൾ തിരിച്ചുകൊടുത്തു. ആ രാജാവു തന്നെ ഹന്നനിയാ, ഹസ്സറിയാ, ഹശായേൽ ഈ മൂന്നു പേരെ തീച്ചൂളയിലിട്ടു. അവരു രക്ഷപ്പെട്ടുവെന്ന് രാജാവ് കണ്ട് ആകാശത്തിലുള്ള ദൈവത്തെ

http://www.malankaraorthodox.tv/

ആചരിച്ചു നടന്നു. 4872-ാമാണ്ട് യൂദായുടെ രാജാവ് യെകോനിയായും പ്രമാണപ്പെട്ടവരേയും ബാബേലിൽ അടിമയായി രണ്ടാം പ്രാവശ്യം കൊണ്ടുപോകപ്പെട്ടു. 4886-ാമാണ്ട് യൂദന്മാരു വിഗ്രഹാരാധന മുതലായതു ചെയ്കകൊണ്ടു ഓറശ്ലേം പള്ളിയും നഗരിയും അഴിക്കയും ചെയ്തു. യറമിയ നിവ്യ യൂദന്മാർക്കു വേണ്ടി 40 സംവത്സരം അറുവിച്ച കാലം അപ്പോൾ തികഞ്ഞു. യൂദായുടെ ഒടുക്കത്തെ രാജാവ് സെദക്കിയാ മിസ്രയിമിന്റെ രാജാവിനോടു ഉടമ്പടി ചെയ്തു. അതുകാരണത്താൽ ബാബേലിന്റെ ആണ മറുക്ക കൊണ്ട് അവന്റെ കൺകൾ രണ്ടും കുരുടാക്കി അടിമയായിട്ട് അവനേയും ഏതാനും പേരെയും മൂന്നാം പ്രാവശ്യം ബാബേലിൽ കൊണ്ടുപോയി. ഇപ്രകാരം 498 സംവത്സരം യൂദാവിൽ രാജാക്കൾ നിലനിന്നു. 4901-ൽ ഓർശ്ലേമിൽ ശേഷമുണ്ടായിരുന്ന ആളുകളേയും നാലാം പ്രാവശ്യം ബാബേലിലേക്കു കൊണ്ടുപോയി. 4905-ാമാണ്ട് ബാബേലിന്റെ രാജാവ് ബ്രഹ്മാണ്ഡമായിട്ട് ഒരു വൃക്ഷത്തെ സ്വപ്നം കണ്ടു. അതിന്റെശേഷം ഒരു വർഷം കഴിഞ്ഞപ്പോൾ രാജാവു നിഗളിക്കകൊണ്ട് ഏഴു വർഷം മൃഗങ്ങളോടു കൂടെ സഞ്ചരിച്ചു വീണ്ടും രാജധാനിയിൽ വന്ന് ഏകസ്വരൂപത്തെ വണങ്ങി വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

http://www.malankaraorthodox.tv/

4913-ാമാണ്ട് നബുക്കദനസെറു മരിച്ചു. 4937-ാമാണ്ട് അവന്റെ പുത്രൻ ബാബേലിന്റെ ദേവന്റെ പെരുനാൾക്കു വലിയ വിരുന്നു കഴിച്ചു. അന്ന് ചിമലീൽ നിന്ന് *(ചുവര്)* കൈയിറങ്ങി എഴുതപ്പെട്ടു. ഓറശ്ലേം പള്ളിയുടെ പൂജാപ്പാത്രങ്ങൾ എടുത്തു പെരുമാറുക കൊണ്ടത്രെ ആകുന്നു. ആയത് ദാനിയേൽ പൊരുളു തിരിച്ചു. അന്നു രാത്രിയിൽ രാജാവു മരിച്ചു. അതിന്റെ ശേഷം മെദിയാന്റെ രാജാവ് ദാറിയോസ് 62 വയസ്സിൽ ബാബേലിൽ രാജാവായി. 4939-ാമാണ്ട് കോറശ് ബാബേലിൽ വാണു. അടിമയായിട്ടു കൊണ്ടുവന്നവരേയും അവർക്കുള്ള വസ്തുക്കൾ ബാബേലിൽ എഴുത്തുപെട്ടിരുന്നപോലെ *(രേഖപ്പെടുത്തിയിരുന്നതുപോലെ)* കൊടുപ്പിച്ചു. യൂദന്മാർക്ക് വളരെ സഹായം ചെയ്തു. അപ്പോൾ ദാവീദിന്റെ വഴിപാട്ടുകാരായ സെറുബാബേലും പട്ടക്കാരൻ യൂസാദാക്കും നവോമിയായും എസ്രാക്കഹനായും മോർദ്ദേക്കായിയും ഇങ്ങനെ പലരും കൂടെ പള്ളിപണിയും വീണ്ടും തീർത്തു. പൂജകർമ്മങ്ങളും തുടങ്ങി. 4994-ാമാണ്ട് *(4940 എന്ന് പാഠാന്തരം)* ഓർശ്ലേം പള്ളിപണി തുടങ്ങി വളരെ വിവാദവും തർക്കവുമുണ്ടായി. 20 വർഷം കൊണ്ട് കെട്ടിത്തീർത്തു. 5011-ാമാണ്ട് അറുത്തഹശേത്ത് രാജാവ് വാണു. യൂദന്മാർക്ക് വളരെ ഉപകാരം ചെയ്തു. 5017-ാമാണ്ട് എസ്രാക്കഹനാ *(കഹനാ = പട്ടക്കാരൻ)* യൂദന്മാരെ നിലനിറുത്തി മാർഗ്ഗവിധിയുടെ പൊസ്തകത്തെ വിസ്തരിച്ച് കെടുപിഴ തീർത്ത് നടത്തി. ദാനിയേൽ ചൊല്ലപ്പെട്ട 70 ചാബോ *(ശാബോ എന്ന്പാഠാന്തരം. ശാബ്വത്)*

ആയെന്നു ചൊല്ലിയ 490 വർഷം തലപ്പെട്ടു.

5052-ാമാണ്ട് ദാരിയോസ് രാജാവ് വാണശേഷം യൂദന്മാർക്ക് വളരെ സന്തോഷമായിരുന്നു. 62. ചാബോ ആയെന്ന് ദാനിയേൽ ചൊല്ലിയ 434 വർഷത്തിനകം ഏറ്റം സങ്കടങ്ങളും അനുഭവിച്ചു. 5066-ാമാണ്ട് മാലാഖി നിവ്യാ മിശിഹായുടെ വരവിന്മേലും അവരുടെ മുമ്പിൽ മാർ യൊഹന്നാൻ വരുമെന്നും ചൊല്ലി. 5070-ാമാണ്ട് എസ്രായ്ക്കു പകരം നെഹമിയാ പള്ളിയും മതിലുകളും കെട്ടിച്ചു. 5180-ൽ യവനായക്കാലം തുടങ്ങി. 5420-ാമാണ്ട് അന്തിപ്പത്തരുടെ *(അന്തിപ്പാസ്)* പുത്രൻ ഏറോദേസ് റോമ്മായുടെ രാജാവിനെ പാട്ടിലാക്കി. അഗസ്തുസ് രാജാവിന്ന് വിഗ്രഹാരാധനക്ക് ക്ഷേത്രങ്ങളും പണിയിച്ചു കൊടുത്തു. ഓറശ്ലേം നാടു പിടിച്ച് പലരേയും കുല ചെയ്തു. ഓർശ്ലേംപള്ളിയും അഴിച്ചു. അവൻ യൂദ മാർഗ്ഗത്തിൽ ഉൾപ്പെട്ടവനായിരുന്നു. കാവ്യരുടെ മാർഗ്ഗത്തെ *(പുറജാതികളുടെ മതത്തെ)* വേദത്തോടു ചേർക്കകൊണ്ടത്രെ ഹേറോദേസിന്റെ പുളിച്ചപ്പത്തിൽ *(പുളിച്ചപ്പത്തിൽ നിന്ന് എന്ന് പാഠഭേദം)* നിങ്ങൾ സൂക്ഷപ്പെടണമെന്ന് *('സൂക്ഷ്മതയുള്ളവരായിരിക്കണമെന്ന് സാരം)* കർത്താവ് അരുളി ചെയ്തത്. പിന്നത്തേതിൽ ഓർശ്ലേം പള്ളിയിൽ പൂജാകർമ്മങ്ങൾ കഴിക്കുന്നതിന് ഒൻപതര വർഷവും നേറ്റിയായിട്ട് *(നിത്യനിദാനമായിട്ട്)* ഒക്കയും കഴിക്കുന്നതിന് 46 വർഷവും കൊണ്ട് പള്ളിപണി കെട്ടിത്തീർന്നു.

*(ഇവിടം മുതൽ പുതിയനിയമചരിത്രം ആരംഭിക്കുന്നു)*

5490-ാമാണ്ട് ഗൗറിയേൽ മാലാക മിശിഹാ പിറക്കുമെന്നും കന്യാസ്ത്രീ അമ്മയോടു വന്നു വചനിച്ചു *(ദൗത്യമരുളി)*. 5491-ാമാണ്ട് എവുനായക്കാരുടെ *(യവനായക്കാരുടെ)* ആണ്ട് 311-ൽ ലോകത്തിന്റെ രക്ഷകാരനായിട്ട് നമ്മുടെ കർത്താവ് ഈശോൻ മിശിഹാ ബേതലഹമ്മിൽ പിറക്കപ്പെട്ടു. 5521-ൽ മിശിഹാ കർത്താവ് മാമോദീസാ മുഴുകി. ഏഴ് ആഴ്ചയുടെ പകുതി *(ആഴ്ച എന്നു ഇവിടെ പറയുന്നത് പഴയനിയമത്തിലെ ഒരു സാങ്കേതികപദത്തെ ഉദ്ദേശിച്ചാണ്)* മൂന്നര വർഷം അറുവിച്ച് *(ഉപദേശിച്ച്)* കുരിശിന്മേൽ തൂങ്ങപ്പെട്ടു. 5528-ൽ വിശ്വാസത്തെ നിലനിർത്തി അതിന്റെ ശേഷം റോമ്മാക്കാരു വന്നു ഓർശ്ലേം പള്ളിയും നഗരിയും അഴിച്ചു. ഇതിനു മുമ്പ് ബേതലഹേമിൽ മിശിഹാ പിറന്നു എന്ന് പാറേസി നാട്ടിൽ *(പേർഷ്യാ നാട്ടിൽ)* വിദ്വാന്മാർ ഗൂശേ രാജാക്കൾക്ക് നക്ഷത്രം കണ്ട് അവരു തന്നെ കുമ്പിടുവാൻ കാഴ്ചയും കൊണ്ടുവന്നാറെ ഹേറോദേസ് കണ്ട് അവരോട് പോയിവരണമെന്ന് പറഞ്ഞതിനെ മറുത്ത് പോകകൊണ്ട് രണ്ടു വയസ്സിന്നു കീഴുള്ള പൈതങ്ങളെ ഒക്കെയും ഹേറോദേസ് കൊല്ലിച്ചു. പിറ്റെ ആണ്ട് പെസഹായുടെ ദിവസത്തിൽ കുറഞ്ഞൊരു മുൻപെ രഹസ്യസ്ഥലത്ത് ക്രിമിച്ച് ഏറോദേസ് മരിച്ചു. അതിന്റെശേഷം

http://www.malankaraorthodox.tv/

അവന്റെ മക്കൾ മൂന്നുപേരും അറികിലാനെന്നും ഏറോദേസ് അന്തിപ്പാ യെന്നും പീലിപ്പോസെന്നും. ഇവരു മൂന്നു പേർക്കായിട്ട് റോമ്മായുടെ രാജാവ് അഗുസ്തോസ് കൈസറാ (കൈസർ) ഓർശ്ലേം നാടു പങ്കിട്ടു കൊടുത്തു. ഏറോദേസ് അന്തിപ്പായെന്നവൻ മാർ യോഹന്നാൻ മാവുന്ദാ നായുടെ *(മാംദാനാ)* തല കണ്ടിച്ച് ഹെറോദിയാ എന്ന സ്ത്രീക്കു കൊടു ത്തു. അവൻ മിശിഹായെ വളരെ പരിഹസിച്ചു.

## ക്രിസ്തുവർഷം

30–ാമാണ്ട് കർത്താവ് മാമോദീസാ മുങ്ങി. നൊയമ്പു നോറ്റു. പെസഹാ യും കഴിച്ചു. 31–ലും 32–ലും പെസഹാ കഴിച്ചു. 32–ൽ മാർ യൊഹന്നാൻ മാവുന്ദാന മരിച്ചു. 33–ൽ പെസഹാ കഴിച്ചുംകൊണ്ട് അവരുടെ പെസ ഹായിക്കു മുമ്പെ പാടുപെട്ടു. മീനമാസത്തിൽ 19–നു മരിച്ചു അടക്കപ്പെട്ടു. മൂന്നാന്നാൾ ഉയിർത്തു. 40–ാം പക്കം ആകാശത്തിന്നു താൻ കരേറി. 50–ാം ദിവസം പെന്തക്കോസ്തെന്ന പെരുന്നാൾക്ക് ശ്ലീഹന്മാർക്ക് റൂഹാദക്കു ദിശാ ഇറങ്ങി. അന്നു 3000 ജനങ്ങൾ ഒന്നുപോലെ മാമോദീസാ മുഴുകി. 34–ൽ സ്തേപ്പാനോസ് സഹദായെ കല്ലെറിഞ്ഞു കൊന്നു. 35–ൽ പൗലോ സിന്ന് വെളിപാടുണ്ടായി. 37–ൽ ഏറോദേസ് മരിച്ചു. 41–ൽ ക്ലവുദിയോൻ കൈസര റോമ്മായിൽ 144 സംവത്സരം *(14 സംവത്സരം എന്ന് പാഠഭേദം)* വാണു. 43–ൽ അന്ത്യോഖ്യായിൽ നസ്രാണികളെന്നു പേരു വിളിച്ചു. 44–ൽ വലിയ യാക്കോ ശ്ലീഹായെ ഓർശ്ലേമിൽ വെച്ച് ഹേറോദേസ് അന്തിപ്പാ കൊല്ലിച്ചു. 47–ൽ ഏറോദേസ് മരിച്ചു.

## സുവിശേഷ ഗ്രന്ഥ നിർമ്മാണം

കർത്താവ് ആകാശത്തിന്നു കരേറിയ 15–ാം വർഷം, 48–ൽ മത്തായി ഏവൻഗേലിയോൻ എഴുതി. മർക്കോസും ലൂക്കോസും ഓർശ്ലെം നഗരി അഴിക്കുന്നതിനു മുമ്പ് ഏവൻഗേലിയോനും പ്രാക്കുസേസും എഴുതി. ഇവരു മൂന്നുപേരും ഒരു സംവത്സരത്തേത് എഴുതി. ആയത് എങ്ങനെ എന്നാൽ പിറവിയിൽ നിന്നും മാമോദീസായിൽ നിന്നും മറ്റു ചിലതിൽ നിന്നും ഒഴികെ യോഹന്നാന്റെ വിലങ്ങിടം തൊട്ട്, കരേറ്റത്തിനോളം ഒരാണ്ടിൽ നമ്മുടെ കർത്താവ് താൻ വ്യാപരിച്ചൂ എന്ന വസ്തുത മൂന്നു പേരും എഴുതി. യൊഹന്നാൻ ദൈവസുഖത്തിന്മേലും *(ദൈവത്വം സംബ ന്ധിച്ച്)* അറിയിപ്പാൻ തുടങ്ങിയപ്പോൾ തൊട്ട് *(ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ മുതൽ)* വിലങ്ങിടത്തിൽ യോഹന്നാൻ വീണു എന്നതിനോളം മുൻപിലത്തെ ഇവ രണ്ടാണ്ടുകളിൽ നമ്മുടെ കർത്താവ് താൻ വ്യാപരിച്ചു എന്നവ മേലും അവനെഴുതി. ശ്ലീഹന്മാരു വേറുതിരിയുന്നതിനു മുൻപിൽ മത്തായി എഴുതി. വേറുതിരിഞ്ഞതിന്റെ ശേഷം മർക്കോസും ലൂക്കോസും എഴുതി. ഇതു മൂന്നും ചെന്നപ്പോൾ യൊഹന്നാൻ എഴുതി. ഒന്നിച്ച് ഒരു

http://www.malankaraorthodox.tv/

പുസ്തകമാക്കി.

49-ൽ അന്ത്യോഖ്യായിൽ പൌലൂസ് ചെന്ന് പത്രോസിനെ കണ്ടു. ആ ആണ്ടിൽത്തന്നെ മാർഗ്ഗം അറിവിപ്പാൻ പത്രോസ് ശ്ലീഹാ റോമ്മായ്ക്കു പോയി. 52-ൽ ബാബേലിൽ വെച്ച് 12. ദർശനക്കാർക്ക് പത്രോസ് കുറി എഴുതി.

## മാർത്തോമ്മാശ്ലീഹായുടെ വരവും സഭാസ്ഥാപനവും

52-ൽ മാർത്തോമ്മാശ്ലീഹാ മലയാളത്തു വന്ന് മാർഗ്ഗം അറുവിച്ചു. ഏഴു പള്ളിയും വെപ്പിച്ചു. മാമ്മോദീസാ മുങ്ങിയതിൽ ചംകരപുരി, പകലോമറ്റം രണ്ടു തറവാട്ടിൽ പട്ടവും കൊടുത്തു. 51-ാമാണ്ട് കന്യാസ്ത്രീ അമ്മ മരിച്ചു. പറുദൈസായിൽ അവരെ കൊണ്ടുപോകപ്പെട്ടു.

## പുതിയനിയമത്തിലെ ലേഖന നിർമ്മാണകാലം

52-ൽ കൂറന്തോതിൽ *(കോറിന്തിയിൽ)* ഇരുന്ന് തെസലോനിക്കെർക്കു പൌലൂസ് കുറി എഴുതി. 53-ൽ അവർക്കു തന്നെ രണ്ടാമത്തെ കുറി എഴുതി. ആയാണ്ടു തന്നെ പീലിപ്പോസു ശ്ലീഹായെ കുരിശിൽ തറച്ചു കൊന്നു. 56-ൽ യാക്കോബ് ശ്ലീഹായെ കല്ലെറിഞ്ഞു കൊന്നു. അതിനു കുറഞ്ഞോരു മുമ്പെ കുറിഎഴുതി. ആ ആണ്ടിൽത്തന്നെ എപ്പേസ്സോസ്സിൽ ഇരുന്ന് കോറിന്തിയായെക്കാർക്കും ഗലാത്തിയയെക്കാർക്കും പൌലൂസ് കുറി എഴുതി. 57-ൽ റോമ്മായേക്കാർക്കും കൂറന്തായെക്കാർക്കും രണ്ടാമത്തെ കുറിയും എഴുതി. 61-ൽ പൌലോസ് റോമ്മായിൽ ചെന്ന് രണ്ടു വർഷം കാവലിൽ പാർക്കുമ്പോൾ പിലിമോനും കൂലിസായെക്കാർക്കും പീലിപ്പിസ്സായെക്കാർക്കും കുറി എഴുതി. 62-ൽ മർക്കോസ് ഏവൻഗലീസ്ഥാ മരിച്ചു. 63-ൽ റോമ്മായിൽ പൌലൂസിനെ കാവലിൽ നിന്ന് വിട്ടതിന്റെശേഷം ഇത്താലിയായിൽ *(ഇറ്റലി)* നിന്ന് എവറായെക്കാർക്ക് കുറി എഴുതി. 64-ൽ റോമ്മാനഗരി ചുഴയിച്ച *(ചുട്ടഴിച്ച എന്ന് പാഠാന്തരം)* നെറോൻ കേസറു *(നീറോ കൈസർ)* വാണു. 65-ൽ തീമോത്തെയോസിനും പൌലൂസ് കുറി എഴുതി. 67-ൽ പത്രോസ് രണ്ടാമത്തെ കുറി എഴുതി. അതിന്റെശേഷം യൂദായുടെ കുറിയും എഴുതി. 68-ൽ പൌലൂസ് റോമ്മായിൽ തിരിച്ചുവന്നു. പിന്നെയും കാവലിൽ പാർപ്പിച്ചിരിക്കുമ്പോൾ എപ്പിസിയാക്കാർക്കും തീമോത്തെയോസിനും രണ്ടാമത്തെ കുറിയും എഴുതി.

## അപ്പോസ്തോലന്മാരുടെ മരണഘട്ടം

64-ൽ മാർ ശീമോനും മാർ യൂദായും മരിച്ചു. 66-ൽ അന്ത്രയോസ്സ് ശ്ലീഹായെ കുരിശിന്മേൽ തറച്ചു കൊന്നു. ആയാണ്ടിൽത്തന്നെ മത്തായി ശ്ലീഹായുടെ തല വെട്ടി മരിച്ചു. 70-ൽ റോമ്മാ നഗരിയിൽ വെച്ച് നേറോൻ

http://www.malankaraorthodox.tv/

കേസറ് പത്രോസിനെ കുരിശ്ശിന്മേൽ തല കീഴാക്കി തറച്ചു കൊന്നു. പൌലോസിന്റെ തല വാളാൽ കണ്ടിച്ചു. 71-ൽ യേറുശലേം നഗരിയും പള്ളിയും റോമ്മാക്കാർ പിടിച്ചു. 72-ൽ മാർത്തോമ്മാ ശ്ലീഹാ മരിച്ചു. 73-ൽ ബർത്തുലോമ്മാ ശ്ലീഹായെ തല്ലിക്കൊന്നു. 90-ാമാണ്ട് ലൂക്കാ എവൻ ഗേലിസ്താ മരിച്ചു. ആ ആണ്ടിൽത്തന്നെ മത്തായി ഏവൻഗേലി സ്തായും മരിച്ചു. 93-ൽ ഏറോദേസ് അന്തിപ്പാ മരിച്ചു. യോഹന്നാൻ ഏവൻഗേലിസ്തായെ റോമ്മായുടെ രാജാവ് പിടിപ്പിച്ചും കൊണ്ടുപോയി ഞെരുക്കം ചെയ്യിച്ചു വിട്ടതിന്റെ ശേഷം പത്മോമൂസ്സിൽ വെച്ച് ഗേലിയാനാ *(വെളിപാട് പുസ്തകം)* എഴുതി. മൂന്നു കുറിയും *(ലേഖനം)* എഴുതി. 99-ൽ യോഹന്നാൻ ഏവൻഗേലീസ്താ മരിച്ചു.

253-ൽ ആഫ്രിക്കാ നാട്ടിൽ ചേർന്ന കടുത്താക്കോ നഗരിയിൽ അറു പത്താറു മെത്രാന്മാരു കൂടി ഒരു സൂനാദോസ് കൂടി. എട്ടാം ദിവസം വറു ഗീതിടുന്നതുപോലെ (വറുഗീത്. വറുഗീസ് = ചേലാകർമ്മം എന്ന് അർ ത്ഥം) മാമ്മോദീസാ വേണ്ടായെന്നും നിശ്ചയിച്ചു. പിന്നത്തേതിൽ മാമ്മോ ദീസാ മുക്കിയാൽ മൂടിവെയ്ക്കപ്പെട്ടതും ശുദ്ധമാകപ്പെട്ടതിനും അടയാ ളമായിട്ട് വെണ്മയുള്ള വസ്ത്രം ഭൂഷപ്പെടണമെന്നും കല്പിച്ചു.

260-ൽ റോമ്മായുടെ മെത്രാൻ പള്ളികളിലൊക്കെയും മരബിംബങ്ങൾ കിഴക്കുംപുറമായിട്ട് വയ്ക്കണമെന്നും കല്പിച്ചു. 306-ൽ മഹാ കുസ്തം ദീനോസെന്ന ധൈര്യമുള്ള രാജാവ് വാണു *(മഹാനായ കുസ്തംതീനോ സെന്ന് പാഠാന്തരം)*. 312-ൽ അദ്ദേഹം മിശിഹായുടെ മാർഗ്ഗത്തെ അനുസ രിച്ചു. അതുവരെയും ശുദ്ധമാകപ്പെട്ട യോഗത്തിന് *(വിശുദ്ധ സഭയ്ക്ക്)* ഉണ്ടായ സംകടങ്ങളും തീർത്ത് വിഗ്രഹാരാധനയും മുടക്കി. ക്ഷേത്രങ്ങ ളേയും പൊളിച്ചു. മാർഗ്ഗക്കാർക്ക് ഏറിയ ഉപകാരങ്ങൾ ചെയ്തു.

ഇതിനു മുമ്പ് കർത്താവ് മരിച്ചുയിർത്ത് ഏഴാണ്ടുകളുടെ ശേഷം ശ്ലീഹ ന്മാരു അന്ത്യോഖ്യായിൽ കുടിപാർക്കുമ്പോൾ ക്ഷുദ്രക്കാരൻ ശീമോൻ റോമായിൽ ചെന്ന് ക്ഷുദ്രങ്ങളാലെ മനുഷ്യരെ തട്ടിക്കുന്നു എന്നു കേൾ ക്കകൊണ്ട് 40-ാമാണ്ട് അന്ത്യോഖ്യായിൽ യെബുദിയോസ് എപ്പിസ്ക്കോ പ്പായെ പട്ടംകെട്ടി. 65-ാമാണ്ട് പത്രോസ് ശ്ലീഹാ റോമ്മായിലെ ലീനോസ്സ് അപ്പസ്ക്കോപ്പായെ പട്ടംകെട്ടി. 66-ാമാണ്ട് അന്ത്യോഖ്യായിൽ യെബുദി യോസ് അപ്പസ്ക്കോപ്പാ കഴിഞ്ഞശേഷം പൈതലിനെ ഈശോതമ്പു രാൻ എടുത്ത് ശ്ലീഹന്മാരുടെ ഇടയിൽ നിർത്തിയെന്ന് ഏവൻഗേലിയോ നിൽ ബഹുമാനിക്കപ്പെട്ട തീക്കടുത്ത മാർ ഗ്നാത്തോസിനെ *(മാർ ഇഗ്നാത്ത്യോസ്)* മാർ യോഹന്നാൻ ഏവൻഗേലിസ്താ അന്ത്യോഖ്യായിൽ പട്ടംകെട്ടി.

http://www.malankaraorthodox.tv/

## അറിയോസിന്റെ പാഷണ്ഡതയും നിഖ്യാ സുന്നഹദോസും

325-ാം കാലം ചണ്ഡാളനായ അറിയോസിന്റെ എടത്തൂടെക്കുറിച്ച് നിഖ്യായിൽ സൂനാദോസ് കൂടി. അവന്റെ എടത്തൂട് എന്തെന്നാൽ നമ്മുടെ കർത്താവിന്ന് മാനുഷസുഖമെ ഇല്ലെന്ന് അവൻ നിനച്ചു ചൊല്ലി. ഇതിനെക്കുറിച്ച് റോമ്മായുടെ രാജാവ് കുസ്തംദീനോസിന്റെ കാലങ്ങളിൽ നിഖ്യായിൽ സ്തുതിചൊവ്വാകപ്പെട്ട 318 ബാബാന്മാരെ രാജാവ് കൂട്ടി മുഴുവനാക്കപ്പെട്ട മനുഷ്യൻപുത്രനും മുഴുവനാകപ്പെട്ട തമ്പുരാനും താനാകുന്നു *(പരിപൂർണ്ണ മനുഷ്യനും പരിപൂർണ്ണ ദൈവവും)* എന്ന് അവരു നിശ്ചയിച്ചു. നൊൻപുകളും പെരുന്നാളുകളും, പള്ളിമര്യാദകളും മേൽവേണ്ടുന്നതിനൊക്കെയും കാനോനകളും കല്പിച്ചു. ആസിയാ *(ഏഷ്യാ)*, റോപ്പാ *(യൂറോപ്പ്)*, ആഫ്രിക്കാ, അമ്മാറിക്ക *(അമേരിക്കാ)* ഇങ്ങനെ അന്ത്യോഖ്യായിലും, റോമ്മായിലും, അലക്കുസന്ത്രിയായിലും, കുസ്തംദീനോസ് പോലീസിലും നാലു പാത്രിയർക്കാമാരെയും കല്പിച്ചു. അറിയോസ് വെടിപ്പിടത്തിന് *(മറപ്പുര, കക്കൂസ്)* അവൻ കടന്നു. അവന്റെ വയറ് ഒഴിയപ്പെട്ടതായി. അറിയോസിനെ വരുത്തുവാൻ ബാവാന്മാരു പ്രമാണിച്ചു. മുൻപെ നിന്നു മരിക്കപ്പെട്ടവനായി അവനെ അവരു കണ്ടു. പട്ടികൾക്ക് അവനെ അവരിട്ടു. അവനെ തിന്നില്ല. അവനെ ചുടിയിപ്പാൻ അവരു പ്രമാണിച്ചു. മാർ അപ്രേം, മാർ യാക്കോ, പാറേസിന്റെ *(പേർഷ്യാ)* നാട്ടിന്നും, ഹിന്ദുസ്ഥാനി നാട്ടിന്നും മെത്രാനായിരുന്ന യൊഹന്നാനും ഉണ്ടായിരുന്നു. കിഴക്കിന്നടുത്തവർക്കും, പടിഞ്ഞാറിന്നടുത്തവർക്കും പെസഹായുടെ കാര്യം കൊണ്ടുണ്ടായിരുന്ന തർക്കങ്ങളും തീർത്തു.

### പാത്രിയർക്കാ സിംഹാസനങ്ങൾ

ഒന്നാമത് മാർ ശീമോന്റെ സിംഹാസനത്തുമ്മേൽ റോമ്മായുടെ പാത്രിയർക്കീസും രണ്ടാമത് മർക്കോസിന്റെ സിംഹാസനത്തിന്മേൽ അലക്സന്ത്ര്യായുടെ പാത്രിയർക്കീസും മൂന്നാമത് മാർ യോഹന്നാന്റെ സിംഹാസനത്തിന്മേൽ കുസ്തംദീനോസിന്റെ പാത്രിയർക്കീസും നാലാമത് ശീമോന്റെ സിംഹാസനത്തിന്മേൽ അന്ത്യോഖ്യായുടെ പാത്രിയർക്കീസും ഇവരു നാലു പേർക്കും മുൻപൻ തന്റെ സിംഹാസനത്തിന്മേൽ കല്പിച്ചിരുന്ന ഓർശ്ലേമ്മിന്റെ മെത്രാപ്പോലീത്തായും *(അഞ്ചാം പാത്രിയർക്കീസെന്ന് സ്ഥാനപ്പേർ)*. എന്നാൽ ഇവരുടെ മുന്നിൽ കുരിശെടുക്കപ്പെട്ടവനാകണം *(അഞ്ചു പേരും ഒരുമിച്ചു ചേരുമ്പോൾ ആദ്യത്തെ നാലു പാത്രിയർക്കീസുമാരുടെ മുമ്പിൽ കുരിശു എടുത്തുകൊണ്ടു നടക്കേണ്ട ചുമതല യറുശലേം പാത്രിയർക്കീസ് അഥവാ യറുശലേമിലെ മെത്രാപ്പോലീത്തായ്ക്ക് ആയിരിക്കണം)*. ഇവരു നാലു പേർക്കും ശരിയാക്കി കല്പിച്ചിരിക്കുന്നു *(ഓരോ പാത്രിയർക്കീസുമാരെ സംബന്ധിച്ചും യറുശലേം മെത്രാ*

http://www.malankaraorthodox.tv/

*പ്പോലീത്തായ്ക്ക് ഈ ചുമതല ഉണ്ടായിരിക്കുന്നതാണ്).*

## അന്ത്യോഖ്യായുടെ ആറാം പാത്രിയർക്കീസ് അഥവാ പൗരസ്ത്യ കാതോലിക്കാ

ആറാമത്തെ പാത്രിയർക്കീസായ അന്ത്യോഖ്യായുടെ രണ്ടാമത്തെ തെഗരിയോസിന്റെ കാസോലിക്കായാകുന്നു *(തിഗ്രീസ്സിന്റെ കാസോലിക്കാ അന്ത്യോഖ്യായുടെ രണ്ടാം പാത്രിയർക്കീസ് എന്ന സ്ഥാനപ്പേരുള്ള ദേഹമാണ്).* അദ്ദേഹത്തിന്റെ വിചാരത്തിലത്രെ മലയാളമാകുന്നത് *(മലങ്കര സുറിയാനിസഭ തിഗ്രീസിലെ കാതോലിക്കോസ്സിന്റെ ഭരണത്തിൻ കീഴാണ്).*

ഭൂമിയുടെ നാലു ഭാഗങ്ങളുടെ അറുതിക്ക്, കിഴക്ക്, മാർത്തോമ്മാ ശ്ലീഹായേയും പടിഞ്ഞാറ് ശിമോൻ ദസ്തുനിയേയും, തെക്ക് കുടിയിരിപ്പുകാരൻ യൊഹന്നാൻ യിറമ്പാനെയും *(യിറമ്പാൻ = റമ്പാൻ)*, വടക്ക് നാല്പത് സഹദേന്മാരേയും പ്രമാണിച്ചിരിക്കുന്നു.

## നിഖ്യാ സുന്നഹദോസിന്റെ നേതൃത്വം

എന്നാൽ മാർ അപ്രേം, മാർ യാക്കോയോടുകൂടെ കിഴക്കിന്നടുത്ത അന്ത്യോഖ്യാക്കാരു 118. പടിഞ്ഞാറിന്നടുത്ത് റോമ്മായേക്കാരു 200. ഇങ്ങനെയത്രെ 318 കൂടിയത് *(നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ച 318 പിതാക്കന്മാർ).* നിഖ്യായുടെ നഗരിയിൽ കൂടിയ സൂനാദോസിന്റെ തലവരു അലക്സന്ത്രയോസും അന്ത്യോഖ്യായുടെ എസ്താസ്തോസും *(എവുസ്താസ്തോസ്. ഒസ്താത്യോസ്)* എസ്താസാസ്യോസും ഇവമീത്തോസും.

കർത്താവിന്റെ ആണ്ട് 330-ാമാണ്ട് കുസ്തംദീനോസ് രാജാവ് റോമ്മാ നഗരിയെ വിട്ട് യെവനായെ നാട്ടിന്ന് രാജാവായി. ആയത് ഒന്നാമത്തെ റോമ്മയെന്നും പിന്നത്തേതിൽ അവരുടെ പേരാലെ കുസ്തംദീനോസ് പൊലീസെന്നും ചൊല്ലപ്പെട്ടു. അതിനെക്കുറിച്ച് ആ രാജ്യത്തിന് റോമ്മാ രാജ്യമെന്നു പേർ ഇടപ്പെട്ടു. 327-ൽ അവരുടെ പുത്രൻ കുസ്തംദീനോസ് രാജാവായി വാണു.

## ക്നായിത്തൊമ്മന്റെ വരവ്

345-ൽ ഉറഹായുടെ അപ്പസ്കോപ്പായിക്ക് സ്വപ്നത്തിൽ മാർത്തോമ്മാ ശ്ലീഹായെ കാണപ്പെട്ടു. അതു കാരണത്താൽ അന്ത്യോഖ്യായുടെ പാത്രിയർക്കീസിന്റെ കൽപ്പനയാലെ മലയാളത്തിൽ പട്ടക്കാരില്ലാത്ത മുട്ടു കൊണ്ടു പെൺകെട്ടും മാമ്മോദീസായും 292 വർഷം ചുരുക്കത്തിൽ മൂപ്പന്മാരു കഴിച്ചുവരികകൊണ്ട് കനാനിലെ തോമ്മായോടുകൂടെ യൌസേപ്പ്

അപ്പസ്ക്കോപ്പായേയും കശീശന്മാരേയും ചെമ്മാശന്മാരേയും ക്രിസ്ത്യാനികളെയും, പൈതങ്ങളേയും, സ്ത്രീകളേയും യാത്രയാക്കി. അവരു വന്ന് മലയാളത്തിൽ കുടിയിരുന്നു. അക്കാലം നാടുവാഴുന്ന ചേരകോൻ പെരുമാൾ കണ്ട് ഇപ്പരിഷക്ക് വേണ്ടുന്ന പദവികളും ചെമ്പേട് എഴുതിച്ച് പതിനെൺ പിഴ വിഷയത്തേയും കൊടുത്തു. അക്കാലം മാർത്തോമ്മാ ശ്ലീഹായുടെ വാഴ്വ് എടുത്തുകൂടായെന്നും നിശ്ചയിച്ചു *(വാഴ്ചയെ എടുത്തുകൂടായെന്നും നിശ്ചയിച്ചു എന്നു പാഠാന്തരം)*. പാലമറ്റത്ത് തറവാട്ടിൽ നിന്നും *(പാലമിറ്റമെന്നും പാഠാന്തരം)* ഒരാളിന്ന് അർക്കദയാക്കോന്റെ സ്ഥാനം കൊടുത്ത് മലയാളത്തിലുള്ള മാർഗ്ഗവാസികളെ ശിക്ഷിപ്പാനും രക്ഷിപ്പാനും മുഷ്ക്കരത്വവും *(അധികാരവും)* കൊടുത്തു.

എവുനായക്കാരുടെ *(യവനായക്കാർ)* ആണ്ട് 137-ൽ അന്ത്യാക്കെ രാജാവ് *(അന്ത്യാസ്ക്കാസ് എന്നും പാഠാന്തരം)* വാണു. അയാളത്രെ ശ്മോനിയുടെ *(ശിമോനിയുടെ)* മക്കളേയും അവരുടെ മല്പാനേയും കൊല്ലിച്ചത്. എന്നാൽ പീലിപ്പോസിന്റെ പുത്രൻ അലക്സന്ത്രയോസ് രാജാവ് മന്ത്രിമാർക്ക് നാലു പേർക്കും രാജ്യം പകുത്തു കൊടുത്തതിൽ ഒരുത്തനത്രെ അന്ത്യോക്ക്യോസാകുന്നത്. അലക്സന്ത്ര്യായുടെ പത്തോലെമ്മൂസ് *(പത്തോലോമ്മസ് എന്നു പാഠാന്തരം)* രാജാവിന്റെ കാലത്തിൽ ശാസ്ത്രക്കാരരെ ഒക്കെയും വരുത്തി എല്ലാവരുടെ മതവും മാർഗ്ഗവും അതതു പേച്ചും എവുനായെ ഭാഷയിൽ ആക്കുവാൻ നിശ്ചയിച്ച് എഴുപത്തിരണ്ട് കൂടാരം അടിച്ച് പുസ്തകങ്ങൾ പകർത്തി വരുമ്പോൾ അക്കാലത്തിൽ ഏശായാ നിവ്യായുടെ പുസ്തകം ശീമോൻ എന്ന പുരുഷന്ന് വരികയാൽ കന്യാസ്ത്രീ ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കുമെന്നും അമ്മാനുവേൽ *(എമ്മാനുവേൽ എന്ന് പിൽക്കാല പാഠാന്തരം)* എന്നു പേർ വിളിക്കുമെന്നും എഴുതപ്പെട്ടിരിക്കുന്നതിനെ സംശയിച്ച കാരണത്താൽ പുത്രൻതമ്പുരാനെ കാണുകയോളം മരിക്കയില്ലെന്നും സ്വരം *(അശരീരി വാക്ക്)* കേട്ടു. അതുകൊണ്ടത്രെ ഓർശ്ലേമിൽ ചെന്നു പാർപ്പാൻ സംഗതി വന്നത്. അക്കാര്യത്തിൽ അയാളുടെ വയസ്സുകൊണ്ട് മല്പാന്മാരു തർക്കിച്ച്, ഏവൻഗേലിയോന്റെ നുഹറായിൽ *(നുഹറാ = വ്യാഖ്യാനം)* 278 വയസ്സെന്നും നിശ്ചയിച്ച് എഴുതിയിരിക്കുന്നു. ആദാം മുതലുള്ള കാലസംഖ്യകളും കൂടെ എഴുതികൊടുക്കണമെന്നും രാജാവിന്റെ കല്പന വന്നിരിക്കുന്നതിനു ഏറെയും കുറെയും എഴുതികൊടുത്തിട്ടുമുണ്ട്. മിശിഹായെ അന്വെഷിച്ച് കാണായ്കകൊണ്ടു സക്കറിയാ എന്ന പട്ടക്കാരനെ മദുബായിൽ വെച്ച് *(മദ്ബഹാ)* കൊല്ലുകകൊണ്ടും, സക്കറിയായെ കൊന്ന 58-ാമാണ്ടിൽ എപ്പസ്യാനോസ്സിന്റെ മകൻ തെത്തോസ് *(തീത്തൂസ്സ്)* വന്ന് ചോരയും സ്വരവും ചോദിച്ചറിഞ്ഞ് കൊല്ലിച്ചവരുടെ അനന്തരവരേയും പട്ടക്കാരെയും ആ സ്ഥലത്തു വരുത്തി

http://www.malankaraorthodox.tv/

കൊല്ലിച്ചു. പകരം വീട്ടുന്നവൻ വരുന്നതിനോളം ചോര കഴുകരുതെന്നും ഉണ്ടായ സ്വരം ഇതുവരെയും നിന്നു.

നമ്മുടെ കർത്താവിന്റെ ആണ്ട് 361-ൽ യൂലിയൻ എന്ന മുടിവക്കപ്പെട്ട രാജാവ് ക്രിസ്തുമാർഗ്ഗമായിരുന്നു. പിന്നത്തേതിൽ വിഗ്രഹമാർഗ്ഗത്തിൽ ചേർന്നു ക്രിസ്തുമതക്കാർക്കു വിരോധമായിട്ട് പിശാചിന്റെ ക്ഷേത്രങ്ങളെ അവന്റെ നാട്ടിൽ പണിയിച്ചു. പറുസായക്കാരോടു യുദ്ധം തുടങ്ങുകയിൽ രക്തത്തെ വാരി ആകാശത്തിലേക്ക് എറിഞ്ഞ് മേല്പോട്ടു നോക്കി ഗ്ലീലാ യക്കാരാ *(ക്രിസ്തുവിന്റെ വേറൊരു പേര്)* "ഏതു പ്രകാരവും നീ വേണ്ടാ" എന്ന് അവൻ ചൊല്ലി.

കർത്താവിന്റെ ആണ്ട് 379-ൽ വല്യ തേബാദോസിയോസ് രാജാവ് വാണു. ദൈവഭക്തിയും മിശിഹായുടെ നാമത്തിൽ വിശ്വാസവും ഞാൻ ഒരു രാജാവായിരിക്കുന്നതിനെക്കായിൽ തമ്പുരാന്റെ യോഗത്തിന്റെ ചിറ്റാണ്മക്കാരൻ *(തിരുസഭയുടെ ദാസൻ)* ഞാനെന്നു കല്പിച്ചു.

## മക്കദോനിയോസിന്റെ പാഷണ്ഡതയും കുസ്തംദീനോപോലീസ് സുന്നഹദോസും (381)

നമ്മുടെ കർത്താവിന്റെ ആണ്ട് 381-ൽ കുസ്തംദീനോസിന്റെ പാത്രിയർക്കാ മക്കെദോനിയോസ് അവൻ പകച്ചു. ആയത് എന്തെന്നാൽ ബാവായിൽ നിന്നും പുത്രനിൽ നിന്നും ദൂഹാദക്കുദിശാ പുറപ്പെടുന്നുവെന്നും ബാവായിക്കും പുത്രനും റൂഹാദക്കുദിശാ വരസനാകുന്നുവെന്നും *(വരസൻ = വരുന്നവൻ, വന്നുതാമസിക്കുന്നവൻ)* അവൻ ചൊല്ലി. ഇതിനെക്കുറിച്ച് തെബോദോസിയോസ് രാജാവ്, രണ്ടാം സൂനാദോസ് കുസ്തംദീനോപോലീസിൽ ഒരുനൂറ്റമ്പതു ബാവാന്മാരെ അവൻ കൂട്ടി. ബാവായിക്കും പുത്രനും, റൂഹാ, വർഗ്ഗത്താലെയും കാസൽസുഖത്താലെയും *(കാതൽ എന്നാണ് ശരിയായ പദം. തന്നിൽത്തന്നെ താനായിരിക്കുന്നവൻ എന്ന് സാരം)* അവരിരുവർക്കും ശരിയാകപ്പെട്ടതാകുന്നു എന്ന് ഒരു വായിൽ നിന്നെന്നപോലെ അവർ അട്ടഹസിച്ചുംകൊണ്ട് മക്കദോനിയോസിനെ തള്ളി. ആ സിംഹാസനത്തിന്മേൽ തേബാലോഗെന്ന് വിളിക്കപ്പെടുന്ന ആ മാർ ഗ്രീഗോറിയോസ്സിനെ അവരു കല്പിച്ചു. 409-ൽ റോമ്മാ നഗരി പിടിച്ചു. അതിലുള്ളവർക്ക് ധാന്യങ്ങൾ മുട്ടുകകൊണ്ട് മനുഷ്യരുടെ മാംസം അവരു തിന്നു. കോട്ടയിൽ അടംകലമായിട്ട് വന്ന അനേകംപേരും മന്ത്രിമാരിൽ ചിലരും, വിഗ്രഹാരാധനക്കാരാകകൊണ്ട് പൊൻവെള്ളിയിതിനാൽ പണിയപ്പെട്ട വിഗ്രഹങ്ങളേയും ക്ഷേത്രങ്ങളിലുള്ള വിലയേറപ്പെട്ട തട്ടുമുട്ടുകളേയും എടുത്ത് ഒടമക്കാർക്കും, മാർഗ്ഗക്കാർക്കും ചിലവിടുകയും ചെയ്തു.

http://www.malankaraorthodox.tv/

## നെസ്തോറിന്റെ പാഷണ്ഡതയും എപ്പേസൂസ്സ് സുന്നഹദോസും

428–ൽ കുസ്തംതീനോസ്പൌലീസിന്റെ പാത്രിയർക്കീസ് നെത്തോറിയൂസ് അവൻ പകച്ചു. എന്തെന്നാൽ തമ്പുരാനെപെറ്റ കന്യാസ്ത്രീ മറിയത്തെ മിശിഹായുടെ അമ്മയെന്നല്ലാതെ തമ്പുരാനെപ്പെറ്റ അമ്മയെന്ന് വിളിക്കരുതെന്നും മശിഹായിൽ വർഗ്ഗവും ക്നോമ്മായും രണ്ടാകുന്നു എന്നും അവൻ ചൊല്ലി.

431–ൽ ഇടത്തൂടായതിന്റെ ശേഷം പട്ടാങ്ങപ്പെട്ട ചെറിയ തേബാദോസിയോസ് രാജാവ് ലോകത്തിന്നടുത്ത മൂന്നാം സൂന്നഹദോസ് എഫേസ്സൂസിൽ അവൻ കൂട്ടിയത്. കുടിയിരിപ്പിനുടെ സ്തുതിചൊവ്വാകപ്പെട്ട ബാവാന്മാരു ഇരുനൂറ്റിഇരുപതും *(ഇടവകഭരണമുള്ള ബാവാന്മാർ എന്ന് സാരം)* സിംഹാസനങ്ങളിൽ മുഷ്ക്കരപ്പെട്ടവരായ *(പരമാധികാരികളായ)* പതിനായിരങ്ങളുടെ തലവരിൽ നാലുപേരു – റോമ്മായുടെ കിലസ്തീനോസും അലക്സന്ത്രിയായുടെ കൂറീലോസും അന്ത്യോഖ്യായുടെ യോഹന്നാനും പൊന്നിനുടെ നാവുകാരൻ മാർ ഈവാനിയോസും *(സ്വർണ്ണവായുള്ള വി: ക്രിസോസ്താം)* ഇവരു കൂടപ്പെട്ടു. കന്യാസ്ത്രീ മറിയത്തെ തമ്പുരാനെപ്പെറ്റ അമ്മയെന്നും വിളിച്ച് മാനുഷസുഖത്തിൽ നിന്നുള്ള *(മനുഷ്യത്വത്തിൽ നിന്നുള്ള)* മാംസത്തോടു കൂടെ പുത്രൻതമ്പുരാന്റെ തന്റെ ഒന്നിപ്പിനെ *(ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള യോജിപ്പിനെ)* അവരു നിശ്ചയിച്ചു. വർഗ്ഗം ഒന്നാകുന്നുയെന്നും ക്നോമ്മാ ഒന്നാകുന്നുയെന്നും മുഴുവനാകപ്പെട്ട തമ്പുരാനും *(പരിപൂർണ്ണ ദൈവവും)* മുഴുവനാകപ്പെട്ട മാനുഷൻപുത്രനും താനാകുന്നു എന്നും അവരു കൊണ്ടാടി. എന്നാൽ റൂഹാദകുദിശായാലെ നിഖ്യായിൽ 318 ബാവാമാരു കൂടി കല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തിൽ നിന്നൊഴികെ മറ്റു കല്പനയും വിശ്വാസവും പകർത്തുന്നു *(സ്വീകരിക്കുന്നു)* എന്നവൻ മഹറോൻ ഏൽക്കപ്പെട്ടവനാകുന്നു എന്നും അറപ്പുകെട്ട് *(നിർവ്വിശങ്കം)* ഒരുത്തൻ കല്പിക്കുന്നു എങ്കിൽ മുമ്പേ ചൊല്ലിയപോലെ ഇവരു ഒരു കാനോന *(ചട്ടം)* കല്പിച്ചുംകൊണ്ട് നെത്തോറിയോസ്സിനെ പിരാകിയതിന്റെ ശേഷം *(ശപിച്ചതിന്റെ ശേഷം)* അവന്റെ നാവ് അഴുകപ്പെട്ട് തിന്മപെട്ട മരണം അലസിപാകത്താലെ നെത്തോറിയോസ് മരിച്ചു. അവനു പകരം നോൻപു നോക്കുന്നവനായ മക്കസിന്മോസ്സിനെ ആ സിംഹാസനത്തിന്മേൽ അവരു കല്പിച്ചു.

## എവുത്തിക്കൂസിന്റെ പാഷണ്ഡതയും വിധിയും

440–ൽ റോമ്മായിൽ പൊൻ പാപ്പായെ വെക്കപ്പെട്ടു. പടിഞ്ഞാറുള്ള മെത്രാന്മാരൊക്കെയും ആയാളുടെ കീഴടങ്ങണമെന്ന് രാജാവിന്റെ

http://www.malankaraorthodox.tv/

കല്പന പ്രസിദ്ധപ്പെടുത്തി വാണു.

445-ൽ കുസ്തംദീനോസ്പോലീസിൽ കൂടിയുള്ള യെബുത്തോക്കാ എന്ന കശീശാ *(എവുത്തിക്കൂസ്)* അവൻ പകച്ചു. ആയത് എന്തെന്നാൽ മിശിഹായുടെ തന്റെ ശരീരം കലക്കം അനുഭവിച്ചു എന്ന് അവൻ ചൊല്ലി. ഇതിനെക്കുറിച്ച് എഫേസൂസിന്റെ ഉള്ളിൽ രണ്ടാം വട്ടം സൂനഹദോസ് കൂടപ്പെട്ടു. കുസ്തംദീനോസിന്റെ അബിലാനിയോസും, അലക്സന്ത്രിയായുടെ ദീയസ്ക്കോറോസും, യേറുശലേമിന്റെ സ്തേപ്പാനോസും ഈ നാലു തലവരോടുകൂടെ 130 എപ്പിസ്കോപ്പന്മാരു കൂടി. റോമ്മായുടെ ആറാം പാപ്പാ ആകുന്നു എന്ന ലെബോന്റെ ആയിസ്ഥപ്പാടു *(സാന്നിദ്ധ്യ സജ്ജീകരണങ്ങൾ)* കൂടാതെ ഇവരു കൂടപ്പെട്ടു. എന്നാൽ ഇടത്തിന്റെ ദൂരത്തെക്കുറിച്ച് *(സ്ഥലദൂരം)* എന്ന്യേ *(അല്ലാതെ)* ദ്വേഷതയിൽനിന്നും ശത്രുതയിൽ നിന്നുമല്ല. അപ്പോൾ യെബുത്തോക്കാ പാവപ്പെട്ടു *(അപരാധം ചെയ്തു)* എന്ന് അവൻ ചൊല്ലി. വീഞ്ഞും വെള്ളവും പോലെ കലക്കവും കലർച്ചയും താൻ അനുഭവിച്ചില്ലാ എന്നും *(യേശുക്രിസ്തുവിന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വീഞ്ഞും വെള്ളവും പോലെ നിശ്ശേഷ സങ്കരത്വം പ്രാപിച്ചില്ല)* അവരു നിശ്ചയിച്ചു.

## റോമ്മാ പാപ്പായും നെസ്തോർ വിശ്വാസവും

യെബുത്തുക്കായെ തള്ളുക കൊണ്ടും ആ ഇടവകയിൽ പ്രമാണപ്പെട്ട പട്ടക്കാരൻ ആകകൊണ്ടും രാജാവിന്റെ അടുക്കൽ സങ്കടം വെച്ചതുകൊണ്ട് അവിടെനിന്നും എഴുത്തും വാങ്ങിച്ചു. നെത്തോറിയോസ്സിന്റെ വിശ്വാസം ചിലർക്കുണ്ടെന്നും അയാൾ ബോധിപ്പിക്കകൊണ്ടും കാര്യം കേട്ടാറെ കുസ്തംദീനോസ്പോലീസിന്റെ പ്ലവിയാനോസ്, ദർക്കാലിയോന്റെ യെബുസേബിയോസ്, ദേവാദൊറിത്തായും ഇഹിവായും ഇവരു നാലു പേർക്കും നെത്തോറിയോസ്സിന്റെ വിശ്വാസം ഉണ്ടെന്ന് പരമാർത്ഥം ബോധിക്കകൊണ്ടും അവരുടെ പദവിയിൽ നിന്ന് അവരെ തള്ളപ്പെടുക കൊണ്ടും ഏറിയ വഴക്കുണ്ടായി. റോമ്മായിൽ ബോധിപ്പിക്കാതെ ഇതിന്മണ്ണം ഒക്കെയും ചെയ്ക കൊണ്ട് ഇവരു നാലു പേര് എപ്പിസ്കോപ്പന്മാരു റോമ്മയ്ക്കു ലെബോൻ പാപ്പായുടെ അടുക്കൽ പോയി പല കൂട്ടവും പറഞ്ഞു ബോധിപ്പിച്ച് പാപ്പായെ തട്ടിച്ചു. എന്നാൽ രണ്ടു വർഗ്ഗമെന്നും രണ്ടു ക്നോമ്മായെന്നും അവരുടെ വിശ്വാസം പാപ്പാ അനുസരിച്ചു. ഇതിന്മണ്ണം എല്ലാവരും അനുസരിക്കണമെന്നും ഇവർ അഞ്ചു പേരും കൂടെ നിശ്ചയിച്ച് കുറി എഴുതി റോമ്മായിൽ നിന്ന് യോലിയാനോസ് എപ്പിസ്കോപ്പായേയും ആറാനാ കശീശായേയും ഈറോസ് ശെമ്മാശ്ശിനേയും കൂടെ കുറിയും കൊടുത്തു എപ്പേസൂസ്സിന്ന് യാത്രയാക്കിയാറെ അവരു കൊണ്ടുവന്ന കുറി ശുദ്ധമാകപ്പെട്ട ബാവന്മാരു കണ്ടപ്പോൾ നെത്തോ

http://www.malankaraorthodox.tv/

റിയോസിന്റെ വിശ്വാസത്തിൽ പാതിയും പാപ്പായുടെ ഇഷ്ടത്തിൽ നിന്ന് പാതിയുമായി ചമച്ചെന്നും അവരു കാൺകകൊണ്ടും മുമ്പിൽ നിഖ്യാ യുടെ സുന്നഹദോസിനോടും നെത്തോറിയോസ്സിന്റെ കാര്യത്തെക്കുറിച്ച് എപ്പേസൂസ്സിൽ റോമ്മായുടെ പാത്രിയർക്കീസന്മാർ യിലസ്ത്തിനിറസ്സി നോടു കൂടി എന്ന ശുദ്ധമാകപ്പെട്ട നാലു പാത്രിയർക്കീസന്മാരോടും ബാവാന്മാരോടും മറുത്തു എന്നു നിശ്ചയിച്ചുറക്കകൊണ്ടും അവർ കൊണ്ടുവന്ന എഴുത്ത് ബാവാന്മാരു കൈക്കൊണ്ടില്ല. അവരു റോമ്മയിൽ ചെന്നതിന്റെ ശേഷം അലക്സന്ത്രിയായുടെ ദീയസ്ക്കോറോസിന്മേൽ ദ്വേഷതയും ശത്രുതയും ലൈബോൻ പാപ്പാ അവനുറച്ചു. ഇങ്ങനെയിരി ക്കുമ്പോൾ ഈ സൂന്നഹദോസ് കൂട്ടിയ ചെറിയ തെബാദാസിയോസ് രാജാവിന്റെ സ്ത്രീയും അവന്റെ പെങ്ങൾ വുൾകാറിയായും *(ബുൾക്കാ റിയാ)* നമസ്ക്കരിപ്പാൻ റോമ്മാപ്പള്ളിയിൽ അവരു ചെന്നപ്പോൾ അവന്റെ *(പാപ്പായുടെ)* കുറി കൈക്കൊണ്ടില്ല എന്നു സങ്കടമായിട്ടു പറകകൊണ്ടു എപ്പേസൂസ്സിൽ കൂടിയ രണ്ടാം സുന്നഹദോസിന്റെ കല്പന മായിപ്പാൻ രാജസ്ത്രീകൾ രാജാവിന് എഴുതുകകൊണ്ട് തമ്പുരാന്റെ ആശ്രണ്യ ത്താലെ സുന്നഹദോസ് കൂടി കല്പിച്ചിരിക്കുന്നതാകകൊണ്ട് അതിന് ഞാൻ ഭേദം വരുത്തുകയില്ലെന്നും മറുപടി രാജാവ് ഉടൻതന്നെ കൊടുത്ത യക്കയും ചെയ്തു. ഇപ്രകാരം ലെബോൻ പാപ്പാ വിചാരിച്ചിരിക്കുന്ന കാലങ്ങളിൽ പട്ടാങ്ങപ്പെട്ട രാജാവ് മരിച്ചതിന്റെ ശേഷം അൻപത് ആണ്ട് കന്യാവ്രതം കൈക്കൊണ്ടിരുന്ന ബുൾക്കാന എന്ന സ്ത്രീയെ പാപ്പാ യുടെ അനുവാദത്താലെ മർക്ക്യാനോസ് എന്ന മന്ത്രിയെ കൊണ്ടു കെട്ടിച്ചു രാജിതം വാണു എന്നു ലെബോൻ കണ്ടപ്പോൾ മുമ്പിലത്തെ എഴുത്തിനെ അനുസരിപ്പിപ്പാനും സൂന്നഹദോസ് കൂട്ടുവാനും അവൻ അപേക്ഷിക്കകൊണ്ട് കൽക്കിദൂനായിൽ സൂന്നഹദോസ് കൂട്ടുവാൻ രാജാവ് പ്രമാണിച്ചു.

## കല്ക്കദീൻ സുന്നഹദോസ്

451–ൽ രാജാവിന്റെ ശക്തിയാലെ അറന്നൂറ്റിമുപ്പത്താറ് എപ്പിസ്ക്കോപ്പ ന്മാര് കൾക്കിദൂനായിൽ കൂടി. മൂന്നരവർഷം അവിടെ പാർപ്പിച്ചാറെ വിശ്വാ സത്തിനുടെ മറ്റു കല്പന ചമക്കയില്ലെന്നും ലേബോന്റെ പഠിത്വത്തെ കൈക്കൊൾകയില്ലെന്നും അവരു നിശ്ചയിച്ചു. ഇതിനെ കടക്കുന്നവന് മുപ്പത്താറുവട്ടം മഹറോനും അവരു കല്പിച്ചു. അപ്പോൾ ലേബോന്റെ വിചാരക്കാർ ദീയസ്കോറോസിനെ പിടിച്ച് വിലങ്ങിട്ടു. മുൻപെ മഹറോൻ ചൊല്ലപ്പെട്ട നാലു പേരെ സുന്നഹദോസ് പൂകിച്ചു *(സുന്നഹദോസിൽ പ്രവേശിപ്പിച്ചു എന്നു സാരം)*. പുത്തൻ വിശ്വാസം *(നവീനമായി നിർമ്മിച്ച മതപഠനം)* അവരു ക്രമപ്പെടുത്തി എല്ലാവരുടേയും മുൻപാകെ വായിച്ചു. അതിൽ എഴുത്തിടുവാൻ *(ഒപ്പിടുവാൻ)* ദീയസ്ക്കോറോസിനെ അവരു

http://www.malankaraorthodox.tv/

വിളിച്ചു. എന്റെ കൈകൾ കണ്ടിക്കപ്പെട്ട് കടലാസുംമേൽ ചോര ചിന്തപ്പെ ടുമെങ്കിലും ഇത് വ്യാപരിക്കയില്ലെന്നും പറഞ്ഞ് ഇവയുടെ ചുറ്റും പിരാക്കുകൾ *(ശാപവചനങ്ങൾ)* അവനെഴുതി. രാജാവു കോപിച്ച് അവനെ അയച്ചു. മർക്ക്യാനോസിന്റെ കല്പന അനുസരിക്കായ്ക കൊണ്ട് ഭാഗ്യക്കാരനെ വിലങ്ങിട്ടു. അന്ത്യോഖ്യായുടെ പാത്രിയർക്കീസ് അവിടെ ഇല്ലാഞ്ഞു. അർമ്മീനായക്കാരുടെ മെത്രാപ്പോലീത്താ കലഹം കൊണ്ട് കൂട്ടത്തിൽ നിന്നും എഴുന്നേറ്റു പോയി. യൗനായക്കാരുടെ പാത്രിയർക്കീസ് കൂട്ടത്തിൽ മനസ്സായില്ല *(സുന്നഹദോസു നടപടികളെ ഇഷ്ടപ്പെട്ടില്ല)*. സുറിയാനിക്കാരു രണ്ടു എപ്പിസ്ക്കോപ്പന്മാരു ദീയസ്ക്കോറോസിനോടു കൂടെ പോയി.

ഈ സുന്നഹദോസിൽ ലെബോൻ പാപ്പാ കൂടിയില്ല. പിന്നെയോ ഇവരു 636 പേര് കൂടിയതിൽ റമ്പാന്മാരും കശ്ശീശന്മാരും ശെമ്മാശന്മാരും ആകുന്നു.

## ദൈവമാതാവിനോടുള്ള പ്രാർത്ഥനയുടെ അംഗീകരണം

470-ൽ പത്രോസ് എന്ന അന്ത്യോഖ്യായുടെ പാത്രിയർക്കീസ് തമ്പുരാനെപ്പെറ്റ അമ്മയുടെ നാമത്തെ നമസ്ക്കാരത്തിൽ കൂടെ ചൊല്ലണമെന്ന് പള്ളികളിലൊക്കെയും കല്പനകൾ കൊടുത്തയച്ചു. കൽക്കീദോൻ സുന്നഹദോസിന്റെ തലവർ ആറീറാത്തിക്കോസും ലെയോനും കൽപോസും.

## ****മുഹമ്മദു നബി

യെബുനായെക്കാരുടെ ആണ്ട് 878-ൽ കർത്താവിന്റെ കാലത്തിൽ 567-ൽ അവുദള്ളായുടെ പുത്രൻ മഹമ്മദുണ്ടായി. 40 ആണ്ടു അവന്റെ നാട്ടിൽ വളർന്നു. 14 ആണ്ടു റൊപ്പയിൽ ചെന്ന് ക്ഷുദ്രം പഠിച്ചു. വീണ്ടും വന്ന് 3 ആണ്ടു വീട്ടിൽ പാർത്തു. 7 ആണ്ടു മാർഗ്ഗം അറുവിച്ചു. 63 വയസ്സിൽ മരിച്ചു. മസ്ക്കത്ത് അവനെ ആടക്കി. അവന്റെ കാലം 1200 തികയുമ്പോൾ അവന്റെ മാർഗമില്ലെന്നും അന്നിരിക്കുന്ന ജനങ്ങൾ ദുഷ്ടന്മാരെന്നും നരകവാസികളെന്നും പറയുന്നു. മഹമ്മദിന്റെ കാര്യം കൊണ്ടു തന്നെ യെവുനായെക്കാലം 913 ൽ കർത്താവിന്റെ ആണ്ടു 622-ൽ മഹമ്മദു വാണൂയെന്നു ദൂറാശയെന്ന പുസ്തകത്തിൽ ചൊല്ലിയിരിക്കുന്നു.

നമ്മുടെ കർത്താവിന്റെ ആണ്ടു 602-ൽ മാബോഗന്ന നഗരിയുടെ അപ്പസ്തോപ്പാ പീലയ്ക്കുന്തിനോസ ശുദ്ധമാന ഏവൻഗലിയോൻ നാലറിയിപ്പും യെവുനായെപ്പെച്ചിൽ നിന്നും സുറിയാനിപ്പെച്ചിൽ ആക്കി പുസ്തകം ചമച്ചു. ആദത്തിന്റെ കാലം 5180 ൽ യെബുനായെക്കാരുടെ കാലം -1. യെബുനായെക്കാരുടെ ആണ്ടു 311 ൽ നമ്മുടെ കർത്താവിന്റെ കാലം -1. കർത്താവിന്റെ കാലം 825 കൊല്ലക്കാലം -1. യെവുനായക്കാരുടെ ആണ്ടു 1110 ൽ കർത്താവിന്റെ ആണ്ടു 869 ചെന്ന കൊല്ലം 44 ൽ

http://www.malankaraorthodox.tv/

റോമായെക്കാരും യോനായെക്കാരും കൂടെ കുസ്തംദീനോസ് പൌലീസിൽ ഒരു സംഗതിയും ഹേതുക്കളും ആവശ്യവും ദിഷ്ടതിയും കൂടാതെ വിശ്വാസക്കാരുടെ പകെപ്പിന്നും ഉതെപ്പിന്നും ആയിട്ടു കൂടി.

പട്ടക്കാർ പെണ്ണു കെട്ടരുതെന്നും പത്തിറാ കൊണ്ടു കുറുവാന അണെക്കണമെന്നും വെസ്പുർക്കാനാ എന്നൊരു സ്ഥലം ഉണ്ടെന്നും ബാബായിൽനിന്നും പുത്രനിൽ നിന്നും റൂഹാദകൂദിശ പ്രപ്പെടുന്നു എന്നും ഇങ്ങനെയുള്ള എടത്തൂടുകൾ അവർ നിശ്ചയിച്ചു ക്രമപ്പെടുത്തിയത് ഇതുവരെയും നടന്നുവരുന്നു.

## അർമീനിയാക്കാർ

യൗനായെക്കാലം 1647 ൽ മിശിഹാക്കാലം 1336 ൽ കൊല്ലം 511 നു അർമ്മെനായെക്കാരുടെയും സുറിയാനിക്കാരുടേയും ഒന്നിപ്പ് ആയത് എങ്ങിനെയെന്നാൽ അസ്താനാസ്യോസ് പാത്രിയാർക്കായുടേയും യീവാനിയോസ് കാസോലിക്കായുടെയും ദിവസങ്ങളിൽ സുറിയാനിക്കാരുടെ അഞ്ച അപ്പസ്തോപ്പൻമാരുടേയും അർമ്മനായെക്കാരുടെ എട്ട അപ്പസ്കോപ്പാ മാരുടേയും നടുസ്താനത്തിൽ സുറിയാനിക്കാരുടെയും അർമ്മെനായെക്കാരുടേയും ഇടയിലുള്ള കൊണ്ടാട്ടത്തിനുടെ വിശേഷം തെരയപ്പെട്ടപ്പോൾ തമ്പുരാന്റെ നന്മയാലെ പട്ടാങ്ങപ്പെട്ടതാകുന്നു എന്നും കറയതിലില്ലയെന്ന വിശ്വാസം രണ്ടു കൂട്ടുക്കാർക്കും സകലത്തിലും അതാകുന്നു എന്നും കണ്ടെത്തിയതിനാൽ അതിനെക്കുറിച്ച് മേലിൽ ഉറെപ്പിന്നെന്നപോലെ പെൺമക്കളെ കൊടുപ്പാനും ശുദ്ധമാന കുറുവാന കൊടുപ്പാനും സുറിയാനിക്കാരുടെ കൈവപ്പുകാർക്കു അവരെഴുതി.

## മാർ സാബോർ മാർ അഫ്റോത്ത്

എന്നാൽ മിശിഹാ കാലം 345 ൽ ക്നായിത്തൊമ്മൻ മലെയാളത്തിൽ വന്ന കാലം മുതൽ 825-ാം കാലത്തിന്നിടയിൽ 480 ആണ്ടു പരദേശത്തുനിന്നും മേൽപട്ടക്കാർ വന്ന് മലയാളത്തിൽ ഉള്ള അർക്കദ്യയാക്കാനു മുഷ്ക്കരത്വവും കൊടുത്ത് കാര്യങ്ങൾ നടത്തിവന്നു. കർത്താവിന്റെ കാലം 825 ൽ കൊല്ലം 1 ൽ മാർ ചാവോറും മാർ അപ്പ്രോത്തും ഇങ്ങനെ രണ്ടു അപ്പസ്ക്കോപ്പന്മാർ സവറീശു എന്നു പേരുള്ള കച്ചവടക്കാരന്റെ കൂടെ വന്നു. മിശിഹാ കാലം 905 ൽ കൊല്ലം 80 ൽ മാർ ദെനഹായെന്നു പേരുള്ള മെത്രാൻ വന്നു. അയാളുടെ കൂടെ റാബാൻ എന്നും യൌനാൻ എന്നും മാറാവാൻ എന്നും ഇങ്ങനെ നാലുപേർ മലയാളത്തു വന്നതിൽ യൌനാൻ എന്നയാൾ ഉതിയൻപേരൂർ പള്ളിയിൽ അടങ്ങി. റാബാൻ എന്ന ആൾ നിരണത്തുള്ള പള്ളി ഇടവകയിൽ ചെന്നിത്തല മുറിയിൽ തെക്കെവീട്ടിൽ കുരുവിളെ എന്നവന്റെ വീട്ടിൽ അടങ്ങി. ദെനഹാ എന്ന ആൾ കൊട്ടെക്കുപിറത്തു കൊടശെരി നാട്ടിൽ കണ്ണെംകുളം എന്ന മാപ്പിളയുടെ വീട്ടിൽ അടങ്ങി. മാറാവാൻ എന്ന ആൾ തെവലെക്കരെ പള്ളി

http://www.malankaraorthodox.tv/

യിൽ അടങ്ങി. ഇദ്ദേഹത്തിന്റെ കാർയ്യം പിന്നാലെ പറയും.

## പേർഷ്യൻ മെത്രാന്മാർ

മിശിഹാക്കാലം 988 ൽ കൊല്ലം 163-ൽ മാർ യൊഹന്നാൻ മെത്രാപൊലിത്താ വന്നു. മിശിഹാക്കാലം 1056 ചെന്ന കൊല്ലം 231 ൽ മാർ യൗസേപ്പു മെത്രാൻ വന്നു. മിശിഹാക്കാലം 1122 ചെന്ന കൊല്ലം 297 നു മാർ യാക്കൊ മെത്രാപൌലിത്താ വന്നു. മിശിഹാകാലം 1221 ചെന്ന കൊല്ലം 396 ൽ യൗസെപ്പു മെത്രാൻ വന്നു. മിശിഹാകാലം 1285 ചെന്ന കൊല്ലം 460 ൽ മാർ ദാവീദു മെത്രാപൌലിത്താ വന്നു. മിശിഹാകാലം 1407 ചെന്നകൊല്ലം 582 ൽ മാർ യാബാലോഹാ മെത്രാൻ വന്നു.

മിശിഹാകാലം 1341 ചെന്ന കൊല്ലം 516 ൽ പുതുവൈപ്പുണ്ടായി. കൊച്ചിയോടു കൊടുങ്ങല്ലൂര് ഇടയിലുള്ള വൈപ്പുനാട്. കൊല്ലം 683 ൽ പറങ്കി കൊച്ചിയിൽ വന്നു 165 ആണ്ട് വാണു. 691 ൽ കൊച്ചിയിൽ കോട്ടയിട്ടു. മിശിഹാ കാലം 1415 ചെന്ന കൊല്ലം 590 ൽ പരദേശങ്ങളിൽ പുസ്തകം അച്ചടിച്ചു തുടങ്ങി. മിശിഹാ കാലം 1437 ചെന്ന കൊല്ലം 612 ൽ പരദേശങ്ങളിൽ വെടിമരുന്നും ഉണ്ടയും ഉണ്ടായി. മിശിഹാകാലം 1514 ചെന്ന കൊല്ലം 659 നു കൊടുങ്ങല്ലൂർ മഹാദേവർ പട്ടണം അഴിഞ്ഞു. മിശിഹാ കാലം 1545 ചെന്ന കൊല്ലം 720 ൽ മാർ അബ്രാഹം മെത്രാൻ വന്നു. അയാളെ പറങ്കികൾ സ്വാധീനമാക്കി റോമായ്ക്കയച്ചു. പാപ്പായുടെ പ്രമാണത്താലെ വീണ്ടും മലയാളത്തു വന്നു. അക്കാലത്തിൽ മലംകരെ വാഴുന്നത ഗീവറുഗീസ് അർക്കദുയാക്കോനത്രെ ആകുന്നു. മിശിഹാക്കാലം 1552 ചെന്ന കൊല്ലം 727 ൽ പുകയില മലയാളത്തു വന്നു.

## ഉദയംപേരൂർ സുന്നഹദോസ്

മിശിഹാകാലം 1598 ചെന്ന കൊല്ലം 773 നു അല്ലെശു പറങ്കി മെത്രാൻ വന്നു. ഈ മെത്രാൻ കൊച്ചിയിൽ രാജാവിനെ സ്വാധീനമാക്കി മലയാളത്തിൽ വേദസ്തലവനായിരിക്കുന്ന ഗീവറുഗീസ് അർക്കദുയാക്കൊനെയും അനുസരിപ്പിച്ച് 774-ാം മാണ്ടു മിഥുനമാസം 14 നു ഉതിയൻപേരൂർ സുന്നെദോസെന്നു പേരും വിളിച്ചു. മലയാളത്തിലുള്ള പള്ളിക്കാരെ ഒക്കെയും ഉതിയൻപേരൂർ കൂട്ടി സുറിയാനി മർയ്യാദകളൊക്കെയും നീക്കി പറങ്കി മർയ്യാദ നടത്തുകയും ചെയ്തു. തിരുവിതാംകോട്ടുക്കാരും ചാട്ടുകുളങ്കരക്കാരും കൂടിയില്ലാ. മർയ്യാദകളും ക്രമങ്ങളും മാറ്റിവച്ചതിന്റെ ശേഷം അവിടെ കൂടിയ കത്തങ്ങൾ പാതകഞ്ചുകവും ഉടൽ കവചവും വിപരീതധാരണായിപ്പിരികയും ചെയ്തു. അന്നത്തെ കൂട്ടത്തിൽ പ്രമാണികൾ അല്ലെശു മെത്രാനും പുത്തിക്കാരൻ പ്രൻസീസ്ക്കൊസു പാതിരിയും അന്ത്രൊാസ്ക്കാനെന്ന പാതിരിയും പള്ളുരത്തിൽ യാക്കോപ്പാതിരിയും ഗീവറുഗീസ് അർക്കദുയാക്കോനും അത്രെ ആകുന്നു.

http://www.malankaraorthodox.tv/

## മാർ അഹത്തുള്ള

ഇങ്ങനെ ചൊല്ലുമ്പോൾ മിശാഹാകാലം 1604 ചെന്ന കൊല്ലം 779 ൽ ഗീവറുഗീസു അർക്കാദുയാക്കോൻ കാലം ചെയ്തു. മേലെഴുതിയ പ്രകാരം 55 സംവത്സരം പറങ്കി മര്യാദ നടന്നു വന്നതിന്റെ ശേഷം മിശിഹാ കാലം 1653 ചെന്ന കൊല്ലം 828 ൽ മാർഗീനാത്തോ്യാസ് പാത്രിയർക്കീസു മലയാളത്തിൽ വരുവാനായിട്ടു മയിലാപ്പു വന്നാറെ പിറങ്കായെക്കാരുടെ ശക്തികൊണ്ടു സുറിയാനിക്കാരെ കീഴടക്കി നടന്നു വരുന്നതിന്നു ഇദ്ദേഹത്തെ മലയാളത്തിന്നയച്ചാൽ മര്യാദക്കും ക്രമങ്ങൾക്കും ഭേദം വരുത്തുമെന്നും വച്ച് അവിടെ തടഞ്ഞു പാർപ്പിച്ചിരിക്കുമ്പോൾ മാർത്തൊമാശ്ലീഹായുടെ കബുറുങ്കൽ മയിലാപ്പൂർ കുംപിടുവാനായിട്ടു ചെങ്ങന്നൂരു ചെങ്കൽ ഇട്ടിച്ചെമാശും കുറവിലങ്ങാട്ടു കിഴക്കേടത്തു കുർയ്യൻ ചെമാശും ചെന്നിരുന്നു. പാത്രിയർക്കീസിനെ അവർ കണ്ടപ്പോൾ മലയാളത്തിലെ കുഴപ്പുകൾ അവർ പറഞ്ഞിതിനെക്കേട്ടു രണ്ടു കുട്ടുക്കാരും സങ്കടപ്പെടുന്നതും

*****

ദുഃഖിക്കുന്നതും പറങ്കികൾ അറിഞ്ഞു. ഇവർ തമ്മിൽ കാണായ്‌വാൻ ഒരു മുറിയിലാക്കി സൂക്ഷിക്കകൊണ്ട് പറംകികൾ ചതിക്കുമെന്നും നിശ്ചയിച്ച് ഒളിവാലെ ശെമ്മാശന്മാരെ വിളിപ്പിച്ച് അക്കാലത്തിൽ വാഴുന്ന തോമ്മാ അർക്കദിയാക്കോനെ എപ്പിസ്ക്കോപ്പാ ആയിട്ട് വാഴിക്കത്തക്ക വണ്ണം സ്ഥാത്തിക്കോനും കൊടുത്തു യാത്രയാക്കിയതിന്റെ ശേഷം അവരു വന്ന് പള്ളിക്കാർക്കൊക്കെയും എഴുതി അയച്ചു. എല്ലാവരും കൂടിയപ്പോൾ പാത്രിയർക്കീസിനെ കൊച്ചിയിൽ കൊണ്ടുവന്നുയെന്നു കേൾക്കകൊണ്ട് അവരു എല്ലാവരും കൂടെ കൊച്ചിയിൽ ചെന്നു വിചാരിച്ചപ്പോൾ പരമാർത്ഥം അറിഞ്ഞു. ഞങ്ങൾക്കുള്ള യജമാനനെ അയക്കണമെന്നും പെരുമ്പടപ്പിൽ തമ്പുരാന്റെ തിരുമനസ്സറിവിച്ചപ്പോൾ, വരുത്തിത്തരാമെന്നും കല്പിച്ചതിന്റെ ശേഷം പറങ്കികൾ രാജാവിനെ സമ്മതിപ്പിച്ച് പാത്രിയർക്കീസിനെ കൊച്ചിയിൽ കടലിൽ ബാറുമുഖത്ത് കെട്ടിത്താഴ്ത്തി അപായം വരുത്തിയതിനാൽ ആ നാഴികയിൽത്തന്നെ മാളികയുടെ ഗോവണിമേൽ വീണു തല കീറി രാജാവ് തീപ്പെടുകയും ചെയ്തു.

## ഒന്നാം മർത്തോമ്മായുടെ സ്ഥാനാരോഹണം

ഈ ഉണ്ടായ സകലവും സുറിയാനിക്കാരായ പരിഷജനങ്ങൾ അറിഞ്ഞ് മട്ടാഞ്ചേരി പള്ളിയിൽ കൂടി ഇപ്രകാരം പറങ്കികൾ നമ്മോടു ചെയ്ക കൊണ്ടും രാജാവ് അനുസരിച്ച് കുലയ്ക്കു കൊടുക്കകൊണ്ടും ഇനിയും പറങ്കികളോടു നാം ചേരരുതെന്നും നമ്മുടെ അന്തരവരുടെ കാലത്തിലും ഇവരെ കാണരുതെന്നും മകരമാസം 3-നു വെള്ളിയാഴ്ച

കയറുപിടിച്ച് *(മട്ടാഞ്ചേരി പള്ളിമുറ്റത്തുള്ള കൂനൻകുരിശിൽ കയറുകൾ കെട്ടി അതിൽ പിടിച്ചുകൊണ്ട്)* സത്യം ചെയ്തുംകൊണ്ടു എല്ലാവരുംകൂടെ ആലങ്ങാട്ടു പള്ളിയിൽ കൂടി പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോനിൽ ഉള്ളതു പോലെ തോമ്മാ അർക്കദിയാക്കോനെ മർത്തോമ്മാ മെത്രാനായിട്ട് വാഴിക്കയും ചെയ്തു *(കൊച്ചി രാജാവിന്റെ കല്പനപ്പടിയായിരുന്നു തോമ്മാ ശെമ്മാശ്ശനെ മെത്രാനായി നിശ്ചയിച്ചത്. മോതിരമിട്ട് അംഗീകരണം നൽകി. ശക്തൻ തമ്പുരാന്റെ ജീവചരിത്രം, പേജ് ....).*

*(കൂനൻകുരിശു സത്യം നടക്കുന്ന കാലത്ത് സഭാഭരണം നടത്തിയ മെത്രാൻ ഫ്രാൻസിസ് ഗാർസ്യാ ആയിരുന്നു. ഉദിയപേരൂർ സുന്നഹദോസ് കാലത്ത് ബിഷോപ്പ് മേനെസിസ് ആയിരുന്നു. 2-ാമൻ ജസ്വീറ്റുകാരൻ റോസ് മെത്രാൻ. 3-ാമൻ ഗാർസ്യാ മെത്രാൻ. ഗാർസ്യാ മെത്രാനേയും എതിർത്തു നിന്ന നസ്രാണികളേയും യോജിപ്പിക്കുവാൻ കർമ്മലീത്താക്കാരൻ യൗസേപ്പ് സെബസ്ത്യാനി വന്നു. പള്ളിവീട്ടിൽ ചാണ്ടി മെത്രാനെ വാഴിച്ചത് ഗാർസ്യാ മെത്രാനാണ്.*

*1653-ൽ വന്നതായ പാത്രിയർക്കീസ് പേർഷ്യായിൽ നിന്നു വന്ന കിഴക്കിന്റെ കാതോലിക്കായാണെന്ന് വിചാരിക്കപ്പെടുന്നു. കാതോലിക്കായേയും പാത്രിയർക്കീസ് എന്നു വിളിക്ക പതിവാണ്. അദ്ദേഹത്തിന്റെ പേർ ഈസ് ആലോഹാ എന്നാണ്. അറബി ഭാഷയിൽ അഹത്തള്ളാ എന്ന് രൂപം. ഇൻഡ്യയിൽ ആദ്യം വന്ന അന്തോഖ്യാ പാത്രിയർക്കീസ് കൊല്ലവർഷം 1050-ാമാണ്ട് മലയാളത്തു വന്ന പത്രോസ് മൂന്നാമൻ അവർകളാണ്. അതിനു മുമ്പ് അന്തോഖ്യാ പാത്രിയർക്കീസന്മാർ ആരും തന്നെ മലയാളത്ത് വന്നിട്ടില്ലെന്ന് പത്രോസ് മൂന്നാമൻ മലയാളത്തേക്ക് അയച്ചിട്ടുള്ള കല്പനയിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ കല്പന സുറിയാനിയിൽ നിന്ന് പരിഭാഷപ്പെടുത്തി പുസ്തകരൂപത്തിൽ അച്ചടിപ്പിച്ചിട്ടുണ്ട്. പത്രോസ് പാത്രിയർക്കീസിന് മുമ്പും കാതോലിക്കാമാർ മലയാളത്തെത്തീട്ടുണ്ട്. 1050-ൽ മലയാളത്തുവന്ന പത്രോസ് പാത്രിയർക്കീസ് മടങ്ങിപ്പോയശേഷം മലയാളത്തേക്കയച്ച ദീർഘമായ ഒരു കല്പന കടവിൽ മാർ അത്താനാസ്യോസ് മെത്രാൻ മലയാളത്തിൽ പരിഭാഷപ്പെടുത്തി കോട്ടയം മനോരമ പ്രസ്സിൽ പുസ്തകരൂപത്തിൽ അച്ചടിപ്പിച്ചിട്ടുണ്ട്. അതിലാണ് ഇക്കഥ പറയുന്നത്)*

അന്നത്തെ വിചാരക്കാററു കടുത്തുരുത്തിൽ കടവിൽ ചാണ്ടിക്കത്തനാരും കുറവിലങ്ങാട്ടു പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരും അങ്കമാലിക്കരെ വെഞ്ഞൂരു വർഗ്ഗീസ് കത്തനാരും കല്ലിച്ചേരിൽ ഇട്ടിത്തൊമ്മൻ കത്തനാരും. ഈ വിചാരക്കാററു മൂവാണ്ടിൽ കൂടി വിചാരം ഉണ്ടാകുമ്പോൾ മാറിക്കല്പിക്കയും ഇങ്ങനെ നടന്നുവരുമ്പോൾ 1660-ന് കൊല്ലം 835-ൽ റോമ്മായിൽ *(നിന്ന്)* പാപ്പായുടെ പ്രമാണത്താലെ കർമ്മലെത്താ ദർശനം

http://www.malankaraorthodox.tv/

എന്നു പേരും വിളിച്ച് യൗസേപ്പ് മെത്രാൻ കൊച്ചിയിൽ വന്നാറെ കടുത്തുരുത്തി വലിയപള്ളിക്കാരും കടവിൽ ചാണ്ടിക്കത്തനാരും മട്ടാഞ്ചേരിൽ കൂടി ചെയ്ത സത്യത്തോടു മറുത്ത് വടക്കുംകൂറ്റിൽ സ്വരൂപത്തെ ചെന്നു കണ്ട് അവിടെനിന്ന് ആളും കൂട്ടി കോട്ടയിൽ *(ലന്തക്കമ്പനിയിൽ)* സമ്മതിപ്പിച്ചു യൗസേപ്പ് മെത്രാനെ കൊണ്ടുവന്ന് വല്യ പള്ളിയിൽ ഇരുത്തുകയും ചെയ്തു. ശേഷം ഒരു പള്ളിക്കാരും അയാളെ അനുസരിച്ചില്ല. അതുകൊണ്ട് മർത്തോമ്മാ മെത്രാന്റെ തറവാട്ടിൽ ഉള്ള ആളുകളെ അല്ലാതെ മറ്റൊരുത്തരേയും അനുസരിക്കയില്ലെന്നും നിശ്ചയിച്ചു *(കർമ്മലീത്താ യൗസേപ്പ് എന്നയാൾ 1657-ൽ റോമിൽ നിന്നയക്കപ്പെട്ട ജോസഫ് മരിയ അഥവാ ജോസഫ് സെബസ്ത്യാനിയാണ്. അയാൾ മടങ്ങിപ്പോയി മെത്രാനായി 1660-ൽ വീണ്ടും വരുന്നു.)*

*(1660-ൽ വന്ന കർമ്മലീത്താ യൗസേപ്പ് മെത്രാനാവും മുമ്പ് ഇവിടെ പാപ്പായുടെ കൊച്ചി സീറി ആയിരുന്നു)*

*(കൊച്ചി, കോഴിക്കോടു രാജാക്കന്മാർ തമ്മിലുള്ള സ്പർദ്ധ നിമിത്തം പോർട്ടുഗീസുകാർക്ക് മലയാളത്തിൽ ആധിപത്യം സിദ്ധിച്ചു. പെരുമ്പടപ്പു സ്വരൂപത്തിലെ അംഗങ്ങൾ തമ്മിലുണ്ടായിരുന്ന ഛിദ്രം നിമിത്തം (ലന്തക്കാർ എന്നു വിളിക്കപ്പെടുന്ന) ഡച്ചുകാരും കടന്നു കൂടുന്നതിനിടയായി. ഡച്ചുകാർ 1619-ൽ ജാവായുടെ വടക്കു കടലോരത്തുള്ള ബാറ്റേവിയാ എന്ന സ്ഥലം പിടിച്ചടക്കി ഡച്ചു ഗവണ്മെന്റിന്റെ തലസ്ഥാനമാക്കി. 1658-ൽ സിലോണിൽ നിന്ന് പോർത്തുഗീസുകാരെ ഡച്ചുകാർ തുരത്തി. 1658 ഡിസംബർ 29-ന് കൊല്ലം 833-4 -ൽ കൊല്ലത്തുണ്ടായിരുന്ന പറുങ്കിക്കോട്ട ഡച്ചുകാർ പിടിച്ചടക്കി. അനന്തരം ഡച്ചുകാരും സാമൂതിരിയുമായി ഒരു ഖരാർ ചെയ്തു. അതിലെ ഒരു വ്യവസ്ഥ പറുങ്കിപാതിരിമാരെ നാട്ടിൽ നിന്നു പുറത്താക്കണമെന്നായിരുന്നു. 1608-ൽ പള്ളിപ്പുറം പറങ്കിക്കോട്ട ഡച്ചുകാർ പിടിച്ചു. 1661-ൽ ഡച്ചുകാർ കൊല്ലം പോർട്ടുഗീസു കോട്ട രണ്ടാം പ്രാവശ്യം പിടിച്ചെടുത്തു. 1662 ജനു. 15-നു ഡച്ചുകാർ കൊടുങ്ങല്ലൂരെ പറങ്കിക്കോട്ട പിടിച്ച് ജസ്വീറ്റുകാരുടെ വകയായ സകല സ്ഥാപനങ്ങളും നശിപ്പിച്ചു ജലനിരപ്പാക്കി. പോർട്ടുഗീസുകാരും ഡച്ചുകാരുമായി നടന്ന ഒരു കഠോരയുദ്ധത്തിനു ശേഷം 1663 ജനുവരി മാസത്തിൽ പറുങ്കികളുടെ പ്രസിദ്ധമായ കൊച്ചിയിലെ എമ്മാനുവൽ കോട്ട ഡച്ചുകാർ പിടിച്ചു. പോർട്ടുഗീസു ഗവർണ്ണറായ ഇഗ്നേഷ്യോ സാർമെന്റോ കോട്ടയുടെ താക്കോലുകൾ ഡച്ചു സേനാനായകനെ ഏല്പിച്ചു. ഇരുഭാഗക്കാരും തമ്മിൽ ചെയ്ത ഉടമ്പടി (1663.1-7) അനുസരിച്ച് പറുങ്കിപാതിരിമാരെയും പറുങ്കി ജാതിയിലുള്ളവരെ ഒക്കെയും ഗോവയ്ക്കു കടത്തി. എന്നാൽ ആ കൂട്ടത്തിൽ മേല്പറഞ്ഞ കർമ്മലീത്താ സംഘാംഗമായ യൗസേപ്പ് സെബസ്ത്യാനി മെത്രാനും കേരളം വിടേണ്ടതായി വന്നു. എന്നാൽ അതിനു മുമ്പായി*

http://www.malankaraorthodox.tv/

*അവർ ഇവിടെ റോമൻ കത്തോലിക്കാ സഭാംഗങ്ങളായി നില്ക്കുന്ന സുറിയാനിക്കാരുടെ നിലനില്പിനും ഭരണത്തിനും വൈദികമായ ആവശ്യങ്ങളുടെ നിർവ്വഹണത്തിനുമായി ഒരു നാട്ടു മെത്രാനെ വാഴിക്കുന്നതിന് ഉത്സാഹിച്ചു. അങ്ങനെ യൗസേപ്പ് സെബസ്ത്യാനി മെത്രാൻ കടവിൽ ചാണ്ടിക്കത്തനാരുടെ സഹായത്തോടുകൂടി പനങ്കുഴ ചാണ്ടിക്കത്തനാരെ വരുത്തി കൈക്കൂലി കൊടുത്തു സമ്മതിപ്പിച്ച് ഒരു മെത്രാനായി വാഴിക്കയും ചെയ്തു. റോമ്മാ സഭയിലെ ഓരോ പ്രത്യേക സംഘടനകളായ പ്രൻസിസ്കൻ സംഘക്കാർ, ഈശോ സംഘക്കാർ (ജസ്വീറ്റ്) തുടങ്ങിയുള്ള എല്ലാ വൈദികന്മാരെയും ഇവിടെനിന്ന് ഗോവയ്ക്കയച്ചു. ഇങ്ങനെ പള്ളിവീട്ടിൽ ചാണ്ടി അഥവാ പനങ്കുഴ ചാണ്ടി – അതുമല്ലെങ്കിൽ കുടക്കശ്ശേരി മെത്രാൻ വഴിക്ക് റോമ്മാസഭ മലയാളത്ത് വീണ്ടും വേരു പിടിക്കുവാൻ സംഗതിയായി. കുടുക്കശ്ശേരി മെത്രാൻ 1687 ഡിസംബർ 23–നു മരിച്ചു. വടക്കൻകൂർ റാണിയും കുടുക്കശ്ശേരിക്ക് അനുകൂലമായിരുന്നു.)*

അത്തറവാട്ടിൽ നിന്ന് പനങ്കുഴ ചാണ്ടിക്കത്തനാരെ വരുത്തി അയാൾക്കു വേണ്ടുന്ന ദ്രവ്യം കൊടുത്ത് സമ്മതിപ്പിച്ചു. 1663–ന് കൊല്ലം 838–ൽ കുറവിലങ്ങാട്ടു പള്ളിയിൽ വെച്ച് യൗസേപ്പ് മെത്രാൻ *(യൊസപ്പ് മറിയ – അഥവാ ജോസപ്പ് സെബസ്ത്യാനി)* ചാണ്ടിക്കത്തനാരെ മെത്രാനായിട്ടു വാഴിച്ചു *(1663 മകരം 31–ന് കടുത്തുരുത്തിയിൽ വച്ചായിരുന്നു വാഴ്ച. പള്ളിവീട്ടിൽ അലക്സാണ്ടർ മെത്രാൻ എന്നും ഈ ആൾക്ക് പേരുണ്ട്).* അവരു രണ്ടുപേരും കൂടി ഉത്സാഹിച്ച് ഏതാനും ജനങ്ങളെ പാട്ടിലാക്കി.

*(1663–ൽ 1–ാം മർത്തോമ്മായും, പുതിയ റോമാസുറിയാനി മെത്രാനായ കുടുക്കശ്ശേരിയും അവരവരുടെ കക്ഷിയിൽപെട്ട ജനങ്ങളോടുകൂടി കുറവലങ്ങാട്ടു പള്ളി കൈവശപ്പെടുത്താൻ ഒരു വലിയ വിപ്ലവം ആരംഭിച്ചു. പള്ളിയിലും പരിസരങ്ങളിലും കമ്പോളത്തിലും തീവെയ്പ്, അടിപിടി, കുത്തിക്കവർച്ച, കൊലപാതകം ഇവ ധാരാളമായി നടന്നു. കുടുക്കശ്ശേരിക്കു സഹായിപ്പാൻ പറുങ്കികൾ സന്നദ്ധരായിരുന്നു. അവരുടെ ദ്രവ്യസഹായത്താൽ കുടുക്കശ്ശേരി ജയിച്ചു. തോറ്റവർ സർവസ്വവും ഉപേക്ഷിച്ചു പ്രാണരക്ഷാർത്ഥം കുറവിലങ്ങാട്ടു നിന്ന് തെക്കൻ ദിക്കുകളിൽ കുടിയേറി.)*

ഇങ്ങനെ രണ്ടു പക്ഷമായിട്ടു കുറഞ്ഞൊരു കാലം ചെന്നപ്പോൾ അവരു രണ്ടുപേരും കഴിഞ്ഞാറെ അവരിൽ *(റോമ്മാ സഭയിൽ)* കൂടിയ ആളുകളും പള്ളിക്കാരും പറങ്കികളോടു ചേർന്നു *(റോമ്മാസഭയിൽ ലയിച്ചുവെന്ന് സാരം).* അവരെ പഴയകൂറ്റുകാരെന്നും വേർതിരിഞ്ഞ് മർത്തോമ്മാ മെത്രാന്റെ വിചാരത്തി *(ഭരണത്തി)* ലുള്ളവരെ ഒക്കെയും പുത്തൻകൂറ്റുകാരെന്നും വിളിച്ചുവരുന്നു *(പള്ളിവീട്ടിൽ ചാണ്ടി മെത്രാന്റെ കൂടെ നിന്നവർ മർത്തോമ്മാ മെത്രാന്റെ ആളുകളെ പുത്തൻകൂറ്റുകാരെന്ന്*

http://www.malankaraorthodox.tv/

*പരിഹസിച്ച് വിളിച്ചതാണ്)*

1664-ന് കൊല്ലം 839-ൽ കർമ്മലേത്തിയെന്നും പേരും വിളിച്ച് താടിയും നീട്ടിക്കൊണ്ട് ഒരു മെത്രാൻ വന്നു. ഞങ്ങൾ പറങ്കികളല്ലെന്നും ഞങ്ങളെ അനുസരിക്കുന്നതിനു വേണ്ടതില്ലെന്നും ജനങ്ങളേയും പള്ളിക്കാറരെയും ഉപായം കൊണ്ടും ദ്രവ്യം കൊടുത്തും പറഞ്ഞു ബോധിപ്പിച്ച് വരാപ്പുഴെ കൂട്ടുകയും ചെയ്തു.

## ഡച്ചു ഘട്ടം

1662-ന് കൊല്ലം 837-ാമാണ്ടു മേട മാസം 27-നു വെള്ളിയാഴ്ച ആയില്യം നാളും പ്രതിപദം പക്കവും പറങ്കി പോയി. ലന്ത കൊച്ചീക്കോട്ട പിടിച്ചു. ലന്ത (ഡച്ചുകാർ) 133 കാലം വാണു. 1664-ന് 839-ാമാണ്ട് വരാപ്പുഴെ മെത്രാനുണ്ടായി *(വരാപ്പുഴ അക്കാലത്ത് ഒരു മെത്രാസനമില്ലായിരുന്നു. എന്നാൽ 1664-ൽ വന്നതായ മേല്പറഞ്ഞ താടിക്കാരൻ മാത്യൂസ് എന്ന റോമാ മെത്രാൻ താൻ വരാപ്പുഴ മെത്രാനാണെന്ന് സ്വയം പറഞ്ഞു കൊണ്ട് 1673 മുതൽ വരാപ്പുഴ മെത്രാൻ എന്നൊരു വ്യവഹാരം നടപ്പിൽ വരുത്തി. ആദ്യം തത്തരശ്ശേരി എന്ന സ്ഥലത്ത് ഒരു പള്ളിയും സിമ്മനാരിയും സ്ഥാപിച്ചു. പിന്നീട് തത്തരശ്ശേരി എന്ന പേർ ഉപയോഗത്തിൽ നിന്ന് നീങ്ങി വരാപ്പുഴ എന്ന വ്യവഹാരത്തിൽ ആയി. 1657-ൽ യൊസപ്പ് ഡി. സന്തമരിയയെ ഹൈറാപ്പോലിസിലെ - വരാപ്പുഴ - ബിഷൊപ്പായി പാപ്പാ വാഴിച്ചു).*

*(1663-ൽ ഡച്ചു ഗവണ്മെന്റിന്റെ കല്പന അനുസരിച്ച് പറങ്കിവർഗ്ഗത്തിൽ പെട്ട ജസ്വീറ്റുകാർ, പ്രാൻസീസ്ക്കന്മാർ, കർമ്മലീത്താക്കാർ എന്നു തുടങ്ങിയുള്ള സംഘാംഗങ്ങൾ കേരളം വിട്ടുപോയെങ്കിലും ഡച്ചുകാരുടെ ശക്തി കേരളത്തിൽ ഉറച്ചശേഷം 1669-ാം കാലം സമീപിച്ച് പോർട്ടുഗീസ് വൈദികന്മാർ മലയാളത്ത് വീണ്ടും വേലയ്ക്കായി പ്രവേശിച്ചു. ആസ്ട്രീയാ ചക്രവർത്തിയായ ലിയോപ്പോൾഡ് ഒന്നാമന്റെ മാദ്ധ്യസ്ഥ്യം മൂലം 1698 ഏപ്രിൽ 1-നു ഡച്ചു കമ്പനി പോർത്തുഗീസുകാരെ സംബന്ധിച്ചുള്ള ആദ്യത്തെ നിരോധന ഉത്തരവ് പിൻവലിച്ചു. 1698 മുതൽ പാപ്പായുടെ കല്പനപ്രകാരം വന്ന ലത്തീൻകാരനായ മെത്രാന്മാർ വരാപ്പുഴ താമസം തുടങ്ങി.)*

1653-ന് കൊല്ലം 828-ാമാണ്ട് സുറിയാനിക്കാരായ പുത്തൻ കൂറ്റുകാർക്ക് മെത്രാനുണ്ടായി. യവുനായെക്കാരുടെ ആണ്ട് 1180-ൽ കർത്താവിന്റെ ആണ്ട് 869-ൽ കൊല്ലം 44-ൽ റോമ്മാക്കാരും യവുനായക്കാരും കൂടെ കുസ്തംദീനോസ്പോലിസിൽ ഒരു സംഗതിയും ഹേതുക്കളും ആവശ്യവും ദിഷ്ടതിയും കൂടാതെ വിശ്വാസകാറരുടെ പകപ്പിനും ഉതപ്പിനും ആയിട്ടു കൂടി. പട്ടക്കാരു പെണ്ണു കെട്ടരുതെന്നും പത്തീറാ കൊണ്ട് കുർ

ബ്ബാന അണക്കണമെന്നും, വെസ്പുറുക്കാനാ എന്നൊരു സ്ഥലം ഉണ്ടെന്നും, ബാവായിൽ നിന്നും പുത്രനിൽ നിന്നും റൂഹദാകുദിശ പുറപ്പെടുന്നുവെന്നും ഇങ്ങിനെയുള്ള ഇടയാടുകൾ അവരു നിശ്ചയിച്ച് ക്രമപ്പെടുത്തിയത് ഇതുവരെയും നടന്നു വരുന്നു.

## സുറിയാനിക്കാരും അർമ്മീനിയക്കാരും തമ്മിൽ അരാധനാപരമായ ഐക്യബന്ധം സ്ഥാപിക്കുന്നു

യവുനായക്കാലം 1647-ൽ മിശിഹാക്കാലം 1336-ൽ കൊല്ലം 511-ൽ അർമ്മീനിയക്കാരുടെയും സുറിയാനിക്കാരുടേയും ഒന്നിപ്പ് *(ഐക്യം)* ആയത് എങ്ങനെയെന്നാൽ അത്താനാസ്യോസ് പാത്രിയർക്കീസിന്റെയും ഈവാനിയോസ് കാതോലിക്കായുടെയും ദിവസങ്ങളിൽ സുറിയാനിക്കാരുടെ അഞ്ച് എപ്പിസ്ക്കോപ്പന്മാരുടേയും അർമ്മീനിയക്കാരുടെ എട്ട് എപ്പിസ്ക്കോപ്പന്മാരുടേയും നടുസ്ഥാനത്തിൽ സുറിയാനിക്കാരുടെയും അർമ്മീനിയക്കാരുടെയും ഇടയിലുള്ള കൊണ്ടാട്ടത്തിനുടെ *(ആരാധനാരീതിയുടെ)* വിശേഷം തിരിയപ്പെട്ടപ്പോൾ തമ്പുരാന്റെ നന്മയാലെ പട്ടാങ്ങപ്പെട്ടതാകുന്നു എന്നും, കറയതിനില്ലാ എന്ന വിശ്വാസം *(നിർമ്മല വിശ്വാസം)* രണ്ടു കൂട്ടർക്കും സകലത്തിലും അതാകുന്നു എന്നും കണ്ടെത്തിയതിനാൽ അതിനെകുറിച്ച് മേലിൽ ഉറപ്പിനെന്നപോലെ പെണ്മക്കളെ കൊടുപ്പാനും ശുദ്ധമാന കുർബ്ബാന കൊടുപ്പാനും *(പരസ്പരം എന്ന് സാരം)* സുറിയാനിക്കാരുടെ കൈവെപ്പുകാർക്ക് അവരെഴുതി.

1665-ന് കൊല്ലം 840-ൽ യെറുശലേമിന്റെ അഞ്ചാമത്തെ പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വന്നു. വല്യ മർത്തോമ്മാ മെത്രാനെ ലോകരു കൂടി വാഴിച്ച പന്ത്രണ്ടാം സംവത്സരം ആകകൊണ്ട് ഇദ്ദേഹത്തിന്റെ കൈകളാലെ മർത്തോമ്മാ മെത്രാനെ എപ്പിസ്ക്കോപ്പായായിട്ട് വാഴ്ചയും തികച്ചു *(സ്ഥാനപൂർത്തീകരണം നൽകി).* അക്കാലത്തിൽ പത്തീറാ കൊണ്ടത്രെ കുർബ്ബാന അണച്ചുവരുന്നത്.

### ഒന്നാം മർത്തോമ്മായുടെ മരണം

1670-ന് കൊല്ലം 845-ാമാണ്ട് മേട മാസം 12-നു ഒന്നാമത്തെ വലിയ മർത്തോമ്മാൻ മെത്രാൻ കാലംചെയ്ത് അങ്കമാലിയിൽ പള്ളിയിൽ അടങ്ങി. അദ്ദേഹത്തിന്റെ അനന്തരവനെ എപ്പിസ്ക്കോപ്പാ ആയിട്ട് വാഴിച്ചു.

### രണ്ടാം മർത്തോമ്മാ

1671 കൊല്ലം 846-ാമാണ്ട് മേടമാസം 14-നു മാർ ഗ്രീഗോറിയോസ് കാലം ചെയ്ത് പട്ടമനപ്പറവൂർ പള്ളിയിൽ അടങ്ങി. 1678-ന് കൊല്ലം 853-ൽ മാർ അന്ത്രയോസ് പാത്രിയർക്കീസ് (കിഴക്കിന്റെ കാതോലിക്കാ ആയിരി

ക്കുമോ) വന്നു. 1685–ന് കൊല്ലം 860–ൽ മാർ ബസ്സേലിയോസ് കാസോലിക്കായും മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായും കരവഴിക്ക് കോതമംഗലത്ത് വന്നു. മാർ ബസ്സേലിയോസ്സ് 13 ദിവസം ജീവിച്ചിരുന്നു. ആയാണ്ട് കന്നിമാസം 20–നു കാലം ചെയ്ത് കോതമംഗലത്ത് ചെറിയ പള്ളിയിൽ അടങ്ങി.

1686–ന് കൊല്ലം 861–ാമാണ്ട് മേടമാസം 3–നു രണ്ടാമത്തെ മർത്തോമ്മാൻ മെത്രാൻ കാലം ചെയ്ത് നിരണത്തു പള്ളിയിൽ തെക്കെകബറുങ്കൽ അടങ്ങി.

1688–ന് കൊല്ലം 863–മാണ്ട് മേടമാസം 9–നു മൂന്നാമത്തെ മർത്തോമ്മാൻ മെത്രാൻ കാലം ചെയ്ത് കടമ്പനാട്ടു പള്ളിയിൽ അടങ്ങി.

ഇതിന്റെശേഷം മർത്തോമ്മാൻ മെത്രാന്റെ അനന്തരവനെ മാർ ഈവാനിയോസ് വരുത്തി എപ്പിസ്ക്കോപ്പായുടെ സ്ഥാനവും കൊടുത്ത് മലയാളത്തിൽ നടന്നുവരുന്ന മര്യാദകളിൽ *(വിശ്വാസാചാരങ്ങളിൽ)* ആത്മകടം ഉള്ളതിൽ അഞ്ചു കൂട്ടം *(1. കാതോലികസഭ റോമ്മാസഭയല്ല. മൂന്നു സുന്നഹദോസുകളാൽ നിശ്ചയിക്കപ്പെട്ട വിശ്വാസതത്വത്തിൽ അധിഷ്ഠാനപ്പെടുത്തിയ പൊതു സഭയാണ്. 2. കലർപ്പും കുഴച്ചിലും അവിഭാജ്യതയുമില്ലാത്ത ക്രിസ്തുവിന്റെ ഏകഭാവം ദ്വിവർഗ്ഗമല്ല. 3. വി. റൂഹാ പിതാവിൽ നിന്നു പുറപ്പെടുന്നു. 4. വന്ദനക്ക് വിഗ്രഹങ്ങൾ പാടില്ല. പുരോഹിതന്മാരുടെ അവിവാഹിത ജീവിതം കാനോനികമല്ല. നൊൻപിന്റെ ക്രമീകരണം. 5. കുർബ്ബാനക്ക് പുളിപ്പുള്ള അപ്പം ആവശ്യം.)* ആയത് എന്തെന്നാൽ പള്ളി, ദ്വിവർഗ്ഗം, റൂഹാ, കുർബ്ബാന, നോൻപ് ഇങ്ങനെ തലസ്ഥാനവും, വാഴ്ത്തിന്റെ കാര്യവും റൂഹാദകുദിശായുടെ കാര്യവും അമ്മീറായുടെ കാര്യവും നോൻപിന്റെ കാര്യവും ഇങ്ങനെ അഞ്ചു കൂട്ടവും എടുത്ത് ശേഷമുള്ള ക്രമങ്ങളും നടപ്പുകളും മുൻപിൽ നടന്നു വരും വണ്ണം തന്നെ നടന്നുകൊള്ളത്തക്കവണ്ണം ക്രമപ്പെടുത്തി മാർ ഈവാനിയോസ്സായിട്ട് നടത്തുകയും ചെയ്തു. ഈ ശുദ്ധമാകപ്പെട്ട ആളിനെ നിരസിച്ചവരു മഹറോനേറ്റ് ദുഷ്ക്കർമ്മങ്ങളാലെ അവരു മരിച്ചു.

1692–ന് കൊല്ലം 867–ാമാണ്ട് കുംഭമാസം 16–നു മാർ അന്ത്രയോസ് കാലം ചെയ്ത് കല്ലടപ്പള്ളിയിൽ അടങ്ങി.

1694–ന് കൊല്ലം 869–ാമാണ്ട് ചിങ്ങമാസം 3–ന് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ കാലം ചെയ്ത് മുളന്തുരുത്തിപള്ളിയിൽ തെക്കെ കബറുങ്കൽ അടങ്ങി.

1708–ന് കൊല്ലം 883–ൽ നെസ്തോറുകാരൻ ഗൗറിയേലെന്നു പേരുള്ള മെത്രാൻ മാർ ഏലിയാ കാതോലിക്കായുടെ പ്രമാണത്താലെ മലയാളത്തു

http://www.malankaraorthodox.tv/

വന്നു. അയാൾക്കുള്ള വിശ്വാസം മിശിഹായിൽ രണ്ടു വർഗ്ഗമെന്നും രണ്ടു ക്നോമ്മായെന്നും അമ്മീറാകൊണ്ടും പത്തീറാ കൊണ്ടും കുർബ്ബാന അണയ്ക്കാമെന്നും ആകുന്നു. സുറിയാനിക്കാരുടെ മര്യ്യാദപോലെ നോൻപു കൈക്കൊള്ളും ഈ കാര്യ്യങ്ങളെ കുറിച്ച് ഏറിയ തർക്കങ്ങൾ ഉണ്ടായി. പുത്തൻകൂറ്റുകാരിൽ നിന്നും പഴയകൂറ്റുകാരിൽ നിന്നും ഏതാനുംപേരു അയാളോടു ചേർന്നു. അയാൾ കഴിഞ്ഞാറെ അതുപോലെ മെത്രാൻ ഇല്ലായ്കകൊണ്ട് കൂടിയ ആളുകൾ മുൻപിലത്തെ നിലക്ക് അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞു.

1728–ന് കൊല്ലം 903–ാമാണ്ട് മീനമാസം 1–നു നാലാമത്തെ മർത്തോമ്മാൻ മെത്രാൻ കാലം ചെയ്തു കണ്ടനാട് പള്ളിയിൽ കബറുങ്കൽ അടങ്ങി *(903 മീനം 13 എന്നു പാഠാന്തരം).*

1731–ന് കൊല്ലം 906–ാമാണ്ട് കുംഭമാസം 8–ാനു ഗൗറിയേൽ മെത്രാപ്പോലീത്താ കാലം ചെയ്ത് കോട്ടയത്ത് ചെറിയപള്ളിയിൽ തെക്കെ കബറുങ്കൽ അടങ്ങി (ഖബർ പിന്നീടു പൊളിച്ചു മാറ്റി).

http://www.malankaraorthodox.tv/

1748–ന് കൊല്ലം 923–ൽ കച്ചവടക്കാരൻ അന്തോനിയോസ് ശെമ്മാശ്ശിന്റെ കൂടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വന്നു *(1739 സൊസക്കിയേൽ എന്ന യഹൂദ വ്യാപാരി മാർ ഈവാനിയോസിനെ കൊണ്ടുവന്നുവെന്ന് പാഠാന്തരം. ഇദ്ദേഹത്തെ സാധാരണയായി ബസ്രാ ഈവാനിയോസ് എന്നു പറയാറുണ്ട്).* അദ്ദേഹം വന്നാറെ പള്ളികളിലുള്ള രൂപങ്ങൾ വെട്ടിക്കീറി. കത്തങ്ങളുടെ തല ചിരപ്പിച്ചു തൊപ്പി ഇടീക്കയും മാപ്പിളമാരുടെ തല ചിരപ്പിക്കുകയും മെത്രാന്റെയും യോഗത്തിന്റെയും അനുവാദം കൂടാതെ പൈതങ്ങൾക്ക് പട്ടം കൊടുക്കയും മലയാളത്തിൽ നടപ്പില്ലാത്ത മര്യ്യാദകൾ നടത്തുകയും ചെയ്തതു കാരണത്താൽ മെത്രാനും ശേഷംപേരും പാർക്കുമ്പോൾ, അന്തോനിയോസ് ശെമ്മാശ് കൊച്ചിയിൽ വന്നെന്ന് കേൾക്കകൊണ്ട് മെത്രാച്ചൻ പള്ളിക്കരെ പള്ളിയിൽ ഇരിക്കുമ്പോൾ ശെമ്മാശ്ശിനെ വരുത്തി ഈ ദേഹം *(ബസ്രാ ഈവാനിയോസ്)* ചെയ്തതൊക്കയും അനുസരിച്ച് ക്ഷമിച്ചു പാർക്കുന്നു എന്നും ഈ കുഴപ്പങ്ങൾ തീർത്തു നടത്തുന്നതിനു കൊള്ളാകുന്നതിൽ ഒരു മേല്പട്ടക്കാരനെ വരുത്തിത്തരുന്നതിന് എന്തെങ്കിലും ചെയ്യാമെന്നും കല്പിച്ചു. അപ്പോൾ ശെമ്മാശു ബെദുവായിൽ ഒരാൾ ഇരിപ്പുണ്ടെന്നും ആ ദേഹത്തെ മലയാളത്തേക്ക് യാത്രയാക്കണമെന്നും ശേഷം വേണ്ടുന്ന കാര്യ്യങ്ങൾക്കും മാർ ഇഗ്നാത്യോസ് പാത്രിയർക്കീസിന് എഴുത്തു തന്നയച്ചാൽ കൂട്ടിക്കൊണ്ടുവരാമെന്നും അറുവിച്ചു. എഴുത്തു കൊടുത്തയച്ചാറെ അന്ത്യോഖ്യായിൽ ചെന്ന് എഴുത്തു കൊടുത്തു. മലയാളത്തിലെ കുഴപ്പങ്ങളൊക്കെയും തിരുമനസ്സറുവിച്ചു. അവിടെയും വലിയ സന്തോഷമായി. ബെറുവായിൽ നിന്ന് ശെക്രല്ലാ എന്ന ആളിനെ വരുത്തി മപ്രി

യാനാ ആയിട്ടു വാഴിച്ചു.

അന്ത്യോഖ്യായിൽ നിന്ന് മലയാളത്തേക്കയച്ച ആളുകളുടെ വിവരം:-

ആലപ്പിനുടെ നാടെന്നു വിളിക്കപ്പെടുന്ന ബെറുവാ നഗരിയിൽ നിന്നുള്ള മാർ ബസ്സേലിയോസ് കാതോലിക്കാ എന്ന മപ്രിയാനായും, യെറുശലേമിന്റെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും മൂസൽ എന്നു പേരുള്ള ആസോറിന്റെ നഗരിയിൽ നിന്ന് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായും ഒരു കോർഎപ്പിസ്ക്കോപ്പായും കത്തങ്ങളും ശെമ്മാശ്ശന്മാരും വേണ്ടുന്ന സൈത്തും മൂറോനും പുസ്തകങ്ങളും മലയാളത്തിൽ വാഴുന്ന മാർത്തോമ്മാ (അഞ്ചാം മാർത്തോമ്മാ) മെത്രാനെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായി വാഴിക്കത്തക്കവണ്ണം സ്ഥാത്തിക്കോനും വടിയും മുടിയും സ്ലീബായും കൊടുത്തു യാത്ര കല്പിച്ചു. അവരു 1751-ന് കൊല്ലം 926-ാമാണ്ട് മേടമാസം 24-നു കൊച്ചിയിൽ ഇറങ്ങി. അക്കാലം മെത്രാച്ചൻ (അഞ്ചാം മാർത്തോമ്മാ) പള്ളിക്കരെ ഇരിക്കുമ്പോൾ ബാവാന്മാർ വന്നു എന്നു കേട്ടു. എല്ലാവർക്കും കൊച്ചിയിൽ പാർപ്പാൻ സ്ഥലമില്ലായ്ക കൊണ്ട് കണ്ടനാട്ടു വേണ്ടുന്ന കോപ്പുകളും കൂട്ടി. അവിടെ വരുത്തി കണ്ടു പറഞ്ഞുകൊള്ളാമെന്ന് നിശ്ചയിച്ചിരിക്കുമ്പോൾ കൊച്ചീക്കു ചെല്ലണമെന്ന് അവരുടെ എഴുത്ത് വരികകൊണ്ട് ഇവിടെ നിശ്ചയിച്ചിരിക്കുന്നപ്രകാരം സാധനവും കൊടുത്ത് *(ബാവാന്മാരുടെ വരവ് സംബന്ധിച്ച് അഞ്ചാം മാർത്തോമ്മാ നിശ്ചയിച്ചിരിക്കുന്നത് ഇന്നവിധമാണെന്ന് രേഖപ്പെടുത്തിയ എഴുത്തും കൊടുത്ത്)* പള്ളിക്കരെ ഉള്ള കത്തങ്ങളെയും മാപ്പിളമാരെയും കൂടെ അയച്ചു. അവർ ചെല്ലുന്നതിനു മുമ്പെ കോതമംഗലത്തുകാരൻ നെല്ലിമിറ്റത്ത് കത്തനാരു ചെന്നിരുന്നു. അയാളെ കണ്ടയുടൻ തല ചിരപ്പിച്ച് പട്ടവും കൊടുത്ത് തൊപ്പിയും ഇടുവിച്ചു എന്നും കേൾക്കകൊണ്ട് *(മുൻ കാലത്തു നസ്രാണി പട്ടക്കാർ തലമുടി വളർത്തി നീട്ടി - ചിത്രങ്ങളിൽ കാണുന്നതായ യേശു ക്രിസ്തുവിന്റെ മുടിയുടെ മാതിരി - പിറകോട്ട് ഇട്ടിരുന്നു. അയ്മേനികൾ നായന്മാരെപ്പോലെ തന്നെ കുടുമ്മിയും വളർത്തിയിരുന്നു. കാതു കുത്തി കടുക്കനും ധരിച്ചിരുന്നു. നസ്രാണികൾ മേലിൽ കുടുമ്മിയും കടുക്കനും ധരിക്കരുതെന്ന് ഉദയംപേരൂർ സുന്നഹദോസിൽ തീർപ്പു ചെയ്തുവെങ്കിലും - ഉദയംപേരൂർ സുന്നഹദോസ് 7-ാം മൌത്താ 7-ാം കൂടിവിചാരം. 14-ാം കാനോൻ - വളരെ കാലം കൊണ്ടു മാത്രമേ ആ പരിഷ്ക്കാരം നടപ്പിൽ വന്നുള്ളു. ഇംഗ്ലീഷുകാരുടെ വരവോടുകൂടി മാത്രമെ ആ പരിഷ്ക്കാരത്തിന് പ്രചാരം സിദ്ധിച്ചുമുള്ളു. കുടുമ്മി നീക്കി തല മുഴുവൻ ക്ഷൗരം ചെയ്കയായിരുന്നു ഉദയംപേരൂർ സുന്നഹദോസിന്റെ പരിഷ്ക്കാരം. ഇംഗ്ലീഷ് ജാതിയുടെ വരവോടു കൂടി മുടി ക്രോപ്പ് ചെയ്യുന്ന പരിഷ്ക്കാരവും അർദ്ധക്ഷൗരവും സ്വീകരിച്ചു)* ചെന്ന ആളുകൾ സാധനം

http://www.malankaraorthodox.tv/

കൊടുക്കാതെ മടങ്ങി വന്നു. വർത്തമാനം അറിയിച്ചാറെ കൊച്ചീയ്ക്കു പോകയെന്നും നിശ്ചയിച്ചു. അങ്കമാലിക്കരക്കാരെയും മറ്റു നാലു ഇടവ കക്കാരെയും വരുത്തി പാർപ്പിച്ച് യാത്ര നിശ്ചയിച്ചപ്പോൾ കോട്ടയിൽ *(ലന്ത ക്കമ്പനി കുമുദവരുടെ അടുക്കൽ)* ബോധിപ്പിച്ചു എന്നും പിടിച്ചുകൊണ്ടു ചെല്ലത്തക്കവണ്ണം *(അഞ്ചാം മാർത്തോമ്മാ മെത്രാപ്പോലീത്തായെ പിടിച്ചു കൊണ്ടു ചെല്ലുവാൻ)* ലന്തക്കുമ്പഞ്ഞിയുടെ ആളുകൾ ഒരു കപ്പിത്താനും തുപ്പായിയും *(ദ്വിഭാഷി)* സുളുദാസന്മാരും *(Soldiers)* കൂടെ അൻപതു പേരോളം വരുന്നു എന്നും കൊച്ചിയിൽ നിന്ന് രഹസ്യമായി എഴുത്ത് വരിക കൊണ്ട് ഇനിയും ഈ കാർയ്യം കൊണ്ട് ഏതുപ്രകാരം വേണ്ടൂ എന്നും പള്ളിക്കരെ മൂത്തേടത്ത് പണിക്കരെ *(ഇടപ്രഭു)* വരുത്തി എഴുതി വന്നതും കാണിച്ചു. *(ബാവാന്മാരെ വരുത്തിയതിന് കപ്പൽക്കൂലി, ഭക്ഷണം എന്നീ വകയിൽ പന്തീരായിരം രൂപാ അഞ്ചാം മാർത്തോമ്മാ ലന്തക്കമ്പനിയിൽ അടയ്ക്കണമെന്ന് അവർ നോട്ടീസ് കൊടുത്തിരുന്നു. പണം കൊടുക്കായ്കയാൽ അവർ വാറണ്ടയച്ചു. മെത്രാപ്പോലീത്താ വാറണ്ട് ഭയപ്പെട്ട് പിടികൊടുക്കാതെ കഴിച്ചുകൂട്ടുവാൻ ഓരോ ഇട പ്രഭു ക്കന്മാരുടെ രാജ്യത്തുള്ള പള്ളികളിൽ ഇട പ്രഭുക്കന്മാരുടെ സംരക്ഷണ ത്തിൽ കുറെനാൾ കഴിച്ചു കൂട്ടി. ബാവാന്മാരുമായി യോജിച്ചു പോകു വാൻ പ്രയാസമായ രീതിയിൽ അവർ ഓരോ തന്നിഷ്ടങ്ങൾ പ്രവർത്തി ച്ചുകൊണ്ടിരുന്നതിനാൽ സഭയിൽ സമാധാനം ഇല്ലാതെയുമായി. തന്നി മിത്തം പണം പിരിച്ചെടുക്കുന്നതിന് മെത്രാച്ചന് പ്രയാസവും നേരിട്ടു. പണം പിരിച്ചടക്കാമെന്ന് വച്ചാൽത്തന്നെയും അതുകൊണ്ട് വിശേഷിച്ച് ഫലമൊന്നും സിദ്ധിക്കയില്ലെന്നും വന്നു കൂടി. കൈയിലിരിക്കുന്ന കാശു കൊടുത്തു കടിക്കുന്ന പട്ടിയെ വിലയ്ക്കു വാങ്ങുന്നതു പോലുള്ള ഒരു അനുഭവമായിരിക്കും അതെന്ന് മെത്രാച്ചന് അറിയാമായിരുന്നു. ഈ നിലയിൽ പരദേശ ബാവാന്മാരുമായി യോജിച്ചു പോകുന്നതിനും സഭ യിൽ ഉണ്ടായ ഭിന്നകക്ഷികളെ യോജിപ്പിച്ച് സമാധാനം സ്ഥാപിക്കുന്ന തിനും, പണം പിരിച്ചടക്കുന്നതിനും, പിരിച്ചടച്ചാൽ തന്നെയും പരദേശ ബാവാന്മാരുടെ പ്രകൃതത്തിന് സഭയിൽ അവർ വഴിക്ക് എന്തെങ്കിലും നന്മ കൈവരുത്താമെന്ന് വിശ്വസിക്കുന്നതിനും മെത്രാച്ചനു കഴിവില്ലാതെ യായി. വാറണ്ടിൽ പിടികൊടുക്കാതെ കഴിച്ചു കൂട്ടേണ്ടതായും തീർന്നു. ആയതിലേക്ക് ചില ഇടപ്രഭുക്കന്മാരെ അഭയം പ്രാപിച്ച് ഒടുവിൽ, ലന്ത ക്കാരുടെ സ്വാധീന ശക്തിക്കു വിധേയമല്ലാത്ത മധ്യതിരുവിതാംകൂറിൽ, വിശേഷിച്ച് വേണാട്ട് രാജാവായ വീര മാർത്താണ്ഡവർമ്മ മഹാരാജാ വിന്റെ രാജ്യത്തു കടന്നു കൂടിയാൽ രക്ഷ കിട്ടുമെന്ന് വിചാരിച്ച് അഞ്ചാം മാർത്തോമ്മാ മധ്യതിരുവിതാംകൂറിൽ കടന്നു. ഇതിനു മുമ്പായി കായം കുളം രാജ്യം 921-ാമാണ്ട് മാർത്താണ്ഡവർമ്മ മഹാരാജാവ് പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേർത്തിരുന്നു. അഞ്ചാം മാർത്തോമ്മാ തിരുവി*

http://www.malankaraorthodox.tv/

*താംകൂറിൽ എത്തിച്ചേർന്നതോടു കൂടി കായംകുളത്തെ ഒരു മഹമ്മദീയ പ്രഭുവും കായംകുളത്തെ ഒരു വലിയ വ്യാപാരിയുമായ പോക്കു മൂസ്സാ മരയ്ക്കാർ എന്ന മഹമ്മദീയൻ പന്തീരായിരം രൂപായുടെ അവകാശം ഡച്ചു കമ്പനിയിൽ നിന്ന് വില വാങ്ങി. അഞ്ചാം മാർത്തോമ്മായെ വാറണ്ടിൽ പിടിച്ച് ഡച്ചുകാർക്ക് കിട്ടുവാനുള്ള തുക ഈടാക്കുന്ന കാര്യത്തിൽ പരദേശ ബാവാന്മാരും ഉത്സുഹരായിരുന്നു. ഈ കാലഘട്ടം അടുപ്പിച്ച് തിരുവിതാംകൂർ മഹാരാജാവും ഡച്ചുകാരുമായി ഉടമ്പടി ചെയ്യുന്നതിനുള്ള ആലോചനകൾ ദ്രുതഗതിയിൽ നടന്നിരുന്നു. ഇതറിഞ്ഞ് പരദേശ ബാവാന്മാർ കായംകുളം പള്ളിയിൽ എത്തിച്ചേർന്നു പോക്കു മൂസ്സാ മരക്കാരുമായി ആലോചന നടത്തിക്കൊണ്ടിരുന്നു. 1753 ആഗസ്റ്റ് 15-ന് കൊല്ലം 929 ചിങ്ങം 3-നു ഡച്ചുകമ്പനിയും മാർത്താണ്ഡവർമ്മ മഹാരാജാവുമായി മാവേലിക്കരയിൽ വെച്ച് ഉടമ്പടിയുണ്ടായി. ഉടമ്പടിയിലെ ഏഴാം വകുപ്പനുസരിച്ച് രണ്ടുപക്ഷത്തും ഒളിച്ചോടിപ്പോകുന്ന ആളുകളെ പരസ്പരം പിടിച്ചേല്പിക്കണം എന്നുള്ള വ്യവസ്ഥപ്രകാരം പോക്കു മൂസാ മരക്കാർ അഞ്ചാം മർത്തോമ്മായെ വാറണ്ടിൽ പിടിച്ചു കൊച്ചിയിലേക്കു കൊണ്ടുപോയി).* പള്ളിക്കാരുമായിട്ടു കല്പിച്ചാറെ ഒരു നാഴിക പോലും ഇവിടെ പാർക്കേണ്ടാ എന്നും ഇപ്പോൾ തന്നെ യാത്ര പുറപ്പെട്ടില്ലെങ്കിൽ ഒന്നിനൊന്നായി വരുമെന്നും പണിക്കരു പറകകൊണ്ട് അപ്പോൾ തന്നെ യാത്ര പുറപ്പെട്ട് റാക്കാട്ട് പള്ളിയിൽ ചെന്നു പാർത്തു. ആളുകളും ഏറ്റമുണ്ടായിരുന്നു. പിറ്റെദിവസം അവിടെനിന്നും നാലു പേരെ പറഞ്ഞയച്ച് തച്ചേത്ത് മൂന്നാംകൂർ കയ്മളെ പള്ളിയിൽ വരുത്തി അദ്ദേഹത്തെ ഭരമേല്പിച്ചു വെച്ച് മൂത്തേടത്ത് പണിക്കർ പോവുകയും ചെയ്തു. അന്നുതന്നെ ലന്തക്കാരു പള്ളിക്കരെ വന്നാറെ ആരെയും കാണായ്കകൊണ്ട് പള്ളിയും അങ്ങാടിയും കുത്തി വാരിക്കൊണ്ട് പോകാൻ ഭാവിച്ചപ്പോൾ ആദിക്കുകാർ ആയുധവും കൊണ്ടുചെന്ന് മതിലിനു ചുറ്റും (പള്ളിമതിലു കെട്ട്) വളഞ്ഞാറെ പൊയ്ക്കൂടായ്കകൊണ്ട് അവർ കോട്ടയിൽ എഴുതി അയച്ചു. അവിടെനിന്ന് പെരുമ്പടപ്പിലേക്കു എഴുതി അയച്ചപ്പോൾ കോട്ടയിലെ ആളാകകൊണ്ട് അവരെ വിട്ടേക്കണമെന്നും എടുത്ത മുതൽ തരുവിക്കാമെന്നും തമ്പുരാന്റെ തീട്ടൂരം വരിക കൊണ്ട് ഒഴിഞ്ഞുവിടുകയും ചെയ്തു. മുതൽ കിട്ടിയതുമില്ല. അതിന്റെ ശേഷം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കൊച്ചിയിൽ ചെന്നിരുന്നു. വലിയ ബാവായുടെ (കാതോലിക്കാ) മുന്നൽ വെച്ച് മണ്ണഞ്ചേരി കത്തനാരെ അടിക്കകൊണ്ടു ഇദ്ദേഹത്തിന്റെ പ്രകൃതി കൊണ്ടും വിചാരവും ശങ്കയും കൂടാതെ ഇങ്ങനെ ഓരോ കൂട്ടം ചെയ്യുന്നതിനെ അനുസരിച്ച് പാർക്കയും പാർപ്പിക്കയും ചെയ്യുന്നത് ഞെരുക്കമെന്ന് നിശ്ചയിച്ച് കോട്ടയിൽ ബോധിപ്പിച്ച് ഉടൻതന്നെ കപ്പൽ കയറ്റി അയക്കയും ചെയ്തു *(വലിയ ബാവാ തന്നെയാണ് ഇങ്ങനെ അയച്ചത്).*

http://www.malankaraorthodox.tv/

പിന്നത്തേതിൽ കർക്കടകമാസം 3-ാനു എല്ലാവരുംകൂടെ യാത്ര പുറപ്പെട്ട് കണ്ടനാട്ട് പള്ളിയിൽ വന്നു. മെത്രാച്ചൻ റാക്കാട്ടു പള്ളിയിൽ പാർക്കുമ്പോൾ പിന്നെയും ആൾ *(വാറണ്ട്)* വരുന്നു എന്നു കേൾക്കകൊണ്ട് കോതമംഗലത്തിനു പോകുവാൻ കുരിയിക്കാട്ടു കർത്താവിന്റെ അടുക്കൽ ആളയച്ച് പറയിപ്പിച്ചാറെ തച്ചേത്ത് മൂന്നാം കൂറിന് ഏതാനും ദ്രവ്യം കൊടുത്തുവെന്നും അതിന്മണ്ണം നമുക്കും തരണമെന്നും അല്ലാതെ നമ്മുടെ നാട്ടിൽ മെത്രാൻ നടന്നുകൂടാ എന്നും പല്ലക്കിലെങ്കിലും വള്ളത്തിലെങ്കിലും വരുന്ന ആളുകളെ വെടിവെയ്ക്കുമെന്നും പറകകൊണ്ട് ഇതു കേട്ടതിന്റെ ശേഷം പെരുമറ്റത്തു ദേശക്കാരു ചെന്ന് ഇവിടെനിന്നും തന്നിരിക്കുന്ന കൂലിച്ചം വെച്ചേക്കാമെന്നും നിശ്ചയിച്ചു ബോധിപ്പിക്കകൊണ്ട് മെത്രാനെ കൊണ്ടുപോരികെ വേണ്ടൂ എന്നും വിരോധമില്ലെന്നും വെരുവുംമുഴി തോടിന് ഇപ്പുറം ഒരുത്തരും കടക്കയില്ലെന്നും തികച്ചിലായിട്ടു കല്പന വന്നു. ഉടൻതന്നെ കോതമംഗലത്തു ചെറിയപള്ളിയിൽ ചെന്നിരിക്കുമ്പോൾ ബാവാന്മാരു കോതമംഗലത്തു വലിയപള്ളിയിലും വന്നിരുന്നു. അവിടെ വെച്ച് തമ്മിൽ കാണ്മാനുള്ളതിന് ആലോചിച്ചാറെ രണ്ടുപക്ഷമായിട്ട് വിവദിക്കകൊണ്ട് കാണ്മാൻ സംഗതി വന്നില്ല. മെത്രാച്ചൻ കുറുപ്പംപടിക്കൽ പോയി. തെക്കേദിക്കിലുള്ള പള്ളിക്കാർ അവിടെ ച്ചെന്ന് മെത്രാച്ചനെ കൊണ്ടുവന്ന് നിരണത്ത് പള്ളിയിൽ ഇരുത്തുകയും ചെയ്തു. ബാവാന്മാർ കായംകുളത്തു പള്ളിയിലും വന്നിരുന്നു. അക്കാലം തമ്പുരാൻ *(മാർത്താണ്ഡവർമ്മ മഹാരാജാവ്)* മാവേലിക്കര എഴുന്നെള്ളിയിരിക്ക കൊണ്ട് *(ഡച്ചുകമ്പനിയുമായി ഉടമ്പടി ചെയ്ത് പരസ്പരം ഒപ്പുവെക്കുന്നതിനായി മാവേലിക്കര വന്നതാണ്)* ബാവാന്മാരു തെക്കെ ദിക്കിലുള്ള തരകന്മാരെയും പോക്കു മൂസ്സാ മരക്കാരെയും കണ്ടു. അയാൾ *(മരയ്ക്കാർ)* തിരുമനസ്സറിവീച്ച് *(മഹാരാജാവിനെ അറിയിച്ചുവെന്ന് സാരം)* കല്പന വരുത്തി മെത്രാച്ചനെ മാവേലിക്കര കൊണ്ടു ചെല്ലത്തക്കവണ്ണം എഴുതി വരിക കൊണ്ട് കുഞ്ഞുനാരായണക്കുറുപ്പ് കാർയ്യക്കാരു വന്നു കണ്ടു യാത്ര പുറപ്പെട്ടു മാവേലിക്കര കോട്ടക്കകത്തു ചെന്ന് ഒരു പിള്ളയുടെ വീട്ടിൽ ഇരുന്നു. കുടുമ്പി അവലും പഞ്ചസാരയും കരിക്കും കൊണ്ടുവന്നാറെ പള്ളിയിൽ ചെന്ന് കർമ്മം കഴിച്ചല്ലാതെ കരിക്കുപോലും കുടിക്കയില്ലെന്ന് കല്പിച്ച് അന്നേ ദിവസം ഉപവാസം പാർത്തു. പിറ്റെന്നാൾ ബ്രാഹ്മണരിൽ ചിലർ ഇപ്രകാരം തിരുമനസ്സറിവിക്ക കൊണ്ട് *(മഹാരാജാവ് തിരുമേനിയെ)* പള്ളിയിൽ പോകട്ടെ എന്നു കല്പന വന്നതിനാൽ പുതിയകാവിൽ പള്ളിയിൽ വന്നിരുന്നു.

അവിടെ ഇരിക്കുമ്പോൾ മെത്രാന്മാരെ വരുത്തിയതിന് കുമ്പഞ്ഞി വകക്ക് പന്തീരായിരം കാശ് കൊടുപ്പാനുണ്ടെന്നും മെത്രാനെ ആളും കൂട്ടി കൊച്ചീക്ക് അയക്കണമെന്നും കോട്ടയിൽ നിന്നും *(കൊച്ചിയിലെ*

http://www.malankaraorthodox.tv/

*ലന്തക്കോട്ടയിൽ നിന്ന്)* തിരുമനസ്സറിവാൻ എഴുതി വരികകൊണ്ട് കല്പന *(വാറണ്ട്)* വന്നിരിക്കുന്നു *(മഹാരാജാവിന്റെ വാറണ്ട് കല്പന)* യെന്നും മരയ്ക്കാരു പറഞ്ഞു. അന്നേരം തന്നെ യാത്ര പുറപ്പെട്ടു കൊച്ചി യിൽ ചെന്ന് പാർക്കുമ്പോൾ രാജ്യക്കാരും മരയ്ക്കാരും അതിൽ കൂടിയ മാപ്പിളമാരും കൊച്ചിയിൽ ചെന്നു കൂടിആലോചന ഉണ്ടായി. മെത്രാനെ കപ്പൽ കയറ്റി അയക്കത്തക്കവണ്ണം കുമ്പഞ്ഞിയുടെ കല്പനയും വരുത്തി. അതിന്മണ്ണം തികവായിട്ടു കേൾക്കകൊണ്ട് സംശയിക്കാതെ കപ്പൽ കരേറത്തക്കവണ്ണം നിശ്ചയിച്ചു. കറുത്ത കുപ്പായവും തയ്പിച്ചു. ആറു മാസം അവിടെ പാർത്തു. മലയാളത്തിലുള്ള കുഴപ്പങ്ങളൊക്കെയും തീർന്ന് നന്മ വരുവാൻ വേല ചെയ്താറെ ബുദ്ധിമുട്ട് പല കൂട്ടവും അനു ഭവിച്ചു. ഇപ്പോൾ ഈ രാജ്യം വേർവിട്ട് കപ്പൽ കരേറണമെന്നും *(ബറ്റേവി യായിൽ തടങ്കലിൽ വെക്കുന്നതിനാണ്)* വന്നിരിക്ക കൊണ്ട് മെത്രാച്ചൻ അനന്തിരവനെ കൊണ്ട് കടമിറ്റത്ത് പള്ളിയിൽ വെച്ച് പുത്തൻ കുർബ്ബാന ചൊല്ലിക്കയും ചെയ്തു. ഇങ്ങനെ കൊച്ചിയിൽ പാർത്തിരിക്കുമ്പോൾ മര യ്ക്കാരുടെ മകൾക്ക് *(കായംകുളം പോക്കു മൂസ്സാ മരയ്ക്കാർക്ക് അന ന്തരവകാശിയായിട്ട് ഒരേ ഒരു പുത്രി മാത്രമെ ഉണ്ടായിരുന്നുള്ളു)* ദീന മാക കൊണ്ട് നഷ്ടന്മാരെ വരുത്തി *(ജ്യോത്സ്യന്മാർ)* വിചാരിപ്പിച്ചാറെ ഒരു മുനിയെ കൊണ്ടുചെന്ന് അപജയപ്പെടുത്തിയിരിക്കുന്നുവെന്നും ആയ തിന് ഒഴിച്ചിലാക്കിയാൽ ദീനം ഭേദം വരുമെന്നും വിധിക്കകൊണ്ട് മര യ്ക്കാരു തന്നെ കോട്ടയിൽ ബോധിപ്പിച്ച് അനുവാദം വരുത്തി മെത്രാ ച്ചനെ കൊച്ചിയിൽ നിന്നും പുതിയകാവിൽ പള്ളിയിൽ കൊണ്ടുവന്നി രുത്തി. തമ്പുരാന്റെ അനുഗ്രഹത്താലെ ദീനത്തിന് ഭേദം വന്നു. പരദേ ശക്കാരുമായുള്ള കാര്യം കൊണ്ട് ചില കൂട്ടം നിശ്ചയിക്കയും ചെയ്ത തല്ലാതെ പുതിയകാവിൽ വച്ചും കായംകുളത്തു വച്ചും നിരപ്പായതുമില്ല.

മെത്രാച്ചൻ പുതിയകാവിൽ വച്ച് തമ്പുരാനുമായി കൂടിക്കാഴ്ച ഉണ്ടായ പ്പോൾ ആദിത്യനെ കണ്ട താമര പോലെയും മേഘത്തെ കണ്ട സാരംഗം പോലെയും പ്രകാശിച്ചു. അതിന്റെ ശേഷം വീണ്ടും കല്പന വരിക കൊണ്ട് കൊട്ടാരക്കരെ കൊച്ചിട്ടിത്തരകൻ തിരുമുൻപാകെ വെച്ച് മെത്രാ ച്ചനെ കൊണ്ട് കാരകച്ചിതമായ *(അസഹ്യമായ)* വാക്കുകൾ പറഞ്ഞ തിനെ കേട്ട് അതിരുകടന്ന് സംസാരിക്കരുതെന്ന് സുബ്ബയ്യൻ ദളവാ പറക കൊണ്ട് കാര്യങ്ങളുടെ നേര് തിരുമനസ്സറിഞ്ഞ് യാത്ര കല്പിച്ചയക്കു കയും ചെയ്തു. അതിന്റെ ശേഷം പത്തു തീയതി കഴിഞ്ഞപ്പോൾ കൊച്ചി ട്ടിത്തരകന്റെ അനുജൻ ശെമ്മാശ് ഒരു മുറിക്കകത്ത് കരേറി തന്നത്താൻ ക്ഷതം വരുത്തി മരിക്കയും ചെയ്തു *(സുബ്ബയ്യൻ ദളവായായത് 938-ലാണ്. മരിച്ചത് 948-ലാണ്. വർക്കല സ്വദേശിയായിരുന്നു).*

പുതിയകാവിൽ നിന്ന് മെത്രാച്ചൻ നിരണത്ത് വന്നു പാർക്കുമ്പോൾ

http://www.malankaraorthodox.tv/

അവിടുത്തെ നീരസം ഒഴിപ്പാനായിട്ട് മരയ്ക്കാര് ദിവ്യമായിട്ടുള്ള പട്ടുകളും കസവുകളും ശീലത്തരങ്ങളും കൊണ്ടുവന്നു വെച്ച് കണ്ട് പറഞ്ഞു പോയ ശേഷം അയാളെ ഒടുക്കം ആന ചവുട്ടിക്കൊല്ലുകയും ചെയ്തു.

എന്നാൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വന്നാറെ അദ്ദേഹം ചെയ്ത കുസൃതി കൊണ്ട് അവരു തന്നെ *(ശീമക്കാരു തന്നെ)* കപ്പൽ കരേറ്റി അയച്ചു. അതുപോലെ ഇവരും ഇടത്തിലെ മര്യാദ കഴിച്ച് *(ദേശ മര്യാത കൂട്ടാക്കാതെ)* കത്തങ്ങളുടെ തല ചിരപ്പിച്ച് പട്ടം കൊടുക്കയും, കണ്ടനാട്ടു കൊമ്പനും മാമ്മലശ്ശേരിയിൽ കോനോടനും മുളന്തുരുത്തി യിൽ ചന്ദനത്തിക്കും ചാത്തന്നൂർക്കാരനും ഇങ്ങനെ നാലു കത്തങ്ങളെ കൊണ്ട് പെണ്ണു കെട്ടിക്കയും ഇതിന്മണ്ണം കേട്ടും കേൾപ്പിച്ചും നടത്തായ്ക കൊണ്ടു *(മലങ്കര സുറിയാനി സഭയുടെ ഭരണാധികാരിയായ അഞ്ചാം മാർത്തോമ്മായോട് ചോദിക്കയോ പറകയോ അദ്ദേഹത്തെ അറിയി ക്കയോ ചെയ്യാതെ പരദേശ മെത്രാന്മാരും ബാവായും സഭയിൽ സ്വേച്ഛാ പരമായി ഓരോന്ന് പ്രവർത്തിക്കകൊണ്ട് എന്ന് സാരം)* മുമ്പിൽ മുളംതു രുത്തിയിൽ കാലം ചെയ്ത മാർ ഈവാനിയോസ്, *(1685-ന് - 860 - ന് മാർ ബസേലിയോസ് കാതോലിക്കായോടു കൂടി കോതമംഗലത്ത് വരി കയും കൊല്ലം 869-ൽ മുളന്തുരുത്തിൽ കബറടങ്ങുകയും ചെയ്ത മാർ ഈവാനിയോസ്)* വന്നാറെയും ഈ ഇടത്തിലെ മര്യാദ പോലെ *(ദേശമർ യ്യാദ പോലെ)* നടക്കുന്നതിന് ആത്മകടമുള്ള വസ്തുക്കൾ മാറ്റി മര്യാദ പോലെയും ന്യായംപോലെയും നടത്തിവന്നതിനെ പോരായെന്നു തുട ങ്ങുക കൊണ്ടും അതാത് ദേശങ്ങളിൽ കൊള്ളാകുന്ന ആളുകൾ ഒരു തറവാട്ടിൽ തന്നെ അങ്ങുമിങ്ങും നിന്നുള്ള പിണക്കങ്ങളും രണ്ടു കൂട്ടക്കാ ർക്കും മറ്റുള്ള ജാതികൾ സഹായവും ചിലവർപ്പിന്ന് *(ആവശ്യപ്പെട്ട ചെല വുകൾക്ക്)* പള്ളിവക മുതൽ കാർയ്യങ്ങളും ഇങ്ങനെ ഏറിയ കാർയ്യങ്ങൾ ഉണ്ടായി 19 സംവത്സരം കഴിഞ്ഞതിന്റെ അവസ്ഥ വിവരമായിട്ട് എഴുതു വാൻ ഏറ്റമുണ്ട്. ഇപ്രകാരം നടന്നുവരുമ്പോൾ ഒന്നുകൊണ്ടും ചേർച്ച വരികയില്ലെന്നും നിശ്ചയിച്ചു *(1748-ന് കൊല്ലം 923-ൽ, കച്ചവടക്കാരൻ അന്തോനീസു ശെമ്മാശന്റെ കൂടെ വന്ന ബസ്രാ ഈവാനിയോസിന്റെ വരവു മുതൽ 1767 വരെ പരദേശക്കാരായ ശീമബാവാന്മാർ മൂലം നാട്ടിൽ ഉണ്ടായ കക്ഷി പിണക്കവും അസ്വൈരതയും ദ്രവ്യവ്യയവും ധനനഷ്ട വും അവർണ്ണനീയമാണെന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്).*

### അഞ്ചാം മർത്തോമ്മായുടെ പിൻഗാമിയായി ആറാം മർത്തോമ്മാ സ്ഥാനാരോഹണം ചെയ്യുന്നു

1761-ന് കൊല്ലം 936-ാ മാണ്ട് മിഥുന മാസം 29-ാം തീയതി നിരണത്തു പള്ളിയിൽ വെച്ച് ആറാമത്തെ മർത്തോമ്മാ മെത്രാനെ വാഴിക്കയും

http://www.malankaraorthodox.tv/

ചെയ്തു. ഉടൻ ചെങ്ങന്നൂർക്കാരു വന്നു കൊണ്ടുപോയി. അവിടെ ഇരുന്നു ശെമ്മാശ്ശന്മാരെയും പൈതങ്ങളേയും പഠിപ്പിച്ചു വന്നു.

ഇങ്ങനെയിരിക്കുമ്പോൾ കാട്ടുമങ്ങാട്ടു കുർയ്യൻ കത്തനാരു മപ്രിയാനാ എന്ന വലിയ ബാവായോടു കൂടി നിന്ന് പഠിച്ചു വേണ്ടുന്നതൊക്കയും വശമായി. ആ ദേഹത്തോടു പട്ടസുഖം ഏറ്റതിന്റെ ശേഷം വായനക്കും പടാർത്ത (പടാർത്ത = പ്രസംഗം) ക്കും സമർത്ഥനായി വരികകൊണ്ട് ശെമ്മാശ്ശന്മാരെയും പൈതങ്ങളേയും അദ്ദേഹം പഠിപ്പിച്ചു വന്നു. ഇതിന്റെ ശേഷം കോറെപ്പിസ്ക്കോപ്പായും ശെക്രല്ലാക്കത്തനാരും പരദേശത്തിനു പോകയും ചെയ്തു.

1764–ന് കൊല്ലം 939 മാണ്ട് തുലാമാസം 9–ാം തീയതി വലിയ ബാവാ മാർ ബസേലിയോസ് കാതോലിക്കാ എന്ന മപ്രിയാനാ, കാലം ചെയ്ത് കണ്ടനാട്ട് വടക്കെ കബറുങ്കൽ അടങ്ങി.

### അഞ്ചാം മാർത്തോമ്മായുടെ മരണം

1765–ന് കൊല്ലം 940–ാമാണ്ട് മേടമാസം 27–ാ നു അഞ്ചാമത്തെ മർത്തോമ്മാ മെത്രാൻ കാലം ചെയ്ത് നിരണത്ത് പള്ളിയിൽ വടക്കെ കബറുങ്കൽ അടങ്ങുകയും ചെയ്തു. ഏറെ ആളുകൾ കൂടിയിരുന്നു. അന്നു മുതൽ ഒരാണ്ടു കഴിയുന്നതിനകം പുലകുളി ആദിയായിട്ടുള്ള വെച്ചൂട്ടുകൾ ഇടവകക്കാരായിട്ടും പ്രമാണികളായിട്ടും ഏറ്റു കഴിക്കയും ചെയ്തു.

*(പാർശ്വഭാഗത്ത് ഇരുപുറവും തൂങ്ങുന്ന ഭാരമേറിയ ചുമടുകൾക്കിടയിൽ ഞെരുങ്ങുന്ന ഒട്ടകത്തിനു തുല്യം ശീമക്കാരായ പരദേശ ബാവാന്മാരുടെയും, ഡച്ച് കമ്പനി, തിരുവിതാംകൂർ, കൊച്ചി സർക്കാരുകൾ എന്നിവയുടെയും മധ്യത്തിൽ വളരെ പീഡ അനുഭവിച്ച ഒരു മേല്പട്ടക്കാരനായിരുന്നു അഞ്ചാം മാർത്തോമ്മാ മെത്രാൻ. പ്രൊട്ടസ്റ്റന്റ് മതമാണ് സത്യമതമെന്ന് ഡച്ചുകാർ അദ്ദേഹത്തെ വിശ്വസിപ്പിക്കുന്നതിന് ബഹുധാ പ്രയത്നിച്ചു. നിവൃത്തിയുള്ളപക്ഷം സുറിയാനിക്കാരെ പ്രോട്ടസ്റ്റന്റ് സഭയിൽ ചേർക്കണമെന്നും ഡച്ചുകാർക്ക് നിർബന്ധമുണ്ടായിരുന്നു. ഡച്ചുകാരുടെ ഏവംവിധമായ ഇംഗിതത്തിന് അഞ്ചാം മാർത്തോമ്മാ വഴിപ്പെടുകയില്ലെന്നായപ്പോൾ അവർ അദ്ദേഹത്തോടു ഉള്ളിൽ പകവെച്ചു. പ്രൊട്ടസ്റ്റന്റ് സഭയിൽ ചേരണമെന്നുള്ള ഡച്ചുകാരുടെ നിർബന്ധത്തിന് “അന്തോഖ്യാ പാത്രിയർക്കീസിന്റെ അനുമതി ലഭിച്ചെങ്കിലല്ലാതെ, തനിക്ക് മറുപടി പറയാൻ നിവൃത്തിയില്ലെന്ന് 1730 ഫെബ്രുവരി 11–ാ നു അഞ്ചാം മാർത്തോമ്മാ മറുപടിയും കൊടുത്തിരുന്നു. മപ്രിയാന മുതലായവർ ഇവിടെ എത്തിയപ്പോൾത്തന്നെ ഉൾഭരണത്തിൽ – കീഴ്നടപ്പിന് എതിരായി പ്രവേശിപ്പാനാണ് അവർ ശ്രമിച്ചത്. അവർക്ക് ഏതിന്നും അധികാരമുണ്ടെന്നായിരുന്നു അവരുടെ ഭാവം. എന്നാൽ അഞ്ചാം മാർത്തോമ്മായ്ക്ക് അവരെകൊണ്ട്*

http://www.malankaraorthodox.tv/

*തന്റെ സ്ഥാനപൂർത്തി വരുത്തണമെന്നു മാത്രമായിരുന്നു ആവശ്യം. ഉൾഭരണത്തിൽ പ്രവേശിക്കുന്നതിനുള്ള ശീമമെത്രാന്മാരുടെ പുറപ്പാടിനെ അഞ്ചാം മാർത്തോമ്മാ പ്രതിഷേധിച്ചതോടു കൂടി രണ്ടു കൂട്ടരും പരസ്പരം ശത്രുക്കളായിത്തീർന്നു. സഭാംഗങ്ങൾ ഓരോ ഉദ്ദേശ്യം വെച്ചുകൊണ്ടു രണ്ടുപക്ഷത്തും നിലയായി. ശീമബാവാന്മാരുടെ പിന്നിൽ കക്ഷിയും പള്ളിക്കാരും ഉണ്ടെന്നു വന്നതോടു കൂടി അവർ മലയാളത്തെത്തി ഒരു വർഷം കഴിഞ്ഞപ്പോൾ - 1752 - കൂടെയുണ്ടായിരുന്ന യോഹന്നാൻ റെമ്പാനെ മലങ്കര മെത്രാപ്പോലീത്താ ആയിട്ട് മാർ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചു. ഇതോടു കൂടി രണ്ടു കൂട്ടരും തമ്മിൽ തീരെ തെറ്റിയ നിലയിലായി. മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അവകാശം പറയുന്ന ഒരു ശീമ മെത്രാൻ ഉണ്ടായതോടു കൂടി, ശീമ മെത്രാന്മാരെ വരുത്തിയതിനുള്ള 12000 രൂപാ ഡച്ചുകാർക്ക് കൊടുപ്പാൻ അഞ്ചാം മാർത്തോമ്മായിക്ക് കഴിയാതെയുമായി. പള്ളികളിൽ നിന്നു പണം പിരിക്കാമെന്നു വെച്ചാൽ രണ്ടു കക്ഷിയായി മത്സരം തുടങ്ങുകയാൽ സാധ്യമല്ലാതെയും വന്നു. തെക്കർ അഞ്ചാം മാർത്തോമ്മായേയും വടക്കർ ശീമ മലങ്കര മെത്രാനേയും കൈക്കൊണ്ടു. വാസ്തവത്തിൽ അഞ്ചാം മാർത്തോമ്മാ ഡച്ചുകാർ ആവശ്യപ്പെട്ട തുക അടക്കാഞ്ഞത് അത് ശരിയായ കണക്കിൽ കവിഞ്ഞ ഒരു തുക ആയതുകൊണ്ടു മാത്രമല്ല. മലയാളത്ത് കാൽ വെച്ച മുഹൂർത്തത്തിൽത്തന്നെ അവർ മലങ്കര മെത്രാനോടും സഭയോടും ആലോചിക്കാതെ സ്വേഛാധികാരം ചെലുത്താൻ ശ്രമിച്ചതുകൊണ്ടു കൂടിയായിരുന്നു. ശീമമെത്രാന്മാരെ സ്വീകരിപ്പാൻ കൊച്ചീക്ക് ആളയക്കുകയും എതിരേല്പിന് വട്ടം കൂട്ടുകയും ചെയ്തിരുന്നുവെങ്കിലും അവരുടെ ആദ്യ പുറപ്പാട് കണ്ടപ്പോൾ തന്നെ അവർ ബസ്രാ ഈവാനിയോസിന്റെ മട്ടുകാരാണെന്നും ഒന്നുകൊണ്ടും അവർ സൗഹാർദ്ദത്തിൽ പോകുന്നവരല്ലെന്നും അദ്ദേഹം മനസ്സിലാക്കി. സഭയിലെ ഉൾക്കലക്കങ്ങളും വഴക്കുകളും മത്സരങ്ങളൊന്നും തന്നെയും ഡച്ചുകാർക്ക് അറിയേണ്ട ആവശ്യമില്ലായിരുന്നു. അവർക്ക് രൂപാ 12000 വും കിട്ടണമെന്നെ വാദമുണ്ടായിരുന്നുള്ളു. ഈ നിലയിൽ കമ്പനിക്കാർ തിരുവിതാംകൂർ മഹാരാജാവിന്റെ അടുക്കൽ വ്യവഹാരം ബോധിപ്പിക്കുകയും പോക്കു മൂസാ മരക്കാൻ വിധി മേഡോവർ വാങ്ങുകയും ചെയ്തു. അഞ്ചാം മാർത്തോമ്മായെ വാറണ്ടിൽ നിന്ന് വിടുവിക്കുന്നതിന് നിരണം മുതൽ തെക്കോട്ടു പള്ളിക്കാരും പ്രമാണികളും പണം പലതരത്തിൽ പിരിച്ചും വലിയ ചീനഭരണി ഉള്ളിൽ വെച്ച് അറ പണിതിരുന്ന നിരണത്തെ ചില വീടുകൾ വെട്ടിപ്പൊളിച്ച് ചീനഭരണികൾ എടുത്ത് ഡച്ചുകാർക്ക് വിധിസംഖ്യയിൽ വകവെച്ച് വിലകൊടുത്തു. കായംകുളം പള്ളിയിൽ നിന്നു മൂന്നു പറ ചക്രം കൊടുത്തു. മാവേലിക്കര, നിരണം, തേവലക്കര, കുണ്ടറ എന്നീ പള്ളികളാണ് അധികവും കൊടുത്തത്).*

http://www.malankaraorthodox.tv/

## ആറാം മാർത്തോമ്മായ്ക്ക് സഭാഭരണത്തിനുള്ള നീട്ടും സാധനവും

ആണ്ടു കഴിഞ്ഞതിന്റെ ശേഷം പള്ളി ഇടപെട്ടും ജാതി മര്യാദ ഇട പെട്ടും ഉള്ള കാര്യങ്ങൾ ഒക്കെയും കീഴ്മര്യാദ നടന്നുവരുന്നതിന്മണ്ണം നടന്നുകൊള്ളത്തക്കവിധം കല്പിച്ച് നീട്ടും *(കർണ്ണൽ മണ്രോയുടെ വരവിനു മുമ്പ് തന്നെ ജാതിത്തലവൻ എന്ന നിലക്ക് സമുദായഭരണത്തി നുള്ള അവകാശം തിരുവിതാംകൂർ കൊച്ചി മഹാരാജാക്കന്മാർ മെത്രാ പ്പോലീത്തന്മാർക്ക് നൽകിയിരുന്നു. മഹാരാജാക്കന്മാരുടെ ഈ നീട്ടാണ് കർണ്ണൽ മണ്രോയുടെ കാലത്ത് തിരുവെഴുത്ത് വിളംബരമായി പുറപ്പെ ട്ടത്.)* സുബ്ബയ്യൻ ദളവായുടെ സാധനവും വാങ്ങിച്ചു. ദൈവസഹായ ത്താൽ ഏറിയ ബഹുമാനത്തോടും കൂടി പള്ളികളിലൊക്കെയും ചെന്ന് വിചാരിച്ചും സ്ഥാനികളായിട്ടും ഇട പ്രഭുക്കളായിട്ടും ആളുകളൊക്കെയും പറഞ്ഞു നടത്തിവരുമ്പോൾ പരരാജ്യക്കാരുമായുള്ള *(ശീമക്കാരായ മെത്രാന്മാരുമായി)* പിണക്കത്തിന് നമ്മിലുള്ള ആളുകൾ തന്നെ ശത്രു തയായിട്ടു തുടങ്ങിയിരിക്കയാൽ ദ്രവ്യവും ആളാണ്മയും ഉള്ളവരായ്ക കൊണ്ടും, അവരെ ജയിച്ച് ഈ സ്ഥാനം നിലനിർത്തികൊള്ളുവാൻ *(കേര ളത്തിൽ മെത്രാപ്പോലീത്താസ്ഥാനം നിലനിർത്തുവാൻ എന്നു സാരം)* പരാധീനമെന്നും അങ്ങുമിങ്ങും *(രണ്ടു കക്ഷിയിലും)* രണ്ടു യജമാനന്മാരു *(അഞ്ചാം മാർത്തോമ്മായും മാർ ബസേലിയോസ് കാതോലിക്കായും)* കഴിവോളവും നിരപ്പിന്ന് സംഗതി വന്നില്ലെന്നും പുത്തൻകൂറ്റും പുറ ത്തുള്ള ആളുകൾ തന്നെയും രണ്ടു പകുതിയായിട്ട് നിന്ന് തമ്പുരാന്റെ മാർഗ്ഗത്തോട് മറുത്ത് സിദ്ധാന്തമായിട്ട് നടപ്പാകകൊണ്ടും പള്ളികളി ലൊക്കെ പല മര്യാദയും മറുകൂറ്റുകാരുടെ പരിഹാസവും ഇങ്ങനെ ആയാൽ മാർഗ്ഗത്തിന് അഴിവ് വരുമെന്നും ബോധജ്ഞാനപ്പെട്ട അശ്ചൻ നിശ്ചയിച്ച്, *(ഇവിടെ അശ്ചൻ എന്നു പറയുന്നത് ആറാം മർത്തോമ്മായായ വലിയ മാർ ദീവന്നാസ്യോസിനെ സംബന്ധിച്ചാണ്. സന്ദർഭം കൊണ്ടും അച്ചൻ എന്നുള്ള പ്രയോഗം കൊണ്ടും ഇതിൽ 88-ാം പേജിന്റെ മധ്യ ഭാഗത്ത് "ആണ്ട് കഴിഞ്ഞതിന്റെ ശേഷം പള്ളി ഇടപെട്ടും ജാതി മര്യാദ ഇടപെട്ടും" എന്നു തുടങ്ങുന്നിടം മുതൽ കീഴ്പോട്ടുള്ള ബാക്കി ഭാഗങ്ങൾ മുഴുവൻ ആറാം മാർത്തോമ്മാ തന്നെ എഴുതുന്നവയോ അഥവാ അദ്ദേഹം പറഞ്ഞു കൊടുത്ത് തന്റെ സാധനമെഴുത്തുകാരനെ കൊണ്ട് എഴുതി ക്കുന്നവയോ ആണെന്ന് ഊഹിക്കുവാൻ മാർഗ്ഗമുണ്ട്. ഈ ഗ്രന്ഥവരിയിൽ ഇതിനു മുമ്പ് എങ്ങുംതന്നെ മെത്രാനെ ഉദ്ദേശിച്ച് അശ്ചൻ എന്ന് പ്രയോ ഗിച്ചിട്ടില്ല. എന്നാൽ ആറാം മാർത്തോമ്മാ മഹാരാജാവിന്റെ - കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ - നീട്ടോടു കൂടി സഭാഭരണം ആരംഭിക്കുന്നതിനെ പരാമർശിച്ച് എഴുതുമ്പോൾ തന്നെപ്പറ്റി മെത്രാച്ചൻ*

http://www.malankaraorthodox.tv/

*എന്നു പറയുന്നതിനു പകരം അശ്ചൻ എന്ന് വിനീതമായ വാക്ക് ഉപയോഗിപ്പാനാണ് അദ്ദേഹം ഇഷ്ടപ്പെടുന്നത്. അനന്തരഭാഗങ്ങളിൽ അശ്ചൻ എന്നുള്ള പ്രയോഗം പലെടുത്തും കാണാം).* ഏതുപ്രകാരമെങ്കിലും നിരപ്പായിട്ട് നടക്കണമെന്നും തമ്പുരാനിൽ ശരണപ്പെട്ട നിരൂപണയുറച്ച് സ്വഭാവക്കേടുള്ള ആളുകളെ നീക്കി മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ കല്ലിശ്ശേരിപള്ളിയിൽ വന്നപ്പോൾ ചെങ്ങന്നൂർ നിന്നും അവിടെ ചെന്ന് *(മെത്രാച്ചൻ കല്ലിശ്ശേരിയിൽ ചെന്ന്)* തമ്മിൽ കണ്ടു പറഞ്ഞ് ശത്രുക്കളുടെ വാക്കുകൾ രണ്ടു കൂട്ടരും നീക്കി ഏകോൽഭവിച്ച് അശ്ചൻ *(മെത്രാച്ചൻ)* ചെങ്ങന്നൂർക്ക് പോരികയും ചെയ്തു. ഇതിനിടയിൽ ഉണ്ടായ കാര്യങ്ങൾ എഴുതുവാൻ പെരികെ പരപ്പാകുന്നു.

## 6–ാം മാർത്തോമ്മായുടെ സ്ഥാനാരോഹണം

ബാവാന്മാരു വന്നപ്പോൾ അന്ത്യോഖ്യായിൽ നിന്ന് മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് കൊടുത്തയച്ച വടിയും മുടിയും സ്ലീബായും സ്ഥാത്തിക്കോനും അശ്ചന് *(മെത്രാച്ചന്)* കൊടുത്ത് ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഈവാനിയോസ് എപ്പിസ്ക്കോപ്പായും കൂടി നിരണത്തു പള്ളിയിൽ വെച്ച് 1770–ന് കൊല്ലം 945–ാമാണ്ട് മിഥുനമാസം 29–ാനു ആറാമത്തെ മാർത്തോമ്മാ മെത്രാനെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായിട്ട് വാഴിക്കയും ചെയ്തു.

## കാട്ടുമങ്ങാട്ടു റമ്പാന്റെ കൗശലവും സ്ഥാനാഭിഷേകവും

ഉണ്ടായിരുന്ന പിണക്കങ്ങൾ ഒക്കയും ദൈവംതമ്പുരാന്റെ തിരുമനസ്സാലെയും മർത്തോമ്മാ ശ്ലീഹായുടെ വാഴ്വാലെയും തീർന്ന് നിരപ്പും ഐകമത്യവും ഓവിയും *(ഓവി = സ്നേഹം)* ആയി നടന്നുവരുമ്പോൾ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് കണ്ണിന് ദീനമായിട്ട് കണ്ണറിയാൻ വഹിയായതെയും ശുദ്ധമാന കുർബ്ബാന അണക്കാതെയും കായങ്കുളത്ത് പാർത്തു വന്നു. മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ പുതിയകാവിലും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഓമല്ലൂരും ഇരിക്കുമ്പോൾ കാട്ടുമങ്ങാട്ടു റമ്പാച്ചൻ മേല്പട്ടം ഏല്ക്കണമെന്ന് നിശ്ചയിച്ച് കായംകുളത്ത് ചെന്ന് ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കണ്ണുദീനം ഭേദം വരുത്തുവാനായിട്ട് മറ്റു ചിലരെക്കൊണ്ട് ഓമല്ലൂർ *(ആറാം മാർത്തോമ്മായിക്ക്)* എഴുതി അയപ്പിച്ച് അനുവാദം വരുത്തി ഉടൻ വള്ളം കരേറ്റി കൊച്ചിയിൽ കൊണ്ടുപോയി മട്ടാഞ്ചേരി *(പ്പള്ളി)* മുറിയിലിരുത്തി കാറ്റാടി കുരുവിളക്കത്തനാരെ കൊണ്ട് കുർബ്ബാനയും ചൊല്ലിച്ച് 1772–ന് കൊല്ലം 947–ാമാണ്ട് വൃശ്ചികമാസം 17–ാനു വെള്ളിയാഴ്ച നാൾ മാർ കൂറിലോസ് മെത്രാപ്പോലീത്തായായിട്ട് വാഴിക്കയും ചെയ്തു. ഇതിന്റെ ശേഷം പെരുമ്പടപ്പിൽ ത്തമ്പുരാന്റെ *(പ്രസിദ്ധനായ ശക്തൻ തമ്പുരാൻ)* തീട്ടൂരവും പാലിയ

http://www.malankaraorthodox.tv/

ത്തച്ചന്റെ നീട്ടും കോട്ടയിൽ ബോധിപ്പിച്ച് അനുവാദവും വാങ്ങിച്ച് ഏറിയ ബഹുമാനത്തോടു കൂടി നടത്തുകയും ചെയ്തു.

*(രാജാക്കന്മാർ നസ്രാണി സമുദായത്തിന് ജാതിത്തലവനെ നിശ്ചയിക്കുമ്പോൾ ജാതിത്തലവനായി നിയമിക്കപ്പെടുന്ന ആൾക്ക് മോതിരമിട്ട് അംഗീകരണം നൽകുകയും അനന്തരം ജനങ്ങളുടെ അറിവിനായി അധികാരപ്രയോഗത്തിന് അനുമതി നൽകിയിരിക്കുന്ന വിവരം കാണിച്ച് തീട്ടൂരം നൽകുകയും ചെയ്യുന്നു.)*

*(1751-ന് കൊല്ലം 926-ൽ ഇവിടെ എത്തിയ ബസേലിയോസ് കാതോലിക്കായുടെ കൂടെ വന്ന മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ ഇവിടെ വന്ന അവസരത്തിൽ, ഒരു റമ്പാൻ മാത്രമായിരുന്നു. യോഹന്നാൻ എന്നായിരുന്നു പേർ. അഥവാ ജോൺ. ഈവാനിയോസ് എന്നതിന്റെ ഗ്രീക്കു രൂപമാണ് ജോൺ എന്നത്. ജോൺ റമ്പാനെ മേല്പറഞ്ഞ കാതോലിക്കോസ് തുടങ്ങിയ ശീമക്കാർ കൂടി ഈവാനിയോസ് എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്തായായി വാഴിച്ചു. ശീമക്കാരുടെ കക്ഷിയിൽ ചേർന്ന നാട്ടുകാർ മലങ്കര മെത്രാനായി മാർ ഈവാനിയോസിനെ കൈക്കൊള്ളുകയും അദ്ദേഹത്തിന്റെ അധികാരത്തെ വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. മറുപക്ഷക്കാരായ മലങ്കരജനങ്ങൾ അഞ്ചാം മാർത്തോമ്മായായ മലങ്കര മെത്രാപ്പോലീത്തായെ കൈക്കൊണ്ടിരുന്നു. അഞ്ചാം മാർത്തോമ്മായെ വാറണ്ടിൽ പിടിച്ചതും അദ്ദേഹത്തെ കപ്പൽ കയറ്റി അയപ്പാൻ ഉത്സാഹിച്ചതും മറ്റും ശീമക്കാർക്ക് മലങ്കരസഭയിൽ ഭരണാധികാരം ഉറപ്പിക്കുവാനുള്ള പണിത്തരത്തിന്റെ ബഹിർരൂപമായിരുന്നു. പല കലാപങ്ങൾ ഇവിടെ ഉണ്ടാക്കീട്ടും മാർ ഈവാനിയോസിന് ഭരണം കിട്ടിയില്ല. നാട്ടുരാജാക്കന്മാർ കീഴ്നടപ്പിനെതിരായി ശീമക്കാർക്ക് ഭരണം കിട്ടുവാൻ തീട്ടൂരം കൊടുക്കയില്ലെന്ന് വന്നപ്പോൾ അവർ തങ്ങളുടെ ഇഷ്ടാനുസരണം തുള്ളുന്നതിന് നാട്ടുകാരനായ ഒരു മലങ്കര മെത്രാനെ സൃഷ്ടിക്കുവാൻ നിശ്ചയിച്ചു. ഇങ്ങനെ അവർ സൃഷ്ടിച്ച ഒരു മെത്രാനാണ് കാട്ടുമങ്ങാട്ട് കൂറിലോസ് മെത്രാൻ. അക്കാലത്തും അതിൽ പിന്നീട് വളരെ കാലത്തേക്കും മലങ്കരസഭയിൽ ഒരു മെത്രാൻ - ഒരു നാട്ടു മെത്രാൻ - മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം തന്നെയായിരുന്നു മലങ്കര മെത്രാപ്പോലീത്തായും. ജോൺ റമ്പാന്റെ മെത്രാൻ സ്ഥാനാരോഹണവും, കാട്ടുമങ്ങാട്ട് റമ്പാന്റെ മെത്രാൻ സ്ഥാനാരോഹണവും വിദേശിയർക്ക് മലങ്കരസഭാ ഭരണത്തിൽ കൈകടത്തുവാനുള്ള ശ്രമത്തിന്റെ പരിണത ഫലങ്ങളായിരുന്നു.)*

ഇതിനിടയിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ കൊച്ചിയിൽ നിന്നും വരുത്തി മുളന്തുരുത്തിയിലിരുത്തുകയും ചെയ്തു. പിന്നത്തേതിൽ ഇക്കാർയ്യങ്ങൾ ഒക്കയും മാർ ദീവന്നാസ്യോസു മെത്രാപ്പോ

http://www.malankaraorthodox.tv/

ലീത്തായും, മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായും കേൾക്കകൊണ്ട് മുമ്പിലത്തെ കുഴപ്പങ്ങൾ ഒക്കയും തീർത്ത് *(ആറാം മാർത്തോമ്മായിക്ക് തിരുവിതാംകൂർ മഹാരാജാവിന്റെ അവരോധനീട്ട് ലഭിച്ചതോടു കൂടി മാർ ഈവാനിയോസ് മലങ്കര മെത്രാൻ സ്ഥാനം കൈയൊഴിഞ്ഞ് ആറാം മാർ ത്തോമ്മായോട് അനുകൂലിച്ചു നിൽക്കയായിരുന്നു. എങ്കിലും മാർ ഗ്രിഗോ റിയോസ്സിനും മറ്റും ഉൾഭരണത്തിൽ കൈകടത്തുന്നതിന് പിന്നെയും ആഗ്രഹം ജനിച്ചു.)* നടന്നുവരുമ്പോൾ, പിന്നെയും ഇതിന്മണ്ണം ഉണ്ടായ തിന് എന്തു വേണ്ടൂ എന്ന് രണ്ടു പേരും കൂടെ നിരണത്തുപള്ളിയിൽ ചെന്ന് ആലോചിച്ച് വടക്കോട്ടു യാത്രയെന്നും നിശ്ചയിച്ചു.

1772-ന് കൊല്ലം 947-ാമാണ്ടു മീനമാസം 12-നു കണ്ടനാടു പള്ളിയിൽ ചെന്നിരുന്നതിന്റെ ശേഷം ഇക്കാർയ്യത്തെക്കുറിച്ച് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോട് ചോദിപ്പാനായിട്ട് കല്ലൂപ്പാറെ പിറത്തേട്ട് ചാണ്ടി കത്തനാരേയും, ചെങ്ങന്നൂർ പിറയാറ്റിൽ തൊമ്മൻ കത്തനാരെയും അവ രുടെ കൂടെ ഏതാനും കത്തങ്ങളെയും മാപ്പിളമാരേയും കൂടെ മുളംതു രുത്തിയിൽ അയച്ചു. അവരു ചെന്ന് അറിയിച്ചാറെ ഞാനൊന്നും ചെയ്തി ല്ലെന്ന് കല്പിച്ചതിനെ കേട്ട് ചെന്ന ആളുകൾ തിരികെ പോരികയും ചെയ്തു. പിന്നത്തേതിൽ ഒരുത്തരേയും മുറിയിൽ കരേറ്റേണ്ടാ എന്നും ചട്ടംകെട്ടി പാർക്കുമ്പോൾ ആ ദേഹത്തിന് ദീനമാകകൊണ്ട് കണ്ടനാ ട്ടേക്ക് *(ആറാം മാർത്തോമ്മായ്ക്ക്)* ഒരു എഴുത്ത് എഴുതിയാറെ കൊടുത്ത യച്ചുമില്ല *(കാട്ടുമങ്ങാട്ടു മെത്രാൻ കൊടുത്തയച്ചില്ല എന്ന് സാരം).*

1773-ന് കൊല്ലം 948-ാമാണ്ട് മിഥുനമാസം 27-ാനു മാർ ഗ്രീഗോ റിയോസ് മെത്രാപ്പോലീത്താ കാലം ചെയ്ത് മുളംതുരുത്തിപ്പള്ളിയിൽ വടക്കെ കബറുങ്കൽ അടങ്ങുകയും ചെയ്തു. കണ്ടനാട്ടു സമീപമാക കൊണ്ടും രണ്ടുപേരും അവിടെ ഉണ്ടായിരിക്ക കൊണ്ടും എഴുത്തും ആളും ചെന്നില്ല. കാലം ചെയ്തതിന്റെ മൂന്നാം ദിവസമത്രെ അറിവാൻ ഇടവന്നൊള്ളു. ഉടൻതന്നെ സങ്കടമായിട്ട് മാർ ഈവാനിയോസ് എപ്പിസ് ക്കോപ്പാ ചെന്നപ്പോൾ കബറടക്കിയിരിക്കുന്നതു കണ്ടും മറ്റെ ദേഹം *(കാട്ടുമങ്ങാടൻ മാർ കൂറിലോസ്)* മാളികയിൽ നിന്ന് ഇറങ്ങായ്ക കൊണ്ടും ഉടൻ കണ്ടനാട്ടിന്നു പോരികയും ചെയ്തു.

ഇപ്രകാരം കാട്ടുമങ്ങാടൻ ചെയ്തത് സങ്കടമെന്നും മുൻപിൽ മുളം തുരുത്തിയിൽ കബറടങ്ങിയ മാർ ഈവാനിയോസിന്റെയും മപ്രിയാനാ മാർ ബസേലിയോസിന്റെയും ഇപ്പോൾ ഗ്രീഗോറിയോസിന്റെയും മുതൽ കാർയ്യങ്ങളും പുസ്തകങ്ങളും അടക്കിയിരിക്കകൊണ്ട്, ബോധിപ്പിക്കേണ്ട സ്ഥലങ്ങളിൽ ബോധിപ്പിച്ച് നിലവരുത്തിയല്ലാതെ നമുക്ക് ഇവിടെനിന്ന് പൊയ്ക്കൂടാ എന്ന് ബാവാ *(മാർ ഈവാനിയോസ്)* കല്പിക്കകൊണ്ട് വരുത്തേണ്ടുന്ന ആളുകളെ ഒക്കയും വരുത്തി, ആലോചിച്ച് കത്തങ്ങ

http://www.malankaraorthodox.tv/

ളെയും മാപ്പിളമാരെയും തിരുവനന്തപുരത്തിനയച്ച് തിരുമനസ്സറിയിച്ചാറെ പട്ടരുണ്ണി വലിയ സർവ്വാധികാർയ്യക്കാർക്ക് നീട്ട് വരിക കൊണ്ട് അദ്ദേഹം പെരുമ്പടപ്പിൽ ചെന്ന് തിരുമനസ്സറിവിച്ചതിന്റെ ശേഷം കോട്ടയിൽ കുമുദോരേൽ കൂടെ *(ലന്തക്കമ്പനി കുമുദവർ)* ബോധിപ്പിച്ച് ചെയ്തിരിക്കുന്നതാകകൊണ്ട് അവിടെ വച്ചു തന്നെ കേട്ടു തീരട്ടെ എന്ന് കല്പന വന്നു. പിറത്തേട്ട് കത്തനാരും, അയ്പ കോരത്തരകൻ മുതൽപേരും കൊച്ചിയിൽ വന്ന് കാട്ടുമങ്ങാടനേയും വരുത്തി കുംസേലിൽ കേട്ടാറെ കീഴ്മര്യ്യാദ ഇല്ലാത്തതാകകൊണ്ട് കാട്ടുമങ്ങാട്ട് റമ്പാച്ചനെ മെത്രാന്മാരുടെ അടുക്കൽ കൂട്ടി അയക്കണമെന്നും മേലാൽ ഇപ്രകാരമുള്ള ദുഷ്പ്രയത്നം ചെയ്യരുതെന്നും നിശ്ചയിച്ച് കോട്ടയിൽ നിന്ന് എഴുത്തും വല്യതമ്പുരാന്റെ *(കൊച്ചി)* തീട്ടൂരവും പാലിയത്തച്ചന്റെ നീട്ടും വാങ്ങിച്ച് 1774-ന് കൊല്ലം 949-ാമാണ്ട് മിഥുനമാസം 22-ാനു റമ്പാനേയും കൂട്ടി അയച്ചു. കണ്ടനാട്ടു പള്ളിയിൽ വന്നാറെ ആ ദേഹം പ്രവർത്തിച്ചതിന്റെ ശേഷമായിട്ട് ഒന്നും പ്രവർത്തിച്ചില്ല. മെത്രാപ്പോലീത്തായുടെയും എപ്പിസ്ക്കോപ്പായുടെയും മുൻപാകെ വടിയും മുടിയും സ്ലീബായും ചുവന്ന കുപ്പായവും ഊരിവെച്ച് പാർത്തുവരുമ്പോൾ, ദീനമെന്നും വീട്ടിൽ പോയി ചികിത്സ ചെയ്യണമെന്നും പറഞ്ഞുംകൊണ്ട് പോയാറെ മുളംതുരുത്തിയിൽ ചെന്നതിന്റെ ശേഷം ആരും ബോധീരാതെ *(ആരും അറിയാതെയും ആരുടെയും സമ്മതം കൂടാതെയും)* നെടുവിരിപ്പു നാട്ടിൽ അഞ്ഞൂരെന്ന പ്രദേശത്ത് ചെന്ന് പാർത്തു. അവിടെ ഒരു കുരിശു വയ്പാൻ പറമ്പും വാങ്ങിച്ചു പാർത്തുംകൊണ്ട് ആ ദേഹത്തിന്റെ അനുജനെ വരുത്തി പട്ടവും കൊടുത്ത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയിട്ട് വാഴിച്ച് അവരു രണ്ടു പേരും കൂടെ പല കൂട്ടവും ചെയ്തുവരുന്ന പ്രകാരം കേട്ടിട്ടുമുണ്ട്. കാറ്റാടി കത്തനാർക്ക് റമ്പസുഖം കൊടുത്തു *(റമ്പാൻ സ്ഥാനം കൊടുത്തു)* നടന്നുവരുമ്പോൾ ബുദ്ധി പകച്ച് ലന്ത മാർഗ്ഗത്തിൽ *(പ്രോട്ടസ്റ്റന്റ് മാർഗ്ഗം)* ചെന്നു കൂടി ലന്തപ്പാതിരി ആകുവാൻ നിശ്ചയിച്ചിരിക്കുമ്പോൾ അയാൾ മരിച്ച് ശവം കടപ്പുറത്ത് കൊണ്ടുചെന്ന് അടക്കി എന്നും കേട്ടു. കണ്ടനാട്ടു നിന്നും മൂന്നാം വർഷത്തിൽ അച്ചനും *(മെത്രാച്ചനും)* ബാവായും കൂടെ തെക്കെ ദിക്കിനു പോരികയും ചെയ്തു.

ഇതിന്റെ ശേഷം പഴയകൂറ്റുംപുറത്ത് *(റോമൻ കത്തോലിക്കാ)* ആലങ്ങാട്ടു കരിയാറ്റിൽ യൗസേപ്പ് മല്പാൻ ദിവ്യനായിട്ടുണ്ടായി. അയാൾക്ക് മെത്രാനാകണമെന്നും പറങ്കികളെ അനുസരിക്കരുതെന്നും നിശ്ചയിച്ച് *(അക്കാലത്ത് ഇവിടത്തെ റോമ്മാ സുറിയാനിക്കാർ ലത്തീൻകാരായ യൂറോപ്യൻ മെത്രാന്മാരുടെ കീഴിലാണ്)* ജനങ്ങളെ സ്വാധീനമാക്കി ഏറിയ പണവും വാങ്ങിച്ച് റോമ്മായിക്ക് പോകത്തക്കവണ്ണം നിശ്ചയിച്ച് അശ്ചൻ *(മെത്രാച്ചൻ)* നിരണത്തിരിക്കുമ്പോൾ മല്പാനും ശിഷ്യരും

http://www.malankaraorthodox.tv/

കൂടെ 1778-ന് കൊല്ലം 953-ാമാണ്ടു ചിങ്ങമാസം 30-ാനു വന്നു കണ്ട് എഴുത്തും വാങ്ങിച്ചുകൊണ്ട് പോയതിന്റെ ശേഷം ഇടവമാസത്തിൽ കരിയാറ്റി മല്പാനും പാറയംമാക്കൽ തൊമ്മൻ കത്തനാരും അല്ലാതെ രണ്ടു കത്തങ്ങളും വാല്യക്കാരും കൂടെ റോമ്മായ്ക്കു പോയി.

*(മല്പാന്റെയും തോമ്മാക്കത്തനാരുടെയും യാത്രയിൽ അവർ യറുശലേം അന്ത്യോഖ്യാ മുതലായ സ്ഥലങ്ങൾ കൂടി സന്ദർശിക്കുമെന്ന് അറിഞ്ഞിരുന്നതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസിനു കൊടുപ്പാൻ ഒരെഴുത്തു മെത്രാച്ചൻ അവരെ ഏല്പിച്ചിരുന്നുവെന്നുള്ളതാണ് വാസ്തവം)*

## കരിയാറ്റിൽ മല്പാനും പാറെമ്മാക്കൽ തോമ്മാക്കത്തനാരും

പല കൂട്ടവും മാർപ്പാപ്പായേയും പ്രത്തുക്കൽ രാജാവിനെയും *(പോർട്ടുഗൽ രാജാവ്)* പറഞ്ഞു ബോധിപ്പിച്ച് അതിനുണ്ടായ ശത്രുക്കളെയും ഒഴിച്ച് കാർയ്യാന്വേഷണത്തിന് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ സ്ഥാനവും കൊടുത്ത് മാസപ്പടിയും പതിച്ച് പോർട്ടുഗൽ നിന്നും മലയാളത്തിലുള്ള രാജാക്കന്മാർക്ക് വിശേഷ ദ്രവ്യങ്ങളായിട്ടുള്ള വസ്തുക്കളും കൊടുത്ത് കപ്പൽ കരേറി വരുംവഴിക്ക് ഗോവായിൽ കൊടുപ്പാനുള്ള എഴുത്തുകളും കൊടുത്ത് മാസപ്പടി *(ശമ്പളം)* ഉൾപ്പെട്ട കാര്യങ്ങളും നിദാനം വരുത്തിക്കൊണ്ട് മലയാളത്ത് ഇറങ്ങണമെന്നും വെച്ച് ഗോവായ്ക്ക് കപ്പൽ ഓടിച്ചു. 1786-ന് കൊല്ലം 961-ാമാണ്ട് മേടമാസത്തിൽ അവിടെ ചെന്നതിന്റെ ശേഷം ആറു മാസം അവിടെ പാർത്താറെ പറങ്കികളുടെ ചതിവു കാരണത്താൽ 1787-ന് കൊല്ലം 962-ാമാണ്ട് കന്നി മാസം 12-ാനു മരണത്തിന്ന് സംഗതിവന്നു.

*(മേല്പറഞ്ഞ കരിയാറ്റി മെത്രാപ്പോലീത്തായും ഗോവായിലെ പറങ്കി ബിഷോപ്പും പതിവുപോലെ ഒരു ദിവസം രാവിലെ കാപ്പി കുടിക്കുവാൻ ഇരുന്നപ്പോൾ - ഭക്ഷണമേശയുടെ അപ്പുറത്തും ഇപ്പുറത്തുമായി അഭിമുഖമായി ഇരിക്കുകയായിരുന്നു - ബിഷോപ്പ് മുൻകൂട്ടി കരുതിയിരുന്ന പ്രകാരം ഒരു വശത്ത് മാത്രം കഠിനവിഷം തേച്ചു വച്ചിരുന്ന കത്തി കൊണ്ട് റൊട്ടിമുറിച്ച് കരിയാറ്റി മെത്രാപ്പോലീത്തായുടെ മുമ്പിലേക്ക് നീക്കിവെക്കയും വിഷം തേച്ചിട്ടില്ലാത്ത കത്തിയുടെ വശത്തെ മുറിച്ച റൊട്ടി ബിഷോപ്പ് തിന്നുകയും ചെയ്തു. കാപ്പികുടി കഴിഞ്ഞ് കട്ടിലിൽ പോയി വീണ കരിയാറ്റി മെത്രാപ്പോലീത്താ പിന്നീട് ഉണരുകയുണ്ടായില്ല. ഇങ്ങനെ യാതൊരു സംശയത്തിനും ഇടയില്ലാത്തവിധം ഭക്ഷണമേശയുടെ മുമ്പിലിരുത്തിക്കൊണ്ടായിരുന്നു പോർട്ടുഗീസുകാർ ഈ മഹാപാതകം ചെയ്തത്. റോമൻ കത്തോലിക്കാ സഭയിൽ നിൽക്കുന്ന സുറിയാനിക്കാരുടെ മേലുള്ള ഭരണാധികാരം കൈവിട്ടു പോകാതിരിപ്പാനാണ് പറങ്കികൾ ഈ ചതി ചെയ്തതും.)*

http://www.malankaraorthodox.tv/

അതിന്റെ ശേഷം പാറയംമാക്കൽ തൊമ്മാ കത്തനാർക്ക് ഗോവർണ്ണദോരിന്റെ സ്ഥാനം ഗോവായിലിരുന്ന മെത്രാപ്പോലീത്താ കൊടുത്തു *(ഗവർണ്ണദോർ = ഗവർണ്ണർ. ഗോവായിലെ പോർട്ടുഗീസു ബിഷോപ്പിന്റെ കീഴിൽ കാര്യഭരണം നടത്തുന്ന ഗവർണ്ണർ എന്ന് അർത്ഥം).* ആ അവസ്ഥക്കും മെത്രാച്ചന് *(ആറാം മാർത്തോമ്മായിക്ക്)* സാധനവും വാങ്ങിച്ചു കൊണ്ട് *(കേവലം ഒരു മരണവൃത്താന്തക്കുറിപ്പ്)* വാങ്ങിച്ചുകൊണ്ട് 962-ാമാണ്ട് മകരമാസത്തിൽ തലശ്ശേരിയിൽ വന്നിറങ്ങി. അങ്കമാലിയിൽ വന്നതിന്റെ ശേഷം പഴയകൂറ്റുംപുറത്തുള്ള പള്ളിക്കാരൊക്കെയും അങ്കമാലിയിൽ കൂടി ഇനിയും വെള്ളക്കാരായിട്ടുള്ള മെത്രാന്മാരെയും പാതിരിമാരെയും നമ്മളും നമ്മുടെ അനന്തിരവന്മാരും അനുസരിക്കരുതെന്നും മലയാളത്തേക്ക് മേല്പട്ടക്കാരനായിട്ട് ഗോവർണ്ണദോരിനെ അനുസരിച്ചു കൊള്ളുകയും അല്ലാതെ മൂവരൊരുവൻ തമ്പുരാൻ സാക്ഷിയാകെ എൺപത്തിനാല് പള്ളിക്കാരും കൂടി പടിയോല എഴുതി ഒപ്പു വക്കയും ചെയ്തു.

*(സിറിയൻ ക്രിസ്ത്യൻ പരിഷയിൽ ഏറ്റവും പ്രബലനായ ലക്ഷപ്രഭുവും രാജസേവകനും സ്വാധീന ശക്തനുമായ മാത്തുതരകനായിരുന്നു കരിയാറ്റി മല്പാനെയും പാറേമ്മാക്കൽ കത്തനാരെയും, റോമ്മിലേക്കയച്ചത്. റോമ്മാപ്പാപ്പായുടെ കീഴിൽത്തന്നെ കൽദായറീത്തിൽ നാട്ടുകാരായ സുറിയാനി മെത്രാന്മാർ ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടിയായിരുന്നു ഈവിധം പ്രവർത്തിച്ചതും. അങ്കമാലി പടിയോലയുടെ ചുരുക്കം റോമ്മാ സുറിയാനിക്കാർ കൊടുങ്ങല്ലൂരിലും വരാപ്പുഴയുമുള്ള ലത്തീൻ മെത്രാന്മാരുടെ അധീനതയിൽ മേലാൽ ഇരിക്കരുതെന്നും ബാബേലിലെ കൽദായ പാത്രിയർക്കീസിനാൽ അഭിഷേകം ചെയ്യപ്പെടുന്നതുവരെ പാറയംമ്മാക്കൽ ഗോവർണ്ണദോരെത്തന്നെ നേതാവായി സ്വീകരിച്ചിരിക്കുന്നുവെന്നുമാണ്. റോമ്മാ സുറിയാനിക്കാരെ ഈ വിധത്തിൽ ഏകീകരിച്ചതിന്റെ ശേഷം റോമ്മാ സുറിയാനിക്കാരെയും ഓർത്തഡോക്സ് സുറിയാനിക്കാരെയും ഏക റോമൻ കത്തോലിക്കാ നാട്ടുമെത്രാന്റെ കീഴിൽ കൊണ്ടുവരുന്നതിനായി മാത്തുത്തരകൻ വേല ആരംഭിച്ചു. ആദ്യമായി ആ മഹാപ്രബലൻ ആറാം മാർത്തോമ്മായുടെ അടുക്കൽ അടുത്തു കൂടി അദ്ദേഹം റോമൻ കത്തോലിക്കാ സഭാംഗം എന്ന നിലയിൽ, റോമ്മിൽ സ്വീകരിക്കപ്പെട്ടിരുന്ന കൽദായ വിശ്വാസാചാരങ്ങളെ അംഗീകരിക്കുന്നപക്ഷം അദ്ദേഹത്തെത്തന്നെ സംയുക്ത സഭയുടെ ഭരണകർത്താവായി സ്വീകരിക്കാമെന്ന് പറഞ്ഞു. ആറാം മാർത്തോമ്മായിക്ക് ആ രാജസേവകനായ കുബേരനോടു പ്രത്യക്ഷത്തിൽ എതിർത്തു നിൽപാൻ കഴിവില്ലാതിരുന്നതിനാൽ ചില നയോപായങ്ങൾ പ്രയോഗിച്ച് പിടികൊടുക്കാതെ നിൽക്കാമെന്ന് ആലോചന തോന്നി.)*

http://www.malankaraorthodox.tv/

ആയത് 1787–നു കൊല്ലം 962–ൽ പഴയകണക്കിൽ കുംഭമാസം 1–ാനു ആകുന്നു. ഇതിന്നിടയിൽ ഗോവയിൽ നിന്ന് എഴുതിയ എഴുത്തും മണ്ണും മേൽ സുരാലിപ്പുള്ള *(തങ്കരേക്ക് പൂച്ചുള്ള)* ഒരു ചിന്ന അരുളിക്കാ കണ്ണാടി വെച്ചതും ഇങ്ങോട്ടു *(ആറാം മാർത്തോമ്മായിക്ക്)* കൊടുത്തയച്ചു. ഇവിടെ കൊണ്ടുവന്നു വെച്ച് പൂട്ടി സൂക്ഷിച്ച് എടുത്തു നോക്കിയാറെ പൊടിഞ്ഞു പോകയും ചെയ്തു. ഇതിന്റെ ശേഷം പാറയംമ്മാക്കൽ ഗോവർണ്ണദോര് തിരുവനന്തപുരത്ത് ചെന്ന് മുഖം കാട്ടുവാനായിട്ട് യാത്ര നിശ്ചയിച്ചു. മാത്തുത്തരകൻ മുന്നൽ പോയി. ബഹുമാനപ്പെട്ട നമുക്കുള്ള മെത്രാപ്പോലീത്തായ്ക്ക് *(6–ാം മാർത്തോമ്മായ്ക്ക്)* ഒരെഴുത്തും ഗോവർണ്ണദോരും കൊടുത്തയച്ചതിൽ ഇപ്പോൾ തിരുവനന്തപുരത്തിന് യാത്ര നിശ്ചയിച്ചിരിക്കകൊണ്ടും തത്രത്താലെ *(ഝടിതിയിൽ)* ഉള്ള യാത്ര ആകകൊണ്ടും തമ്മിൽ കാണ്മാനുള്ളതിന് ചിങ്ങമാസം 30–ാനു ക്കകം കായംകുളത്തെത്തിയിരിക്കണമെന്നും അവിടെവെച്ച് തമ്മിൽ കാണ്മാനുള്ളതിന് സംഗതി വന്നില്ലാ എങ്കിൽ പിന്നെ ഏതുപ്രകാരമെന്ന് അറിഞ്ഞില്ലെന്നും എഴുതി വന്നതിന്റെ ശേഷം *(ഗോവർണ്ണദോര് 6–ാം മാർത്തോമ്മായിക്ക് കൊടുത്തയച്ച എഴുത്തിന്റെ ചുരുക്കമാണ് മേൽ പ്രസ്താവിച്ചിരിക്കുന്നത്)* മറുപടി എഴുതിയതിൽ ഈ അവധിക്കു തമ്മിൽ കാണ്മാനുള്ളതിന് സംഗതി വന്നില്ലെങ്കിൽ പിന്നെ ഏതുപ്രകാരമെന്ന് എഴുതി വന്നാറെ വളരെ വിഷാദമുണ്ടെന്നും ഓവിയുണ്ടെങ്കിൽ തമ്മിൽ കാണ്മാനുള്ളതിന് ഇപ്പോൾത്തന്നെ ആയാലും രണ്ടു നാലു ദിവസം കൂടെ താമസിച്ചു പോയാലും വിഷമമുള്ളതല്ലെന്നും തത്രത്താലെ ഉള്ള യാത്രയാകകൊണ്ട് ഈ അവധിക്ക് കായങ്കുളത്തെത്തുവാൻ ഞെരുക്കമുണ്ടെന്നും മറുപടി കൊടുത്തയക്കയും ചെയ്തു. തിരുവനന്തപുരത്ത് ചെന്ന് മുഖം കാട്ടി *(മഹാരാജാവിനെ ഗോവർണ്ണദോർ മുഖം കാട്ടി)* വരാപ്പുഴക്കാരെയും പുത്തൻചിറക്കാരെയും കൊല്ലത്ത് *(ലത്തീൻ)* മെത്രാനെയും വരുത്തി രണ്ടു കൂട്ടക്കാരെകൊണ്ടും ഒഴിഞ്ഞപ്രകാരം എഴുതിവെപ്പിച്ചു *(ഗോവർണ്ണദോരുടെ ഭരണത്തിൻകീഴുള്ള പഴയകൂറ്റു സുറിയാനിക്കാരുടെ മേൽ വരാപ്പുഴയും പുത്തൻചിറയും മറ്റുമുള്ള ലത്തീൻകാരായ മെത്രാന്മാർക്കും പാതിരിമാർക്കും മേലാൽ യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ലെന്ന് സമ്മതിപ്പിച്ച് രാജകല്പനപ്രകാരം എഴുതി വെച്ചുവെന്ന് സാരം. ഈ സമ്മതരേഖയ്ക്ക് പുറമെ കൊല്ലത്തു മെത്രാൻ എഴുതി അയച്ച് മൂന്നു സംവത്സരത്തിനകം റോമ്മായിൽ നിന്ന് പഴയകൂറു പരിഷക്ക് മേലിൽ ഗോവർണ്ണദോരെ വാഴിക്കുന്നതിന് അനുവാദം വരുത്തി കൊടുത്തുകൊള്ളാമെന്ന് ഭരമേറ്റതായ ഒരു ഉടമ്പടി അദ്ദേഹത്തെ കൊണ്ടു പഴയകൂറ്റുകാർക്ക് കൊടുപ്പിക്കയും ചെയ്തു. രാജസ്ഥാനത്ത് മാത്തുത്തരകനുള്ള സ്വാധീനശക്തി എത്ര വമ്പിച്ചതാണെന്ന് ഇക്കഥ പ്രസ്പഷ്ടമാക്കുന്നു. മഹാരാജാവിനെ മുഖം കാണിക്കുന്നതിലേക്ക് ഗോവർണ്ണദോർ*

*രണ്ടു ലക്ഷം കലിപണം അടിയറ തീർന്നു. 28070 ബ്രി. രൂപാ. വരാപ്പുഴ ക്കാരും ഏതാനും സംഖ്യ അടിയറ തീർന്നു.).*

ഏതാനും രൂപായും കൊടുപ്പിച്ചു. കൊല്ലത്തു മെത്രാനെ കൊണ്ട് മൂന്നു സംവത്സരത്തിനകം റോമ്മായ്ക്ക് എഴുതി അയച്ച് അനുവാദം വരുത്തി ഗോവർണ്ണദോരിനെ വാഴിക്കാമെന്നും എഴുതികൊടുപ്പിച്ച് പഴയകൂറ്റുമ്പുറ ത്തുള്ള പള്ളിക്കാരെകൊണ്ടു രണ്ടു ലക്ഷം കലിയൻ അടിയറയും തീർ പ്പിച്ചു. എല്ലാവരും പോന്നതിന്റെ ശേഷം വരാപ്പുഴയും പുത്തൻചിറയും ഉപേക്ഷിച്ച് നടന്നുവരിക കൊണ്ടും പുത്തൻകൂറ്റുകാരെ പഴയതിൽ ചേർ ക്കുന്നതിന് വേല ചെയ്യണമെന്നും നിശ്ചയിച്ച് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായ്ക്ക് *(6-ാം മാർത്തോമ്മായ്ക്ക്)* വാഴ്ചയുള്ളപ്രകാരം റോമ്മിൽ നിന്ന് എഴുതി വന്നിരിക്കകൊണ്ടും *(6-ാം മാർത്തോമ്മായുടെ സ്ഥാനാഭിഷേകം സാധുവാണെന്ന് മാർപ്പാപ്പായുടെ കല്പനയിൽ രേഖ പ്പെടുത്തിയിരിക്കുന്നതിനാലും എന്നു സാരം)* വല്ലപ്രകാരത്തിലും ശുദ്ധ മാന പള്ളിക്ക് *(റോമ്മാസഭയ്ക്ക്)* വഴക്കം ചെയ്യിച്ച് നമുക്ക് കൈക്കൊള്ള ണമെന്നും ആ ദേഹത്തെക്കൊണ്ട് ഗോവർണ്ണദോരിനെ വാഴിച്ചു കൊള്ളാ മെന്നും പലരും കൂടി നിശ്ചയിച്ച് മാത്തുതരകനെ പറഞ്ഞു ബോധിപ്പിക്ക കൊണ്ടും പല്ലക്കും ബഹുമാനങ്ങളും *(മഹാരാജാവ്)* കല്പിച്ച് കൊടുത്ത് രാജ്യത്തെ കുത്തകകൾ ഒക്കെയും ഏറ്റു തരകൻ തന്നെ നടത്തിവരുന്നു. തരകനും അവരിലുള്ള പ്രധാനപ്പെട്ട കത്തങ്ങളും മാപ്പിളമാരും കൂടെ ക്കൂടെ വരികയും പോകയും, വരാപ്പുഴക്കാരുടെ എഴുത്തും ആളും വരി കയും പാതിരിമാർ *(ലത്തീൻ പാതിരിമാർ)* വന്നു കണ്ടു പറഞ്ഞും കൊണ്ടുപോകയും ചെയ്തു.

*(6-ാം മാർത്തോമ്മാ റോമ്മാസഭയിൽ ചേരുവാൻ ഒരുങ്ങിയിരിക്കയാ ണെന്ന് പാറയംമ്മാക്കൽ തോമ്മാക്കത്തനാരും കരിയാറ്റിയും മറ്റും റോമ്മിൽ അറിയിച്ചിരുന്നു. അവർക്ക് ഏതുവിധേനയും ലത്തീൻകാരുടെ നുകം തകർത്ത് തൽസ്ഥാനത്ത് ഒരു നാട്ടു മെത്രാനെ പ്രതിഷ്ഠിക്കേണ്ടത് ഏറ്റവും ആവശ്യമായിരുന്നു. അതിലേയ്ക്ക് നയം കൊണ്ടും വേണ്ടി വന്നാൽ ബലം കൊണ്ടും മെത്രാപ്പോലീത്തായെ വിധേയനാക്കണമെന്നും അവർ നിശ്ചയിച്ചിരുന്നു. മാത്തുത്തരകന്റെ നിസ്സീമമായ സ്വാധീനശക്തി യെപ്പറ്റിയും തരകനോട് എതിർത്താൽ തനിക്കും കീഴിലുള്ള കത്തനാര ന്മാർക്കും പ്രമാണികൾക്കും സഭയ്ക്കു പൊതുവെയും വന്നുകൂടാവുന്ന കഠോര വിപത്തുകളെപ്പറ്റിയും അദ്ദേഹത്തിന് ശരിക്കറിയാമായിരുന്നു. അതിനാൽ അമിത പ്രബലനായ തരകനോടു പ്രത്യക്ഷത്തിൽ പിണങ്ങാ തെയും എന്നാൽ ഒരുവിധം അനുകൂലഭാവം പ്രദർശിപ്പിച്ചും കാലം മുമ്പോട്ടു തള്ളാമെന്ന് അദ്ദേഹം നിശ്ചയിച്ചു. മെത്രാപ്പോലീത്തായെ വഴിപ്പെടുത്തുന്നതിലേക്ക് ഇതിനിടയ്ക്ക് മാത്തുത്തരകൻ മഹാരാജാ*

http://www.malankaraorthodox.tv/

*വിന്റെ സഹായം അർത്ഥിച്ചു. മഹാരാജാവാകട്ടെ മെത്രാപ്പോലീത്തായെ
വേദനപ്പെടുത്താതെയും എന്നാൽ തന്റെ ഇംഗിതത്തിന് വഴിപ്പെടത്തക്ക
വിധത്തിലും റോമ്മാ സഭയിൽ ചേരുന്നത്, നന്നാണെന്നും ചേരുന്നപക്ഷം
അദ്ദേഹത്തെ ഗവർണ്ണദോരായി ഉയർത്താമെന്നും മറ്റും കാണിച്ച് ഒരു
തിരുവെഴുത്തയച്ചു. മഹാരാജാവ് തിരുമേനി കൂടി മാത്തുത്തരകന്റെ
അഭീഷ്ടസിദ്ധിയ്ക്ക് അനുകൂലിയാണെന്നു വന്നതോടുകൂടി തരകനു
മായി പ്രത്യക്ഷത്തിൽ പിണങ്ങാതെ കഴിച്ചുകൂട്ടേണ്ടത് അപരിത്യാജമായ
ഒരു ആവശ്യമായി പരിണമിച്ചു. എന്നാൽ പാറേമ്മാക്കൽ ഗവർണ്ണദോറി
ന്റെയും മാത്തുത്തരകന്റെയും എതിരാളികളായി വർത്തിച്ചിരുന്ന വരാപ്പുഴ
പാതിമാർക്ക് മെത്രാപ്പോലീത്തായുടെ യഥാർത്ഥമായ നിലയെ സംബ
ന്ധിച്ച് നേരിട്ടറിവുണ്ടായിരുന്നു. ഭരണാധികാരിയായ ഒരേ ഒരു നാട്ടു
മെത്രാൻ സുറിയാനിസഭയെ ഭരിച്ചുപോരുന്ന രീതിക്ക് എതിരായി ശീമക്കാ
രുടെ പിൻബലത്തോടുകൂടി കാട്ടുമങ്ങാട്ടു മെത്രാൻ ഒരു എതിർ മെത്രാ
നായി രംഗപ്രവേശം ചെയ്കയും കൊച്ചീരാജാവും ലന്തക്കമ്പനിയും
അതിനെ അനുകൂലിച്ച് തീട്ടൂരങ്ങൾ പുറപ്പെടുവിക്കയും ചെയ്തതോടു
കൂടി സംഭവ്യമായ കലാപങ്ങളെയും കുഴപ്പങ്ങളെയും മുൻകൂട്ടി കണ്ടു
കൊണ്ട് ജീവിത സ്വൈരതക്കും ഹൃദയശാന്തിക്കും വേണ്ടി ഒരുവേള
റോമ്മാസഭയിൽ ചേരുവാൻ അദ്ദേഹം ഒരവസരത്തിൽ മനസ്സു വച്ചിരുന്നെ
ങ്കിൽത്തന്നെയും കാട്ടുമങ്ങാടൻ രംഗത്തു നിന്ന് പൂർണ്ണമായി അന്തർ
ദ്ധാനം ചെയ്കയും ശീമക്കാരുമായി നിഷ്കപടമായി യോജിക്കയും,
സാഹചര്യങ്ങളെല്ലാം അനുകൂലങ്ങളായി പരിണമിക്കുകയും ചെയ്തിരി
ക്കുന്ന ഈ ഒരു സൗഭാഗ്യഘട്ടത്തിൽ ആറാം മാർത്തോമ്മായിക്ക് റോമ്മാ
സഭയിൽ ചേരേണ്ടതായ യാതൊരാവശ്യവും ഇല്ലെന്ന് അവർക്ക് - പാതിരി
മാർക്ക് - ദൃഢനിശ്ചയമുണ്ടായിരുന്നു. റോമ്മാ സഭയിൽ ചേരണമെന്ന്
അദ്ദേഹത്തിന് അല്പമെങ്കിലും ആഗ്രഹമുണ്ടായിരുന്നെങ്കിൽ മഹാ
രാജാവിന്റെ തിരുവെഴുത്ത് അദ്ദേഹം സസന്തോഷം സ്വീകരിക്കുമായി
രുന്നു. നേരെമറിച്ച് അദ്ദേഹം തന്റെ മതവിശ്വാസത്തിലുള്ള നിഷ്ഠാ
ദാർഢ്യം ഒന്നുകൊണ്ടു മാത്രം വമ്പിച്ച അവമാനത്തേയും കഠോരതരമായ
പീഡനങ്ങളേയും മനസ്സോടെ സഹിപ്പാൻ സന്നദ്ധത പ്രകാശിപ്പിക്കുന്ന
തായി അനന്തര കഥകൾ വെളിപ്പെടുത്തുന്നു. അദ്ദേഹവുമായി അടുത്തു
പെരുമാറുവാൻ സൗകര്യം ലഭിച്ചിരുന്ന എല്ലാ ലത്തീൻകാർക്കും, 6-ാം
മാർത്തോമ്മാ റോമൻ കത്തോലിക്കാ സഭയിൽ ചേരുവാൻ പോകുന്നുവെ
ന്നുള്ളത് മാത്തുതരകന്റെയും കൂട്ടരുടെയും കേവലം വാർത്താ പ്രചരണ
തന്ത്രം മാത്രമാണെന്ന് അറിയാമായിരുന്നു. സംഭവിക്കാൻ ഇടയുള്ള വിപ
ത്തുകളെ ഭയന്ന് അദ്ദേഹം ഒരു കപടനില സ്വീകരിച്ചിരിക്കയാണെന്ന്
ലത്തീൻകാർ ധരിച്ചു. 6-ാം മാർത്തോമ്മാ റോമ്മാ സഭയിൽ ചേരുവാൻ
കാലുംനീട്ടി കാത്തിരിക്കയാണെന്ന് പാറയംമാക്കൽ ഗോവർണ്ണദോർക്ക്*

http://www.malankaraorthodox.tv/

*നിശ്ചയമുണ്ടായിരുന്നെങ്കിൽ, അദ്ദേഹം തിരുവനന്തപുരത്തേക്ക് മുഖം കാണിപ്പാൻ യാത്ര പുറപ്പെടുന്ന അവസരത്തിൽ ഈ ഗ്രന്ഥവരിയിൽ രേഖപ്പെടുത്തിയിരിക്കുന്നവിധത്തിൽ ഒരു എഴുത്തിനും മറുപടിക്കും ആവശ്യം നേരിടുന്നതുമല്ലായിരുന്നു. രണ്ടുപേരും ഉള്ളുകൊണ്ട് അകന്നു നിൽക്കുന്ന ഒരു കാഴ്ചയാണ് ഈ എഴുത്തുകുത്ത് പ്രത്യക്ഷപ്പെടുത്തുന്നത്. ഗോവർണ്ണദോരുടെ വരവും, അങ്കമാലി പടിയോലക്കാര്യങ്ങളും, പഴയകൂറ്റ് സുറിയാനിക്കാരുടെ സർവ്വപ്രധാനമായ ആവശ്യവും മാത്തുതരകന്റെ മുമ്പുകൂട്ടിയുള്ള തിരുവനന്തപുരം യാത്രയും, പിന്നാലെ മുഖം കാണിപ്പാനുള്ള ഗോവർണ്ണദോരുടെ തിരുവനന്തപുരം യാത്രയും ഒക്കപ്പാടെ കൂടി 6-ാം മാർത്തോമ്മായുടെ മനസ്സിൽ വിവിധ വിചാരങ്ങളെ ഇളക്കിവിട്ടുവെന്ന് ഈ എഴുത്തുകൾ സ്പഷ്ടമായി തെളിയിക്കുന്നു.)*

ഇങ്ങനെയൊക്കെ കാൺക കൊണ്ട് പുത്തൻകൂറ്റുംപുറത്തുള്ള കത്തങ്ങൾക്കും മാപ്പിളമാർക്കും ഏറിയ വിചാരവും സംശയവും തോന്നി. കരിയാറ്റിൽ മല്പാന്റെ പറ്റിൽ എഴുത്തു കൊടുത്തിട്ടുണ്ടെന്നും അതുകാരണത്താലത്രെ ഇപ്രകാരമൊക്കയും കഴിഞ്ഞുവരുന്നതെന്നും പലരും സംസാരിച്ചു വരുമ്പോൾ പുത്തനും പഴയതും *(പുത്തൻകൂറും പഴയകൂറും)* ഒന്നായിട്ട് നടക്കണമെന്ന് കല്പിച്ച് തിരുവെഴുത്തും *(മഹാരാജാവിന്റെ തിരുവെഴുത്ത്)* യജമാനന്മാരുടെ *(സർക്കാർ അധികാരികളുടെ)* സാധനങ്ങളും പലപ്പോഴും വരികയും മറുപടി കൊടുത്തയക്കയും ചെയ്തുവന്നു.

## 973 വരെ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ്

1781-ന് കൊല്ലം 956-ാമാണ്ട് മാവേലിക്കര വെച്ച് വലിയ തമ്പുരാനെ മുഖം കാട്ടിയപ്പോൾ ഒരു മോതിരം മെത്രാപ്പോലീത്തായ്ക്ക് കല്പിച്ചു കൊടുത്തു. പിന്നത്തേതിൽ അരിപ്പാട്ട് വെച്ച് ഇളയതമ്പുരാനെ *(ബാലരാമവർമ്മ)* മുഖംകാട്ടിയപ്പോൾ ഒരു തലപ്പാവും കുപ്പായത്തിനു വേണ്ടുന്ന പട്ടുകളും കൊടുത്തു. അന്ന് കൊച്ചിട്ടിത്തരകൻ കൂടെ ഉണ്ടായിരിക്കകൊണ്ട് സ്ഥാനംപ്രതി ഉപകാരമുള്ള വചനങ്ങൾ പലതും തിരുമനസ്സറുവീക്കയും ചെയ്തു *(സ്ഥാനത്തെ സംബന്ധിച്ച് - സുറിയാനി സഭയുടെ വൈദിക മേലദ്ധ്യക്ഷതയെ അഭേദമായി നിലനിർത്തേണ്ടത് രാജ്യത്തിന്റെ നന്മയ്ക്ക് ആവശ്യമെന്നായിരിക്കാം ഇവിടത്തെ ആശയം).* മെത്രാപ്പോലീത്താ പട്ടമന പറവൂർ *(പറവൂരിന്റെ പഴയപേർ ഇങ്ങനെയാണ്)* ഇരിക്കുമ്പോൾ തഴക്കരെ കുഞ്ഞുപോത്തത്തരകൻ മുഖാന്തിരത്തിൽ കുമാരൻ ചെമ്പ്രാപ്പിള്ള വലിയ സർവാധികാര്യക്കാററു അങ്ങൂന്ന് പള്ളിയുടെ മുറിയിൽ വന്നു കണ്ടു പറഞ്ഞു പിരികയും ചെയ്തു.

1789-ന് കൊല്ലം 964-ാമാണ്ട് കന്നിമാസം 30-ാനു മാവേലിക്കര വെച്ച് വലിയതമ്പുരാനെ മുഖം കാട്ടി. അന്നു മുമ്പിലത്തെ പോലെ ഒരു മോതിരം

കല്പിച്ചു കൊടുത്തു. കൂടിയ ദേശക്കാരെ കൊണ്ടു പത്തനൊൻപത് കുത്ത് പട്ട് അടിയറ വെയ്പിച്ച് പുറത്തിറങ്ങി കേശവപിള്ള സമ്പ്രതിപ്പിള്ളയുമായിട്ട് *(പിന്നീട് കേശവദാസ ദിവാൻജി)* കണ്ടു പറഞ്ഞും കൊണ്ടു പുതിയകാവിൽ വന്നു. എപ്പിസ്ക്കോപ്പാ *(മാർ ഈവാനിയോസ്)* അവിടെ ഇരിക്കകൊണ്ടും ഇംഗ്ലീഷ് കപ്പിത്താന്മാരു രണ്ടു പേരു മുറിത്തട്ടേൽ പാർത്തുകൊണ്ട് പള്ളിയകത്തിരുന്നു.

അന്നു രാത്രിയിൽ മാത്തുത്തരകനും വന്നു കണ്ടു. പിറത്തോട്ടു കത്തനാരും തരകനും തമ്മിലുള്ള കാർയ്യവും പറഞ്ഞു. അന്നു തന്നെ നിരണത്തിന്നു പോവുകയും ചെയ്തു. പിന്നത്തേതിൽ തേവലക്കര കൊച്ചുമ്മൻ വൈദ്യനും പിറത്തോട്ടു കത്തനാരും കോട്ടക്കകത്ത് ചെന്നാറെ പഴയകൂറ്റുകാർ രണ്ടു ലക്ഷം കലിയൻ തന്നുയെന്നും നിങ്ങളും ഏതാനും തരണമെന്നും പറകകൊണ്ട് വളരെ ഒക്കയും സങ്കടം പറഞ്ഞു. നാല്പതിനായിരം കലിയൻ അടിയറ തീരുകയിൽ (5614 രൂപാ) തുലാമാസം 21-നു എല്ലാവരും നിരണത്തു പള്ളിയിൽ കൂടി പണത്തിനു വരിയിട്ടു. അന്നു കൂടെ പെൺകെട്ട് വകക്ക് നൂറു പണമിട സ്ത്രീധനം കൊടുക്കുന്നതിന് ആറും നാലുമായിട്ട് ഓരോ രാശി പള്ളികളിൽ വയ്പ്പിക്കയും ചെയ്തു.

## ടിപ്പുവിന്റെ വരവ്

ഇങ്ങനെ ഇരിക്കുമ്പോൾ 1790-ന് കൊല്ലം 965-ാമാണ്ട് ധനുമാസം 18-നു ടിപ്പു സുൽത്താൻ വെട്ടികോട്ടയിൽ കരേറി. ഉടൻതന്നെ ഇറങ്ങി. മേടമാസം 6-ാനു മേലൂക്കോട്ടയിൽ കോട്ടയും കോത്തളവും നിരത്തി. അവന്റെ ആളുകൾ ആലുവായോളവും വന്നു പരന്നു. അതിനകമുള്ള ഇല്ലങ്ങളും ക്ഷേത്രങ്ങളും പള്ളികളും കമ്പോളങ്ങളും ചുട്ട് ദ്രവ്യങ്ങളും എടുത്തു കൊണ്ട് കോട്ടക്ക് പുറത്തിറങ്ങി. ഇതിന്റെ ശേഷം കേശവപ്പിള്ള ദിവാൻജി അങ്ങുന്ന് ഇംഗ്രേസ് പട്ടാളത്തെക്കൂട്ടി പടവെട്ടി ശ്രീരംഗപട്ടണത്തോളം പിടിക്കയും ചെയ്തു. പടകേറിയാറെ ഏറിയ ആളുകളെ ചേലയിൽ കൂട്ടി.

*(ശ്രീരംഗത്തിൽ പത്തു വർഷക്കാലം തടവുകാരനായിരുന്ന (ഒരു യൂറോപ്യൻ നാവികൻ) ജേംസ് സക്കറിയാ എന്ന ഇംഗ്ലീഷുകാരൻ സ്വന്ത കണ്ണുകൊണ്ടു കണ്ട് അനുഭവപ്പെട്ട നിലയിലാണ് നസ്രാണികളോട് ടിപ്പു ചെയ്ത പാതകകൃത്യങ്ങൾ വിവരിക്കുന്നത്. ഈ തടവുകാരായ ക്രിസ്ത്യാനികളെ രക്ഷിക്കുന്ന വിഷയത്തിൽ ഇന്ത്യയിലെ ബ്രിട്ടിഷ് ഉദ്യോഗസ്ഥന്മാർ യാതൊന്നും ചെയ്തില്ല. ഇതെല്ലാം 1783-1784 നും മദ്ധ്യേ ഹൈദരുമായി യുദ്ധം ചെയ്ത് പരാജയം വരിച്ച ഒരു ബ്രിട്ടീഷ് ജനറലായ മാത്യുവിന്റെ ഉത്തരവാദിത്വരാഹിത്യം കൊണ്ടു വന്നുകൂടിയതാണ് ഈ മലബാർ ക്രിസ്ത്യാനികളുടെ കഷ്ടതകൾ എന്ന് ജേംസ് സക്കറിയാ പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. 1114-11-18 പൗരപ്രഭ).*

*(ടിപ്പു സുൽത്താൻ വടക്കൻ തിരുവിതാംകൂറിൽ പഴയകൂറ്റുകാരുടെയും പുത്തൻകൂറ്റുകാരുടെയും പല പള്ളികൾ നശിപ്പിച്ചു. അനവധി ക്രിസ്ത്യാനികളെ ചേലയിൽ ചേർത്തു. ചേലയിൽ കൂടുവാൻ മനസ്സില്ലാത്ത അനവധി ക്രിസ്ത്യാനികളെ കൊന്നൊടുക്കി. മടക്കയാത്രയിൽ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ 30000 പേരെ മൈസൂരിലേക്ക് കൊണ്ടുപോയി. ഇവരിൽ ആയുധം ധരിക്കുവാൻ കരുത്തുള്ളവരെ ചേല ചെയ്ത് നാലു ബറ്റാലിയൻ സൈന്യത്തെ സംഘടിപ്പിക്കയും ചെയ്തു. സ്ത്രീകളിൽ സൗന്ദര്യശാലികളെ ടിപ്പു തന്റെ വെപ്പാട്ടിമാരായി അയക്കുവാൻ ഭാവിച്ചതിനെ നസ്രാണികൾ എതിർക്കയാൽ അവരെ ശ്രീരംഗത്തു പട്ടണത്തിൽ കൊണ്ടുചെന്നു ചംബാരന്മാർ എന്നു പേരുള്ള ചെരുപ്പുകുത്തികളെ കൊണ്ടു മൂക്കും മേൽച്ചുണ്ടും ചെവികളും മുറുപ്പിച്ച് കഴുതപ്പുറത്ത് കയറ്റി പിന്നാക്കം തിരിച്ചിരുത്തി പട്ടണ പ്രദക്ഷിണം ചെയ്യിച്ചു. പിന്നീട് ഈ 30000 നസ്രാണികളെ കാള എന്ന് പേരുള്ള അന്ധകാര നിബിഡമായ ഒരു ജയിലിൽ പാർപ്പിച്ചു. ഇവരിൽ പലരെയും ടിപ്പുവിന്റെ വിവിധ വെടിമരുന്നുശാലകളിൽ തുച്ഛമായ പ്രതിഫലത്തിൽ വേലയ്ക്കായി നിയമിച്ചിരുന്നു. 26-പേർ ഒഴിച്ചുള്ള അഭയാർത്ഥികന്മാരെല്ലാം അല്പകാലത്തിനുള്ളിൽ കഷ്ടപ്പെട്ടു മരിച്ചു. സ്ത്രീകളെ അന്തഃപുരങ്ങളിലേക്കും കൊണ്ടുപോയി.)*

അന്നത്തെ തിടുക്കത്തിൽ അഞ്ചൂരിരുന്ന മെത്രാപ്പോലീത്താ കോട്ടക്കകത്ത് കരേറി മുളന്തുരുത്തിലും കരിങ്ങോച്ചിറയും വന്നു പാർത്തിരിക്കുമ്പോൾ ചാട്ടുകുളങ്ങരെ പുലിക്കോട്ടു ഇട്ടൂപ്പ് കത്തനാരെ ചേലയിൽ കൂട്ടുകകൊണ്ടു അതിനെക്കുറിച്ച് കരിങ്ങോച്ചിറചെന്ന് കാട്ടുമങ്ങാട്ട് മൂപ്പിലെ കൂടെ റമ്പസുഖം ഏൾപ്പിക്കയും ചെയ്തു. ആയവസ്ഥ പെരുമ്പടപ്പിൽ അറിഞ്ഞ് റെമ്പാന്റെ വസ്തുവകയും കണ്ടുകെട്ടി എടുപ്പിച്ചു. കാട്ടുമങ്ങാട്ടു മൂപ്പിലെ അനുജൻ ചാലികോരെ കൊണ്ട് 7000 പുത്തൻ പ്രായശ്ചിത്തവും ചെയ്യിച്ചു. ഇതിനിടയിൽ അദ്ദേഹം അഞ്ചൂർക്ക് പോകയും ചെയ്തു. കൊല്ലം 966-ാമാണ്ട് മീനമാസത്തിൽ പുലിക്കോട്ടിൽ കത്തനാരും ചെങ്ങന്നൂർ വന്ന് അയാൾ ചെയ്ത കാർയ്യം പിഴ അനുസരിച്ചു കച്ചീട്ടു വെച്ചു. ഇതിന്മണ്ണം പലർക്കും റംപസുഖം കൊടുക്കയും പട്ടം കൊടുക്കയും ചെയ്തു വന്നത് ഒക്കയും കൂടക്കൂടെ വന്നാൽ ചിലരെ അഴിച്ചുവിടുകയും ചിലർക്ക് പട്ടംകൊടുക്കയും മനസ്സു മുട്ടുമ്പോൾ അവരു പോകയും ഇങ്ങനെ പലതും ചെയ്തുവന്നതൊക്കെയും എഴുതിയാലും പറഞ്ഞാലും കൂടുകയില്ലാ. വല്ലപ്രകാരത്തിലും വരുത്തി അവിടത്തെ മനസ്സുപോലെ ഇരുന്നുകൊള്ളട്ടെ എന്നുംവെച്ച് പലപ്പോഴും ആളയക്കുകയും സ്നേഹമുള്ള ആളുകളെ പറഞ്ഞയക്കയും ചെയ്തിട്ട് ഇങ്ങോട്ടു വരണമെന്നും തോന്നുകയില്ല. ഇതിന്റെ ശേഷം കൊല്ലം 966-ാ

http://www.malankaraorthodox.tv/

മാണ്ട് കുംഭമാസം 25-ാനു നാലു നാഴിക പുലർന്നപ്പോൾ പ്രക്കാട്ടു നിന്ന് കൊല്ലത്തു മാമ്പള്ളി മെത്രാനും പാറയംമാക്കൽ ഗൊവർണ്ണദോരും ഒരു പാതിരിയും പ്രക്കാട്ട് കൊച്ചിട്ടിത്തരകനും കല്ലൂർക്കാട്ട് നാരകത്തറ ചാണ്ടിക്കത്തനാരും അഞ്ചു കാപ്പിരികളും 15 മാപ്പിളമാരും കൂടെ വള്ളം വഴിക്ക് മെത്രാച്ചനെ കാണ്മാൻ ചെങ്ങന്നൂർ പള്ളിയിൽ വന്നു. ഇതിനും മുമ്പ് പുതിയകാവിൽ നിന്നും 964-ാമാണ്ട് കർക്കടകമാസത്തിൽ മാർ ഈവാനിയോസ് അപ്പസ്ക്കോപ്പായെ ചെങ്ങന്നൂർ വരുത്തി പാർപ്പിച്ചിരിക്കുന്നു. ഇവരു വന്നാറെ പൂമുഖത്തിറങ്ങി മൂന്നു കസേരയും ഇട്ടിരുന്നു വർത്തമാനങ്ങളും പറഞ്ഞു അവരെ പടിപ്പുര മാളികയിൽ പാർപ്പിച്ചു. 26-നു ബുധനാഴ്ച കുരിശുവര പെരുന്നാൾക്ക് കുർബ്ബാനക്കു താഴെ ഇറങ്ങിയപ്പോൾ ഇവരു കൂടെ വന്ന് കുർബ്ബാന കണ്ടു. പീടികയിൽ കോശിക്കത്തനാർക്ക് വിഗാരിത്തം ആകകൊണ്ടു അദ്ദേഹം അത്രെ ചൊല്ലിയത്. പിറ്റെദിവസം എല്ലാവരും കൂടെ പടിഞ്ഞാറെ മാളികയിൽ ചെന്നു അപ്പസ്ക്കോപ്പായുമായിട്ടു യാത്ര ചൊല്ലി പള്ളിയകത്തിറങ്ങി കുമ്പിട്ട് പടിപ്പുരയിലോളം കൂടെ ചെന്നു പിടിച്ചു തഴുകി കല്ലൂർക്കാട്ടിനു പോകയും ചെയ്തു.

പലപ്പോഴും കണ്ടു പറഞ്ഞതിന്റെ ഒടുക്കം കായങ്കുളത്തു വെച്ച് എല്ലാവരും കൂടി ഇന്നപ്രകാരമെന്ന് നിശ്ചയിച്ച് കൊള്ളുമെന്നത്രെ പറഞ്ഞു പിരിഞ്ഞത്. അതിന്റെശേഷം 967-ാമാണ്ട് കന്നിമാസം 20-ാനു എല്ലാവരും കായംകുളത്തു പള്ളിയിൽ കൂടി പാർത്താറെ മാത്തുത്തരകന്റെ മകൻ മരിക്കകൊണ്ട് മെത്രാൻ കൊല്ലത്തിനു പോയി. അശ്ചനും *(മെത്രാച്ചൻ)* ഗോവർണ്ണദോരും കൂടെ നിരണത്തിന്നു വന്നു നാലു തീയതി പാർത്ത് ഗോവർണ്ണദോരു കല്ലൂർക്കാട്ടിന്നു പോവുകയും ചെയ്തു. പിന്നെ പലരും വരികയും എഴുത്ത് വരികയും ഉണ്ടായാറെ വൃശ്ചികമാസം 22-ാനു ഞായറാഴ്ച നിരണത്ത് പള്ളിയിൽ എല്ലാവരും കൂടണമെന്നും അത്രെ നിശ്ചയിച്ചത്. അന്ന് ചെങ്ങനാശ്ശേരിക്കാരും കല്ലൂക്കാട്ടുകാരും പ്രക്കാട്ടു കൊച്ചിട്ടിത്തരകനും പടിയും കോപ്പുകളും കൊണ്ടു പഴെ ക്രമം *(ഉദയമ്പേരൂർ സുന്നഹദോസിന്ന് പിമ്പുണ്ടായ രീതി)* കുർബ്ബാന ചൊല്ലുവാനത്രെ വന്നത്. അച്ചൻ *(മെത്രാച്ചൻ)* കാലത്തെ കുർബ്ബാന ചൊല്ലിയതിന്റെ ശേഷം മാത്തുത്തരകന്റെ മകൻ യൗസേപ്പ് മരിക്കകൊണ്ടു കൂടിയ ആളുകൾ പിരികെ വേണ്ടൂ എന്നും തരകന്റെയും മെത്രാന്റെയും എഴുത്തു വന്നു. പിന്നെയും എഴുത്താലെയും വചനത്താലെയും നിശ്ചയിച്ചിരിക്കുന്ന കാർയ്യങ്ങൾ സാധിപ്പാൻ അവർ വിചാരിച്ചുവരുന്നു.

## ഡച്ചുകാലഘട്ടം അവസാനിച്ചു. ബ്രിട്ടീഷ് ഭരണകാലഘട്ടം

### പുത്തൻകാവ് പള്ളിപണി

ഒരു പള്ളി വെയ്പിക്കണമെന്ന് മുമ്പിനാലെ നിരുവിച്ചിരുന്നതു സാധി

http://www.malankaraorthodox.tv/

പ്പാൻ ചെങ്ങന്നൂർ ഇടവകയിൽ കിഴക്കെമുറിയിൽ പുത്തൻകാവിൽ കമ്പോളത്തിൽ നൂറ്റിചില്വാനം വീടും പുറമെ കുടികളിൽ ഏറ്റം മാപ്പിള മാരും ഉണ്ടായിരിക്കകൊണ്ട് പുത്തൻകാവിൽക്കാരെ വരുത്തി പറഞ്ഞ് പുന്നരട്ടെ പണ്ടാരത്തിലെ ജന്മം പുത്തൻകാവിൽ കിഴക്കെ അറ്റത്ത് പുത്തൻകാലാപ്പറമ്പ് വാങ്ങിക്കണമെന്നും നിശ്ചയിച്ച് കമ്പോളക്കാരു ചെന്ന് പണ്ടാരത്തിലെ ബോധിപ്പിച്ചാറെ മെത്രാൻ പറഞ്ഞയച്ചതിനു ഭേദം ഇല്ലെന്നും ആധാരം ചെയ്തുകൊടുക്കാമെന്നും കല്പിക്കകൊണ്ടും 968-ാമാണ്ട് മിഥുനമാസം 26-ാനു ആധാരം ചെയ്യിച്ച വകക്ക് തമ്പുരാക്ക ന്മാർക്ക് വച്ചു തൊഴിലും കാണവും പുറച്ചിലവും ഉൾപ്പെടെ ഏറ്റം ചില വാകയും ചെയ്തു. മാത്തുതരകനുമായിട്ട് സ്നേഹമായിരിക്കകൊണ്ടു തിരുവനന്തപുരത്ത് ചെന്ന് തിരുമനസ്സ് അറുവിച്ചു 1211 കല്യൻ അടിയ റയും തീർപ്പിച്ച് നീട്ടും സാധനവും വാങ്ങിച്ചു തരികയും ചെയ്തു. ഇതിന്റെശേഷം ഏറിയ പണം ചിലവിട്ട് കല്ലും മരങ്ങളും വരുത്തി 969-ാ മാണ്ട് വൃശ്ചികമാസം 17-ാനു വെള്ളിയാഴ്ച നാൾ പണി തുടങ്ങി. പണി ചെയ്യിച്ചു വരുമ്പോൾ ദേവസയുടെ പൈശന്യത്താലെ *(പിശാചിന്റെ ഉപദ്രവം നിമിത്തം)* ചെങ്ങന്നൂർ ക്ഷേത്രത്തിന് നേർ കിഴക്ക് ആക കൊണ്ട് ദേവന്മാർക്ക് ധാന്ന്യാസം കുറഞ്ഞുപോകുമെന്ന് നിത്യ കാർയ്യയോഗവും അടിയന്തിര യോഗവും കൂടി വിചാരിച്ച് പള്ളി പണിയിച്ചു കൂടായെന്നും ആളയച്ച് വിരോധിച്ചാറെ പണിമുടക്കുകയും ചെയ്തു. അതിന്റെ ശേഷം പണ്ടാരത്തന്മാരും പോറ്റിമാരും ഗ്രാമജനങ്ങളും കൂടെ തിരുവനന്തപു രത്തു *(മഹാരാജാവ്)* എഴുന്നെള്ളിയിരിക്കുന്നെടത്ത് ചെന്ന് അറുവിക്ക കൊണ്ട് കല്പിച്ച് ആളു വരികയാൽ പുത്തൻകാവിൽ നിന്നും നാലു പേരെ അയച്ചിരുന്നു. മാത്തുത്തരകനും കൂടെച്ചെന്ന് തിരുമുമ്പാകെ വെച്ച് പല ദിവസവും കാർയ്യം കേട്ടു. പള്ളിവെച്ചു കൊള്ളത്തക്കവണ്ണം കല്പന വന്നു. നിത്യകാർയ്യയോഗത്തിലേക്ക് സാധനവും തന്നു. വീണ്ടും പള്ളി പണി ചെയ്തുവരുമ്പോൾ രണ്ടാമതും വിരോധിച്ചു. ഉടൻതന്നെ നട ക്കയും ചെയ്തു. ഈ കാര്യത്തിനു വളരെ പ്രയത്നം മാത്തുതരകൻ ചെയ്തിരുന്നു. പുന്നരു പണ്ടാരത്തിൽ ശേഷം പേരൊട്ടു കൂടിയുമില്ല. പലരും പറഞ്ഞിട്ട് ഇളക്കവും ഭേദവുമുണ്ടായതുമില്ല. അശ്ചനിരിപ്പാൻ *(മെത്രാച്ചന്)* പള്ളിയുടെ തെക്കുവശത്ത് പീടികയിൽ കോശിക്കത്തനാരും കൊച്ചിട്ടിയും യോഹന്നാൻ മാപ്പിളയും കൂടെച്ചെന്ന് പാർത്ത് ഒരു മുറി പണിയിച്ചു. അപ്പസ്ക്കോപ്പായിക്കു വയസ്സാകകൊണ്ടും പുതിയകാവിൽ ഇരുന്നിട്ടുള്ള ബുദ്ധിമുട്ടുകൊണ്ടും വരുത്തിയാറെ വേണ്ടുംവണ്ണം രക്ഷിച്ച് അസ്തമിച്ചു ഒരു നേരം രണ്ടു പേരും ഒന്നിച്ച് മേശ കഴിക്കയും ദിവസം പകലും രാവും പുസ്തകങ്ങൾ വായിക്കയും മെത്രാപ്പോലീത്താ പഠി ക്കയും ചെയ്തുവന്നു. ഇതിനു മുമ്പ് 964-ാമാണ്ട് പുതിയകാവിൽ വെച്ച് പുത്തൻക്രമം നമസ്ക്കാരവും പട്ടം വെട്ടുകയും കാപ്പയിട്ടു കുർബ്ബാന

http://www.malankaraorthodox.tv/

ചൊല്ലുകയും പെൺകെട്ടും മാമ്മോദീസായും പഴയക്രമം നടന്നു കൊള്ള ത്തക്കവണ്ണവും ഒരു പടിയോല *(പൊതുയോഗ നിശ്ചയം)* എഴുതി അതി ന്മണ്ണം നടന്നുവന്നു. അശ്ചന്റെ *(മെത്രാച്ചന്റെ)* അനന്തരവൻ മാത്തൻ കത്തനാർക്ക് കന്നിപ്പട്ടവും കുർബ്ബാനപ്പട്ടവും ബാവാ *(മാർ ഈവാനി യോസ് എപ്പിസ്ക്കോപ്പാ)* അത്രെ കൊടുത്തു പഠിപ്പിച്ചു വരുന്നത്. പഴയ കൂറ്റുകാരുടെ കാർയ്യത്തിന് ബാവായുടെ കാർയ്യം പറഞ്ഞത്രെ നിലനിന്നു വന്നത് *(അതായത് 6-ാം മാർത്തോമ്മായും സുറിയാനി സഭയും റോമൻ കത്തോലിക്കാ സഭയിൽ ചേരണമെന്നുള്ള മാത്തുത്തരകന്റെ സൗഹാർദ്ദ നിർബന്ധത്തിന് വഴിപ്പെടുന്നതിന്, മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ - ബാവാ - സമ്മതിക്കുന്നില്ലെന്നും അദ്ദേഹം സമ്മതിക്കാതെ വിശ്വാസാ ചാരവിഷയമായ കാർയ്യങ്ങളിൽ തനിക്ക് തനിച്ച് യാതൊന്നും ചെയ്‌വാൻ നിവൃത്തിയില്ലെന്നും ഒരു ന്യായമായ കാരണം പറഞ്ഞാണ് മെത്രാപ്പോ ലീത്താ ഒഴിഞ്ഞുതിരിഞ്ഞ് നിന്നിരുന്നതെന്ന് സാരം. മെത്രാപ്പോലീത്താ പറയുന്ന കാരണം ന്യായമായ ഒന്നല്ലെന്ന് മാത്തുത്തരകന് പ്രതിഷേ ധിപ്പാൻ നിവൃത്തിയില്ലായിരുന്നു. രാജസേവകനും ക്രൂരഹൃദയനുമായ മാത്തുത്തരകനോടു പ്രത്യക്ഷമായി എതിർത്ത് നില്പാൻ മെത്രാപ്പോലീ ത്തായിക്ക് പ്രയാസമായിരുന്നു).*

ഇങ്ങനെയിരിക്കുമ്പോൾ മിശിഹാകാലം 1794-ൽ കൊല്ലം 964-മാണ്ട് മേടമാസം 7-നു മാർ ഈവാനിയോസ് എപ്പിസ്കോപ്പാ കാലം ചെയ്ത് ചെങ്ങന്നൂർ തെക്കെ കബറുങ്കൽ അടങ്ങുകയും ചെയ്തു. ഇദ്ദേഹം കാലം ചെയ്യുന്നതിന് തലേ ദിവസം പെസഹാ ആയിരുന്നു. അന്ന് അശ്ചന്റെ അനന്തരവൻ മാത്തൻ കത്തനാർക്കും ബാവായുടെ കൂടെനിന്ന പീലി പ്പോസു കത്തനാർക്കും *(കായംകുളം പീലിപ്പോസു റമ്പാൻ)* മെത്രാപ്പോ ലീത്താ കുർബാന ചൊല്ലി റമ്പസുഖം കൊടുത്തു. അവരു രണ്ടു പേരെയും ബാവാ *(മാർ ഈവാനിയോസ്)* നല്ലവണ്ണം കാണുകയും ചെയ്തു. അദ്ദേഹത്തിന്റെ കർമ്മങ്ങളും വേണ്ടുംവണ്ണം കഴിച്ചു. ആയാണ്ട് കർക്കിടമാസം 4-നു മെത്രാച്ചൻ പുത്തൻകാവിൽ തെക്കുവശത്തു പണി യിച്ച മുറിയിൽ ചെന്നു പാർത്തു കുർബാനയും ചൊല്ലി. പണിക്കു വേണ്ടു ന്നതിനെ വിചാരിച്ചു വരുമ്പോൾ ആ മാസത്തിൽ വലുതായിട്ട് ഇളുരു വെള്ളം (അതി വൃഷ്ടി നിമിത്തം പർവതസാനുക്കളിലുള്ള വലിയ തടാ കങ്ങളിൽ കെട്ടിനിൽക്കുന്ന ജലം കൂലംപൊട്ടി ഒന്നായിപ്പായുക) പൊങ്ങി വേണ്ടുന്ന തടിയും കല്ലും വന്നുകൂടി. ദ്രവ്യച്ചിലവർപ്പ് പിടിത്തം കൂടാതെ ചിലവിടുകകൊണ്ടും കമ്പോളക്കാരുടെ പ്രയത്നം കൊണ്ടും വേഗത്തിൽ പണി നടപ്പായി. 970-മാണ്ട് വൃശ്ചികമാസം 14-നു മദുബഹായ്ക്ക് വീട്ടു കോളിട്ടു *(ഓരോ വീട്ടുകാരും പണിവകക്ക് ഇന്നത് തരണമെന്നുള്ള വ്യവ സ്ഥ).* മകരമാസം 29-നു ഉത്തരപ്പൊഴുതു *(ഉത്തരങ്ങൾ കൂട്ടി ഘടിപ്പി*

http://www.malankaraorthodox.tv/

*ക്കുക)* കഴിച്ചു. ഓരോരോ സംഗതിക്ക് പഞ്ഞക്കാർക്ക് സമ്മാനങ്ങളും പലരുടെയും പേർക്ക് വെള്ളം കുടിയും *(ഇന്നത്തെ ചായസൽക്കാരത്തിനു പകരം പണ്ട് ഉപയോഗിച്ചുപോന്ന പേര് വെള്ളം കുടി എന്നാണ്)* നിരണത്തു ഇടവകക്കാരുടെ പേർക്കു വരിയിട്ടു പിരിച്ച 2000 ... (പറ) നെല്ലും മറ്റുള്ള ആളുകൾ വഴിപാടായിട്ടു ചെയ്തതുമല്ലാതെ ചെങ്ങന്നൂർ പള്ളി വകയായിട്ടും അഛന്റെ *(മെത്രാച്ചന്റെ)* വകയായിട്ടും ഏറ്റം ചിലവിട്ടു പണി ചെയ്യിച്ച് മദുബഹാ കുറ്റം തീർന്നു ചെങ്ങന്നൂർ പള്ളിയിൽ നിന്നും കന്യാസ്ത്രീ അമ്മയുടെ രൂപവും മറ്റുള്ള മുണ്ടുമുറികളും നിരണത്തു പള്ളിയിൽ നിന്നു പൊലിയാവിളക്കും വരുത്തി 970-ാമാണ്ട് കുംഭമാസം പെരുന്നാൾക്ക് തമ്പുരാനെപ്പെറ്റമ്മയുടെ നാമത്തെക്കുറിച്ച് മെത്രാപ്പോലീത്തായുടെ കൈകളാലെ കുരിശും വച്ച് പള്ളി കൂദാശയും കഴിച്ചു. അദ്ദേഹം തന്നെ ശുദ്ധമാന കുർബാന അണക്കയും ചെയ്തു. അന്ന് പാച്ചോറു നേർച്ചയും കഴിച്ചു. ആളുകളും വളരെ കൂടി. വിദ്വാന്മാർക്കും ഏറ്റം ചിലവായി ഇതിന്റെ ശേഷം അഛന്റെ *(മെത്രാച്ചന്റെ)* കൈയിൽ നിന്നും പണം കൊടുത്ത് ഹൈക്കലാ പണി ചെയ്യിച്ചുവരുന്നു *(വർത്തമാനകാല പ്രയോഗം).*

മേടമാസത്തിൽ അഛൻ *(മെത്രാപ്പോലീത്താ)* ചെങ്ങന്നൂർ വന്നു. മാത്തുത്തരകനും വന്നു കണ്ടു. യാത്ര പറഞ്ഞു പോകുമ്പോൾ ചെറിയഛനെ വാഴിക്കുന്ന *(അനന്തരവൻ മാത്തൻ റമ്പാനെ മെത്രാനായിട്ട് വാഴിക്കുന്ന)* കാര്യവും കല്പിച്ചു. അന്നുതന്നെ ഇട്ടിയവിരാ കത്തനാരും *(മാത്തുത്തരകന്റെ അനുജൻ മല്പാൻ)* കട്ടക്കയവും വന്നു പോയി. ഇതിന്റെ ശേഷം മിശിഹാ കാലം 1796-ൽ കൊല്ലം 971-മാണ്ട് മേടമാസം 24-നു പെരുന്നാൾക്കു ചെങ്ങന്നൂർ പള്ളിയിൽ വെച്ച് റമ്പാച്ചനെ മർത്തോമ്മാ അപ്പസ്ക്കോപ്പാ ആയിട്ട് വാഴിക്കയും ചെയ്തു.

ഇതിന്റെ ശേഷം കായങ്കുളത്ത് എത്തണമെന്നും എല്ലാവരും അവിടെ കൂടണമെന്നും എഴുതി വരികകൊണ്ട് *(തിരുവിതാംകൂർ സർക്കാരിൽ നിന്ന് എഴുതി വരികകൊണ്ട്)* കൊല്ലം 972-മാണ്ട് ചിങ്ങമാസം 20-നു കായങ്കുളത്ത് ചെന്നു *(ആറാം മാർത്തോമ്മാ കായംകുളത്ത് ചെന്നുവെന്ന് സാരം).* 22-നു എല്ലാവരും കൂടി. കൊല്ലത്തു മെത്രാനും ഗോവർണ്ണദോരും *(പാറയംമാക്കൽ)* മാത്തുത്തരകനും വന്നു. അഛൻ *(മെത്രാച്ചൻ)* പാറ്റു കടവിൽ അവരുടെ പള്ളിയിൽ ചെല്ലണമെന്ന് പറകകൊണ്ട് അവിടെ വന്നു മെത്രാനുമായി *(കൊല്ലം മെത്രാൻ)* കണ്ട് പള്ളിയിൽ കരേറി ലുത്തിനിയായും കഴിച്ച് പോരികയും ചെയ്തു. പിറ്റെദിവസം മെത്രാൻ ഇങ്ങോട്ടു വന്നു. പിന്നെയും നാലഞ്ചു ദിവസം വന്ന് കാർയ്യങ്ങൾ പറഞ്ഞ് പോകയും ചെയ്തു. പതിനഞ്ചുദിവസം ഒന്നാകുന്ന കാർയ്യം കൊണ്ടു പറഞ്ഞിട്ടും ഒരു നില വരാതെ പിരിഞ്ഞു. വീണ്ടും കന്നിമാസം 12-നു വരുന്നു എന്നും

http://www.malankaraorthodox.tv/

തരകന്റെ എഴുത്തു വന്നു. 15-നു ഇട്ടിയവിരാ കത്തനാരെന്ന തരകന്റെ അനുജൻ മല്പാനും, കട്ടക്കയവും കള്ളാട്ടിൽ മാത്തൻ കത്തനാരും കാഞ്ഞൂക്കാരൻ യൗസേപ്പും കൂടെ ഒരു കടുദാസ് *(കടലാസ്)* കൊണ്ടു വന്നു. അതിലെ വാചകം കാർയ്യങ്ങളൊക്കെയും വച്ച് ഒടുക്കം രണ്ടു കൂറ്റു കാരും ഉറുവാനോസെന്ന എട്ടാമത്തെ പാപ്പായുടെ കാലത്തിൽ കിഴക്കി നടുത്ത പള്ളിക്കാർക്ക് അനുവദിച്ചിരിക്കുന്ന വിശ്വാസസത്യം ചെയ്യിപ്പിന് തക്കവണ്ണം അനുസരിച്ച് മാർപ്പാപ്പായിക്ക് എഴുതി അയച്ച് കല്പന വരു ത്തുവോളവും രണ്ടു കൂറ്റുകാരും നടന്നുവരുന്ന ക്രമം പോലെ നടന്നു കൊള്ളണമെന്നും എഴുതിയിരിക്കകൊണ്ട് എഴുത്തിട്ടു *(ആറാം മാർത്തോമ്മാ ഒപ്പിട്ടു)* കൊടുക്കുകയാൽ അവരു പോയി. പിന്നത്തേതിൽ കാർയ്യ ങ്ങളൊക്കെയും എല്ലാവരുമായിട്ടും വിചാരിച്ച് പറയാമെന്നും മെത്രാനോടു *(കൊല്ലത്തു മെത്രാനോടു)* കല്പിച്ചിരിക്കകൊണ്ട് വിചാരിച്ചതു നിശ്ച യിച്ചെങ്കിലല്ലോ പള്ളിയിലോട്ടു വരേണ്ടും എന്നു മെത്രാന്റെ എഴുത്തു വന്നാറെ അതിന്റെ മറുപടി *(ആറാം മാർത്തോമ്മാ)* എഴുതിയത്:- എല്ലാ വരോടും കൂടെ വിചാരിച്ച് മേലിൽ അന്യോന്യമായിട്ടും അയിമോസ്യ മായിട്ടും നടക്കേണ്ടും കാര്യമാകകൊണ്ടത്രെ നിരൂപിച്ചു പറയാമെന്ന് പറ ഞ്ഞതെന്നും ഇപ്പോൾ ഇതിന്മണ്ണം എഴുതി വന്നതു എന്തുകൊണ്ടാണെന്ന് അറിഞ്ഞില്ലെന്നും പലരുടെയും നിരൂപണ ഒന്നായിട്ടു വരുത്തുവാൻ ഏറിയ മനഃക്ലേശമുണ്ടെന്നും വയസ്സും ക്ഷേമസുഖമായിട്ടു ദൈവംതമ്പു രാൻ വെച്ചിരിക്കുന്നത് എന്തിനായിട്ടെന്നും അറിഞ്ഞില്ലെന്നും ഓവിയെ ക്കുറിച്ച് വരുവാൻ മനസ്സുണ്ടെങ്കിൽ വന്നു പറഞ്ഞു കൊണ്ടുപോകണ മെന്നും മറുപടി കൊടുത്തയക്കയും ചെയ്തു. പിന്നെയും പലപ്പോഴും എഴുതി വരികയും മറുപടി കൊടുത്തയക്കയും ചെയ്തുവന്നു.

വീണ്ടും തരിയത് പറഞ്ഞയച്ചിട്ട് കുഞ്ഞച്ചെനത്തു തരകനും കുരി യൻ തരകനും വന്നു പറഞ്ഞു കൊണ്ടുപോയി.

ഉപായമായിട്ടും ചതിവായിട്ടും പെരുമാറുന്നതത്രെയെന്നും അവരു കൂടി നിശ്ചയിച്ച് *(ആറാം മാർത്തോമ്മാ ഉപായമായിട്ടും ചതിവായിട്ടുമാണ് പെരു മാറുന്നതെന്ന് മറുകക്ഷികൾ നിശ്ചയിച്ചുവെന്ന് സാരം)* മാത്തുത്തരകനും മെത്രാൻ മുതൽപ്പേരും കൂടെ ആലപ്പുഴെ ദിവാൻജി അങ്ങത്തെ *(രാജാ കേശവദാസ ദിവാൻജി)* അടുക്കൽ സങ്കട വർയ്യോല എഴുതി വക്കകൊണ്ട് കാര്യം കേൾക്കുന്നതിന്നു ആലപ്പുഴെ ചെല്ലണമെന്നും കായങ്കുളത്തി രിക്കുമ്പോൾ തുലാമാസം 4-നു ഒരു ഹരിക്കാരൻ വന്നു. പള്ളി അവിടെ ഇല്ലാഴികകൊണ്ട് സങ്കടം ബോധിപ്പിക്കുന്നതിനു തേവലക്കര വൈദ്യനെ യും ചാത്തന്നൂർ കൊച്ചാക്കോ മുതൽപേരേയും അയച്ചു. അവരു ചെന്ന് 25 തീയതി പാർത്തിട്ടും കാണ്മാൻ സംഗതി വന്നില്ല. ഇതിന്റെ ശേഷം മെത്രാപ്പോലീത്തായെ പിടിച്ച് വള്ളത്തിൽ കരേറ്റി കൊണ്ടു ചെല്ലത്തക്ക

http://www.malankaraorthodox.tv/

വണ്ണം വെൺപാ പട്ടാളക്കാരു വരുന്നു എന്നും ആലപ്പുഴ നിന്നും ആളു വരിക കൊണ്ട് 29-നു ആലപ്പുഴെ ചെന്നു. തരിയതു കുഞ്ഞിച്ചിരിയത്തരകനും കൂടെ പല്ലക്കും കൊണ്ടുവന്ന് കരേറ്റി ആലപ്പുഴെ പള്ളിയിൽ *(പഴയകൂറ്റ് പള്ളിയിൽ)* കരേറ്റി ലുത്തിനിയായും കഴിച്ചു. തെക്കേ മാളികയിൽ ഇരുന്നു. ആലപ്പുഴ ദേശക്കാരുടെ പേർക്ക് 14 പറ അരിയും കോപ്പുകളും കൊണ്ടുവന്നു വച്ചു. അന്നുതന്നെ തരകനും *(മാത്തുത്തരകൻ)* വന്നു. വൃശ്ചികമാസം 2-നു നീലകണ്ഠൻ ചെമ്പ്രാപ്പിള്ള കാര്യക്കാരു വന്നിരുന്ന് അങ്ങാടിക്കാരെ വരുത്തി മറപ്പുരയും കുളിപ്പുരയും കെട്ടിക്കയും ചെയ്തു. 3-നു ഒരു കുത്തു പട്ടും കൊടുത്ത് രണ്ടു കത്തങ്ങളേയും നാലു മാപ്പിളമാരേയും കച്ചേരിയിൽ നിന്നയച്ച് ദിവാൻജി അങ്ങത്തെ കാണുകയും ചെയ്തു. അന്നു തന്നെ പത്തു പറ *(പന്ത്രണ്ടു പറ എന്നു പാഠാന്തരം)* അരിയും ഏറിയ കോപ്പുകളും കൊണ്ടു അരിക്കാരും പാറാക്കാരും കൂടെ പള്ളിയിൽ വന്നു. അവർക്ക് പവുപ്പത്ത് കല്യനും കൊടുത്തു. 4-നു പള്ളിയിൽ വച്ച് തരകന്റെ പേർക്ക് കൂടിയ പള്ളിക്കാർക്കും വിരുന്നു കൊടുത്തു. തരകന്റെ വകക്കാരൊക്കെയും അരിയും കോപ്പുകളും കൊണ്ടുവന്നു.

*(അക്കാലങ്ങളിൽ ഇന്നത്തെപ്പോലെ ചോറ് വില്ക്കുന്ന സമ്പ്രദായമോ ചോറു വില്ക്കുന്ന ക്ലബ്ബുകളോ ഹോട്ടലുകളോ ഇല്ലായിരുന്നു. അതിനാൽ സർക്കാരും പൊതുജനങ്ങളും സന്ദർഭവും സ്ഥാനവും അനുസരിച്ച് അരിയും കോപ്പുകളും കൊടുക്കയും കൊടുപ്പിക്കയും ചെയ്തിരുന്നു. സർക്കാരിൽനിന്നു അരിയും കോപ്പുകളും കൊടുക്കുന്നതിന്, വാങ്ങുന്നവരുടെ സ്ഥിതിയും നിലയും അനുസരിച്ച് 5 കോപ്പും, 10 കോപ്പും, 14 കോപ്പും 21 കോപ്പും എന്നിങ്ങനെ ചില വ്യവസ്ഥകളുമുണ്ടായിരുന്നു. കോപ്പ് എന്നതിൽ കായ്കറി സാമാനങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണ, നെയ്യ്, വെളിച്ചെണ്ണ, പർപ്പടകം, ഇല, തൈരു, പഴം മുതലായവ യഥോചിത പരിമാണം അനുസരിച്ച് ഉണ്ടായിരിക്കും).*

അന്ന് അസ്തമിച്ച് കച്ചേരിയിൽ ചെന്ന് രണ്ട് കസേര ഇട്ടിരുന്ന് *(ആറാം മാർത്തോമ്മായും കേശവദാസ ദിവാൻജിയും)* പല കൂട്ടം കാര്യങ്ങളും പറഞ്ഞതിൽ ഒടുക്കം ദൈവത്തുങ്കലും നിങ്ങൾ പലർക്കും നിരക്കുന്നതിന്മണ്ണം അല്ലാതെ നമുക്ക് സിദ്ധാന്തമില്ലെന്നും വേണ്ടുമ്മണ്ണം പറഞ്ഞ് പള്ളിയിൽ പോരികയും ചെയ്തു. ഒന്നും വെച്ചില്ലാ. തരകനും കൂടെ ഉണ്ടായിരുന്നു. 6-നു ചെമ്പ്രാപ്പിള്ള കാര്യക്കാരുടെ പേർക്ക് *(ചെമ്പ്രാപ്പിള്ള കാര്യക്കാർ എന്ന സ്ഥലത്തെ അധികാരിയുടെ ചുമതലയിൽ എന്നു സാരം)* അരിയും കോപ്പുകളും കൊണ്ടുവന്നു. പിന്നെയും ദിവസേന തരകനും മറ്റു പലരും വെള്ളക്കാരിൽ ഉള്ള ആളുകളും *(റോമ്മൻ കത്തോലിക്കരായ യൂറോപ്യന്മാർ)* വന്നു കാണുകയും ഒന്നാകുന്ന കാര്യം

http://www.malankaraorthodox.tv/

കൊണ്ടു പറഞ്ഞാറെ ഒരു നില വരുത്തീട്ട് 15-നു മെത്രാൻ *(കൊല്ലം മെത്രാൻ)* കലശലായിട്ട് *(കൊല്ലം മെത്രാൻ പരിപൂർണ്ണ തൃപ്തി വരത്തക്കവിധത്തിൽ വ്യവസ്ഥകൾ രൂപംകൈക്കൊള്ളായ്കയാൽ മുഷിഞ്ഞ്)* പെത്തോറിന്റെ വീട്ടിൽ ചെന്നു പാർത്തു. 20-നു പെത്തോറും തരകനും കൂടെ വന്ന് കൊല്ലത്ത് മെത്രാൻ മുമ്പിൽ പറഞ്ഞതിന്മണ്ണം ഒന്നും അനുസരിക്കുന്നില്ലെന്നും ഇന്നപ്രകാരമെന്ന് ഇവിടെ *(ആറാം മാർത്തോമ്മാ)* നിശ്ചയിക്കണമെന്നും പറഞ്ഞപ്പോൾ പറഞ്ഞതിനൊന്നും ഭേദമില്ലെന്നും *(ആറാം മാർത്തോമ്മാ)* കല്പിച്ചതിന്റെ ശേഷം *(മറുഭാഗത്തെ മറുപടിയായി)* റോമ്മാ അനുസരിച്ച് സത്യം ചെയ്ത് മൂന്നു സംവത്സരം മുടങ്ങിയിരുന്നെ *(പ്രവൃത്തിരഹിതനായിരുന്ന്)* കഴിയൂ എന്നും അല്ലാതെ ഒരു പ്രകാരവും നിരപ്പു വരികയില്ലെന്നും പെത്തോറ് പറകകൊണ്ട് *(മെത്രാപ്പോലീത്തായുടെ മേൽ മാത്തുത്തരകന്റെ പിടി മുറുകുന്തോറും വ്യവസ്ഥകളുടെ കാഠിന്യം വർദ്ധിപ്പിക്കയും അദ്ദേഹത്തെ കൂടുതൽ കഠിനതരങ്ങളായ വ്യവസ്ഥകൾക്ക് കീഴ്പെടുത്തുവാൻ ശ്രമിക്കയും ചെയ്യുന്നു. മൂന്നു സംവത്സരം മുടങ്ങിയിരിയ്ക്കണമെന്ന് പറയുന്നതു തന്നെയും അതിനിടയ്ക്ക് ഒരു പഴയകൂറ്റു മെത്രാനെ തൽസ്ഥാനത്ത് ശാശ്വതമായി ഉറപ്പിച്ചുകൊള്ളാം എന്നുള്ള ഉന്നം മനസ്സിൽ വെച്ചു കൊണ്ടാണ്)* ആയത് കേട്ടാറെ കഴികയില്ലെന്നും താമസിക്കാതെ പോകേ വേണ്ടൂ എന്നും കല്പിച്ചയക്കയും ചെയ്തു.

അന്ന് ചെമ്പ്രാപ്പിള്ള കാർയ്യക്കാരു *(കാർയ്യക്കാർ = പഴയ തഹശീൽദാർ മജിസ്ട്രേട്ടധികാരി)* മാത്തുത്തരകനും കൂടെ വന്ന് ഇങ്ങനെ പറഞ്ഞു പാർത്താൽ പോരായെന്നും രണ്ടു കൂട്ടക്കാരും കൂടെ ഇന്നപ്രകാരമെന്ന് നിശ്ചയിച്ച് കാലത്ത് കച്ചേരിയിൽ വന്ന് പറയണമെന്നും പറഞ്ഞു പോയാറെ 21-നു തരകന് വയറ്റിൽപ്പോക്കായിട്ട് വളരെ കടുത്തു. 22-നു കൊല്ലത്തു മെത്രാൻ പോയി. 28-നു പിന്നെയും വന്നു കാർയ്യം ഒന്നു കേൾക്കണമെന്നും കാർയ്യക്കാരെ വരുത്തി പറഞ്ഞയക്കണമെന്നും തരകനോടു പറകകൊണ്ട് കാര്യക്കാരെ *(തരകന്റെ)* വീട്ടിൽ വരുത്തി പറഞ്ഞയച്ചു. അതിനായിട്ട് തരിയത് മുതൽപേര് കച്ചേരിക്കു പോയി.

ദൈവസഹായത്താൽ ഞങ്ങളുടെ പ്രയത്നത്തിനു കുറവില്ല. അവരുടെ സിദ്ധാന്തത്തെ അവിടെ കൈക്കൊണ്ടില്ലാ. കല്പനയോടു കൂടെ മുട്ടുപാടായുള്ള പ്രയത്നത്താൽ ഒടയവന്റെ തിരുമനസ്സാലെ ദിവാൻജിയും ചെമ്പ്രാപ്പിള്ള കാര്യക്കാരും യാത്ര പറഞ്ഞു. 29-നു അസ്തമിച്ച് കാര്യക്കാർ ഞങ്ങളോടു പറകകൊണ്ട് തരിയത് *(മാത്തുത്തരകന്റെ മകൻ)* പല്ലക്കും കൊണ്ടുവന്നു. 12 മണിക്ക് പഴയങ്ങാടിയിൽ വന്നു. വള്ളത്തിൽ കരേറ്റി നിരണത്തിനു പോരികയും ചെയ്തു. അവിടെ വന്ന കോപ്പുകളിൽ ഏതാനും മുറിയിൽ ഇട്ടേച്ചു പോന്നു. 30-നു വെളുത്തപ്പോൾ നിര

http://www.malankaraorthodox.tv/

ണത്തടുത്തു. പീലിപ്പോസ് റമ്പാച്ചനും മറ്റും പിന്നാലെ വന്നു. പിറ്റെ തീയതി ധനുമാസം 1-നു നൊയമ്പു തുടങ്ങി. തുലാമാസം 1-നു മുതല്ക്കു കായങ്കുളത്തു വെച്ച് നൊയമ്പു തുടങ്ങിയാറെ വീടിച്ചില്ല. അത്കൊണ്ട് ശത്രുക്കളുടെ ഉപദേശത്തിൽ നിന്നും ചൈത്താന്റെ പരീക്ഷകളിൽ നിന്നും രക്ഷപ്പെട്ടു. കൂടിയ ദേശക്കാരൊക്കെയും ഓരോ അടിയന്തിരം പറഞ്ഞുകൊണ്ട് പോയി. ഏതാനും കത്തങ്ങളും മാപ്പിളമാരും ഉണ്ടായിരുന്നു.

*(തുലാമാസം 1-നു മുതൽ ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനായി മെത്രാപ്പോലീത്താ അനുഷ്ഠിച്ച കഠിനതരമായ ഒരു തപസ്സിനെപ്പറ്റിയാണ് ഇവിടെ പ്രസ്താവിക്കുന്നത്. കൂടിയ ദേശക്കാരൊക്കെയും എന്ന വാക്കുകൾ കൊണ്ട് സഭ ഒന്നായി ഇങ്ങനെയൊരു നോൻപ് അനുഷ്ഠിക്കുവാൻ നിശ്ചയിച്ചിരുന്നുവെന്ന് ഊഹിക്കാം. വ്രതാനുഷ്ഠാനവും പ്രാർത്ഥനയും കുറെദിവസം നീണ്ടുനിന്നതുകൊണ്ടായിരിക്കണം കൂടിയ ദേശക്കാര് ഓരോ അത്യാവശ്യങ്ങൾ പറഞ്ഞ് ഇടക്കു പൊയ്ക്കൊണ്ടിരുന്നത്. എങ്കിലും നോൻപ് നിലനിന്നെടത്തോളം ഏതാനും പട്ടക്കാരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു. കാര്യാന്തരങ്ങൾ നിമിത്തം ഈ വ്രതം പൂർത്തിയാക്കുവാൻ സാധിച്ചില്ലെന്നാണ് പറയുന്നത്).*

ഇതിനിടയിൽ ഉണ്ടായ കാര്യങ്ങൾ ഒക്കയും എഴുതുവാൻ കഴികയില്ല. തരകന്റെ ദീനം ഭേദം വന്നു. ഉടൻ തരിയതിനു ദീനം തുടങ്ങി. ഏറിയ ചികിത്സകൾ ചെയ്താറെയും ഭേദം വന്നില്ല. മകരമാസം 12-നു മരിച്ചു. പിന്നീടു തരകന്റെ ബുദ്ധി കടുത്തതല്ലാതെ ഒട്ടും കുറഞ്ഞില്ല. മെത്രാച്ചനെ ചെന്നു കാണണമെന്നും ദിവാൻജി അങ്ങുന്നു പറഞ്ഞിട്ടും കേട്ടില്ല *(മാത്തുതരകന്റെ പുത്രന്മാർ മൂവരുടെയും മരണം മെത്രാപ്പോലീത്തായെ പീഡിപ്പിക്കുന്നതു മൂലമുള്ള ദൈവശിക്ഷയാണെന്നും, അതിനാൽ മെത്രാപ്പോലീത്തായെ ചെന്ന് കണ്ട് നിരപ്പാകണമെന്നും രാജ കേശവദാസൻപോലും മാത്തുത്തരകനെ ഉപദേശിക്കുന്നു).*

അതിൽ പിന്നീട് തരകൻ വന്നു കണ്ടില്ല. ഇതു കാരണത്താൽ പല കൂട്ടം ചിലവും പ്രയത്നവും വേണ്ടി വന്നു. 973-മാണ്ട് കന്നിമാസം 18-നു വല്യങ്ങത്തെ *(ദിവാൻ കേശവദാസൻ)* ദീനം കാണ്മാൻ ആലപ്പുഴക്കു കൊച്ചിട്ടി പോയാറെ പൊന്നു കെട്ടിയ പിരമ്പും *(ചൂരൽ)* ഒരു സാൽവയും സമ്മാനമായിട്ട് ഇങ്ങോട്ടു കൊടുത്തയച്ചു.

ആയാണ്ടു കുംഭമാസം 6-നു വലിയ തമ്പുരാൻ *(കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ്)* നാടു നീങ്ങി.

http://www.malankaraorthodox.tv/

മീനമാസം 21-നു ബഹുദാസിൽ നിന്നു *(ബഗദാദു പട്ടണം)* കൽദായക്കാരുടെ യൗസേപ്പു കത്തനാരും ഉറുമ്മീസു കത്തനാരും മീകായേൽ എന്ന മാപ്പിളയും മാത്തുത്തരകൻ പറഞ്ഞയച്ചിട്ടു പോയിരുന്ന പണ്ടാര പൗലോസ്, മെത്രാന്റെ സ്ഥാനവും ഏറ്റ് അയാളും കൂടെ *(പാണ്ടയാല പൗലോസ് മെത്രാൻ)* ആലപ്പുഴ വന്നിറങ്ങി. ബഗുദാസിലിരിക്കുന്ന പാത്രിയർക്കീസ്, മെത്രാപ്പോലീത്തായ്ക്ക് *(ആറാം മാർത്തോമ്മായിക്ക്)* കൊടുത്തയച്ച കടുദാസും കൊണ്ടു കത്തങ്ങൾ രണ്ടുപേരും മീകായേലും അന്തോനിയും കട്ടക്കയത്തിൽ അവരാ കത്തനാരും പ്രക്കാട്ടു കൊച്ചിട്ടിത്തരകനും കൂടെ അഛനെ *(മെത്രാപ്പോലീത്തായെ)* കാണ്മാൻ മിഥുനമാസം 9-നു ചെങ്ങന്നൂർ വന്നു. രണ്ടു തീയതി പാർത്തു പോകയും ചെയ്തു.

974-മാണ്ട് മീനമാസത്തിൽ വല്യദിവാൻജി കഴിഞ്ഞു *(973-മാണ്ട് കന്നിമാസം മുതൽ കേശവദാസ ദിവാൻജി ദീനശയ്യയെ അവലംബിച്ചിരിക്കയായിരുന്നു. ഏഴു മാസം ദീനത്തിൽക്കിടന്ന ശേഷമാണ് മരിച്ചത്. അദ്ദേഹത്തെ വിഷം കൊടുത്തുവെന്നുള്ള അഭിപ്രായം ശരിയല്ല. ദീർഘദിവസം രോഗശയ്യയെ അവലംബിച്ചിരുന്നതുമൂലം രാജ്യകാര്യങ്ങൾ മറ്റ് ആളുകൾ നോക്കിയിരുന്നു. കാർത്തികത്തിരുനാളിന്റെ നാടു നീങ്ങലിന് ആറു മാസം മുമ്പു തന്നെ അദ്ദേഹം രോഗക്കിടക്കയിലായിരിക്കുന്നു. പെട്ടെന്നുണ്ടായ മരണമല്ലെന്ന് ഇതിൽനിന്ന് അനുമാനിക്കാം. മരണം 974 മീനം 8-നു).*

ഇതിന്റെ ശേഷം മുൻ 72-മാണ്ട് മുതൽക്കു നീലകണ്ടൻ ചെൺപ്രാപ്പിള്ള കാര്യക്കാരും മാത്തുത്തരകനും തമ്മിൽ നിരപ്പില്ലാഴിക കൊണ്ട് തരകൻ തിരുവനന്തപുരത്തു ചെന്ന് വേണ്ടുന്ന ആളുകളെയും കൂട്ടി വിചാരിച്ച് അടക്കി വിചാരത്തിന് വടക്കുപുറത്തുള്ളതിൽ ഒരു നമ്പൂരിക്ക് *(ഉതയച്ചേരി ജയന്തൻ - ചേന്നാൻ)* വലിയ സർവ്വാധിയും ചംകര നാരായണൻ ചെട്ടിക്കു *(തക്കല)* വലിയ മേലെഴുത്തും കൊടുപ്പിച്ച് ചെമ്പ്രാപ്പിള്ള കാര്യക്കാരെ വരുത്തി മുദ്രയും വൈപ്പിച്ച് ഏറിയ ഞെരുക്കങ്ങളും ചെയ്യിച്ച് മുതലുകാർയ്യങ്ങളും കണ്ടുകെട്ടി എടുപ്പിച്ച് ഇതിന്മണ്ണം ഓരോ കൂട്ടം നടത്തി വരുമ്പോൾ ആയാണ്ടിൽ ഗോവർണ്ണദോരു *(പാറയംമക്കൽ)* കഴിഞ്ഞു എന്നും കേൾക്ക കൊണ്ട് തരകൻ വന്നു. പണ്ടാര പൗലോസ് മെത്രാനെ ചങ്ങനാശ്ശേരിയിൽ വരുത്തി മറ്റാരും ബോധിരാതെ കട്ടക്കയത്തിൽ അവിരാ കത്തനാർക്ക് ഗോവർണ്ണദോരിന്റെ സ്ഥാനം കൊടുപ്പിച്ചു. മാർഗ്ഗകാർയ്യവും രാജ്യകാർയ്യവും മാത്തുത്തരകന് ബോധിച്ചതിന്മണ്ണം നടന്നും നടത്തിയും വരുമ്പോൾ *(കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ്, രാജാ കേശവദാസൻ എന്നീ രണ്ട് മഹാപുരുഷന്മാരുടെ ജീവിതകാലത്തിൽ ആറാം മാർത്തോമ്മായെ തന്റെ ഇംഗിതത്തിന് വഴിപ്പെടുത്തുവാൻ മാത്തുത്തരകന് കഴിഞ്ഞിരുന്നില്ല. മഹാരാജാവും ദിവാൻജിയും*

http://www.malankaraorthodox.tv

*മെത്രാപ്പോലീത്തായുടെ നിർദ്ദോഷത, ഈശ്വരഭക്തി, ഹൃദയൗൽകൃഷ്ട്യം എന്നിവയെ യഥാർത്ഥ്യമായി ആദരിച്ചിരുന്നു. അതിനാൽ മഹാരാജാവി നെയും ദിവാൻജിയേയും അതിലംഘിച്ച് മെത്രാപ്പോലീത്തായുടെ നേരെ ഒന്നും പ്രവർത്തിക്കാൻ തരകനു കഴിഞ്ഞിരുന്നില്ല. എന്നാൽ അവർ രണ്ടു പേരും ഇഹലോകവാസം വെടിയുകയും 976 കുംഭത്തിൽത്തന്നെ പതി നാറു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അവിട്ടം തിരുനാൾ ബാലരാമ വർമ്മ രാജകുമാരൻ സിംഹാസനാരോഹണം ചെയ്കയും ചെയ്ത തോടുകൂടി മാത്തുത്തരകന് ഇംഗിത സാദ്ധ്യത്തിനുള്ള സാഹചര്യവും അനുകൂലമായി. ഇതിലേക്ക് ഉദയഞ്ചേരി ജയന്തൻ ശങ്കരൻ നമ്പൂതിരിയെ വലിയ സർവ്വാധിയാക്കുക, ശങ്കരനാരായണൻ ചെട്ടിയെ വലിയ മേലെ ഴുത്തുപിള്ള അഥവാ ചീഫ് സിക്രട്ടറിയാക്കുക എന്നിതുകൾ തരകൻ ഇച്ഛാനുസരണം സാധിച്ചു. ജയന്തൻ ശങ്കരൻ നമ്പൂരി 974-മാണ്ട് മേടം 11-നു ദിവാൻപദം സ്വീകരിച്ചു. 974 മിഥുനം 6-നു ദിവാനുദ്യോഗത്തിൽ നിന്നു പിരിച്ചു.)* മുൻപിൽ കരുതിയിരിക്കുന്നതിനെ സാധിക്കണമെന്നും നിശ്ചയിച്ചുറച്ച് ചെമ്പ്രാപ്പിള്ള കാര്യക്കാരുടെ വകയായിട്ടുള്ളതിൽ രണ്ടു പെട്ടകം *(സർക്കാർ പണച്ചുമതല വഹിക്കുന്ന ചെമ്പ്രാപ്പിള്ള കാര്യക്കാ രുടെ ചുമതലയിൽ ഇരുന്നിരുന്നതും സർക്കാർ പണം വച്ചു പൂട്ടിയിരുന്ന തുമായ രണ്ടു പണപ്പെട്ടി - സർക്കാർ ഖജനാവക പണപ്പെട്ടി)* മർത്തോ മ്മൻ മെത്രാന്റെ പറ്റിൽ ഇരുപ്പുണ്ടെന്നും അതു പ്രമാണിച്ച മുതൽ കണ്ടു കെട്ടി എടുപ്പിക്കണമെന്നും നിരണത്തും, ചെങ്ങന്നൂരും പുത്തൻകാവിലും ഏറിയ മുതലുണ്ടെന്നും ഇപ്പള്ളി മൂന്നും മെത്രാന്റെ വകയും കണ്ടുകെട്ടി എടുപ്പിക്കണമെന്നും ബോധിപ്പിക്കകൊണ്ട് *(ഇങ്ങനെ ബോധിപ്പിച്ചത് ആരാണെന്ന് വ്യക്തമാകുന്നില്ല. മാത്തുത്തരകന്റെ ഉപദ്രവത്തിന്നിരയാ യിത്തീർന്ന നീലകണ്ഠൻ ചെമ്പ്രാപ്പിള്ള കാര്യക്കാർ മാത്തുത്തരകന്റെ ഗൂഢപ്രേരണ അനുസരിച്ച് തരകനു വേണ്ടി ഇങ്ങനെയൊരു കള്ളക്കേസ് - മോഷണക്കേസ് - കൊടുത്തതായിരിക്കണമെന്ന് ഊഹിക്കാം)* നമ്പൂരി വലിയ സർവാധികാര്യക്കാരുടെ സാധനം മാവേലിക്കര മുഖത്ത് ഈശ്വര പിള്ള സർവാധികാര്യക്കാർക്ക് എഴുതി വന്നതിനാൽ 974-മാണ്ട് ഇടവ മാസം 3-നു നിരണത്ത് പള്ളിയും പുത്തൻകാവ് പള്ളിയും കണ്ടുകെട്ടി കാവലും വെച്ചു. കാർയ്യക്കാരുടെ വക ഏതാനും മെത്രാന്റെ പറ്റിൽ ഉണ്ടോ എന്നും ചോദിച്ചാറെ ആയതില്ലെന്നും സങ്കടം ബോധിപ്പിപ്പാൻ മാത്തുത്തരകനും സാധനം കൊടുത്ത് *(വലിയ സർവാധിനമ്പൂരിക്കു മാത്രമല്ല മാത്തുത്തരകനും കൂടി മെത്രാപ്പോലീത്താ സാധനം കൊടുത്ത യക്കുന്നു. തന്നെ ഈവിധം ദ്രോഹിക്കുന്നത് അണിയറയ്ക്കുള്ളിൽ നിൽ ക്കുന്ന മാത്തുത്തരകനാണെന്ന് മെത്രാപ്പോലീത്തായ്ക്ക് അറിയാമെ ങ്കിലും അദ്ദേഹം അത് ഭാവിക്കപോലും ചെയ്യുന്നില്ല.)* തിരുവനന്തപുര ത്തിന് ആളയച്ചാറെ ചെങ്ങന്നൂർ പള്ളി കണ്ടുകെട്ടിയില്ലെന്ന് അറിക

http://www.malankaraorthodox.tv/

കൊണ്ട് തിരുവാർപ്പിൽകാരൻ കൃഷ്ണപിള്ള സർവാധികാര്യക്കാരെ പറഞ്ഞു ചട്ടം കെട്ടി, തരകന്റെ മനസ്സുപോലെ ഒക്കയും ചെയ്യുന്നതിന് വേണ്ടുന്ന സാധനങ്ങളും കൊടുത്തയച്ചതിന്റെ ശേഷം യോഗീശ്വരൻ വലിയ മേലെഴുത്തുപിള്ളയും കൂടി ത്രിച്ചിറ്റാറ്റ് നടയിൽ വന്നിരുന്നും കൊണ്ട് ഇടവമാസം 8–ാന വാണപ്പുള്ളിയിൽ നിന്നും 20 പേരെ *(പട്ടാള ക്കാർ)* ചെങ്ങന്നൂർ പള്ളിയിൽ കാവലാക്കുകയും ചെയ്തു.

പുറത്തുനിന്നും പല കൂട്ടവും അകത്തോട്ട് *(6–ാം മാർത്തോമ്മാ മെത്രാ പ്പോലീത്താ ചെങ്ങന്നൂർ പള്ളിയിൽ താമസിക്കുകയാണ്)* കൊണ്ടുവന്ന ല്ലാതെ കഴികയില്ലെന്നും വരികകൊണ്ട് ബുദ്ധിമുട്ടായപ്പോൾ കാർയ്യ ക്കാരുടെ പെട്ടകം ഇരിപ്പൊണ്ടെങ്കിൽ ശോധന ചെയ്യിച്ച് എടുപ്പിച്ച് കൊള്ള ണമെന്നും അവരു മൂന്നു പേർക്കും സാധനവും കൊണ്ടുചെന്ന് കൊടു ത്താറെ കൂടി വിചാരിച്ച് മൂന്നു ദിവസം 11–നു എല്ലാവരുംകൂടെ പള്ളിയിൽ വന്നത്:–

കൃഷ്ണപിള്ള സർവാധികാർയ്യക്കാരും ഈശ്വരപിള്ള സർവ്വാധികാ ർയ്യക്കാരും ദേവൻ പത്മനാഭൻ മേലെഴുത്തുപിള്ളയും മാവേലിക്കര തെക്കും വടക്കും രണ്ടു കാർയ്യക്കാരന്മാരും പിള്ളമാരും, മുളകുമടിശ്ശീല പിള്ളമാരും പള്ളിയിൽ യജമാനന്മാരും പ്രവൃത്തികാരന്മാരും കല്പിച്ചയച്ച എജമാനന്മാരും ശേഷംപേരും കൂടി അഞ്ഞൂറ്റിചിലാനം പേരുണ്ടായി രുന്നു.

വലിയ മേലെഴുത്തുപിള്ള അന്ന് കുട്ടംപേരൂർക്ക് *(നാലേകാട്ടിൽ)* പോയി. പ്രമാണികൾ മാളികയിൽ കരേറിയാറെ *(മെത്രാപ്പോലീത്താ)* കീഴ്മർയ്യാദയും സംകടങ്ങളും വർത്തമാനമായിട്ട് കല്പിച്ച് നിർത്തിയ ഉടൻ താഴത്തിറങ്ങട്ടെ എന്നും പറഞ്ഞുംകൊണ്ട് കൃഷ്ണപിള്ള സർവ്വാധി കാര്യക്കാരുടെ മുതൽപേര് ഇറങ്ങി പടിപ്പുരയിൽ ചെന്ന് കൂടി വിചാരിച്ച് രണ്ടു പെട്ടകം ഇരുപ്പുള്ളത് കാണണമെന്നു ആളു പറഞ്ഞയക്കയും, ഉണ്ടെങ്കിൽ എടുപ്പിച്ചുകൊള്ളുന്നതിന് നമുക്ക് മറ്റൊന്നില്ലെന്നും *(മറുപടി)* കല്പിക്കയും ഇങ്ങനെ രണ്ടു മൂന്നു പ്രാവശ്യം കഴിഞ്ഞശേഷം പെട്ടക ത്തിന്റെ കാർയ്യം അല്ലെന്നും മെത്രാന്റെ വകയും ചെങ്ങന്നൂർ പള്ളിവ കയും നിരണത്തു പള്ളിവകയും ഏറിയ മുതലുള്ളത് കണ്ടുകെട്ടി എടു പ്പിച്ച് മുളക് മടിശ്ശീലയിൽ ഏൾപ്പിക്കത്തക്കവണ്ണം കല്പന വരികകൊണ്ട് *(മഹാരാജാവ് തുല്യം ചാർത്തിയ കല്പന എന്നു സാരം)* അത്രെ ഞങ്ങ ളെല്ലാവരും കൂടെ വന്നതെന്നു പറഞ്ഞതിന്റെ ശേഷം ഇതുവരെയും വേണ്ടുംവണ്ണം കല്പിച്ചു .... വന്നുയെന്നും പെട്ടകം ഇരിപ്പുണ്ടെങ്കിൽ എടു പ്പിച്ചുകൊള്ളണമെന്നും കണ്ടുകെട്ടി എടുപ്പിക്കുന്നതിന് നാം കാണിച്ച നേരുകേട് എന്തെന്നറിഞ്ഞില്ലെന്നും ഇന്നകാര്യമെന്നു പറഞ്ഞാൽ അനു

http://www.malankaraorthodox.tv/

സരിക്കാമെന്നും ഇപ്രകാരം കല്പന വന്നെങ്കിൽ ഈ പള്ളി തന്നെയല്ലാ മറ്റു പള്ളികളിലേയും മുതൽ കാർയ്യങ്ങൾ എടുപ്പിച്ചുകൊള്ളണമെന്നും ഏതുപ്രകാരമെങ്കിലും സങ്കടം തിരുമനസ്സറുവിക്കുന്നതിന് *(മഹാരാജാവിനെ അറിയിപ്പാൻ)* ഒരു ഇട തന്നുയെങ്കിൽ കൊള്ളായിരുന്നുവെന്നും കല്പിക്കകൊണ്ട് അവരു കൂടിവിചാരിച്ച് 20–ാം തീയതിയോളം ഒരു അവധി വെച്ച് അതിനകം ബോധിപ്പിച്ചുകൊള്ളാമെന്നും അത്രപ്പൊഴും പ്രവൃത്തിയിലുള്ള നായന്മാരു കൂടെ കാവൽ പാർക്കത്തക്കവണ്ണവും വെവസ്ഥ *(വ്യവസ്ഥ)* വരുത്തി എല്ലാവരും പിരിയുകയും ചെയ്തു.

സങ്കടം ബോധിപ്പിക്കുന്നതിന് *(മാവേലിക്കര)* പുതിയകാവിൽ വടക്കെത്തലക്കൽ മൂപ്പൻ കത്തനാരശ്ചനേയും പുത്തൻകാവിൽ ചെറിയാൻ തരകനേയും മേപ്രാൽ കണിയാന്ത്ര കുഞ്ഞുതൊമ്മിത്തരകനേയും തിരുവല്ലാ കോവൂർ കുഞ്ഞുകോരുളയേയും 11–ാനു തന്നെ തിരുവനന്തപുരത്തയച്ചാറെ 20–ാം തീയതിയോളവും അവരു വരായ്ക കൊണ്ടും അന്നു കാലത്തെ മേലെഴുതിയ യജമാനന്മാരും പട്ടാളക്കാരും ആരാച്ചാരും കൂന്താലിയും തൂമ്പായും ഇങ്ങനെ ഏറിയ പുരുഷാരം വന്നു കരേറിയതിന്റെ ശേഷം മാളികയിൽ ചെന്ന്, നീട്ടോ സാധനമോ മെത്രാൻ വരുത്തീട്ടുണ്ടെങ്കിൽ കാണണമെന്നും ചോദിച്ചാറെ ഇവിടെനിന്നും അയച്ച ആളുകൾ വന്നില്ലെന്നും കല്പിച്ചാറെ അവരു വരികയില്ലെന്നും ഏറിയ കലശലായിട്ട് ഞങ്ങൾക്ക് എഴുതി വന്നിരിക്കുന്നുവെന്നും, പറകകൊണ്ട് കല്പനപോലെ നടത്തിക്കൊള്ളണമെന്നും അനുസരിച്ച് മുറി തുറന്ന് പെട്ടകങ്ങളും മുണ്ടുമുറികളും പൂജാപാത്രങ്ങളും ആദിയായിട്ടുള്ള വസ്തുക്കൾ ഒക്കെയും എടുപ്പിച്ച് എണ്ണം കണ്ട് ചെങ്ങന്നൂർകാരൻ പൂവണഞ്ചാൻ തട്ടാനേയും വരുത്തി പൊന്നും വെള്ളിയും കാച്ചിത്തൂക്കി വര്യോലയും എഴുതി പെട്ടകങ്ങളൊക്കെയും പൂട്ടി വെച്ചുംകൊണ്ട് മുതൽകാർയ്യങ്ങൾ കഴിച്ചുവെച്ചിട്ടുണ്ടെന്നും ശോധന ചെയ്യണമെന്നും പറഞ്ഞുംകൊണ്ട് പള്ളിയകവും കല്ലറയും കപ്യാരുടെ പറമ്പും കിളപ്പിച്ചാറെ ഒന്നും കാണാഴികകൊണ്ടും പീടികയിൽ കത്തനാരു മുതൽപേരെയും ചെമ്മാശ്ശന്മാരേയും വാലിഭക്കാരെയും *(വാല്യക്കാർ)* തൃച്ചിറ്റാറ്റു കൊണ്ടുപോയി മേശക്കു വയ്ക്കുന്ന വെണ്മണി വർക്കിയേയും സാധനമെഴുത്ത് ശ്രാമ്പിക്കലൽ കൊച്ചുവർക്കി മുതൽപേരെയും കൂട്ടിക്കൊണ്ടു ചെന്ന് പിടിച്ചുകെട്ടി അടിപ്പിച്ചു. പിള്ളേരയും പുത്തൻകാവിൽ നിന്നു വന്നതിൽ രണ്ടുമൂന്നു പേരെയും വിലങ്ങിട്ട് പിന്നെയും പല കൂട്ടം പല കൂട്ടം ഞെരുക്കങ്ങൾ കത്തങ്ങളോടും പിള്ളേരോടും ചെയ്‌വാൻ തുടങ്ങുക കൊണ്ടും പീലിപ്പോസു റമ്പാച്ചനെ വരുത്തി ഞെരുക്കം ചെയ്യണമെന്നും പറകകൊണ്ടും പുത്തൻകാവിൽ 16 വീട്ടിലും ചെങ്ങന്നൂർ നാലു വീട്ടിലും പൂട്ടി കാവൽ പാർക്ക കൊണ്ടും പുറമെ നിന്നു വന്നിട്ടുള്ള

http://www.malankaraorthodox.tv/

കത്തങ്ങളും മാപ്പിളമാരും ചെങ്ങന്നൂരുള്ള മാപ്പിളമാരും ഒളിച്ചുപോക കൊണ്ടും, മതിക്കകത്തോട്ടും മാളികയിലോട്ടും ഒരുത്തരേയും കടത്തരു തെന്നും ശട്ടം കെട്ടി ഇരിക്കകൊണ്ടും ഈ ദിവസങ്ങളിൽ കഞ്ഞി കുടി ക്കാഴിക കൊണ്ടും കറപ്പ് തിന്നാഴികയാലും പാരം വിശന്നു മനസ്സു മുട്ടുക കൊണ്ടും ജാതിയിൽ ഒരുത്തരേയും കാണ്മാനിടവരാതെ ഏറിയ ഞെരുക്കം ചെയ്യിച്ച് മാനക്കേടു വരുത്തണമെന്നും ശത്രുക്കൾ നിശ്ചയിച്ച് തുടങ്ങിയിരിക്കകൊണ്ടും കാരണവന്മാരുടെ കാലത്തിലും 65 വയസ്സി നകം ഇതിന്മണ്ണമുള്ള ബുദ്ധിമുട്ടിന് സംഗതി വന്നിട്ടില്ലെന്നും കത്തങ്ങ ളേയും മാപ്പിളമാരെയും മതിലകത്ത് കരേറ്റാതെ പാർക്കയാൽ പാരം വിശപ്പും ദാഹവും ഉണ്ടായി ഒരു കരിക്കിട്ട് കിട്ടിയാൽ കൊള്ളാമെന്നും കല്പിക്കകൊണ്ട് കുഞ്ചുകൂട്ടക്കാരിൽ ഒരുത്തൻ *(കുഞ്ചു കൂട്ടക്കാർ = പണ്ടത്തെ പോലീസുകാർ)* ഒരു നായരെ തെങ്ങേൽ കരേറ്റി കരിക്കിടുവിച്ച് ചെത്തിക്കൊണ്ടു ചെന്ന് കൊടുക്കയും ചെയ്തു. ഇതിന്റെ ശേഷം ഒരു ചാറാ ജനം തോക്കുംകൊണ്ട് മാളികയിൽ കരേറി മെത്രാനെ മുട്ടുമറി പ്പാനായിട്ട് മറിച്ചുകൊള്ളത്തക്കവണ്ണം പറഞ്ഞയച്ചതു പ്രമാണിച്ച് അവരു വന്ന് പട്ടിണിയിട്ട് പാർക്കയാൽ കുറഞ്ഞൊരു കഞ്ഞി കുടിപ്പാൻ ഇടവ ന്നാൽ *(പഴയകാലത്ത് സിവിൾ ജയിലിൽ വെക്കുന്ന സമ്പ്രദായത്തിനാണ് മറിപ്പെന്നും മുട്ടിമറിപ്പെന്നും പറയുന്നത്. കടം മുതലായവ കൊടുത്തു തീർപ്പാൻ സർക്കാർ ആജ്ഞാപനം ഉണ്ടായാൽ പണം കിട്ടേണ്ടവനു വേണ്ടി സർക്കാർ ആൾ, കടക്കാരന്റെ വീട്ടിൽ ഒരു ഒഴിയാബാധ എന്നതിൻ വണ്ണം മറിപ്പു കിടക്കും. ഇയാളുടെ ആഹാരാദികാർയ്യങ്ങൾ കടക്കാരൻ തന്നെ സ്വന്തം ചിലവിൽ നടത്തണം. ചിലപ്പോൾ മറിപ്പുകാരൻ കടക്കാ രന്റെ കൂടെ തന്നെ ഏതു സന്ദർഭത്തിലും വിടാതെ കൂടിയിരിക്കും. ചില പ്പോൾ വീട്ടിൽത്തന്നെ കിടപ്പായിരിക്കും. വല്ല അനിഷ്ഠവും നിമിത്തം അയാൾ ആഹാരം കഴിക്കാതെ പട്ടിണി കിടക്കയോ പട്ടിണികൊണ്ട് തന്നെ അപൂർവ്വം ചില സന്ദർഭങ്ങളിൽ മരണത്തെ വരിക്കയോ ചെയ്യുന്ന പക്ഷം കടക്കാരൻ കടസംഖ്യക്കു പുറമെ വമ്പിച്ച തുകകൾ സർക്കാരി ലേക്ക് ഇനവഴിക്ക് അടപ്പാൻ ബാദ്ധ്യനുമായിരിക്കും. മുട്ട് മറിപ്പ് ഇതിലും ഭയങ്കരമാണ്. കൊടുത്തു തീർക്കുവാൻ സർക്കാർ ആജ്ഞാപിക്കുന്ന തുകകൾ കൊടുത്തടക്കാതെയിരിക്കുന്ന വിഷയത്തിൽ പ്രഭുക്കന്മാർ ജാതിത്തലവന്മാർ, ആഢ്യബ്രാഹ്മണർ മുതലായി ഉയർന്ന നിലയിലുള്ള ആളുകളെ അവരുടെ സ്വന്തം പാർപ്പിടങ്ങളിൽ തടവിലിട്ട് പട്ടിണിയിട്ട് പാറാവുകാരുടെ കാവലോടുകൂടി വഴിപ്പെടുത്തുന്ന രീതിക്കാണ് മുട്ട് മറിപ്പെന്ന് പറയുന്നത്. വീടിനോ, മനക്കോ, മാളികക്കൊ, ചുറ്റും വളഞ്ഞു നിൽക്കുന്ന പാറാവുകാർ പുറത്തുനിന്ന് അകത്തേക്കും അകത്തുനിന്നു പുറത്തേക്കും യാതൊരുവക സാമാനവും അനുവദിക്കുന്നതല്ല. ഈ നില യിൽ തടവുകാരൻ പട്ടിണി കിടന്ന് മരിക്കുമെന്നുള്ള ഘട്ടത്തിലെത്തുമ്പോ*

http://www.malankaraorthodox.tv/

*ഴെങ്കിലും തുകയോ പിഴയൊ തൊണ്ടി സാധനങ്ങളോ സർക്കാരിൽ ഏല്പിക്കാതെ മരിച്ചു പോകുന്നതായാൽ അയാളുടെ സ്വത്തുക്കൾ സർക്കാരിലേക്ക് മുതൽക്കൂട്ടുകയോ മറ്റു യഥാവിധി പ്രവർത്തിക്കയോ ചെയ്യുന്നതായിരിക്കും.)* ഒക്കക്കും നിലവരുത്താമെന്നും ആരോടും ഒരു ചോദ്യവും ഞെരുക്കവും ചെയ്യേണ്ടായെന്നും മുതലുകാര്യങ്ങളും വരുത്തിക്കൊടുക്കാമെന്നും കല്പിച്ചതിനെ കാവൽക്കാരു ചെന്നു പറഞ്ഞയുടൻ എല്ലാവരും കൂടി മാളികയിൽ കരേറി എപ്പോൾ വരുത്തുമെന്നും ചോദിച്ചാറെ 24-നു വരുത്തിത്തരാമെന്നും കല്പിച്ചു. കത്തങ്ങളെയും പിള്ളാരെയും മറിപ്പൊഴിഞ്ഞ് വിലങ്ങിട്ടവരെയും അഴിക്കയും ചെയ്തു. ഇങ്ങനെ പാർക്കുമ്പോൾ മാത്തുത്തരകനും വടക്കേത്തല കത്തനാരു മുതൽപേരും ആലപ്പുഴ വന്നപ്രകാരം കേൾക്കകൊണ്ടും പത്മനാഭൻ ചെമ്പ്രാപ്പിള്ള വലിയ സർവാധികാര്യക്കാററും അവിടെ ഇരിക്കകൊണ്ടും ഈ സങ്കടം ബോധിപ്പിപ്പാൻ രണ്ടുപേരെ അയക്കണമെന്നും നിശ്ചയിച്ച് വല്യ പെരുമ്പുഴ മാത്തനേയും ഇട്ടിമാത്തുത്തരകനെയും ആലപ്പുഴ അയച്ചാറെ മാത്തുത്തരകനെ കണ്ടുപറഞ്ഞപ്പോൾ ലക്ഷത്തിരുപത്തെയ്യായിരം രൂപാ കൊടുത്താൽ മറിപ്പ് ഒഴിക്കാമെന്നും അതല്ലെങ്കിൽ നീലകണ്ഠൻ ചെമ്പ്രാപ്പിള്ള കാർയ്യക്കാരെ ചെയ്യിച്ചവണ്ണം ഉള്ള ശിക്ഷ മെത്രാനെയും ചെയ്യിക്കുമെന്നും തരകൻ പറഞ്ഞപ്രകാരം കേൾക്കകൊണ്ടും ചെല്ലുന്നതിൽ ഒരുത്തരും തിരിച്ചു വരാഴികകൊണ്ടും തനതുവക മുതലു കാര്യങ്ങളും ചെങ്ങന്നൂർ പള്ളി വകയായിട്ടുള്ളതും 24-നു കൊടുത്താറെ 60000 കല്യന്റെ വക (2400 രൂപ) ഉണ്ടായിട്ടും പോരായെന്നും അധിക്ഷേപമായിട്ടുള്ള വാക്കുകളും പറഞ്ഞ് രൂപാ കാട്ടിത്തന്നില്ലെങ്കിൽ മെത്രാനെപ്പിടിച്ച് കൊണ്ടുചെല്ലത്തക്കവണ്ണം ഇപ്പോൾ ആലപ്പുഴ നിന്നും എഴുതിവരികകൊണ്ട് ഒരു പാറാജനം ഇട്ടൊരുങ്ങി മാളികയിൽച്ചെന്ന് മെത്രാനെ പിടിച്ചിറക്കിക്കൊണ്ടുവരണമെന്നും പറഞ്ഞയക്കക്കൊണ്ട് അന്നേരം തന്നെ വേണ്ടുന്ന കോപ്പുകൾ ഒന്നും എടുക്കാതെ മാളികയിൽനിന്നും താഴെ ഇറങ്ങി നടപ്പാൻ വഹിയാഴിക കൊണ്ടും ഡോലി മാത്രം എടുപ്പാൻ അനുവാദം കിട്ടി. മാപ്പിളമാരൊക്കെയും പുറപ്പെട്ടു പോകകൊണ്ട് യജമാനന്മാരു തന്നെ തെരുവിലിറങ്ങി നാലഞ്ചു മാപ്പിളമാരെ കൊണ്ടുവന്നു. മുതലുകാർയ്യങ്ങളൊക്കെയും വച്ചു പൂട്ടി പെട്ടകവും താക്കോലും അവരുടെ പററിൽത്തന്നെ. ഇവിടെ കണക്കുമില്ല. അഞ്ചു നാഴികപ്പകലെ എറപ്പിഴക്കടവിൽച്ചെന്നു. വള്ളവും കുത്തുകാരെയും അന്വേഷിച്ചിട്ടില്ലാഴികകൊണ്ട് എട്ടുനാഴിക രാച്ചെല്ലുവോളവും കടവിലിരുന്നു. കല്ലിച്ചേരിൽ നിന്നും ഉപ്പു വാരിയിറക്കി വള്ളം വരുത്തി നീക്കിയപ്പോൾ കർമ്മങ്ങളും മുട്ടിച്ചു.

മുപ്പതു തീയതി പാർത്തിട്ടും ഒരു തുണ കാണാഴിക കൊണ്ടും മുതൽ

http://www.malankaraorthodox.tv/

കാര്യങ്ങളെല്ലാം കൊടുത്തിട്ടും ആലപ്പുഴക്കു ചെല്ലണമെന്നും വരിക കൊണ്ടും ശത്രുക്കളുടെ വചനത്തെ ഓർക്കകൊണ്ടും ദൈവംതമ്പുരാന ല്ലാതെ ഒരു ശരണമില്ലെന്നും സങ്കടത്തോടുകൂടെ അവിടെ സാക്ഷിച്ചും കൊണ്ട് *(സമർപ്പിച്ചുകൊണ്ടെന്ന് അർത്ഥം)* 25-നു കത്തപ്പള്ളിൽ മാത്തു ത്തരകന്റെ വീട്ടിൽ അടുത്താറെ കരയിറങ്ങിക്കൂടായെന്നും പാറാക്കാരു പറകകൊണ്ടും വള്ളത്തേൽ എഴുന്നേറ്റുനിൽക്ക കൊണ്ട് ഇറങ്ങുവാൻ തരകന്റെ അനുവാദം വന്നു. അവിടെ ഇറങ്ങി പഴയപുരയുടെ മംഗ്ലാവിൽ പാർത്തു. തരകന്റെ അനുജൻ ഇട്ടിയവിരാ കത്തനാരും പ്രക്കാട്ട് കൊച്ചിട്ടി കത്തനാരും ശേഷം അവരിൽ *(റോമ്മൻ കത്തോലിക്കരിൽ)* വേണ്ടത്തക്ക ആളുകളൊക്കെയും അവിടെ ഉണ്ടായിരുന്നു. പണ്ടാര പൗലോസ് മെത്രാൻ തത്തംപള്ളിയിലും പാർക്കുന്നു. പുത്തൻകൂറ്റുകാരു കത്ത ങ്ങളും മാപ്പിളമാരും മിക്ക ആളുകളും ഉണ്ടായിരുന്നു. തരകൻ വന്നു കണ്ടില്ല. പുത്തൻകൂറ്റിൽ പൊറുക്കുന്ന മാപ്പിളമാരുടെ *(ധനവാന്മാരായ മാപ്പിളമാരുടെ)* വീടുകളൊക്കെയും കണ്ടുകെട്ടി മുതലെടുക്കത്തക്കവണ്ണം വര്യോല എഴുതി ആളുകളെ അയച്ചിരിക്കുന്നു എന്നു കേൾക്കകൊണ്ട് എല്ലാവരും തരകന്റെ പിന്നാലെ ചുറ്റുന്നു. എന്തെങ്കിലും അനുസരിക്ക ണമെന്നും അല്ലെങ്കിൽ പൊറുതി ഉണ്ടാകയില്ലെന്നും കത്തങ്ങളും മാപ്പിള മാരും കൂടെക്കൂടെ *(ആറാം മാർത്തോമ്മായെ)* അറുവിക്കുന്നു. തരകന്റെ ശക്തിയും ദ്രവ്യത്തിന്റെ അവസ്ഥയും പറവാൻ കഴികയില്ല. യജമാനന്മാ രൊക്കെയും *(അധികാരശക്തിയുള്ള സർക്കാർ ഉദ്യോഗസ്ഥന്മാർ എന്നു സാരം)* അയാളുടെ വീട്ടിൽ വന്നു സങ്കടം പറഞ്ഞു പാർക്കുന്നു. മലയാളം അടക്കം കുത്തകയും പരദേശങ്ങളിൽ കപ്പലോട്ടവും ഇങ്ങനെ ബഹുമാന ത്തോടെ നടന്നുവരുമ്പോൾ മുമ്പിൽ കരുതിയിരിക്കുന്ന നില സാധിപ്പാ നായിട്ട് ഇദ്ദേഹത്തെ *(ആറാം മാർത്തോമ്മായെ)* റോമ്മായിക്ക് വഴക്കം ചെയ്യിക്കണമെന്നും പത്തീറാ എടുത്തു ചൊല്ലിക്കണമെന്നും നിശ്ചയിച്ച് മുൻപിൽ പലപ്പോഴും പറഞ്ഞുവരുന്ന കാര്യത്തിന് ഇതുവരെയും ഒരു നില വന്നില്ലല്ലോ എന്നും ഞങ്ങൾ പറയുമ്മണ്ണം അനുസരിക്കുമെങ്കിൽ എല്ലാ കാര്യങ്ങൾക്കും ഗുണം വരുമെന്നും തരകനെ ഇവിടെ വരുത്താ മെന്നും മെത്രാനും *(പണ്ടാര പൗലൂസ് മെത്രാൻ)* കത്തങ്ങളും ചില മാപ്പി ളമാരും കൂടെ രണ്ടുമൂന്നു ദിവസം വന്നു പറകകൊണ്ടും തരകൻ മുത ലാളി പറയുംവണ്ണം അനുസരിച്ചില്ലെങ്കിൽ അയാൾക്കു നിരുവിക്കുംവണ്ണം ഒക്കയും കഴിയുന്ന കാലമാകകൊണ്ടും ഞങ്ങളൊക്കെയും മുടിയു മെന്നും പുത്തൻകൂറ്റു പുറത്തുള്ള മാപ്പിളമാരും കത്തങ്ങളും അറുവിക്ക കൊണ്ടും അതിന്മണ്ണം തന്നെയെന്നും അനുസരിച്ചാറെ വചനം പോരാ യെന്നും *(വാക്കുമാത്രം മതിയാവില്ലെന്നും)* ഏറിയകാലം ഇതിനു വേല ചെയ്ത് നടക്കുന്നു എന്നും പടിയോലയായിട്ട് അങ്ങോട്ടുമിങ്ങോട്ടും എഴുത്തു വേണമെന്നും, അവരു *(പഴയകൂറ്റുകക്ഷികൾ)* പറകകൊണ്ടു

http://www.malankaraorthodox.tv/

നിങ്ങൾക്കു ബോധിച്ചതിന്മണ്ണം ഒക്കയും എഴുതിക്കൊണ്ടു വന്നാൽ എഴുത്തിട്ടുതരാമെന്നും *(ഒപ്പിട്ടു തരാമെന്നും)* കല്പിച്ചപ്പോൾ അതിന്മണ്ണം ചെന്നു *(മാത്തുത്തരകനോട്)* പറഞ്ഞു. അവരു കൂടിവിചാരിച്ചതിന്റെ ശേഷം തരകൻ കാണ്മാൻ വന്നു. കാര്യങ്ങളൊക്കയും വേണ്ടുമ്മണ്ണം നിദാനം വരുത്തി അയക്കാമെന്നും ഇനി ഒരു ബുദ്ധിമുട്ടിനും ഇടവരികയില്ലെന്നും തരകൻ പറഞ്ഞുംകൊണ്ടുപോയി. എല്ലാവെരും കൂടിവിചാരിച്ച് രണ്ടു കടുദാസ്സും എഴുതിയതിൽ അനേകമൊക്കയും വാചകം വച്ചു. ഒടുക്കം മാർ ഇഗ്നാത്യോസിനെ കടലിൽ കെട്ടിതാഴ്ത്തുകകൊണ്ടും അന്ന് മട്ടാഞ്ചേരിൽ കൂടി, സത്യം ചെയ്തതിനു രണ്ടു കൂറ്റുകാരും ചില വഴക്കുകൊണ്ട് വേർതിരികകൊണ്ടും ഉതയംപേരൂർ സൂന്നെദോസിൽ, കല്പിച്ചപോലെ റോമ്മാ വഴങ്ങി നടന്നുകൊള്ളുമാറും ഈ അവസ്ഥ മാർപ്പാപ്പായിക്ക് എഴുതി അയച്ച് കിഴക്കിന്നടുത്തവർക്ക് കല്പിച്ച വിശ്വാസംപോലെ സത്യം ചെയ്ത് *(പൗരസ്ത്യ ദേശങ്ങളിൽ റോമൻ കത്തോലിക്കാ സഭക്ക് വിധേയരായിത്തീർന്നിട്ടുള്ളവർക്ക് വിശ്വാസാചാര വിഷയമായി പാപ്പാ കല്പിച്ചിട്ടുള്ള ചില പ്രത്യേകതകൾ അനുസരിച്ച്)* നടന്നുകൊള്ളുമാറും സമ്മതിച്ച് ഇതിന്മണ്ണം എഴുതിക്കൊണ്ടുവന്നതിനെ വായിച്ചുകേൾക്കണ്ടാ എന്നും *(6-ാം മാർത്തോമ്മാ)* കല്പിച്ച് എഴുത്തിട്ടു *(ഒപ്പിട്ടു)* കൊടുക്കയും ചെയ്തു. അന്നേരം കൂടിയ ആളുകളും എഴുത്തിട്ടു. അവരെഴുതിയതിന് എഴുത്തിട്ട് ഇങ്ങോട്ടും തന്നു.

ഇതിന്റെ ശേഷം പത്തീറാ എടുത്ത് അടുത്തുതന്നെ ഒരു കുർബ്ബാന ചൊല്ലണമെന്നും അറുവിക്കകൊണ്ട് ഇടവമാസം 29-ാനു (974-ാമാണ്ട്) തിങ്കളാഴ്ചനാൾ തത്തംപള്ളിപ്പള്ളിയിൽ ചെന്ന് കുർബ്ബാന ചൊല്ലുകയും ചെയ്തു. ഏറിയ പുരുഷാരം കൂടിയിരുന്നു. എല്ലാവരും അനുസരിച്ച് കൈയും മുത്തി മാളികയിൽ പാർത്തു. കൂടിയ ആളുകൾക്കൊക്കെയും വിരുന്നും കൊടുത്തു. പിറ്റെദിവസം തരകന്റെ വീട്ടിൽ വന്നപ്പോൾ കണ്ടുകെട്ടി എടുത്തുകൊണ്ടുപോയ മുതൽകാർയ്യങ്ങളൊക്കെയും അല്ലാതെ ഒരു പെട്ടകവും തിരികെ കൊണ്ടുവന്നു. തമ്പുരാന്റെ *(മഹാരാജാവിന്റെ)* തിരുമനസ്സറിഞ്ഞല്ലാതെ ഇനിയും ഈ മുതൽക്കാര്യങ്ങളൊന്നും നമുക്ക് വേണ്ടാ എന്നും ചെങ്ങന്നൂർ പള്ളിയുടെ മുണ്ടുമുറികൾ കിട്ടുമെങ്കിൽ കൊള്ളാമെന്നും കല്പിച്ചു. തരകന്റെ കൂടത്തന്നെ കൊച്ചിട്ടി മുതൽപേരുടെ പറ്റിൽ കച്ചേരിയിൽ കൊടുത്തയച്ച പൊൻവെള്ളിനാണയം ഉൾപ്പെടെ അറുപതിനായിരത്തിച്ചില്വാനം പണത്തിന്റെ വകയുള്ളത് ഉരുക്കിത്തൂക്കി അവരുടെ കണക്കുംപടിക്ക് 30892 കല്യൻ കണ്ട് ആ വകക്ക് മുളകുമടിശ്ശീലയിൽ നിന്നും എഴുതിയ പറ്റുശീട്ടി കുഞ്ഞിച്ചെറിയതു തരകന്റെ പറ്റിലാകുന്നു. പള്ളിവക വെള്ളി മുണ്ടുമുറി ഇങ്ങോട്ടും തന്നു. ലക്ഷത്തിരുപത്തയ്യായിരം രൂപായുടെ ചോദ്യവും ഒഴിഞ്ഞു. കൊല്ലം മുതൽ വെട്ടിയകോട്ടു വരെയുള്ള മാപ്പിളമാരെല്ലാവരും കൂടെ 30000

രൂപായിക്ക് രണ്ടു കൂറ്റുംപുറത്തുള്ളതിൽ ഈരണ്ടു പേരുടെ പേരു വെച്ച് ഒരു കച്ചീട്ട് എഴുതിക്കൊണ്ടു വന്ന് വായിച്ചു കേൾപ്പിച്ചും വെച്ച് തരകൻ തന്നെ കൊണ്ടുപോകയും ചെയ്തു.

പിന്നത്തേതിൽ പത്മനാഭൻ ചെമ്പകരാമൻപിള്ള വലിയ സർവാധി കാർയ്യക്കാരുടെ പേർക്ക് സമ്മാനമായിട്ട് ഒരു സാൽവ കൃഷ്ണപിള്ള സർവ്വാധികാർയ്യക്കാരുടെ പറ്റിൽ കൊടുത്തയച്ചത് കൊണ്ടുവന്ന് *(മെത്രാപ്പോലീത്തായിക്ക് കൊടുത്ത്)* യാത്ര പറഞ്ഞു പോരുമ്പോൾ തരകന്റെ പുത്തൻവീട്ടിൽ കരേറ്റിയിരുത്തി തരകന്റെ കെട്ടിയവളെകൊണ്ട് ഒരു മോതിരവും തരുവിച്ചു. വള്ളം കരേറി കല്ലൂർക്കാട്ട് *(ചമ്പക്കുളം)* വന്നു. പിറ്റേദിവസം അവിടെ ഒരു കുർബ്ബാന ചൊല്ലി ദേശക്കാരുടെ പേർക്ക് വിരുന്നും കൊടുത്തു. തരകൻ ആലപ്പുഴ താമസിക്കകൊണ്ട് ഇട്ടിയവിരാ കത്തനാരു ആളയച്ചാറെ ഉടൻ വന്നു. കല്ലൂക്കാട്ട് നിന്ന് എല്ലാവരും വള്ളം കരേറി മിഥുനമാസം 5-നു പുതിയകാവിൽ പള്ളിയിൽ വന്നു. തരകന് തിരുവനന്തപുരത്തിന് പോകുവാൻ അടിയന്തിരം ആകകൊണ്ട് 6-നു കാലത്തെ പോകയും ചെയ്തു. അന്നു തന്നെ ചെങ്ങന്നൂർക്ക് *(മെത്രാപ്പോലീത്താ)* പോന്നു. ഒരു പല്ലക്ക് കൂടെ *(മാത്തുത്തരകൻ)* കൊടുത്തയച്ചു. ആയത് വാങ്ങിക്കാതെ തിരികെ തിർയ്യെ കൊടുത്തയച്ചു. വാദ്യക്കാരും കുഴൽക്കാരും, പാറാക്കാരും ഇങ്ങനെ വന്നവരൊക്കയും, വെണ്ടുന്നതിനെ കൊടുത്തു ബഹുമാനിച്ചയക്കയും ചെയ്തു. ആലപ്പുഴ, തത്തംപള്ളി, കല്ലൂക്കാട്ട് ഈ മൂന്നു ഇടവകകൾ ഉൾപ്പെട്ട ആളുകൾക്കും, പുതിയകാവിലും ചെങ്ങന്നൂരും അവരു പോകുംവഴി നിരണത്തും വിരുന്നു കൊടുത്തയക്കയും ചെയ്തു. അങ്ങോട്ടെഴുതി കൊടുത്ത കടുദാസ്സും ശേഷം പേരെ കൊണ്ട് എഴുത്തിടുവിപ്പാൻ *(ഒപ്പിടുവിപ്പാൻ)* വാങ്ങിച്ചും കൊണ്ടുപോന്നു. ക്രമങ്ങൾ തഴക്കുവാനും നിറങ്ങൾ *(സുറിയാനി രാഗങ്ങൾ)* പഠിപ്പാനും *(റോമൻ കത്തോലിക്കരുടെ ക്രമങ്ങളും രാഗങ്ങളും എന്നു വിവക്ഷ)* പ്രക്കാട്ടുകാരൻ കൊച്ചിട്ടിക്കത്തനാരെ കൂടെ വ്യവസ്ഥ വരുത്തി അയച്ചിരുന്നു.

ഒന്നാകുന്ന കാര്യം കൊണ്ടു പറഞ്ഞപ്പോൾ *(ഓർത്തഡോക്സ് സുറിയാനി സഭയും റോമ്മാസഭയും തമ്മിൽ യോജിക്കുന്നതിനെക്കുറിച്ച് സംസാരിച്ചപ്പോൾ എന്നു വിവക്ഷ)* നമുക്ക് *(6-ാം മർത്തോമ്മായിക്ക്)* മാസപ്പടി *(ശമ്പളം)* വൈക്കണമെന്നും നമ്മുടെ സാധനം *(ഭരണകാര്യ സംബന്ധമായ എഴുത്തുകൾ)* എല്ലായെടത്തും എഴുതണമെന്നും ഈ വകയിലൊന്നും തന്നെ കല്പിച്ചില്ല. ഏറിയ വിഷാദത്തോടും കൂടെ ചെങ്ങന്നൂർ പാർത്തുപോരുമ്പോൾ പീടികയിൽ കത്തനാരെകൊണ്ട് 11-നു വ്യാഴാഴ്ച ചൊല്ലിച്ചു.

http://www.malankaraorthodox.tv/

## മാത്തുത്തരകന്റെ കഷ്ടദശാരംഭവും തരകന് ലഭിച്ച ദൈവശിക്ഷയും. തിരുവനന്തപുരത്ത് തടവുശിക്ഷ

പിറ്റെദിവസം മുതല്ക്ക് വർത്തമാനം കേട്ടു. യജമാനന്മാരുടെയും വിചാരിക്കുംപേരുടെയും *(ഭരണാധികാരികൾ)* കുടിയാനവന്മാരുടെയും കൊങ്ങിണികളുടെയും മാപ്പിളമാരുടെയും ഈഴവരുടെയും സർവസ്വവും കണ്ടുകെട്ടി എടുത്ത് അക്രമങ്ങൾ പല കൂട്ടവും ചെയ്യിക്ക കാരണത്താൽ മാത്തുത്തരകൻ അഞ്ചുതെങ്ങിലോളം ചെന്നപ്പോൾ നാട്ടുകാരു കൂട്ടം കൂടി *(നാട്ടുക്കൂട്ടം. നാഞ്ചിനാട്ടുകാരു കൂട്ടംകൂടി എന്നു പാഠാന്തരവും ചരിത്രവും)* തിരുവനന്തപുരത്തു കൊണ്ടുചെന്ന് ഏറിയ ചോദ്യങ്ങളൊക്കയും ചെയ്ത് (974-ാമാണ്ട്) മിഥുന മാസം 19-നു രണ്ടു ചെവിയും ചെത്തി ഏറിയ ഞെരുക്കം ചെയ്ത് അടിച്ച് വിലങ്ങിടുകയും ചെയ്തു. മാനക്കേട് *(മാത്തുത്തരകന്റെ രണ്ടു ചെവിയും ചെത്തി തരകയില കൂട്ടി വേകിച്ച് ഉപ്പ് ചേർക്കാതെ തരകനെക്കൊണ്ടു തന്നെ തീറ്റിച്ചു)* അനുഭവിച്ചുയെന്ന് കേട്ടയുടൻ *(പ്രക്കാട്ടുകാരൻ)* കൊച്ചിട്ടിക്കത്തനാരു പോയി. ശങ്കരനാരായണൻ വലിയ മേലെഴുത്തുപിള്ള *(ചീഫ് സിക്രട്ടറി - തക്കല)* യുടെ ചെവി ചെത്തി ഉദയഗിരികോട്ടയിലാക്കി. നമ്പൂതിരി വലിയ സർവ്വാധികാര്യക്കാരെയും അല്ലാതെ രണ്ടു മൂന്നു പേരെയും തോവാളക്കു പുറത്ത് കടത്തി. തിരുവാർപ്പിക്കാരനെ *(കൃഷ്ണപിള്ള സർവ്വാധികാര്യക്കാർ)* അടിപ്പിച്ച് വിലങ്ങിട്ടു. അയാളും വളരെ ദുഃഖിച്ചു *(976-ാമാണ്ട് വൃശ്ചികമാസം 27-നു മാത്തുത്തരകന്റെ നിരപരാധിത്വത്തിനും മാനത്തിനും ലക്ഷ്യമായി മഹാരാജാവ് പൊന്നുകൊണ്ട് രണ്ടു ചെവി ഉണ്ടാക്കി മാത്തുത്തരകന് കൊടുക്കയും പിഴ ഈടാക്കി ലക്ഷത്തിഎൺപതിനായിരം രൂപാ മടക്കിക്കൊടുപ്പാൻ മഹാരാജാവു കല്പന നൽകുകയും ചെയ്തു.)*

ഇങ്ങനെ ഒക്കയും കഴിഞ്ഞതിന്റെ ശേഷം അയ്യപ്പൻ ചെമ്പ്രാപ്പിള്ള വല്യസർധികാർയ്യക്കാർക്ക് അടക്കിവിചാരം *(ദിവാൻജിയുടെ അധികാരം)* കൊടുത്തു കുറെനാൾ നടന്നു വന്നു *(ഇദ്ദേഹം നാട്ടുക്കൂട്ടത്തിന്റെ തലവനായിരുന്നു.).*

കൊല്ലത്തെ *(ലത്തീൻ)* മെത്രാൻ മുണ്ടൻ പാതിരിയെ മുറിക്കകത്തിട്ട് കൊന്ന കാരണത്താൽ കുറ്റം വന്ന് കപ്പലിൽ കരേറിപോയി. കട്ടക്കയത്തിൽ അവരാക്കത്തനാരു ഗോവർണ്ണദോരിന്റെ സ്ഥാനം ഒഴിഞ്ഞ് കുപ്പായം ഊരി മുൻപിലത്തെപോലെ പാർത്തു. പൌലോസ് മെത്രാൻ ഓസ്തി കൂടാതെ കുർബ്ബാന ചൊല്ലി ഭ്രാന്തനായിട്ട് പുറപ്പെട്ട് തെണ്ടിത്തിന്ന് പല വിധത്തിലും നടന്നു. *(വരാപ്പുഴ പാതിരിമാർ അവരുടെ ചാരനായ ഒരു കുശിനിക്കാരനെകൊണ്ടു ഭക്ഷണത്തിൽ വിഷം കലർത്തി*

http://www.malankaraorthodox.tv/

*കൊടുത്തതു മൂലം ഈവിധം സംഭവിച്ചുവെന്നാണ് പറഞ്ഞുപോരുന്നത്).*

തരകന്റെ വകക്കാരൊക്കയും പുറപ്പെട്ടുപോയി (*(982 കുഭം ..... -നു മാത്തുത്തരകനെ മക്കാളി സായ്പ്പ് ചേറ്റുവായിൽ നിന്ന് പോഞ്ഞിക്കരയിൽ വരുത്തുകയുണ്ടായി. 982-ാമാണ്ട് മകരമാസം 11-നു മാത്തുത്തരകന്റെ കുടുംബം ജീവരക്ഷാർത്ഥം ചേറ്റുവാ മണൽപ്പുറത്ത് പാപ്പിനിവട്ടം എന്ന സ്ഥലത്ത് ഇംഗ്ലീഷ് കമ്പനി വക ഒരു കെട്ടിടത്തിൽ പോയി പാർത്തു. വേലുത്തമ്പി ദളവായുടെ പീഢ നിമിത്തമാണ് പോകേണ്ടി വന്നത്.)* പിന്നത്തേതിൽ അയ്യപ്പൻ ചെമ്പ്രാപ്പിള്ള വലിയ സർവ്വാധികാര്യക്കാരോടു കൂടെ ഏറിയ മുതൽ ചെലവിട്ട് തരകൻ ആലപ്പുഴെ വരികയും ചെയ്തു. ഉടൻതന്നെ പുത്തൻകൂറ്റുകാരു ഏതാനും രൂപാ കൊടുക്കണമെന്നും വച്ച് ചാത്തന്നൂർ കൊച്ചാക്കോയിക്കും തേവലക്കര വൈദ്യനും കണ്ണംകോട്ട് കൊച്ചിടിച്ചാണ്ടിക്കും ഇട്ടിമാത്തുത്തരകനും *(പുതുപ്പള്ളി)* ആളു വന്നു കൊണ്ടുപോയി. 20000 രൂപായിക്ക് പരിക്കയെടുത്തു പൂതികോട്ടു കത്തനാരു മുതൽപേരുടെ പേർക്ക് കച്ചീട്ടും എഴുതിവെപ്പിക്കയും ചെയ്തു.

പലതുകൊണ്ടും 41 ദിവസത്തെ പന്ത്രണ്ടീത് കത്തങ്ങളെ വരുത്തി ചെങ്ങന്നൂർ വെച്ച് കുർബ്ബാന ചൊല്ലിച്ചു. ഓരോ രാശി അവർക്ക് കൊടുത്തു. കത്തങ്ങൾ മാറിമാറിപ്പാർക്കയും ചെയ്തു.

ആവകപ്പണം *(പൂതികോട്ടു കത്തനാരു മുതൽപേരുടെ പേർക്ക് കച്ചീട്ട് എഴുതി വയ്പിച്ച ഇരുപതിനായിരം രൂപാ)* 975-ാമാണ്ട് മീനമാസം 10-ാം തീയതിയിലും ആയിട്ട് പിരിച്ചുകൊണ്ടു ചെല്ലത്തക്കവണ്ണം സാധനവും കൊണ്ട് ശങ്കരപ്പിള്ള വിചാരിപ്പുകാരനും അരിക്കാരും കൂടെ വന്നു. ഇതിനു മുമ്പ് ടി ആണ്ട് ചിങ്ങമാസത്തിൽ വടക്കുപുറത്തുള്ള പള്ളിക്കാരും, തെക്കുപുറത്തുള്ളതിൽ ഏതാനും പള്ളിക്കാരും കൂടെ തിരുവനന്തപുരത്തു ചെന്ന്, സങ്കടം പറഞ്ഞ് കുറെനാൾ പാർത്തു മനസ്സു മുട്ടി പോരികയും ചെയ്തു.

*(ആറാം മാർത്തോമ്മാ, റോമ്മാസഭയുടെ വിശ്വാസാചാരങ്ങൾക്കു വിധേയനായിരുന്നുകൊള്ളാമെന്നുള്ളതിനെ മുൻനിറുത്തി അദ്ദേഹവും പഴയകൂറ്റു പ്രമാണികളും കൂടി രണ്ടു പടിയോലകൾ എഴുതി ഒപ്പിട്ട് പരസ്പരം കൈമാറിയിരുന്നതായി ഈ കൈയെഴുത്തു ഗ്രന്ഥത്തിന്റെ 152-ാമതു പുറത്ത് പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ വ്യവസ്ഥകൾക്കു ഏതെങ്കിലും കൂട്ടർ ഭംഗം വരുത്തുന്നപക്ഷം നഷ്ടോത്തരവാദിത്വം വഹിച്ചുകൊള്ളാമെന്ന് കാണിച്ചു കൊല്ലം മുതൽ വെട്ടിയകോട്ട വരെക്കുള്ള മാപ്പിളമാരിൽ പുത്തൻകൂറ്റിലും പഴയകൂറ്റിലുമുള്ള ഈരണ്ടു പേർ വീതം ചേർന്നു മുപ്പതിനായിരം രൂപായിക്ക് ഒരു കച്ചീട്ട് എഴുതിയിരുന്നത് മാത്തു*

*ത്തരകന്റെ കൈവശമുണ്ടായിരുന്നു. ജയന്തൻ ശങ്കരൻ നമ്പൂരി മാത്തുത്തരകൻ, ശങ്കരനാരായണൻ ചെട്ടി മുതലായവർക്കെതിരായി ചിറയിൻകീഴ് അയ്യപ്പൻ ചെമ്പകരാമൻപിള്ളയുടെയും തലക്കുളത്ത് വേലുത്തമ്പിയുടെയും നേതൃത്വത്തിൽ ലഹളക്കായി തിരുവനന്തപുരത്തെത്തിച്ചേർന്ന നാട്ടുകൂട്ടത്തിന്റെ അഭിലാഷത്തെ ആദരിച്ച് ബാലരാമവർമ്മ മഹാരാജാവ് അയ്യപ്പൻ ചെമ്പകരാമൻപിള്ളയെ ദിവാൻജിയായും വേലുത്തമ്പിയെ കച്ചവടം കാര്യക്കാരായും നിയമിച്ചു. ഇങ്ങനെ ഭരണാധികാരത്തിൽ വലിയ പരിവർത്തനം സംഭവിച്ച് മാത്തുത്തരകന്റെ അധികാരശക്തിയും സ്വാധീനശക്തിയും തീരെ നഷ്ടപ്പെട്ടുവെന്ന് പ്രത്യക്ഷമായതോടുകൂടി, ബലാല്ക്കാരം, പീഡ എന്നിവകൊണ്ടു മാത്രം മനഃസാക്ഷിക്കെതിരായി ആറാം മാർത്തോമ്മാ എഴുതി ഒപ്പിട്ടു കൊടുത്തിരുന്നതായ പടിയോലയിലെ വ്യവസ്ഥകളെ അദ്ദേഹം പ്രതിഷേധിക്കയും തന്റെ യഥാർത്ഥനില ഇന്നതാണെന്ന് പരസ്യമായി പ്രകാശിപ്പിക്കയും പ്രായശ്ചിത്തമായി 41 ദിവസം പന്ത്രണ്ടു പട്ടക്കാരെ കൊണ്ട് ചെങ്ങന്നൂർ പള്ളിയിൽ വെച്ച് കുർബ്ബാന ചൊല്ലിക്കയും ചെയ്തു. ആറാം മാർത്തോമ്മായുടെ ഈ പ്രവൃത്തി അദ്ദേഹം ഒപ്പിട്ടു കൊടുത്തിട്ടുള്ള പടിയോലയിലെ വ്യവസ്ഥകൾക്ക് എതിരാകയാൽ നഷ്ടോത്തരവാദത്തം ചെയ്യണമെന്നുള്ള മാത്തുത്തരകന്റെ പരാതിയെ മുൻനിറുത്തിയാണ് ഇരുപതിനായിരം രൂപാ അടയ്ക്കണമെന്നുള്ള തീരുമാനമുണ്ടായത്. ഈ തീരുമാനത്തെ സംബന്ധിച്ചാണ് 974-ാമാണ്ട് ചിങ്ങമാസത്തിൽ തെക്കും വടക്കുമുള്ള പള്ളിക്കാർ തിരുവനന്തപുരത്തെത്തി സങ്കടം പറഞ്ഞ് മനസ്സ് മുട്ടിപ്പോന്നത്.)*

ഈ വക രൂപായിക്ക് വരിയിടുവാൻ പുത്തൻകാവ് പള്ളിയിൽ അശ്ചൻ *(ആറാം മാർത്തോമ്മാ)* ഇരുന്നുംകൊണ്ടു പള്ളിക്കാരെ ഒക്കെയും എഴുതി അയച്ചു വരുത്തി വരിയിട്ടാറെ, വിചാരിപ്പുകാരും ഇട്ടിമാത്തുത്തരകനും കൂടെ വിചാരിച്ച് പള്ളിയുടെ പണ്ടാരക്കുറ്റിയും പൂജപ്പാത്രങ്ങളും വിറ്റ് 25000 കല്യൻ ആലപ്പുഴക്കു കൊടുത്തയച്ചാറെ, വലിയ സർവാധികാര്യക്കാർക്ക് വിചാരം മാറി പറവൂർക്ക് പോകകൊണ്ട് മുപ്പതിനായിരത്തിചില്വാനം കല്യൻ വിചാരിപ്പുകാരൻ മോഷ്ടിച്ചെടുക്ക കൊണ്ടും ശേഷം പണവുംകൊണ്ട് തിരുവനന്തപുരത്ത് ചെല്ലത്തക്കവണ്ണം എഴുത്തു വരികകൊണ്ടും എല്ലാ ദേശക്കാർക്കും എഴുതി അയച്ചുവെച്ച് നിരണത്തു നിന്ന്, 75-ാമാണ്ട് *(975)* മിഥുനമാസം 2-നു തിരുവനന്തപുരത്തിന് യാത്ര പുറപ്പെടുകയും ചെയ്തു. കൊല്ലത്തു പള്ളിയിൽ രണ്ടു ദിവസം പാർത്തു. 9-നു തിരുവനന്തപുരത്തു ചെന്ന് മുഖം കാട്ടി സങ്കടങ്ങളൊക്കയും തിരുമനസ്സറിവിച്ചാറെ വേണ്ടുംവണ്ണം കല്പന വന്ന് നാലു തീയതി പാർക്കണമെന്നും കല്പിക്കകൊണ്ട് ചാലയിൽ ലോകനാഥന്റെ വീട്ടിൽ *(ചാലയിൽ യോഹന്നാന്റെ വീട്ടിൽ എന്ന് പാഠാന്തരം)* പാർത്തു. 11 കോപ്പും പോരു

http://www.malankaraorthodox.tv/

വോളം തന്നു. 20-നു യാത്ര കല്പിച്ചപ്പോൾ കണ്ടുകെട്ടി കൊണ്ടുപോയ മുതൽ അവരുടെ കണക്കുംപടിക്ക് 5120 രൂപായ്ക്കു നീട്ടും, മുൻപിലത്തെ പോലെ ഒരു മോതിരവും പൊന്നുകെട്ടിയ പുരമ്പും *(ചൂരൽ)* ഇട്ടിയവിരാ യിക്കും കൊച്ചുവർക്കിക്കും വീരചങ്ങലയും പിച്ചാത്തിയും നാരായവും ആ വകക്കും റമ്പാശ്ചൻ ഡോലി കേറുന്നതിന് നീട്ടും കല്പിച്ചിരുന്നു. പത്മനാഭൻ ചെമ്പ്രാപ്പിള്ള വലിയ സർവാധികാര്യക്കാരുമായിട്ട് കണ്ടു പറഞ്ഞ് നമ്മുടെ വക കിട്ടിയില്ലെങ്കിലും ഇരുപതിനായിരം രൂപായ്ക്കു സങ്കടം പറഞ്ഞാറെ മാപ്പിളമാരെ വിളിച്ചു ചോദിച്ചതിന്റെ ശേഷം ഒരു ത്തരും പറഞ്ഞില്ല.

*(മെത്രാപ്പോലീത്തായുടെ വക കണ്ടുകെട്ടിയ മുതലിന് 5120 രൂപാ വില കല്പിച്ച് ആ വകയ്ക്ക് പിന്നീട് തുക തന്നുകൊള്ളാമെന്നുള്ളതിന് രേഖ യായി മഹാരാജാവ് നീട്ടു കൊടുത്തിട്ടുള്ള സ്ഥിതിക്ക് 20000 രൂപായും മെത്രാപ്പോലീത്താ തന്നെ ഉത്തരിക്കണമെന്നു ഉദ്ദേശിച്ചാണ് മാപ്പിളമാർ മൗനം അവലംബിച്ചതെന്ന് വിചാരിക്കാം).*

അവിടെനിന്നും കുഞ്ചിലംപിള്ള സമ്പ്രതിപ്പിള്ളയുടെ വീട്ടിൽ കരേറി. അദ്ദേഹം ഒരു സാൽവ കൊടുത്തു. വച്ചുകാഴ്ചയും ചിലവും വളരെയുണ്ട്. 21-നു തിരുവനന്തപുരത്തു നിന്ന് യാത്ര പുറപ്പെട്ട് 30-നു നിരണത്തു വരി കയും ചെയ്തു. വേലുത്തമ്പി അവിടെ ഇല്ലാഴികകൊണ്ട് യാത്ര പറഞ്ഞില്ല. അതു കാരണത്താൽ അദ്ദേഹത്തിന് നീരസം ഉറച്ചു. 77-മാണ്ട് വൃശ്ചിക മാസം 20-ന് *(977)* പൂജയടിയന്തിരം വകക്ക് നെല്ല് ഇറക്കുവാൻ 50000 പണം മാത്തുത്തരകന് വകവെച്ച് *(മാത്തുത്തരകന് നഷ്ടം കൊടുക്കേ ണ്ടിയിരുന്ന 20000 രൂപായിൽ നെല്ലു കുത്തക സംബന്ധിച്ച് 50000 പണം തരകന്റെ പേരിൽ വകവച്ച് നെല്ല് ഇറക്കുവാൻ അടച്ചുകൊടുക്കേണ്ട തിലേക്ക് എന്നു വിവക്ഷ. തരകനായിരുന്നു നെല്ലു കുത്തക ഏറ്റിരുന്നത്)* കണ്ടുകൃഷി നീലംപിള്ള കാര്യക്കാരുടെ മറിപ്പ് വന്ന് കുംഭമാസം 6-നു വരെയും ഓരോ രൂപ ചെലവിനു പറ്റി. അക്കാര്യം മല്ലിട്ടിപ്പണിക്കരെ തിരു വനന്തപുരത്തിനയച്ചാറെ പണത്തിനു വേർവിട്ട് വകകൊടുത്ത് ചോദ്യം ഒഴിയത്തക്കവണ്ണവും ചിലവിന്നു പറ്റിയ പണം തരത്തക്കവണ്ണവും സാധനം തന്നു. ഇതിന്റെ ശേഷം പണം പിരിച്ച് ഒടുക്കിവരുമ്പോൾ വേലു ത്തമ്പിക്ക് വലിയ സർവാധി വെച്ച് അടക്കിവിചാരം ആയാറെ കല്പിച്ചു തന്ന തിരുവെഴുത്ത് കാണണമെന്നും തേവലക്കര വൈദ്യനോട് പറഞ്ഞ് വാങ്ങിച്ചു കണ്ടു വലിച്ചു കീറി കുറച്ചു പണം കൂട്ടി കന്നാസാരം വകക്ക് വകയിട്ടു. വകക്കാററു വന്ന് ഏറിയ ചോദ്യവും ഞെരുക്കവും ആയാറെ കൊച്ചിട്ടിയെ തിരുവനന്തപുരത്തയച്ചു. ആറു മാസം അവിടെ പാർത്തു വകക്കാരുടെ അറിവു ശീട്ടി കൊടുത്തു നിത്യച്ചിലവിൽ നിന്നും പറ്റുശീട്ടി വാങ്ങിക്കയും ചെയ്തു.

http://www.malankaraorthodox.tv/

*(മെത്രാപ്പോലീത്തായുടെ മുതൽ കണ്ടുകെട്ടിയതിന് 5120 രൂപാ വില നിശ്ചയിച്ച് മഹാരാജാവ് എഴുതിക്കൊടുത്തിരുന്ന നീട്ടാണ് വേലുത്തമ്പി വാങ്ങിച്ച് വലിച്ചുകീറി കളഞ്ഞത്. ഇങ്ങനെയൊക്കെയായിരുന്നു അക്കാലത്തെ രാജ്യഭരണ സമ്പ്രദായങ്ങൾ. സർക്കാരിൽനിന്ന് കൊടുക്കേണ്ട തുകകൾക്ക് മഹാരാജാവ് തുല്യം ചാർത്തിക്കൊടുത്തിരുന്ന ചില രേഖകളും വേലുത്തമ്പി ഇതുപോലെ വലിച്ചുകീറി കളഞ്ഞിട്ടുള്ളതായി രേഖയുണ്ട്. മാത്തുത്തരകന്റെ പൗത്രൻ കൊച്ചുമാത്തുത്തരകന്റെ ഹർജി നോക്കുക).*

78–ാമാണ്ട് *(978)* വൃശ്ചികമാസം 20–നു അഛൻ *(മെത്രാപ്പോലീത്താ)* വടക്കു കണ്ടനാട്ടിനു പോയി. ആയാണ്ട് മേട മാസത്തിൽ വേലുത്തമ്പിക്ക് ദളവാപ്പട്ടം കെട്ടി. അദ്ദേഹം പട്ടമനപ്പറവൂർ വന്നു. ദളവായെക്കാണ്മാൻ ഇടവമാസം 7–നു പറവൂർ ചെന്നു. രണ്ടു പാറാക്കാരെയും എട്ടു പൂവണ്ടൻമാരെയും *(ദളവാ)* കടവിൽ നിർത്തിയിരുന്നു. പള്ളിയില്ലായ്കകൊണ്ടു *(പറവൂർ പള്ളിയെ ടിപ്പുവിന്റെ ആളുകൾ നശിപ്പിച്ച സ്ഥിതിയിൽ കിടക്കയായിരുന്നു)* പോരുവോളവും ശിപായികൾക്കു ചെലവിനു പറവൂർകാരു കൊടുത്തു. 9–നു കാലത്തു ചെല്ലുവാൻ ഉത്തരവും വന്നു. ഘോഷത്തോടു കൂടെ ചെന്ന്, പരവദാനിയേൽ ചവുക്കയിൽ രണ്ടു പേരും ഇരുന്ന് കാര്യങ്ങളൊക്കെയും പറഞ്ഞാറെ വകവെച്ച രൂപായിക്ക് വീണ്ടും ചോദ്യം ചെയ്ത്, ഒന്നര സംവത്സരം കാര്യം പറഞ്ഞിട്ടും തീർച്ച വന്നില്ലെന്നും ഇപ്പോൾ ഒഴിച്ചിൽ ആക്കണമെന്നും കല്പിക്കകൊണ്ടും പറ്റുശീട്ടിയും കണക്കും കൊച്ചിട്ടി കൊണ്ടുവന്നു. ഇന്നുതന്നെ ഒഴിച്ചിലാക്കി അയക്കാമെന്നും ഉത്തരവുണ്ടായി എല്ലാവരെയും മാറ്റി മെത്രാന്റെ വക കണ്ടുകെട്ടി എടുപ്പിച്ച് പഴയത് *(പഴയകൂർ റോമ്മാ വിശ്വാസം)* അനുസരിപ്പിച്ചതിന് ഒരു കച്ചീട്ട് വയ്ക്കണമെന്നും ഉണ്ടായാറെ ചെയ്തില്ല.

*(ഇക്കാലത്ത് വേലുത്തമ്പി മാത്തുത്തരകനെ പലതരത്തിൽ ദ്രോഹിപ്പാൻ പുറപ്പെട്ടിരുന്നു. തിരുവിതാംകൂർ മഹാരാജാവ് മാത്തുത്തരകന് പല ഇനങ്ങളിൽ കൊടുത്തു വീട്ടേണ്ടിയിരുന്ന 18 ലക്ഷം രൂപാ കൊടുക്കാതെ കഴിച്ചുകൂട്ടുവാൻ വേലുത്തമ്പി ചില കൃത്രിമങ്ങളും ആരംഭിച്ചിരുന്നു. അവയെല്ലാം മാത്തുത്തരകന്റെ പൗത്രൻ കൊച്ചുമാത്തുത്തരകൻ മദ്രാസ് ഗവർണ്ണർക്കയച്ച ഹർജിയിൽ വിവരിച്ചിട്ടുള്ളതാണ്. മെത്രാപ്പോലീത്തായെ മാത്തുത്തരകൻ ദ്രോഹിച്ച് അദ്ദേഹത്തിന്റെ വക കണ്ടുകെട്ടി എടുപ്പിച്ച് സഭാ പരിവർത്തനം ചെയ്യിച്ചതിനെ മുൻനിർത്തി മെത്രാപ്പോലീത്താ വാദിയായി ഒരു ഹർജി തരണമെന്നാണ് വേലുത്തമ്പി ദളവാ, മറ്റെല്ലാവരേയും മാറ്റി നിർത്തിയിട്ട് മെത്രാപ്പോലീത്തായോടു ഗൂഢമായി ആവശ്യപ്പെടുന്നത്. പ്രതികാരത്തിന് പറ്റിയ ഒരു പ്രസ്ഥാനമാണെന്ന് അറിഞ്ഞിട്ടും മെത്രാപ്പോലീത്താ ആയതിന് വഴിപ്പെടുകയോ ആ വിധത്തിൽ ദളവായുടെ പ്രീതി സമ്പാദിപ്പാൻ ശ്രമിക്കയോ ചെയ്യുന്നില്ല. ഇത് അദ്ദേഹ*

http://www.malankaraorthodox.tv/

*ത്തിന്റെ ക്രിസ്തീയ ജീവിത വൈശിഷ്ട്യത്തേയും മനോമഹത്വത്തേയും സ്പഷ്ടമായി വെളിപ്പെടുത്തുന്നു).*

പണത്തിന് വിലക്കു സാധനവും തന്നു. പാറാക്കാർക്ക് ഓരോ രാശി വീതവും മറ്റു പലർക്കും വളരെ ചെലവായി. 10-നു ഞായറാഴ്ച മാത്തുത്തരകൻ വന്നു കണ്ടുപറഞ്ഞും കൊണ്ടുപോയി. 11-നു പറവൂർ നിന്നും കണ്ടനാട്ടു വന്നു. 77-ാമാണ്ടു *(977)* കാട്ടുമങ്ങാട്ട് ഇട്ടിയവിരാക്കത്തനാരു ചെങ്ങന്നൂർ വന്നു. അശ്ചനെ *(മെത്രാപ്പോലീത്തായെ)* കണ്ട് പട്ടവും ഏറ്റ് ചെങ്ങന്നൂർ വച്ചു തന്നെ കുർബ്ബാനയും ചൊല്ലിച്ച് വടക്കോട്ടു പോരുവോളവും ചിലവിനും കൊടുത്തു പാർപ്പിച്ചു. പുത്തൻകാവിൽ പള്ളിയും രൂപങ്ങളും എഴുതിച്ച് ഒന്നിച്ചത്രെ വടക്കോട്ടു പോന്നത്.

988-ാമാണ്ട് മേടം 25-നു മാത്തുത്തരകൻ മരിച്ചു.

കോട്ടയത്ത് കോടിമത കുഞ്ഞന്റെ മകൻ മത്തായി എന്ന ആൾ കണിയാവെള്ളിൽ ചെന്നു പാർത്തു. അവിടെനിന്നും പുറപ്പെട്ട് അഞ്ഞൂരു ചെന്ന് പട്ടം ഏറ്റ് മാർ ഈവാനിയോസ് അപ്പസ്ക്കോപ്പാ ആയിട്ട് മൂപ്പീന്നും എളമീന്നും കൂടെ വാഴിക്കയും ചെയ്തു. 978-ാമാണ്ടു മിഥുനമാസം 25-നു കൂറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്ത് അഞ്ഞൂർ പള്ളിയിൽ തന്നെ അടങ്ങി.

*(ആറാം മാർത്തോമ്മായ്ക്ക് എതിരായി ടി കൂറിലോസ് കൊച്ചി ശക്തൻ തമ്പുരാന് പല ഹർജികൾ അയച്ചിട്ടും അദ്ദേഹം ഒന്നുംതന്നെ ഗണ്യമാക്കായ്കയാൽ മെത്രാപ്പോലീത്തായെ അധിക്ഷേപിപ്പാനും മെത്രാൻകളി കാണിപ്പാനും വേണ്ടിയായിരുന്നു മാർ കൂറിലോസ് ഒരു വിടനായിരുന്ന കണിയാവെള്ളി മത്തായിക്ക് മെത്രാൻ സ്ഥാനം കൊടുത്ത് തെക്കോട്ടയച്ചതെന്നു പറയപ്പെടുന്നു. കോട്ടയത്ത് പനവേലിൽ എന്ന വീട്ടിലെ ഒരംഗമായിരുന്നു മത്തായി.)*

79-ാമാണ്ട് *(979)* കന്നിമാസം 12-നു ഇംഗ്രേസ് *(ഇംഗ്ലീഷ്)* കുമ്പഞ്ഞി ആൾ കൊച്ചീക്കോട്ട പൊളിപ്പിച്ചു. 81-മാണ്ട് *(981)* കന്നിമാസം 13-നു പെരുമ്പടപ്പിൽ വല്യകറുത്ത തമ്പുരാൻ *(ശക്തൻ തമ്പുരാൻ)* തീപ്പെട്ടു. ഇതിനു മുമ്പെ മക്കാളി (റസിഡണ്ട് മക്കാളി സായ്പ്) യെ കാണ്മാൻ ചെല്ലണമെന്നും ദളവാ അങ്ങത്തെ ആള് വരിക കൊണ്ടു കണ്ടനാട്ടു നിന്നും കോട്ടയത്തു വന്നു പാർത്തു. പിന്നെയും കൊച്ചീക്കു ചെല്ലണമെന്ന് വരിക കൊണ്ട് അവിടെ ചെന്ന് മക്കാളിയെ കണ്ട് പറഞ്ഞു പോന്നു. അന്ന് കാട്ടുമങ്ങാട്ട് ഇളയദേഹം *(അഞ്ഞൂർ മെത്രാൻ)* മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെന്നയാളും കണിയാവെള്ളിക്കാരൻ മാർ ഈവാനിയോസും മട്ടാഞ്ചേരി മുറിയിൽ പാർക്കകൊണ്ട് യൂദഭാഗത്ത് ഏലിക്ക് വകവാർപ്പരദേശിയുടെ വീട്ടിലത്രെ പാർത്തത്. 11 ദിവസം അവിടെ പാർത്തു. യൂദ

ന്മാരുടെ പള്ളിയിൽച്ചെന്നു. നാഴികമണിയും കണ്ടു. അശ്ചൻ *(മെത്രാപ്പോലീത്താ)* ചെരിപ്പ് ഊരിയില്ല. അവിടെനിന്നും കണ്ടനാട്ടു വന്നു പാർക്കുമ്പോൾ, മിശിഹാ കാലം 1806 ചെന്ന കൊല്ലം 984-ാമാണ്ട് കന്നിമാസം 18-നു തിങ്കളാഴ്ച ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായും അന്തോനിയോസെന്ന ശെമ്മാശനും കൂടി കൊച്ചിയിൽ വന്നിറങ്ങി.

## മാർ ദീയസ്കോറോസിന്റെ വരവ്

മാത്തുത്തരകന്റെ അനുജൻ മല്പാൻ ചെന്നു കണ്ടാറെ അവരുടെ ആളല്ലാഴികകൊണ്ട് മൂന്നു രൂപായും കൊടുത്ത് വയ്പിൽ കുഞ്ഞിച്ചാക്കോയുടെ വീട്ടിൽ ഇറക്കിച്ചു. അവിടെനിന്നും എഴുതി വന്നാറെ പീലിപ്പോസ് റമ്പാനേയും വടക്കേത്തലയേയും ഏതാനും പേരേയും അയച്ചു. അവരെ കണ്ടയുടൻ റമ്പാന്റെ തലയിൽ കിടന്ന മദനപ്സാ എടുത്തുംകൊണ്ടു സങ്കടം പറഞ്ഞ് വാങ്ങിച്ചു. റമ്പാൻ കണ്ടനാട്ടു വന്നു. പിന്നെയും ആളയപ്പാൻ വിചാരിച്ചിരിക്കുമ്പോൾ മക്കാളിയെ കാണ്മാൻ കൊല്ലത്തു ചെല്ലണമെന്നും ദളവാ അങ്ങത്തെ സാധനം വന്നു. ഇദ്ദേഹം വന്ന അവസ്ഥ അറിഞ്ഞിട്ട് പോകാമെന്നുംവെച്ച് വടക്കേത്തല മുതൽപേരുടെ പറ്റിൽ തൊപ്പിയും കുപ്പായവും കൊടുത്തയച്ചാറെ അവരു ചെല്ലും മുൻപിൽ കരവഴിക്കു വന്നു തൃപ്പൂണിത്തുറ പള്ളിയിലും കരിങ്ങാച്ചിറ പള്ളിയിലും കരേറി അവിടത്തെ കാസാ രണ്ടും എടുത്തുംകൊണ്ടു കൂത്തുപറമ്പിൽ കൂടെ തുലാമാസം 9-നു ശനിയാഴ്ച കണ്ടനാട്ടു വന്നു. സൗത്താത്തിക്കോൻ ചോദിച്ചാറെ പിന്നെ കാണിക്കാമെന്നും പറഞ്ഞു. പള്ളിക്കാരുടെ കാസാ രണ്ടും കൊടുപ്പിച്ചു. കൊല്ലത്തിനു പോകുവാൻ കടമറ്റത്തു നിന്നും ചെറിയശ്ചനെ *(ആറാം മാർത്തോമ്മായുടെ അനന്തിരവനും 971-മാണ്ട് ചെങ്ങന്നൂർ പള്ളിയിൽ വച്ച് വാഴിക്കപ്പെട്ട ദേഹവുമായ മാർത്തോമ്മാ എപ്പിസ്കോപ്പാ - മാത്തൻ മെത്രാൻ)* വരുത്തി ഇദ്ദേഹത്തെയും കൂട്ടി ഏൾപ്പിച്ചു. വടിയും സ്ലീബായും ഒരു മോതിരവും കൊടുത്തു. 10-നു ഒരു വള്ളം കരേറി കോട്ടയത്തിനു പോയി. മക്കാളി കൊച്ചീക്കു പോയെന്നും കേട്ടു. അവിടെ പാർക്കുമ്പോൾ ബാവാ (ദീയസ്ക്കോറോസ് ബാവാ. പരദേശ മെത്രാന്മാരെ ഇന്നാട്ടുകാർ ബഹുമാന സൂചകമായി ബാവാ എന്നു വിളിക്കാറുണ്ട്) കോട്ടയത്തു വന്നു. ഒരു കുർബാന ചൊല്ലി. അന്നുതന്നെ കണ്ടനാട്ടിന്നു പോയി. ചെറിയശ്ചനുമായി *(കൊച്ചു മെത്രാനുമായി)* കലശലു കൂടി പല പള്ളിയിലും പോയി പിന്നെയും തിരിച്ചു കണ്ടനാട്ടിന്നു ചെന്നു. കോടാലി കൊണ്ടു വാതലു തല്ലിത്തുറന്ന് കുസുറുതി പലതും കാണിച്ചു. വൃശ്ചികമാസം 9-നു വീണ്ടും കോട്ടയത്തു വന്നു. ചെങ്ങന്നൂർ നിന്നും ഇളയബാവായുടെ *(964-ൽ കാലം ചെയ്ത മാർ ഈവാനിയോസ്)* അംശവടിയും കുപ്പായവും ചുംകാനവും വരുത്തി കൊടുത്താറെ വടി മൂന്നായിട്ട് ചവുട്ടി ഒടിച്ചു. 19-നു

http://www.malankaraorthodox.tv/

കുർബ്ബാന അദ്ദേഹം ചൊല്ലി കൈ മുത്തിച്ചു നിൽക്കുമ്പോൾ കള്ളന്മാര് മുറിയിൽ കേറി എന്നും പറഞ്ഞ് ഇറങ്ങി ഓടി അന്ന് വളരെ ആളുകൾക്ക് അവജയം *(അപകടമെന്ന് വിവക്ഷ)* വന്നു. കുപ്പായത്തിനു കൊടുത്തിരുന്ന കറുപ്പുശീല വലിച്ചുകീറി കീഴ്പോട്ടു തൂക്കി. 22-നു പുന്നത്തറ കുര്യൻ കത്തനാരെ അടിപ്പാൻ ഓടിച്ചു അങ്ങാടിയെ. അദ്ദേഹം തേവർവേലിക്കത്തനാരുടെ തല തല്ലിക്കീറി ചോര ഒഴുകി. ആറ്റിൽ കൊണ്ടുപോയി ധാര കഴിച്ചു. അന്നു വലിയപള്ളിയിൽ ഇരുന്നു. പിറ്റെദിവസം ചുവന്ന കുപ്പായവും ഇടക്കെട്ടും മുദ്രിയയും തീർപ്പിച്ചു കൊടുത്തു. തെക്കെ ദിക്കിലുള്ള പള്ളികളിൽ പോകണമെന്നും പറകകൊണ്ട് വടക്കെത്തലയെക്കൂടെ അയച്ചു. അശ്ചന്റെ *(മെത്രാപ്പോലീത്തായുടെ)* പൊൻസുരാലിപ്പ് കാസായും കാപ്പായും കൊടുത്തു. പലെടത്തും പോയി. ചെന്നെടത്തൊക്കെയും ഉണ്ടായത് എഴുതുവാൻ വളരെയുണ്ട്. വീണ്ടും കോട്ടയത്തു വന്നു. ധനു മാസം 19-നു പുത്തൻകാവിന്നു പോയി. പല ദിക്കിലും പോയി. മെത്രാപ്പോലീത്താ കാലം ചെയ്തെന്ന് സ്വപ്നം കണ്ടു എന്നു പറഞ്ഞ് ഓടി. പുത്തൻകാവിൽക്കാരും മറ്റു പലരും കൂടെ മകരമാസം 1-നു രാത്രിയിൽ കോട്ടയത്തു വന്നു. സൗത്താത്തിക്കോൻ ചോദിക്കുമ്പോഴൊക്കെയും കലശലുണ്ടാക്കുകയും പണംകൊടുക്കുന്നതൊന്നും പോരായെന്ന് പറകയും അതിന്റെശേഷം കണ്ടനാട്ടിനു പോയി. ചെറിയശ്ചൻ കടമറ്റത്തിന്നു പോയി. ഇദ്ദേഹം *(മാർ ദീയസ്ക്കോറോസ്)* കണ്ടനാട്ടു ചെന്ന് കരിങ്ങാച്ചിറക്കു പോയി. മകരമാസം 25-നു മക്കാളിയെ കാണ്മാൻ കൊച്ചീക്കു ചെല്ലുവാൻ ആളു വന്നു. 30-നു കൊച്ചിയിൽ ചെന്നു. ബാറു സിങ്ങോരിന്റെ വീട്ടിൽ പാർത്തു. പോഞ്ഞിക്കരെ ചെന്ന് മക്കാളിയെ കണ്ടാറെ ഇപ്പോൾത്തന്നെ പോക വേണ്ടൂ എന്നും അങ്ങേ വേലക്കാരൻ ഞാനെന്നും അങ്ങിരിക്കുന്നിടത്തു ഞാൻ വരാമെന്നും പഴമയൊക്കെയും എഴുതിക്കൊടുത്തയക്കാമെന്നും സന്തോഷമായിട്ടു പറഞ്ഞു യാത്രയും ചൊല്ലി കുംഭമാസം 13-നു കണ്ടനാട്ട് വന്നിരുന്നു. ഇതിനിടയിൽ മട്ടാഞ്ചേരി മുറിയിൽ കാട്ടുമങ്ങാട്ടെ ഇളയ ദേഹവും കണിയാവെള്ളിക്കാരനും കൂടെ ഇരിക്കുമ്പോൾ ബാവാ അവിടെ ചെന്ന് അവർ തമ്മിൽ പിണങ്ങി. അവരു രണ്ടു പേരും കൂടെ അഞ്ഞൂർക്ക് പോയി. പിന്നാലെ ഇദ്ദേഹവും പോയി.

മക്കാളിക്ക് ഒരു മാനും ഌാവും കൊടുത്തയച്ചു. മീനമാസം 28-നു പുസ്തകങ്ങളും പഴമ എഴുതിയതും കൊടുത്തയക്കണമെന്നും എഴുത്തു വന്നു. അന്ന് പെസഹായും ദുഃഖവെള്ളിയാഴ്ചയും ആകകൊണ്ട് ശനിയാഴ്ച മറുപടി കൊടുത്തയച്ചു. മേടമാസം 12-നു ഓറയിത്തായും ബെസമൌത്തയും സ്പറുമൽക്കായും നിവ്യൂസായും ഏവൻഗേലിയും എംകുറത്തായും പ്രക്കുസേസും ഗെലിയാനായും ഇങ്ങനെ എട്ടു പുസ്തകവും

പഴമ എഴുതിയതും കൂടെ പീലിപ്പോസു റമ്പാനും അങ്കമാലി ഇട്ടൂപ്പു കത്തനാരും പോഞ്ഞിക്കരെ കൊണ്ടുചെന്നു കൊടുത്തു. പഴയകൂറ്റുകാരോടു വാങ്ങിച്ച പുസ്തകം ഇവരെ കാണിച്ചു. അവരു കൊടുത്തതിൽ സ്പറുമൽക്കാ എന്ന പുസ്തകം ഇല്ലാ. ഇതൊക്കയും നോക്കട്ടെ എന്നും നാലു തീയതിക്കകം ഞാൻ കണ്ടനാട്ട് മെത്രാപ്പോലീത്തായെ കാണാൻ വരുന്നുയെന്നും പറഞ്ഞയക്കയും ചെയ്തു.

ബാവാ അഞ്ഞൂർ ചെന്നാറെ മട്ടാഞ്ചേരിമുറിയുടെ കാര്യം കൊണ്ട് അവരു തമ്മിൽ പിണങ്ങി ബാവാ കണ്ടനാട്ടു വന്നു. മുറിയുടെ കടുദാസും കണക്കുകളും *(ആറാം മാർത്തോമ്മാ)* കൊടുത്തു. അതുകൊണ്ട് കൊച്ചിക്കോട്ടയിൽ പ്ലവർ സായ്പിന്റെ അടുക്കൽ ബോധിപ്പിച്ചു, കാട്ടുമങ്ങാട്ട് ഇളയ ദേഹത്തെയും വരുത്തി കാര്യം കേട്ടാറെ മർത്തോമ്മൻ മെത്രാന്റെ കടുദാസ് മുദ്രയിട്ട് വരണമെന്നും കല്പന വരികകൊണ്ട് കടുദാസും കൊടുത്തു. പീലിപ്പോസു റമ്പാനും കൊച്ചിട്ടിയും ഇട്ടൂപ്പു കത്തനാരും കൂടെ പോയി കൊച്ചിയിൽ പാർത്ത് കാർയ്യം കേട്ടു. കാട്ടുമങ്ങാടന് സംഗതി *(അവകാശം)* ഇല്ലെന്നും വിധിച്ചു. അപ്രകാരം കടുദാസും തന്നു. ഈ കടുദാസൊക്കയും ബാവായുടെ കൈയിലത്രെ ഇരിക്കുന്നത്. അക്കാലം 8-നു പുതുഞായറാഴ്ച വെട്ടിക്കൽ പോയി. 9-നു കണ്ടനാട്ടു വന്നു. 21 വെടിയും വൈപ്പിച്ചു. ഒരു ദിവസം പാർത്ത് പറഞ്ഞുംകൊണ്ട് നമസ്കാരപ്പുസ്തകവും, കുർബാനത്തക്സായും ഉലാലായും വാങ്ങിച്ചുകൊണ്ട് മഴക്കാലമാകയാൽ കൂടാരവും കൊണ്ടുവരാമെന്നും പറഞ്ഞു പോകയും ചെയ്തു. മക്കാളിക്ക് ബാവായെ കാണണമെന്നും പറഞ്ഞ് എഴുത്തും കൊണ്ട് ആളു വന്നു. ആ എഴുത്തു കൊടുത്ത് കാട്ടുമങ്ങാട്ട് ഇട്ടിയവിരാ കത്തനാരെയും കൊച്ചിട്ടിയേയും അയച്ചു. കരിങ്ങാച്ചിറ ചെന്ന് ബാവായെ കണ്ടാറെ കലശലായിട്ടു പറഞ്ഞു പിന്നത്തേതിൽ കൂടിപ്പോയിക്കണ്ടു പറഞ്ഞു പോരികയും ചെയ്തു. 82-മാണ്ട് *(982)* ചിങ്ങമാസം 12-നു കണ്ടനാട്ടു ബാവാ വന്നു കൊച്ചവിരാ കത്തനാരെ അടിച്ചു പോയി. കന്നിമാസം 10-നു വന്നു പള്ളിയകത്തു കരേറി രൂപങ്ങളും കവറുങ്കലെ രൂപവും തല്ലിപ്പിളർന്ന് മാളികയിൽ കരേറി അന്ന് പാർത്തു. പിറ്റെ ദിവസം കരിങ്ങോച്ചെറക്കു പോയി. പിന്നെയും പല ഭാഗത്തും നടന്നു. കർക്കടക മാസം 3-നു പെരുന്നാൾക്കു തൃപ്പൂണിത്തുറെ ചെന്നാറെ കൊടിയും കുരിശും എടുക്കുന്നതിന് പല കൂട്ടം വികൃതികളും ഉണ്ടാക്കി.

## ഡോക്ടർ ക്ലൌഡിയൂസ് ബുക്കാനന്റെ വരവ് (1806)

ഇതിനു മുമ്പ് 982-മാണ്ട് തുലാമാസം 29-നു ബുക്കാനൻ സായ്പ് വന്നു. പുതിയകാവിൽ നിന്നും വള്ളം കരേറി റാന്നി വരെയുള്ള പള്ളികളിലൊക്കയും ചെന്ന് ഓരോ പൂവരാഹനും കൊടുത്ത് വൃശ്ചികമാസം 11-നു കണ്ടനാട്ടിന്നു

വന്നു. അശ്ചനെ *(ആറാം മാർത്തോമ്മായെ)* കണ്ടാറെ വളരെ സന്തോഷമായി.

## ഡോക്ടർ ബുക്കാനന്റെ കപടതന്ത്ര പ്രയോഗം

ഇങ്ങനെ പാർക്കുമ്പോൾ ഒരു ദിവസം ഒരു കടുദാസും എഴുതിക്കൊണ്ടുവന്നു അശ്ചന്റെ പറ്റിൽ കൊടുത്ത് ഇതിന് എഴുത്തിട്ട് *(ഒപ്പിട്ട്)* തരണമെന്നും കുമ്പഞ്ഞിയിൽ *(ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി)* നിന്നും വേണ്ടുന്നതൊക്കെയും വരുത്തിത്തരുന്നതിന് സംശയമില്ലെന്നും പറഞ്ഞു. എഴുതിയത് വായിച്ചു കണ്ടാറെ ഇംഗ്രസ്സ് മാർഗ്ഗം *(ചർച്ച് മിഷ്യൻ സൊസൈറ്റി അല്ലെങ്കിൽ ആംഗ്ലിക്കൻ ചർച്ച്)* അനുസരിച്ച് നടക്കാമെന്നും എഴുതിയിരിക്കകൊണ്ട് തിരുമനസ്സറിഞ്ഞല്ലാതെ *(മഹാരാജാവ് തിരുമേനി അറിയാതെ)* എഴുത്തിട്ട് *(ഒപ്പിട്ട്)* തന്നുകൂടായെന്നും പറഞ്ഞപ്പോൾ തമ്മിൽ തമ്മിൽ ചീട്ടും കുറിയും എഴുതുന്നതിന് രാജാവിനെ ബോധിപ്പിച്ചേ ആവോ എന്നും പറഞ്ഞ് കടുദാസ് വാങ്ങിച്ച് കീന്തി അവിടെ ഇരുന്നു തന്നെ പിച്ചിപ്പറിച്ച് ചിരിച്ചുംകൊണ്ടു സന്തോഷമായിട്ടു യാത്ര ചൊല്ലിപ്പോയതിന്റെ ശേഷം 30-നു ബുക്കാനൻ സായ്പും മക്കാളി ദ്ധ്വരയും കൂടെ വന്നു. അല്ലാതെ രണ്ടു വെള്ളക്കാരുമുണ്ടായിരുന്നു.

*(ആറാം മാർത്തോമ്മായുടെ ജീവിതാന്ത്യഘട്ടത്തിൽ, മലങ്കര സുറിയാനി സഭയുടെ ഏതൽക്കാലസ്ഥിതിഗതികളെ സംബന്ധിച്ച് സൂക്ഷ്മമായി ആരാഞ്ഞറിയുവാൻ മദ്രാസിലെ ആംഗ്ലേയ സഭാ സീനിയർ ചാപ്ലയിൻ ആയിരുന്ന ഡോക്ടർ കേർ എന്ന യൂറോപ്യനെ മദ്രാസ് ഗവർണ്ണരായിരുന്ന വില്യം ബെന്റിക്ക് പ്രഭു 1806-ൽ നിയോഗിച്ചിരുന്നു. തന്റെ അന്വേഷണഫലമായി ഡോക്ടർ കേർ മദ്രാസ് ഗവർമെണ്ടിലേക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസാചാരങ്ങൾ, സന്മാർഗ്ഗനിഷ്ഠ, സാമുദായിക മേന്മ മുതലായവയെ സംബന്ധിച്ച് പലതും പ്രസ്താവിച്ച ശേഷം സുറിയാനി സഭയും ആംഗ്ലീയ സഭയും തമ്മിൽ ഒരിക്കൽ ഒരു യോജിപ്പുണ്ടാവുമെന്നുള്ള തന്റെ പ്രതീക്ഷയെ അദ്ദേഹം മെത്രാപ്പോലീത്തായെ അറിയിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. ഈ സംഭവം കഴിഞ്ഞാണ് 1806 ഒക്ടോബർ മാസത്തിൽ ഡോ. ബുക്കാനാൻ തിരുവിതാംകൂറിലെത്തിയത്. ഇൻഡ്യയിൽ ബ്രിട്ടീഷ് ഗവർമെണ്ടിന്റെ സ്ഥാനം വഹിച്ചിരുന്ന ഈസ്റ്റ് ഇൻഡ്യാക്കമ്പനിയിലെ ചില ഉദ്യോഗസ്ഥന്മാർ വഴിക്കും ചാപ്ലയിന്മാർ വഴിക്കും ദക്ഷിണേന്ത്യയിലെ പുരാതനമായ സുറിയാനി സഭയെ സംബന്ധിച്ച് ഇംഗ്ലണ്ടിലെ ആംഗ്ലിയാ സഭാ പ്രമുഖന്മാർക്ക് വിശ്വാസയോഗ്യമായ അറിവ് ലഭിച്ചിരുന്നു. 1800-ൽ സ്ഥാപിച്ചതായ കൽക്കട്ടാ ഫോർട്ട് വില്യം കോളേജിലെ വൈസു പ്രൊവോസ്ത് ആയിരുന്നു ഡോ. ബുക്കാനാൻ എം.എ. ഇൻഡ്യയിൽ ഹിന്തുമതത്തിന്റെ തൽക്കാലാവസ്ഥയെപ്പ*

http://www.malankaraorthodox.tv/

*റ്റിയും ക്രിസ്തുമതത്തിന്റെ പ്രചാരത്തെപ്പറ്റിയും അന്വേഷണങ്ങൾ നടത്തുന്നതിനായി അന്നത്തെ ഇന്ത്യൻ ഗവർണ്ണർ ജനറലായിരുന്ന (വൈസ്രോയി) മാർക്കിസ് ഓഫ് വെല്ലസ്ലിയുടെ അനുമതിയോടുകൂടി യായിരുന്നു ഡോക്ടർ ബുക്കാനാൻ കേരളത്തിൽ പ്രവേശിച്ചത്. അദ്ദേഹം സുറിയാനി ഭാഷയിൽ പാണ്ഡിത്യം സമ്പാദിച്ചിരുന്ന ഒരാളായിരുന്നു. തിരുവിതാംകൂർ കൊച്ചി റസിഡണ്ടായ കർണ്ണൽ മക്കാളിയുടെ അതിഥിയായി കുറെ ദിവസങ്ങൾ കഴിച്ചുകൂട്ടിയശേഷം ഡോക്ടർ ബുക്കാനാൻ മക്കാളിയുടെ പരിചയക്കത്തുമായി അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവിനെ സന്ദർശിക്കുകയും മഹാരാജാവിന്റെ രാജകീയ പ്രോത്സാഹനത്തോടുകൂടി ബുക്കാനാൻ മതസംബന്ധമായ അന്വേഷണങ്ങൾ ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ സുറിയാനിസഭയെ ആംഗ്ലീയ സഭയിൽ ലയിപ്പിക്കുന്നത് സാധ്യമോ സാധ്യമെങ്കിൽ അതിലേക്ക് എന്തൊക്കെയാണ് പ്രവർത്തിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ബുക്കാനാനും മക്കാളിയും തമ്മിൽ ആലോചന നടന്നിരിക്കണം. ബുക്കാനാൻ ആവശ്യപ്പെട്ടതനുസരിച്ചായിരിക്കണം ഈ കൈയെഴുത്ത് ചരിത്രത്തിന്റെ 174–ാം പുറത്ത് കാണുംവണ്ണം ആറാം മാർത്തോമ്മാ മക്കാളിക്ക് 8 പുസ്തകങ്ങൾ കൊടുത്തയച്ചത്. ഡോ. ബുക്കാനാൻ മെത്രാപ്പോലീത്തായെ കണ്ടനാട്ടുവച്ച് കാണുകയും ഒരുമിച്ച് താമസിക്കയും ചെയ്തു. ഈ അവസരത്തിലാണ് ആറാം മാർത്തോമ്മാ ആംഗ്ലേയസഭയിൽ ചേർന്നുകൊള്ളാമെന്ന് സമ്മതിച്ച് ബുക്കാനൻ ഒരു രേഖ ഉണ്ടാക്കി ഒപ്പിടുന്നതിനായി മെത്രാപ്പോലീത്തായുടെ കൈയിൽ കൊടുത്തത്. മെത്രാപ്പോലീത്തായെ തന്റെ ഇംഗിതത്തിന് സൂത്രത്തിൽ വഴിപ്പെടുത്താമെന്ന് നയതന്ത്രകുശലനായ ബുക്കാനാൻ വിചാരിച്ചു. ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ അധികാരശക്തിയും സാമ്രാജ്യശക്തിയും എത്രമാത്രമാണെന്ന് ശരിക്ക് ധരിച്ചിട്ടുള്ള മെത്രാപ്പോലീത്താ ഈസ്റ്റിൻഡ്യാ കമ്പനിയിൽനിന്ന് ഇഷ്ടാനുസരണം ലഭിക്കുന്ന സഹായസഹകരണ സ്വാധീനതകളെ ഗണ്യമായി കരുതി തൽക്ഷണം ആംഗ്ലേയസഭയിലേക്ക് മതപരിവർത്തനം ചെയ്യുമെന്ന് ബുക്കാനാനും കർണ്ണൽ മക്കാളിയും വിശ്വസിച്ചിരുന്നുവെന്ന് ബുക്കാനാന്റെ ഈ ചതിപ്പണി സ്പഷ്ടമായി തെളിയിക്കുന്നു. മക്കാളിയോട് ആലോചിക്കാതെ അപരിചിതനായ മെത്രാപ്പോലീത്തായ്ക്ക് ഈ വിധത്തിൽ ഒരു എഴുത്തു കൊടുപ്പാൻ ബുക്കാനാൻ ധൈര്യപ്പെടുകയില്ലെന്ന് സ്പഷ്ടം. സി. എം. എസ്. മിഷണറിമാർ സുറിയാനിസഭയെ പുഷ്ടിപ്പെടുത്തുവാൻ വന്നിട്ടുള്ളവരാണെന്നും സുറിയാനിസഭയെ പൊളിച്ച് അതിന്റെ ഉരുപ്പടികൾ കൊണ്ട് വേറൊരു സഭ പണിവാൻ അവർ ഉദ്ദേശിച്ചിരുന്നില്ലെന്നും മറ്റും മിഷ്യണറിമാർ എഴുതിയിട്ടുണ്ടെങ്കിലും ഇരുസഭകളും തമ്മിൽ യോജിക്കുന്നതിനെ സംബന്ധിച്ച് കാര്യമായി സംസാരിക്കുകയും ആലോചന നടത്തുകയും ചെയ്ത മിഷണറിയായ ഡോക്ടർ*

http://www.malankaraorthodox.tv/

*ബുക്കാനാന്റെ പരമലക്ഷ്യം തന്നെയും സുറിയാനിസഭയെ ആംഗ്ലേയസഭയായി രൂപാന്തരപ്പെടുത്തണമെന്നായിരുന്നു. യോജിപ്പ് എന്നുള്ള ഭംഗിയായ പദം കൊണ്ട് കൈകാര്യം ചെയ്യാൻ ശ്രമിച്ച എല്ലാ മിഷണറിമാർക്കും ആ പദപ്രയോഗത്തിന്റെ പരിണിതഫലം ആംഗ്ലേയകരണമാണെന്ന് അറിവുണ്ടായിരുന്നു. പദപ്രയോഗങ്ങളുടെ മറവിൽ കൂടിയും വ്യാഖ്യാനങ്ങളുടെ അനുലോമഗതിയിലൂടെയും ലക്ഷ്യപ്രാപ്തിയിൽ എത്തത്തക്കവണ്ണം ഭാഷാപരമായ നയതന്ത്ര കൗശലങ്ങളിൽ വിരുതന്മാരും പരിചിതന്മാരുമായ യൂറോപ്യൻ മിഷണറിമാർ പിൽക്കാലത്ത് സുറിയാനിസഭയിൽ ചെയ്തുപോന്ന മിഷണറി വേലകളെപ്പറ്റി എഴുതി അയച്ചിട്ടുള്ള റിപ്പോർട്ടുകളിൽ അബദ്ധവശാൽ കടന്നുകൂടിപ്പോയ ചില എതിർ പ്രസ്താവനകൾ ഒഴിച്ചാൽ സുറിയാനിസഭയുടെ പ്രാചീന വിശ്വാസാചാരങ്ങളെ തച്ചുടച്ച് തൽസ്ഥാനത്ത് ആംഗ്ലേയസഭാ വിശ്വാസാചാരങ്ങൾ പ്രതിഷ്ഠിക്കണമെന്ന് മിഷണറിമാർക്ക് ഉദ്ദേശമുള്ളതായി തോന്നിക്കുന്ന യാതൊരു ലക്ഷ്യങ്ങളും പ്രായേണ കാണ്മാനുണ്ടായിരിക്കുന്നതല്ല. രാജ്യതന്ത്രരീതികളിൽ വിദഗ്ദ്ധന്മാരായ പ്രസ്തുത യൂറോപ്യന്മാർ നയതന്ത്രപ്രയോഗത്തിന്റെ വമ്പിച്ച സാദ്ധ്യതകളിൽ ഗാഢവിശ്വാസമുള്ളവരായിരുന്നു. അതിനാൽ തങ്ങളുടെ റിപ്പോർട്ടുകൾ അഭിപ്രായ വൈപരീത്യത്തിന് ഇടയില്ലാത്തവണ്ണം മനോഹരമാക്കിത്തീർക്കുന്നതിൽ അവർ ജാഗരൂകരായിരുന്നു. റിപ്പോർട്ടുകളും രേഖകളും ഒരുതരത്തിലും പ്രവൃത്തികൾ മറ്റുവിധത്തിലുമായിരുന്നു. സുറിയാനിസഭയെ ആംഗ്ലിയാസഭയിൽ ലയിപ്പിക്കണമെന്ന് മിഷണറിമാർക്ക് ഉദ്ദേശമില്ലായിരുന്നുവെന്നു സ്ഥാപിപ്പാൻ പുറപ്പെട്ടിട്ടുള്ള ചില ചരിത്രകാരന്മാരുടെ പ്രധാനമായ ആധാരലക്ഷ്യം സി. എം. എസ്. മിഷണറിമാരുടെ മേൽപ്പറഞ്ഞ റിപ്പോർട്ടുകളത്രെ. എന്നാൽ നാട്ടിൽ അവർ ചെയ്തിട്ടുള്ള പ്രവൃത്തികളെയും പ്രയോഗങ്ങളെയും നാട്ടുകാർക്കുണ്ടായിട്ടുള്ള അനുഭവങ്ങളെയും ഈ ചരിത്രകാരന്മാർ ശ്രദ്ധിക്കുന്നതേയില്ല. യോജിപ്പിനെപ്പറ്റി സംസാരിപ്പാനായി യോജിപ്പ് എന്ന പദവും കൊണ്ടുവന്ന ഡോക്ടർ ബുക്കാനാൻ തന്നെ തന്റെ ചതിപ്പണിയിൽ മെത്രാപ്പോലീത്താ കുടുങ്ങിയില്ലെന്നു കണ്ടപ്പോൾ "വീണത് വിദ്യ" എന്ന മട്ടിൽ എഴുത്ത് പിച്ചിപ്പറിച്ച് ചിരിച്ച് സന്തോഷമായിട്ട് യാത്ര പറഞ്ഞുപോയി. സാമാന്യമായ നയകൗശലങ്ങൾ കൊണ്ട് സുറിയാനിസഭയെ ആംഗ്ലീകരിപ്പാൻ സാദ്ധ്യമല്ലെന്ന് ബുക്കാനാനു ശരിക്കു മനസ്സിലായി. അതിനാൽ അദ്ദേഹത്തെ തുടർന്നുവന്ന മിഷ്യണറിമാർ വിദൂര വ്യാപകമായ നിലയിൽ ബ്രിട്ടീഷ് ഭരണാധികാരികളുടെ ഹസ്താവലംബചരായയിൽ സുറിയാനിസഭയുടെ ചുറ്റും കുടുക്കുവലകൾ വിരിച്ചു. ബുക്കാനാന്റെ ചതിപ്പണിയിൽനിന്ന് മഹാരാജാവിന്റെ പേർ ഉപയോഗിച്ച് തപ്പിപ്പിഴച്ച മെത്രാപ്പോലീത്തായുടെ സമയോചിത ബുദ്ധി പ്രശംസാർഹമായിരിക്കുന്നു)*

http://www.malankaraorthodox.tv/

പഴമപുസ്തകങ്ങൾ കാണണമെന്നും പറകകൊണ്ട് നമസ്കാരപ്പുസ്തകവും തക്സായും കാണണമെന്നും അത് രണ്ടും എടുത്തുകൊടുത്താറെ പിന്നെയും ശ്ലോമ്മോന്റെ പുസ്തകവും രണ്ട് ബെറിയാമ്മിന്റെ പുസ്തകവും അങ്ങനെ ആറു പുസ്തകം പിന്നെയും കൊടുത്തു. ബാവായുടെ കാർയ്യം കൊണ്ട് ഇപ്രകാരമുള്ള നാനാവിധങ്ങൾ മേല്പട്ടക്കാരു ചെയ്യുന്നതിനെ അനുസരിച്ചുകൊള്ളുന്നത് ന്യായമല്ലെന്നും വളരെ ഒക്കയും പറഞ്ഞാറെ *(മറുപടിയായി)* അദ്ദേഹത്തോട് ഒന്നും ചെയ്യരുതെന്നും പരദേശക്കാരുടെ ശീലം ആകുന്നുവെന്നും *(മെത്രാപ്പോലീത്താ)* കല്പിച്ചു. വേണ്ടുംമ്മണ്ണം പറഞ്ഞു പോകയും ചെയ്തു. ഇവരു വന്നാൽ പാർക്കുന്നതിന് തൃപ്പൂണിത്തുറെ ഒരു മംഗ്ലാളവും പണിയിച്ചു. കുറഞ്ഞോരു ദിവസം അവിടെ പാർക്കുകയും ദിവസേന വരികയും പോകയും ചെയ്തുവന്നു. പിന്നത്തേതിൽ അവരു പോയി. പഴമപ്പുസ്തകം പള്ളികളിൽ ശോധന ചെയ്ത് വരുത്തിക്കൊടുക്കാഴിക കൊണ്ടും ബംകാളത്തിനു രണ്ടു പേരെ കൂടി അയക്കണമെന്നും അവർക്ക് വേണ്ടുന്നതൊക്കയും കൊടുത്ത് രക്ഷിക്കുമെന്നും അവരുടെ തറവാട്ടിൽ ചിലവിനു കൊടുക്കുമെന്നും പറഞ്ഞിരുന്നതിന് ആൾ അയക്കായ്കകൊണ്ടും കലശലായിട്ട് എഴുതി വന്നു.

## ആയിരം വർഷത്തെ പഴക്കമുള്ള തുകൽകടലാസ് സുറിയാനി വേദപുസ്തകം മെത്രാപ്പോലീത്താ ബുക്കാനന് കൊടുക്കുന്നു

ഇങ്ങനെ ഇരിക്കുമ്പോൾ ചെങ്ങന്നൂർ ഇരുന്ന തൊകൽ കടദാസുള്ള പഴമപ്പുസ്തകം ആളയച്ചു വരുത്തി കൊടുത്തയച്ചാറെ അറിയുന്നതിൽ ഒരു പട്ടക്കാരെ അയയ്ക്കണമെന്നും എഴുതിവരികകൊണ്ട് കാട്ടുമങ്ങാട്ടു ഇട്ടിയവിരാക്കത്തനാരെ പറഞ്ഞയച്ചു. അയാളു ചെന്നതിനു മുൻപു ബാവായെ കാണിച്ചു. വായനക്ക് നടപ്പില്ലാഴിക കൊണ്ട് ഒരു തംക രൂപായും കൊടുത്തു പറഞ്ഞയച്ചു. കാട്ടുമങ്ങാടൻ ചെന്നാറെ നല്ലവണ്ണം വായിച്ചു. അയാളെ കൂടെ ബങ്കാളത്തിന് കൊണ്ടുപോകണമെന്നും സിദ്ധാന്തമായിട്ടു പറഞ്ഞപ്പോൾ ഞാൻ ചെന്നു മെത്രാപ്പോലീത്തായെ ബോധിപ്പിച്ചുംകൊണ്ടു കൊടുങ്ങല്ലൂർ വരാമെന്നും പറഞ്ഞു പോരികയും ചെയ്തു. ഇതിന്റെശേഷം മക്കാളിയുടെ ആളുവന്നു ബാവായെ കൊണ്ടുപോയി. സൗത്താത്തിക്കോൻ ചോദിച്ചാറെ നിന്നെ കാട്ടുകയില്ലെന്നും നീയ് ഇംഗ്രേസിന്റെ ഒരു സിപ്പായി ആകുന്നു എന്നും, പള്ളികളിൽ ഒരെടത്തും പോകരുതെന്ന് വിലക്കിയപ്പോൾ ഇനിക്ക് ചിലവിനില്ലെന്നും പറകകൊണ്ട് അപ്പോൾത്തന്നെ നൂറു രൂപായും കൊടുത്തു. മട്ടാഞ്ചേരിമുറിയിൽ പാർത്തുകൊള്ളണമെന്നും ഒരെടത്തും കടപ്പാൻ ദിഷ്ടതിയില്ലെന്നും പറഞ്ഞയച്ച് നാലാംപക്കം അഞ്ഞൂറു രൂപാ കൊടുത്തയക്കണമെന്നും മക്കാളിക്കു ഒരു കടുദാസും എഴുതിയയച്ചു. അതു കണ്ടാറെ കടുദാസും പെട്ടകത്തിൽ വച്ചു പൂട്ടി. രൂപാ കൊടുത്തില്ല. പള്ളിയിൽ ഒരെടത്തും കരേറ്റി

http://www.malankaraorthodox.tv/

ഒരു പ്രവൃത്തിയും ഇദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കരുതെന്നും മക്കാളിയുടെ എഴുത്തു വന്നു.

മകരമാസം 11-നു ബുക്കാനാൻ കപ്പലു കരേറി. കൊടുങ്ങല്ലൂർ ചെന്ന് ഇട്ടിയവിരാ കത്തനാരെ അയക്കണമെന്നും എഴുതി വന്നു. അയാൾ ഒളിച്ചു പോയി എന്നും ഇനിയും പട്ടക്കാർക്കടുത്ത പ്രവൃത്തിയൊന്നും അയാളെക്കൊണ്ട് ചെയ്യിക്കയില്ലെന്നും നേരുകേട് അയാളു ചെയ്തതിന് അവസ്ഥപോലെ വിചാരിക്കുമെന്നും മറുപടി കൊടുത്തയച്ചാറെ കപ്പൽ ഇപ്പോൾ നീക്കുമെന്നും കത്തനാരോട് ഒന്നും ചെയ്യരുതെന്നും വിലക്കരുതെന്നും ഏറ്റം കാർയ്യമായിട്ട് കൊടുങ്ങല്ലൂർ നിന്നും എഴുതി വന്നു.

## ബുക്കാനാന്റെ ആവശ്യപ്രകാരം മെത്രാപ്പോലീത്താ വേദപുസ്തകം മലയാളത്തിൽ തർജമ ചെയ്യിക്കുന്നു

പുസ്തകം പൊരുളു തിരിച്ച് മലയാഴ്മയിൽ എഴുതിക്കണമെന്നും എഴുതികാണുമെന്നും പലപ്പോഴും പറകയും എഴുത്തു വരികയും ചെയ്തതിന്ന് തഞ്ചാവൂർ നിന്നും പഴമയും പുതുമയും തമിഴിൽ അടിച്ച പുസ്തകം വരുത്തി ആയതും സുറിയാനിയിൽ ഇവിടെ എഴുതീട്ടുള്ള പുസ്തകങ്ങളും കൂട്ടിനോക്കണമെന്നും *(പരിശോധനാർത്ഥമാണ്)* ആയതിനെ പൊരുളു തിരിക്കുന്നവർക്കും എഴുത്തുകാർക്കും ശമ്പളം കൊടുക്കാമെന്നും പറഞ്ഞാറെ ആയതു വേണ്ടായെന്നും ഇവിടെത്തന്നെ പൊരുൾ തിരിപ്പിച്ച് എഴുതിക്കാമെന്നും പറഞ്ഞതിന്റെ ശേഷം കൊച്ചിയിൽനിന്നും തിമ്മപ്പൻപിള്ളയെന്ന ഒരു ചെട്ടിയെ ശമ്പളവും കൊടുത്തു കണ്ടനാട്ടിന്ന് പറഞ്ഞയച്ചു. റമ്പാൻ പൊരുളു തിരിച്ച് എഴുതിപ്പാനായിട്ട് കുംഭമാസം 1-നു മുതൽക്കു എഴുതിത്തുടങ്ങി. ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പ് പൊരുളു തിരിച്ചെഴുതിയതിൽ പിന്നെയത്രെ തമിഴ്പ്പൊസ്തകവും ആളും വന്നൊള്ളു. റമ്പാനത്രെ കടുദാസിൽ എഴുതുന്നത്. തിമ്മപ്പൻപിള്ള ഓലയിൽ എഴുതുകയും തമിഴ് കൊച്ചിട്ടി നോക്കുകയും എട്ടു നാൾ ഒരിക്കൽ ഇത്ര എഴുതിയെന്ന് കൊച്ചിയിൽ എഴുത്തു ചെല്ലത്തക്കവണ്ണം ശട്ടം കെട്ടിയത്രെ ബുക്കാനാൻ പോയത്. ഏവൻഗേലിയും പ്രക്കുസേസും പൊരുളു തിരിച്ചതിന്റെ ശേഷം ആയതു ബങ്കാളത്തു കൊണ്ടുചെല്ലത്തക്കവണ്ണം എഴുതിവരിക കൊണ്ടു തിമ്മപ്പൻപിള്ള കൊണ്ടുപോയി. ഇതിന്റെ ശേഷം ബാവായെ കപ്പൽ കരേറ്റി അയക്കണമെന്നും അവരു നിശ്ചയിച്ചു കുസ്തംദീനോസ് എന്ന വെള്ളക്കാരന്റെ പറ്റിൽ 150 രൂപാ കൊടുത്തു എന്നും പറഞ്ഞു കേട്ടു. കപ്പലേൽ കരേറ്റുവാൻ തുടങ്ങുന്നുവെന്നും ബാവായുടെ എഴുത്തു കാൺകകൊണ്ടും എല്ലാസ്ക്കോൻ എന്ന പുസ്തകവും കാസായും കൊച്ചിയിൽ മുറിയുടെ കടുദാസുകളും കൊടുത്തയയ്ക്കണമെന്നും കണ്ടനാട്ടു പുന്ന

ച്ചാലിൽ കത്തനാരുടെ പറ്റിൽ എഴുത്തു കൊടുത്തയച്ചാറെ അയാളെ വാക്കിലധിക്ഷേപം പറഞ്ഞ് അടിപ്പാൻ ചെല്ലുക കൊണ്ടു പോഞ്ഞിക്കര ചെന്ന് മക്കാളിയെ കണ്ട് മുണ്ടുമുറി കൊടുക്കണമെന്നും കലശലായിട്ടു എഴുത്തും ആളും വന്നതിനെ അനുസരിച്ചില്ല. പുന്നച്ചാലിക്കത്തനാരു വന്ന വർത്തമാനം കേട്ടാറെ മുണ്ടുമുറിയൊന്നും വേണ്ടായെന്നും ബാവായോട് ഒന്നും ചെയ്യരുതെന്നും, മക്കാളിക്ക് എഴുത്തു കൊടുത്തയച്ചു. മക്കാളി കൊടുങ്ങല്ലൂർക്കും പോയി. ഇങ്ങനെ ഇരിക്കുമ്പോൾ കുംഭമാസം 30-ന് അദ്ദേഹത്തിന്റെ ശെമ്മാശനെ കപ്പൽ കരേറ്റി പരദേശത്തിന്നയച്ചു.

കോട്ടയത്തു ചെറിയപള്ളിയിൽ നിന്നും ചിലരു കൊച്ചിയിൽ ചെന്നപ്പോൾ അവരുടെ വള്ളത്തേൽ ബാവായെ കരേറ്റി കോട്ടയത്തു കൊണ്ടു പോയി. *(ദീയസ്ക്കോറോസ് ബാവായെ)* ബാവായെ പള്ളിയിൽ കരേറ്ററുതെന്ന് വിലക്കിയിരിക്കുമ്പോൾ ഇപ്രകാരം ചെയ്തത് മെത്രാപ്പോലീത്താ ബോധിച്ചോ എന്നും രണ്ടാം എഴുത്തു വന്നതിനും വേണ്ടുംമ്മണ്ണം മറുപടിയും കൊടുത്തു. ഹോശാനയ്ക്കു കോട്ടയത്തു ചെറിയപള്ളിയിൽ കുരുത്തോല കൊടുക്കുന്നതിന് നുറുക്കീലിസിനകത്ത് വാരിക്കെട്ടി പണം വെച്ചാൽ ഓല തരാമെന്നും പറഞ്ഞു പണം വാങ്ങിച്ചു ഓല കൊടുത്തു. പിന്നത്തേതിൽ മേട മാസം 14-ന് നോയൻപു വീടുകയും അതിനകം നമസ്കാരവും കഴിച്ചത് എഴുതുവാൻ കഴികയില്ല. പുതുഞായറാഴ്ച പുത്തനങ്ങാടിയിൽ ചെന്നാറെ അവിടെ വെച്ചുണ്ടായ പണം എടുത്തും കൊണ്ട് 24-നു പെരുന്നാൾക്കു പുതുപ്പള്ളിച്ചെന്നു നടവരവും വാരി എടുത്തു. പണ്ടാരക്കുറ്റിയും വെട്ടിക്കീറി അവിടെനിന്നും പുറപ്പെട്ട് പുതിയകാവിൽ ചെന്നു. ഇടവമാസം 26-നു രണ്ടു പെൺകെട്ടുണ്ടായിരുന്നത് അദ്ദേഹം തന്നെ പെണ്ണുങ്ങളുടെ താലി കെട്ടിയതും. കായങ്കുളത്ത് ചെന്ന് അമ്പതാം പെരുന്നാൾക്ക് തെരുവിലോടി. പിന്നെ കുർബാന ചൊല്ലിയതും, കാർത്തികപ്പള്ളിയിൽ ചെന്നതും വീണ്ടും പുതിയകാവിൽ ചെന്ന് പീടികയിലെ പുലകുളിക്ക് ആ വീട്ടിൽച്ചെന്ന് മരത്തുമ്മൂട്ടിൽ കത്തനാരെ അടിച്ചതും അവരുടെ ചെറുക്കനെ പള്ളിയിൽ കൊണ്ടുചെന്ന് *(പുതിയകാവിൽ പള്ളിയുടെ)* ഇടുകുഴി ഇട്ടുംകൊണ്ട് *(ഇടുകുഴി = ഗോവണിയുടെ മുകളിൽനിന്നു മേൽത്തട്ടിലേക്കു കയറുന്നതിനുള്ള വാതൽ)* ചീലാന്തിയേൽ കെട്ടിത്തൂക്കിയതും *(ദീയസ്ക്കോറോസ് ബാവാ അരക്കു ചുറ്റുന്ന ശീല ചെറുക്കന്റെ കുടുമ്മിയിൽ കെട്ടിയാണ് ശീലാന്തിയേൽ കെട്ടിത്തൂക്കിയത്. അടിയന്ത്രവീട്ടിൽ നിന്ന് ഭക്ഷണം കൊണ്ടുവന്നത് താമസിച്ചാണെന്നുള്ള കാരണം പ്രമാണിച്ചാണ് ഈ കഠിന കൃത്യം ചെയ്തതും)* അവരു ചെന്ന് അറുത്തു വിട്ടതും തീയും കൊണ്ടു പീടികയുടെ പുരക്ക് തീവെച്ചതും വെളിമ്പറമ്പിൽ പോയിരുന്നു കരഞ്ഞതും *(തഴക്കര പുത്തൻപള്ളി നില്ക്കുന്ന സ്ഥലം മുമ്പ് അല്പം ചില കുറ്റിക്കാടുകളോടുകൂടിയ വെളിമ്പറ*

http://www.malankaraorthodox.tv/

*മ്പായിരുന്നു. അവിടെയാണ് ബാവാ ചെന്നിരുന്ന് കരഞ്ഞത്. ബാവായുടെ കണ്ണുനീർ വീണ സ്ഥലത്താണ് ഇപ്പോൾ പള്ളി നിൽക്കുന്നത്)* ഇതൊക്കയും എഴുതുവാൻ കഴികയില്ല.

## കൊച്ചീ രാജാവും ആറാം മാർത്തോമ്മായും തമ്മിലുള്ള കൂടിക്കാഴ്ചയും രാജകീയ സമ്മാനവും

അശ്ചൻ *(മെത്രാപ്പോലീത്താ)* കണ്ടനാട്ടിരിക്കുമ്പോൾ പെരുമ്പടപ്പിൽ തമ്പുരാനുമായിട്ടുള്ള *(ശക്തൻ തമ്പുരാന്റെ പിൻഗാമിയായി സിംഹാസനാരോഹണം ചെയ്ത തമ്പുരാൻ)* കൂടിക്കാഴ്ചയ്ക്കു മുളന്തുരുത്തിൽ തണംങ്ങാട്ടിൽ ചാക്കോ മുതൽപേരു ചെന്ന് ബോധിപ്പിച്ചാറെ കല്പന വരികകൊണ്ട് കർക്കടകമാസം 14-നു കരിങ്ങോച്ചിറപ്പള്ളിയിൽ ചെന്നു പാർത്തു അടിയറ തീർന്നല്ലാതെ കാണുകയില്ലെന്നും കേൾക്കകൊണ്ട് കൊച്ചിട്ടി കൂടെ ചെന്ന് നാലു ദിവസത്തെ കാര്യം പറഞ്ഞു വൈപ്പിൽ കുഞ്ഞിച്ചാക്കോയും തണംങ്ങാട്ടിൽ ചാക്കോയും മാമല മത്തായിയും കൂടെ 1200 രൂപാ കടം വാങ്ങിച്ച് ഒടുക്കി. 18-നു കൂടിക്കാഴ്ചയെന്നും നിശ്ചയിച്ച് രണ്ടു ശിപായികളെ കല്പിച്ചയച്ചു. അന്നേരം തന്നെ ഇറങ്ങി. ആയിരം പേരോളം ഉണ്ടായിരുന്നു. വാദ്യഘോഷത്തോടുകൂടെ കോട്ടക്കകത്ത് ചെന്നാറെ തമ്പുരാട്ടിമാർക്ക് മെത്രാനെ കാണണമെന്നും പാലിയത്തശ്ചന്റെ *(പെരുമ്പടപ്പിലെ മന്ത്രി)* മാളികത്താഴെ ഒരു കസേര ഇട്ടിരുന്നു. കുറഞ്ഞൊന്ന് താമസിച്ചു കല്പന വന്നു ചെന്നാറെ രണ്ടുപേരും നിന്നത്രെ കണ്ടത്. നാല് കാശ് വൈപ്പിച്ച് കല്ലുവച്ചതിൽ ഒരു മോതിരവും രണ്ട് വീരചങ്ങലയും രണ്ടു കുത്ത് പട്ടും കല്പിച്ചു തന്നു. യാത്രയും ചൊല്ലി പല്ലക്കിൽ കരേറി പാലിയത്തു ചെന്നു. ഒരു കുത്ത് പട്ട് വെയ്പിച്ച് അവിടെനിന്നും ഒരു രൂപം കൊത്തിയ വളയും ഒരു കുത്ത് പട്ടും തന്ന് യാത്ര ചൊല്ലി നടമേൽപ്പള്ളിയിൽ കരേറി അന്നുതന്നെ കരിങ്ങോച്ചിറപ്പള്ളിയിൽ പോന്നു. ശീപായികൾക്ക് പൌപ്പത്ത് കല്യൻ കൊടുത്തു. അല്ലാതെയും ചിലവു വളരെയുണ്ടു. 21-നു കരിങ്ങോച്ചിറ നിന്നും കണ്ടനാട്ടു വന്നു. 22-നു കൊല്ലത്തു ചെല്ലണമെന്നും *(വേലുത്തമ്പി)* ദളവാ അങ്ങത്തെ സാധനം കൊണ്ട് അരിക്കാരൻ വന്നു.

മാമലയും മുക്കുങ്കനും ഓരോ ആട് ചെങ്ങന്നൂർക്കാർക്ക് കൊടുത്തു. അന്നു തന്നെ അവരു പോയി *(പെരുമ്പടപ്പു തമ്പുരാനുമായിട്ടുള്ള കൂടിക്കാഴ്ച സംബന്ധിച്ചായിരിക്കണം ചെങ്ങന്നൂർക്കാരു വന്നത്).*

മലങ്കര ഇടപെട്ടുള്ള പള്ളിക്കാർയ്യം കൊണ്ട് നിദാനം വരുത്തേണ്ടുന്നതിനു ചെല്ലണമെന്നും ദീനമെങ്കിൽ വള്ളം കരേറി അരിക്കാരനോടുകൂടെ ച്ചെല്ലണമെന്നും എഴുതിയിരിക്കകൊണ്ട് 29-നു വള്ളം കരേറി അന്നസ്തമിച്ച് നിരണത്തു വന്നു. 30-നു ചെങ്ങന്നൂർക്കാരും പുത്തൻകാവിൽക്കാരും

http://www.malankaraorthodox.tv/

വന്നു. വലിയ പെരുമ്പിഴ കൊച്ചിട്ടി കൊണ്ടുവന്ന എഴുത്തു കണ്ടാറെ *(ദീയസ്ക്കോറോസ്)* ബാവായുടെ കാര്യമെന്നും തോന്നി പുതിയകാവിൽ വച്ച് പല കൂട്ടവും ചെയ്താറെയും വലിയവീട്ടിൽ കത്തനാരും അങ്ങാടി കൊച്ചാക്കോ മുതൽപേരും നാലഞ്ചു മാപ്പിളമാരും കൂടെ പറഞ്ഞു ബോധിപ്പിച്ച് ബാവായെ കൊല്ലത്തു കൊണ്ടുചെന്ന് കാപ്പ ഇട്ടുംകൊണ്ട് ദളവായെ കാണിച്ചു. മക്കാളിയും മെത്രാനും ഒന്നാകുന്നു എന്നും പലകൂട്ടം ദൂഷണങ്ങളും *(ബാവാ)* പറഞ്ഞു. വേണ്ടുംമണ്ണം ഉത്തരവും വരുത്തി കാര്യം കേട്ട് തീരുവോളവും ചിലവിനു കൊടുത്തു പുതിയകാവു പള്ളിയിൽ പാർക്കത്തക്കവണ്ണം സാധനവും കൊടുത്തയച്ചു.

83 *(983)* മാണ്ട് ചിങ്ങമാസം 4-നു *(മെത്രാപ്പോലീത്താ)* കൊല്ലത്തു ചെന്നു. വല്യപെരുമ്പിഴയും (വലിയ പെരുമ്പുഴ കൊച്ചിട്ടി എന്നുള്ള ആൾ ആറാം മാർത്തോമ്മായുടെ പ്രധാനപ്പെട്ട ആലോചനക്കാരനും അക്കാലത്തെ ഒരു വലിയ ബുദ്ധിമാനും ജനനേതാവുമാണ്) ഇട്ടിമാത്തുത്തരകനും കൊല്ലക്കാരനും മല്ലിട്ടിപ്പണിക്കരും അവിടെ ഉണ്ടായിരുന്നു. ബാവാ പള്ളിയിൽ പാർക്കകൊണ്ട് അര രൂപായിക്ക് ഒരു വീട് വാങ്ങിച്ച് അവിടെ ഇരുന്നു. മൂന്നു തീയതി കഴിഞ്ഞതിന്റെ ശേഷം, പെരുമ്പടപ്പിൽ *(മെത്രാപ്പോലീത്താ)* ചെന്നതും കണ്ടതും വിവരം അറിഞ്ഞുംകൊണ്ടു കത്തങ്ങളും മാപ്പിളമാരും കച്ചേരിയിൽ ചെല്ലത്തക്കവണ്ണം ഉത്തരവാകയിൽ പരദേശക്കാരന്റെ *(ബാവായുടെ)* കാര്യത്തിന് ഇന്നപ്രകാരമെന്നും നിശ്ചയിക്കണമെന്നും കേൾക്കകൊണ്ട് തേവലക്കര വൈദ്യൻ കൂടെ വന്നിട്ട് ബോധിപ്പിക്കാമെന്നും പറഞ്ഞു പോരികയും ചെയ്തു. വൈദ്യൻ വന്നു എല്ലാവരും കൂടെ താണുവൻ ചെൺപകരാമൻ മുളകുമടിശ്ശീല സർവാധികാര്യക്കാരുടെ അടുക്കൽ ചെന്നാറെ പരദേശക്കാരന്റെ കാര്യം വന്നനാൾ മുതൽ ഇന്നു വരെയും ഉള്ളതിനെ കേൾക്കണമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് വിവരമില്ലെന്നും കൊച്ചിട്ടിയെ വരുത്തണമെന്നും പറകകൊണ്ട് ആളു വന്നു ചെന്ന് ഉണ്ടായതൊക്കെയും പറഞ്ഞതിന്റെ ശേഷം കച്ചേരിയിൽ ചെല്ലുവാൻ പറഞ്ഞു. അവിടെ ചെന്നാറെ അങ്ങത്തേക്ക് *(ദളവായിക്ക്)* ദീനമാകുന്നുവെന്നും സർവാധികാർയ്യക്കാരും പത്മനാഭപിള്ളയും കൂടെ ഇരുന്നു കൊച്ചിട്ടിയെ അകത്തു വിളിച്ച് ബാവായുടെ കാര്യം കൊണ്ടു വളരെ ഒക്കെയും പറഞ്ഞു. ബാവായുടെ കാര്യത്തിനല്ല വരുത്തിയതെന്നും, മെത്രാൻ ഇപ്പോൾത്തന്നെ പോകട്ടെയെന്നും, അങ്ങുന്നുമായി *(ദളവയുമായി)* ട്ടു കാണ്മാൻ സമയമില്ലെന്നും, മാവേലിക്കര വന്നിട്ടു കണ്ടുപറഞ്ഞുകൊള്ളാമെന്നും, താമസിച്ചാൽ നീരസം ഉണ്ടെന്നും, മക്കാളിയുടെ എഴുത്തു വന്നിരിക്കുന്നു എന്നും *(മക്കാളിയുടെ എഴുത്തു വന്നിരിക്കുന്നുവെന്നുള്ളത് പൂർവ്വോത്തര സംബന്ധമില്ലാത്ത നിലയിൽ ഒരു പ്രത്യേക കാര്യമായി പ്രസ്താവിക്കുന്നതാണ്)* സ്വകാര്യമായിട്ടു പറഞ്ഞാറെ ചിങ്ങമാസം 12-നു വള്ളം

https://www.malankaraorthodox.tv/

കരേറി കായങ്കുളത്ത് വന്നു. 15 നൊൻപു വീടി നിരണത്തു വന്നു. ബാവാ കൊല്ലത്തുതന്നെ പാർക്കുന്നു. വലിയ പെരുമ്പുഴയെ ഏല്പിച്ച് പുതിയ കാവിന്ന് പറഞ്ഞയക്കയും ചെയ്തു *(ദീയസ്ക്കോറോസ് ബാവായിൽനിന്നു ഉപദ്രവമേറ്റ പലരും അദ്ദേഹത്തിന്റെ വിക്രിയകളെ സംബന്ധിച്ച് കർണ്ണൽ മക്കാളിക്കും തിരുവിതാംകൂർ സർക്കാരിന്നും സങ്കടഹർജികൾ ധാരാളമായി അയച്ചിരുന്നു).*

പിന്നത്തേതിൽ ബാവായെ കൊച്ചീക്ക് അയക്കണമെന്നും ചിലവിന്നു കൊടുക്കേണ്ടായെന്നും ദളവാ അങ്ങത്തെ എഴുത്തു വരികകൊണ്ടു *(മെത്രാപ്പോലീത്താ)* വീണ്ടും കൊല്ലത്തു പോയി പാർത്തു. കണ്ടനാട്ടു പാർത്തിരുന്ന മെത്രാപ്പോലീത്തായെ കൊല്ലത്ത് വരുത്തി പാർപ്പിച്ചത് ന്യായമല്ലെന്നും വേഗത്തിൽ കണ്ടനാട്ടിന് അയക്കണമെന്നും മക്കാളിയുടെ എഴുത്ത് വീണ്ടും ദളവാ അങ്ങത്തേക്ക് വരിക കൊണ്ട് ദീനമെങ്കിലും വള്ളം കരേറ്റി അയക്കണമെന്നും 83-മാണ്ട് കന്നിമാസം 5-നു തിരുവല്ലാക്കാർയ്യക്കാർക്ക് ദളവായുടെ എഴുത്തു വരികകൊണ്ട് കാർയ്യക്കാരു നിരണത്തുവന്ന് ദീനമെന്ന് മറുപടി കൊടുത്തയച്ചു. വലിയവീടൻ കൊല്ലത്തു ചെന്ന് ബാവായെ കൊണ്ടുവന്നു പുതിയകാവിലിരുത്തി. ദളവാ പത്മനാഭപുരത്തിനു പോയി. തുലാമാസം അത്രയും *(ദീയസ്ക്കോറോസ് ബാവാ)* പുതിയകാവിൽ പാർത്തു. അവിടെനിന്നു തുമ്പമൺകാരു കൊണ്ടുപോയി. അവിടെ ഇരുന്നു ചില കടുദാസു എഴുതുകയും അവരു പൊരുളു തിരിക്കയും ഇതിന്മണ്ണം ഒക്കെയും കാൺകകൊണ്ട് പള്ളിക്കാരെല്ലാവരും വൃശ്ചികമാസം 30-ാം തീയതിക്കകം നിരണത്തു കൂടണമെന്നും *(ആറാം മാർത്തോമ്മായ്ക്ക്)* വയസ്സും ദീനവും ആകകൊണ്ട് കാര്യങ്ങൾ പലതും നിശ്ചയിക്കേണ്ടുന്നതിന് സാധനം കൊടുത്തയച്ചാറെ ധനുമാസം 15-ാം തീയതിക്കകം എല്ലാവരും കൂടി. കാര്യങ്ങൾ അന്വേഷിപ്പാൻ നമ്മാൽ കഴികയില്ലെന്നും നിങ്ങൾ വിചാരിച്ചു പറയണമെന്നും കല്പിച്ചു. താഴെ ഇറങ്ങി വിചാരിക്കുമ്പോൾ *(ആലോചിക്കുമ്പോൾ)* ബാവായുടെ എഴുത്ത് വാക്കിലേറ്റമായിട്ടു പലതും എഴുതിയിരിക്കുന്നത് തുമ്പമൺ ഉള്ളതിൽ ഒരു മാപ്പിള കൊണ്ടുവന്നു. പീലിപ്പോസു റമ്പാൻ കണ്ടാറെ സുറിയാനിവൈപ്പിന് പോരായെന്നും പറഞ്ഞു. ഇതിനു മറുപടി എഴുതുകയും ഇദ്ദേഹത്തെ അനുസരിക്കയും വേണ്ടായെന്നും പള്ളിക്കാരു നിശ്ചയിച്ചു. ശേഷം കാർയ്യങ്ങൾ വടക്കുപുറത്തുള്ള പള്ളിക്കാരു കൂടെ വന്നിട്ട് അറിവിക്കാമെന്നും നിശ്ചയിച്ച് എല്ലാവരും പിരിഞ്ഞു. അശ്ചൻ *(മെത്രാപ്പോലീത്താ)* കണ്ടനാട്ട് ചെല്ലുവാൻ മക്കാളിയുടെ എഴുത്ത് 18-നു വന്നു.

പുന്നത്തറ കത്തനാരെ ആലപ്പുഴക്ക് അയച്ചപ്പോൾ ബുക്കാനാൻ വന്നു എന്നും പോയി ഇപ്പോൾ ചെല്ലേണ്ടാ എന്നും എഴുതി വന്നു.

http://www.malankaraorthodox.tv/

## ആറാം മാർത്തോമ്മായായ വലിയ മാർ ദീവന്നാസ്യോസിന്റെ അന്ത്യഘട്ടവും ചരമവും (983 മീനം 27, 80-ാം വയസ്സിൽ ചരമം)

ഇതിന്റെ ശേഷം *(ദീയസ്ക്കോറോസു ബാവാ)* തുമ്പമൺ കത്തങ്ങളുടെ തല ചിരപ്പിച്ചു. മകരമാസം 26-നു മാമ്മോദീസാ മുക്കുവാൻ സൈത്ത് അദ്ദേഹം ഉണ്ടാക്കി. ഒരു പെണ്ണുകെട്ടും കഴിച്ചു. കുംഭ മാസം 14-നു കണ്ണം കോട്ടിന്നു പോയി. കലശലുണ്ടാക്കി. 25-നു പുതിയകാവിൽ വന്നു. പാതി നുയമ്പിനു പണിക്കരു കത്തനാരെ പിടിച്ചു തള്ളി. പിറ്റെ ഞായറാഴ്ച ആരും പള്ളിയിൽ ചെന്നില്ല.

മീനമാസം 16-നു മുതൽക്ക് ദീനമായി. 21-നു ശരീരമൊക്കെ നീരു കൊണ്ടു. വായു കടുക്കകൊണ്ട് ചരിവാൻ വഹിയാ *(ചരിവാൻ വൈകി എന്നു പാഠാന്തരം).* 22-നു കുര്യൻ കത്തനാരു കണ്ണമംഗലത്തിന് *(അറക്കൽ വൈദ്യനെ കൂട്ടിക്കൊണ്ടു വരുവാൻ)* പോയി. ഇതിനിടയിൽ ഈശ്വരപിള്ള വൈദ്യൻ വന്നു. പറപ്പള്ളി വൈദ്യൻ മുൻപിലെ പാർക്കുന്നു. 23-നു കടമറ്റത്തിനു അവിടെനിന്നും *(മെത്രാപ്പോലീത്താ)* വാചകം ചൊല്ലി സാധനം കൊടുത്തയച്ചു. 26-നു കണ്ണമംഗലം വന്നു. 24-നു കിടങ്ങൻ ഗീവർഗ്ഗീസ് കത്തനാരു പോയി. നിരണത്തു കത്തങ്ങളും ചെങ്ങന്നൂർക്കാരും ഓമല്ലൂർക്കാരും കുര്യൻ കത്തനാരും, പിള്ളയരും നന്നാലു പേരു മാറി മാറി നിന്നു. 25-നു അസ്തമിച്ച് പാതിരാ കഴിഞ്ഞശേഷം ബാവായും കരിങ്ങാട്ടിൽ ശെമ്മാശ്ശനും കൂടെ വന്നു. വലിയ പെരുമ്പുഴയെ വിളിച്ച് *(മെത്രാപ്പോലീത്താ)* കല്പിച്ചു. ഇപ്പോൾ കണ്ടു പറവാൻ കഴികയില്ലെന്നും ജനങ്ങൾ കൂടി ഒരു പ്രകാരം നിശ്ചയിച്ചിരിക്കകൊണ്ട് ദൈവസഹായം പോലെ കണ്ടുപറയാമെന്നും ഇപ്പോൾ പോകട്ടെയെന്നും. അതുകേട്ട് കലശലായിട്ടു പോകയും ചെയ്തു. ഇട്ടിയവിരാ കത്തനാരു പുത്തൻ കുർബാന ചൊല്ലാതെ നിൽക്കകൊണ്ടും അനുവാദം വാങ്ങിച്ചു. 25-നു പെരുന്നാൾക്ക് കുർബ്ബാന ചൊല്ലുവാൻ കൈമുത്തുവാൻ ചെന്നാറെ വിചാരിച്ചു പറയാമെന്നും കല്പിച്ചതല്ലാതെ അനുസരിച്ചില്ല. മീനമാസം 1-നു ഞായറാഴ്ച അശ്ചൻ *(മെത്രാപ്പോലീത്താ)* കുർബാന ചൊല്ലി.

മുൻ കുംഭമാസം 10-നു കണിയാന്ത്ര കത്തനാരു മുതൽപേർക്ക് പട്ടം കൊടയും ഉണ്ടായിരുന്നു. 8-ാം തീയതിയും 15-ാം തീയതിയും 22-ാം തീയതിയും കുർബാന കണ്ടു. 25-നു പെരുന്നാൾക്കു കാണ്മാൻ വഹിയാ.

*(ഇട്ടിയവിരാ കത്തനാർക്കു പുത്തൻ കുർബ്ബാന ചൊല്ലുവാൻ അനുവാദം കൊടുത്തുവെങ്കിലും അദ്ദേഹം 25-നു പെരുന്നാൾ ദിവസം ചൊല്ലുവാൻ ഉദ്ദേശിച്ചിരുന്ന ആദ്യ കുർബാനയിൽ മെത്രാപ്പോലീത്തായിക്കു സംബന്ധിപ്പാൻ കഴിയാത്തവണ്ണം ശരീരാസ്വാസ്ഥ്യം വർദ്ധിച്ചിരുന്നതിനാൽ അനുമതി നൽകാഞ്ഞതാണ്).*

http://www.malankaraorthodox.tv/

27–നു വെള്ളിയാഴ്ച തേവലക്കര മൂത്ത വൈദ്യൻ വന്നു. അന്നുതന്നെ ദേശക്കാരുടെ പേർക്ക് എഴുത്തും കൊടുത്തു *(ഇടവകക്കുള്ള അന്ത്യ കല്പന)* രണ്ടുപേരെ കടമറ്റത്തിന്നയച്ചു.

ഇനിയും വേണുന്നത് എത്തിക്ക തന്നെ *(അന്ത്യകൂദാശ അഥവാ തൈലാഭിഷേകം)* എന്നുറച്ച് പീലിപ്പോസു റമ്പാൻ കുപ്പായമിട്ട് ഉപ്പുറൂശ്മാ എത്തിക്കുമ്പോൾ 25 കത്തങ്ങൾ കൂടെ ഉണ്ടായിരുന്നു.

## ആറാം മാർത്തോമ്മായുടെ ചരമശയ്യ

മിശിഹാകാലം 1808–ൽ കൊല്ലം 983–മാണ്ട് മീനമാസം 27–നു വെള്ളിയാഴ്ചനാൾ വലിയ നൊയമ്പിന്റെ നാല്പതാം ദിവസം 27 നാഴിക പുലർന്നപ്പോൾ മെഴുകുതിരികളും കത്തിച്ച് റമ്പാശ്ചൻ സൈത്തും പൂശി വഴിക്കാലായുമെത്തിച്ച് കാലം ചെയ്തതിന്റെ ശേഷം ഉടൻതന്നെ മുഖവും കൈയും കാലും കഴുകിച്ച് കുപ്പായങ്ങളും ഇടുവിച്ച് മുടിയും വെച്ച് സ്ലീവായും വടിയും പിടിപ്പിച്ച് ധൂപവും വെച്ച്, കസേറ മേൽ ഇരുത്തി റമ്പാനും ശേഷം പട്ടക്കാരും പൊസ്തകവും ചൊല്ലിത്തുടങ്ങി. ശനിയാഴ്ച 22 നാഴികക്കു മാളികയിൽ നിന്നും താഴെ ഇറക്കി. രായും പകലും ഉറക്കൊഴിച്ചിലാലെയും ഉത്സാഹത്താലെയും പുന്നത്തറ കുര്യൻ കത്തനാരു ഈ ശുദ്ധമാകപ്പെട്ടവനുവേണ്ടി ഏറിയ ചിറ്റാണ്മ *(ശുശ്രൂഷ അഥവാ സേവനം)* ചെയ്തു. ഇതു കേട്ട് *(ദീയസ്ക്കോറോസ്)* ബാവാ വലിയ പെരുംപുഴെ വന്നിരുന്നുംകൊണ്ട് ഇങ്ങോട്ട് വരട്ടെ എന്നും ആളയച്ചാറെ വരേണ്ടാ എന്നും എല്ലാവരും കൂടെ പറഞ്ഞയച്ചു. എന്നാറെ നാലു നാഴികപ്പകലെ ബാവായും കരിങ്ങാട്ടിൽ ശെമ്മാശ്ശനും കൂടെ വന്നു മദുബഹായിൽ കരേറിയിരുന്നു. വൈദ്യനേയും വലിയ പെരുംപുഴയേയും വിളിച്ച് പലതും പറകയും തെക്കെ വാതുക്കൽ മാപ്പിളമാരു കൂട്ടംകൂടി നിൽക്കയും ഇങ്ങനെ കാൺക കൊണ്ടും നിരണത്ത് രണ്ടു കവറിടം ഉണ്ടായിരിക്കെ കൊണ്ടും പുത്തൻകാവിനു കൊണ്ടുപോകയെന്നുറച്ചു. *(പുത്തൻകാവിൽ)* കവറിടം പണിത ആശാരിമാർക്ക് മൂന്നുപേർക്ക് 12 ചക്രവും സമ്മാനം 40 ചക്രവും സ്ലീവാ മരം കൊണ്ടു തീർത്തതിന് 4 ചക്രവും കാസായും പീലാസായും മെഴുകുകൊണ്ട് തീർത്തതിന് 4 ചക്രവും ഇതൊക്കെയും നിരണത്തുകാരു കൊടുത്തു. പുത്തൻകാവിൽ നിന്നു വള്ളം വരുത്തി. മുണ്ടുമുറികളൊക്കെയും കൂടിയ ദേശക്കാരു വച്ചു പൂട്ടി മുദ്ര ഇടുവിച്ചു വള്ളം കരേറ്റുവാൻ തുടങ്ങിയപ്പോൾ കൈമുത്തിക്കുന്നതിന് ബാവാ വന്നു സ്ലീവാ എടുക്കകൊണ്ട് കൂടിയ കത്തങ്ങൾ വാങ്ങിക്കയും ചെയ്തു. അന്നേരം തന്നെ അദ്ദേഹം പുതിയകാവിനു പോയി. റമ്പാനും കൊച്ചിട്ടിയും നാലു കത്തങ്ങളും കൂടെ വള്ളത്തിൽ കരേറി പുത്തൻകാവിൽ ചെന്നു. പിറ്റെദിവസം 29–നു ഹോശന ഞായറാഴ്ച ആകകൊണ്ട് കുരു

ത്തോല കൊടുത്ത് അടച്ചു തുറപ്പും കഴിച്ച് കുർബാന കഴിഞ്ഞശേഷം 22 നാഴികക്കു കവറിൽ *(മൃതശരീരം)* ഇറക്കി. പുത്തൻകാവിൽക്കാരുടെ പേർക്ക് കൂടിയ ആളുകൾക്ക് കഞ്ഞി കൊടുത്തു. 30–നു തിങ്കളാഴ്ച 10 നാഴിക രാ ചെന്നപ്പോൾ ചെറിയശ്ചനും *(അനന്തരഗാമിയായ കൊച്ചു മെത്രാൻ)* അയിപ്പു കത്തനാരും തൊമ്മൻ കത്തനാരും വന്നു. 31–നു ചൊവ്വാഴ്ച 22 നാഴികക്കു കവറടക്കുകയും ചെയ്തു.

അന്നു കാലത്ത് ഇട്ടിയവിരാക്കത്തനാരും പുത്തൻ കുർബാന ചൊല്ലി. തൊമ്മൻ കത്തനാരു ചൊല്ലിയത്രെ അടക്കിയത്. മേടമാസം 12–നു പുതു ഞായറാഴ്ച പുലകുളി കഴിക്കയെന്നും നിശ്ചയിച്ചു. പുത്തൻകാവിൽ പള്ളിക്കാരു 500 പറ അരിയും കോട്ടയം മുതൽ ചാത്തന്നൂർ വരെയുള്ള പള്ളിക്കാർക്ക് 500 രാശിക്കു കോപ്പുകൾക്കും വരിയിട്ടു സാധനവും എഴുതി. ഒപ്പിട്ടില്ല.

പള്ളിയുടെ തെക്കുവശത്ത് മാനസം കെട്ടി 400 പറ അരി വെച്ചു പാലും പഞ്ചസാരയും ആദിയായിട്ടുള്ള കോപ്പുകൾ കൂട്ടി വേണ്ടുംമണ്ണം പുല കുളിയും കഴിച്ചു. റാസയും കുർബ്ബാനയും ഉണ്ടായിരുന്നു. 600 ചക്രം ലക്ഷണ *(ദക്ഷിണ)* വീണത് പള്ളിക്കാർയ്യത്തിൽ എടുത്തു. അങ്കമാലി ഇട്ടൂപ്പു കത്തനാരും കൂടെ നിരണത്തു വെച്ചുണ്ടായ കാർയ്യം ആലുവാ യിൽ മക്കാളി സായ്പു പാർക്കുമ്പോൾ കേട്ടു ചാൾമ്മറ കർണ്ണലിന് എഴു ത്തുവരിക കൊണ്ട് ബാവായെ കൊണ്ടുപോകുവാൻ കുപ്പിണി 200 പേരു പുറപ്പെട്ട് നിരണത്തോളം വന്നു.

*(ദീയസ്ക്കോറോസ്)* ബാവാ ഒളിച്ചുപോയെന്നു കേൾക്കകൊണ്ട് അവരു തിരിച്ചു പോയി. ഇതിന്റെ ശേഷം മേടമാസം 23–നു ചെറിയശ്ചൻ നിരണത്ത് ചെന്ന് മുറി തുറപ്പിച്ച് മുതൽകാർയ്യങ്ങളും എടുത്തു കാർയ്യ ങ്ങൾ വിചാരിച്ചു വരുന്നു *(7–ാം മാർത്തോമ്മായുടെ പേർ മാത്തൻ. 964 മേടം 6–നു റമ്പാനായി. 971 മേടം 21–നു എപ്പിസ്കോപ്പാ. 981 മീനം 22 –നു 7–ാം മാർത്തോമ്മായായി ഭരണമേല്ക്കുന്നു).*

## ഏഴാം മാർത്തോമ്മാ മെത്രാന്റെ ഭരണാരംഭം (983 മേടം)

### ഈ ഗ്രന്ഥവരിയുടെ കർത്തൃത്വം

എന്നാൽ 81–മാണ്ട് *(981)* കടമറ്റത്തിരിക്കുമ്പോൾ ഇപ്പോഴത്തെ വർത്ത മാനവും നിരണത്ത് കാലം ചെയ്ത അശ്ചന്റെ *(അഞ്ചാം മാർത്തോമ്മാ യുടെ)* കാര്യവും എഴുതണമെന്നും അതുകൊണ്ട് വളരെ ഉപകാരമു ണ്ടെന്നും *(ആറാം മാർത്തോമ്മാ)* കല്പിച്ചത്രെ എഴുതിച്ചത്.

നിരണത്തുവെച്ച് മനുഷ്യരുടെ ചതിവും നേരുകേടുംകൊണ്ട് യാക്കോ ബായക്കാരെന്നു പേരു പറയുന്നതല്ലാതെ പ്രവൃത്തിയില്ലായ്കയാൽ ഏറ്റം

http://www.malankaraorthodox.tv/

താമസം കൂടാതെ ഇംഗ്രേസു മാർഗ്ഗം *(ഇംഗ്ലീഷുമാർഗ്ഗം അതാവിത് പ്രോട്ട സ്റ്റന്റു വിശ്വാസം)* ആകുവാൻ ഇടവരുമെന്നും കല്പിച്ചിട്ടുണ്ട് *(ആറാം മാർത്തോമ്മായുടെ ഈ ദീർഘദർശനം ഫലിക്കുക തന്നെ ചെയ്തു. സുറിയാനിസഭയെ സന്ദർശിപ്പാൻ വന്ന ഇംഗ്ലീഷ് മിഷ്യണറിമാരുടെ താല്പര്യങ്ങളും അവരുടെ ഉന്നങ്ങളും ലാക്കുകളും ഇംഗ്ലീഷു ജനതയുടെ ശക്തിയും നാട്ടുരാജാക്കന്മാരുടെ മേൽ സുപ്രതിഷ്ഠിതമായ അവരുടെ അധികാരശക്തിയും വേണ്ടവിധം മനസ്സിലാക്കിയിരുന്ന മെത്രാപ്പോലീത്തായ്ക്ക് വിശ്വാസാചാര വിഷയങ്ങളിൽ സ്ഥിരനിഷ്ഠയില്ലാത്തവരും പണത്തിനും സ്വാധീനത്തിനുംവേണ്ടി ചതിവും നേരുകേടും കാണിപ്പാൻ മടിയില്ലാത്തവരുമായ തന്റെ ഭരണീയജനങ്ങൾ പിൽക്കാലത്ത് ആംഗ്ലേയസഭയെ ആശ്ലേഷിക്കുമെന്ന് നിശ്ചയമുണ്ടായിരുന്നു. ഇത് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ അനുഭവപ്പെട്ടു. സി. എം. എസ്. സുറിയാനിക്കാർ, നവീകരണ - അഥവാ മാർത്തോമ്മാ സുറിയാനിക്കാർ എന്നിങ്ങനെ രണ്ടു വിഭാഗം പിൽക്കാലത്തു മലങ്കര സുറിയാനിസഭയിൽ ഉദയം ചെയ്ത് വളർച്ച പ്രാപിച്ചു).*

ഇതിന്റെ ശേഷം 83-മാണ്ട് *(983)* ഇടവമാസം മുതൽക്ക് ദളവായും *(വേലുത്തമ്പി)* മക്കാളിയും തമ്മിൽ നീരസം വച്ചതു കാരണത്താൽ ആ കൂട്ടത്തിന് *(നാട്ടുകാരായ സുറിയാനി ക്രിസ്ത്യാനികൾക്ക്)* വെള്ളക്കാരുമായി ഒത്താശയുണ്ടെന്നും *(തിരുവിതാംകൂർ രാജ്യത്തിന്റെ ഭരണാധികാരം മുഴുവൻ ഇംഗ്ലീഷുകാർ ഏറ്റെടുപ്പാൻ സുറിയാനിക്കാർ പരിശ്രമിക്കുന്നുവെന്ന് ഒരു തെറ്റിദ്ധാരണ വേലുത്തമ്പിക്കുണ്ടായിരുന്നതായി കുണ്ടറനിന്ന് പ്രസിദ്ധപ്പെടുത്തിയതായ വേലുത്തമ്പിയുടെ വിളംബരം സൂചിപ്പിക്കുന്നു)* കുപ്പിണിയെ വരുത്തിയെന്നും ബാവാ ദളവായുടെ അടുക്കൽ ചെന്ന് സങ്കടം പറകയും *(നാട്ടുകാരായ സുറിയാനിക്കാരുടെ ചോറു മൂക്കുമുട്ടെ തിന്നുകൊണ്ട് അവരെ സംബന്ധിച്ച് ഭരണാധികാരികളെ തെറ്റിദ്ധരിപ്പിക്കുന്ന ദീയസ്ക്കോറോസു ബാവായെപ്പോലെയുള്ള നീചബുദ്ധികൾ ശീമ ബാവാന്മാരായി പിൽക്കാലത്തും ഇവിടെ വന്നിട്ടുണ്ട്)* ചെറിയശ്ചൻ പട്ടം കൊടുത്തതു കാരണത്താൽ കത്തങ്ങളും മാപ്പിളമാരും ഒന്നിനൊന്നായിട്ട് ദളവായെ ബോധിപ്പിക്ക കൊണ്ടും, റമ്പാശ്ചനു പള്ളികളിൽനിന്ന് വരിയിട്ടു പണം പിരിച്ചുകൊടുത്തുയെന്നു, ഇതൊക്കയും വലിയ പെരുമ്പുഴയും കുഞ്ഞാണ്ടിത്തരകനും കൊച്ചിട്ടിയും ചെയ്തിരിക്കകൊണ്ടു എല്ലാവരെയും വരുത്തണമെന്നും, ഉത്തരവായി മാവേലിക്കര വലിയ യജമാനനു എഴുതി വരികകൊണ്ട് റമ്പാനും, കൊച്ചിട്ടിയും, വലിയ പെരുമ്പുഴയും നിരണം, ചെങ്ങന്നൂരു, പുത്തൻകാവ്, പുതിയകാവ് ഈ നാലു പള്ളികളിലെ കൈക്കാരന്മാരും ചെല്ലത്തക്കവണ്ണം ആളു വരികകൊണ്ട് 84-മാണ്ടു തുലാമാസത്തിൽ ആലപ്പുഴെ കൊണ്ടുപോയി.

http://www.malankaraorthodox.tv/

*(ആ കാലത്തെ തിരുവിതാംകൂർ ഗവർമ്മെണ്ടിന്റെ ഭരണസമ്പ്രദായങ്ങൾ യാതൊരു വ്യവസ്ഥാപിത നീതിനിയമങ്ങളെയും ആസ്പദമാക്കിയല്ലായിരുന്നു. ഓരോ സർക്കാർ ഉദ്യോഗസ്ഥന്റെയും വിശേഷിച്ച് ദളവായുടെയും ഇഷ്ടാനിഷ്ടങ്ങളും രസ നീരസങ്ങളുമായിരുന്നു അതതു വിഷയങ്ങളിൽ ചട്ടമായി പ്രമാണിക്കപ്പെട്ടിരുന്നത്. സർക്കാരിന്റെയും ജനങ്ങളുടെയും സമുദായങ്ങളുടെയും അധികാരാവകാശങ്ങൾക്ക് യാതൊരു വ്യവസ്ഥയുമുണ്ടായിരുന്നില്ല. ഏതു വിഷയം പറഞ്ഞും ജനങ്ങളെ ഉപദ്രവിപ്പാൻ ഉദ്യോഗസ്ഥന്മാർക്ക് സൗകര്യമുണ്ടായിരുന്നു. ഈ രീതിക്ക് മാറ്റമുണ്ടായി നീതിന്യായ നിയമങ്ങൾക്ക് ഭരണത്തിൽ പ്രവേശം അനുവദിച്ചത് കർണ്ണൽ മണ്രോയുടെ കാലം മുതൽക്കായിരുന്നു. ഈ വിഷയത്തെ സംബന്ധിച്ച് താഴെ ചേർക്കുന്ന പ്രസ്താവനകൾ ശ്രദ്ധേയമാണ്. "കൈക്കൂലിയും അക്രമങ്ങളും അന്ന് രാജ്യത്തിൽ സർവ്വത്ര വ്യാപിച്ചിരുന്നു. ഗവർമ്മെണ്ടു സർവീസിലുള്ള ഏതു ഉദ്യോഗസ്ഥനും അന്ന് ഇഷ്ടം പോലെ ജനങ്ങൾക്ക് പിഴയിടുവാൻ അധികാരമുണ്ടായിരുന്നു. ഒരാൾ മരിച്ചാൽ അയാളുടെ വസ്തുവകകളെല്ലാം രാജാവിന്റേത് ആകുമെന്നായിരുന്നു അന്നു കരുതി വന്നിരുന്നത്. ഈ വസ്തുക്കൾ അടുത്ത അവകാശികൾക്കു കിട്ടണമെങ്കിൽ ഭീമമായ പിഴകൾ സർക്കാരിൽ അടക്കേണ്ടിയിരുന്നു. ഏതുതരം കുറ്റത്തിനും ജനങ്ങളിൽനിന്നും പിഴ ഈടാക്കുവാനുള്ള അധികാരം അന്നു ദിവാൻജിക്കും കീഴ്ജീവനക്കാർക്കും ഉണ്ടായിരുന്നു എന്നുള്ളത് പ്രത്യേകം പറയേണ്ടതു തന്നെ. ഇങ്ങനെ ഈടാക്കുന്ന പിഴകളിൽ 20 ശതമാനം പിഴയിട്ട ദിവാൻജിയും മറ്റു ഉദ്യോഗസ്ഥന്മാരുമായി വീതിച്ചെടുക്കുകയായിരുന്നു പതിവ്. ബാക്കി തുക മാത്രമേ സർക്കാർ ഖജനാവിൽ അടച്ചിരുന്നുള്ളു. ... ഉദ്യോഗസ്ഥന്മാർ ഓരോരുത്തരിൽ നിന്നും യാതൊരു മടിയും കൂടാതെയും വീട്ടണമെന്നുള്ള ഉദ്ദേശം കൂടാതെയും പണം കടം വാങ്ങുകയും കടം കൊടുത്തവർ മുതലും പലിശയും ആവശ്യപ്പെടുകയും ചെയ്യുമ്പോൾ അവരെ ജയിലിലാക്കുകയും ചെയ്യുക അസാധാരണമായിരുന്നില്ല." (കർണ്ണൽ മണ്രോയുടെ ഭരണപരിഷ്കാരങ്ങൾ എന്ന വിഷയത്തെ സംബന്ധിച്ച് 1103-ൽ ഉള്ളൂർ എസ്. പരമേശ്വരയ്യർ കേരള സൊസൈറ്റിയിൽ ചെയ്ത പ്രസംഗം നോക്കുക. 1103-8-27 ലെ പ്രതിദിനം പത്രം).*

## മക്കാളി 3000 പൂവരാഹൻ ആറാം മാർത്തോമ്മായോടു വായ്പ വാങ്ങുന്നു

മെത്രാപ്പോലീത്തായോട് *(ഇതിനെടയിൽ ആറാം മാർത്തോമ്മായോട്)* 3000 പൂവരാഹൻ കുമ്പഞ്ഞി വകക്ക് *(ഈസ്റ്റിൻഡ്യാ കമ്പനിക്കുവേണ്ടി)* വായിപ്പ വാങ്ങിച്ചു എന്നും അതിന് നൂറ്റുക്കു എട്ടു പലിശ വീതം ഉള്ള പൂവരാഹൻ 240 ഉം തിരുവിതാംകോട്ടു നിന്നും പള്ളിയുള്ള കാലം

വരെയും കൊടുക്കത്തക്കവണ്ണം ഒരു കടുദാസ് മക്കാളി എഴുതി ദളവാ യുടെ പറ്റിൽ കൊടുത്തു *(കൊടുത്തിരുന്നു).*

*(കപ്പം മുടങ്ങിക്കിടന്നിരുന്നു എന്നു മാത്രമല്ല ഇംഗ്ലീഷു കമ്പനിക്ക് 48 ലക്ഷത്തിൽ ചില്വാനം രൂപാ തിരുവിതാകൂർ സർക്കാർ കൊടുത്തടപ്പാ നുമുണ്ടായിരുന്നു (989 ധനു 21-നു ലക്ഷ്മീഭായി റാണി കർണ്ണൽ മന്രോ യിക്കയച്ച എഴുത്തു നോക്കുക). ഇങ്ങനെയുള്ള ഒരു പരിതസ്ഥിതിയിലാ യിരുന്നു മക്കാളി പണം മെത്രാപ്പോലീത്തായോടു വായ്പ വാങ്ങിയത്. 1808 ഡിസംബർ 1-ാം തീയതിയാണ് ആറാം മാർത്തോമ്മാ 3000 പൂവരാ ഹൻ വായിപ്പ കൊടുത്തത്. ഇംഗ്ലീഷുകാരെയും അവരുടെ ഭരണാധികാ രത്തെയും കേരളത്തിൽ നിന്നു തുരത്തുന്നതിനായിട്ടും, ക്രിസ്തുമത പ്രചാരത്തെ തടയുന്നതിനായിട്ടും ഫ്രഞ്ചുകാരുടെ സഹായം ലഭിക്കുമെ ന്നുള്ള ഗാഢമായ പ്രതീക്ഷയോടു കൂടി വേലുത്തമ്പി ദളവായും പാലി യത്തച്ചനും ചേർന്നു ഗൂഢമായി യുദ്ധസന്നാഹം ചെയ്തു. ഇതിലേക്ക് അവർ കേരളത്തിലെ രാജസ്ഥാനികളെയും സാമൂതിരിപ്പാടിനെയും സ്വപ ക്ഷത്തേക്ക് വശീകരിക്കുകയും ചെയ്തു. 1808-ൽ മേൽപ്പറഞ്ഞവരിൽ നിന്ന് സാമൂതിരിപ്പാടിലേക്ക് ലഭിച്ച ഒരു എഴുത്തു സാമൂതിരിയുടെ മന്ത്രി മദ്രാസ് ഗവർണർക്കയക്കുകയും അങ്ങനെ മക്കാളിക്കു സാഹചര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുകയും ചെയ്തു. തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും മുറപ്രകാരം അടക്കേണ്ട കപ്പം രണ്ടു മന്ത്രിമാരും അടച്ചു കൊടുത്തിരുന്നില്ല. യുദ്ധം അത്യാസന്നമാണെന്ന് മക്കാളിക്കു അറിയുകയും ചെയ്യാമായിരുന്നു. ഈ അവസരത്തിലായിരുന്നു മക്കാളി ആറാം മാർത്തോമ്മായോടും വരാപ്പുഴ ബിഷോപ്പിനോടും രണ്ടു വലിയ സംഖ്യകൾ കടം വാങ്ങിയത്. ഇതു കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കു ള്ളിൽ യുദ്ധം ആരംഭിച്ചു. 1808 ഡിസംബർ 28-നു വെടി തുടങ്ങി. 1809 ഫെബ്രുവരി 7-നു ശത്രുക്കൾ ബ്രിട്ടീഷുകാർക്കു കീഴടങ്ങി. ഈ യുദ്ധ ത്തെ സംബന്ധിക്കുന്ന പല ചരിത്രരേഖകൾ കൊച്ചി രാജ്യം 2-ാം വാല്യ ത്തിൽ 739 മുതൽ 769 വരെ പുറങ്ങളിൽ മി. കെ. പി. പത്മനാഭമേനവൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. രണ്ടു മന്ത്രിമാരും കൂടി ക്രിസ്തുമതത്തെ നശി പ്പിക്കുന്നതിനായി അമ്പതിനായിരത്തിലധികം ക്രിസ്ത്യാനികളെ സംഹ രിക്കുകയുണ്ടായി. കൊല്ലുവാൻ സമയം ലഭിക്കായികയാൽ അനവധി ക്രിസ്ത്യാനികളെ കടലിൽ എറിഞ്ഞു നശിപ്പിച്ചു. കൊച്ചിയിലെ ഈ ക്രൈസ്തവ സംഹാരത്തിനാണ് "വെട്ടിക്കൊലപ്പട" എന്ന പേർ പറഞ്ഞു വരുന്നത്. പല സ്ഥലത്തും ക്രിസ്ത്യാനികളെ കൊന്നൊടുക്കി. കൊലപ്പ റമ്പ് എന്നു പേരുള്ള പല പറമ്പുകളുമിന്നും കൊച്ചിയിലുണ്ട്).*

*(ഇതുകൾ സംബന്ധിച്ച്)* ഏറിയ ചോദ്യങ്ങളും ഞെരുക്കങ്ങളുമു ണ്ടായി. വലിയ പെരുമ്പിഴയേയും കൊച്ചിട്ടിയേയും മറിപ്പിലാക്കി *(വാറ*

http://www.malankaraorthodox.tv/

*ണ്ടിൽ വച്ചു എന്നു താല്പർയ്യം).* ശേഷംപേരുടെ മറിപ്പൊഴിഞ്ഞു. ആല ന്തുരുത്തിൽ പാർക്കുന്ന മാത്തനേയും വരുത്തി പാർപ്പിച്ചിരിക്കുമ്പോൾ ചെറിയശ്ചനെയും *(ഏഴാം മാർത്തോമ്മാ)* വരുത്തി. 10000 കല്യൻ അദ്ദേഹം ചിലവിട്ടു. ദളവായെ കാണ്മാൻ കൂടിയില്ല. ഇതിന്റെ ശേഷം മക്കാളി കൊച്ചിയിൽ ഇരിക്കുമ്പോൾ സാധനം എഴുത്ത് പത്മനാഭ പിള്ള ക്കു മുളകുമടിശ്ശീല സർവാധിയും വച്ചു അദ്ദേഹം രഹസ്യമായിട്ടു കൊച്ചി യിൽ ചെന്നു മക്കാളിയെ കൊന്നു എന്നു പ്രസിദ്ധപ്പെടുത്തി. കൊല്ലത്ത് ചൽമ്മറ കർണ്ണൽ മുതൽപ്പേരു 700 പേരു കൊല്ലത്തു കച്ചേരിയിൽ കേറി ദളവായുടെ അനുജൻ തമ്പി മുതൽപ്പേരെ ഓടിച്ച് അപജയപ്പെടുത്തി. അതുകാരണത്താൽ അവരുടെ ആളുകൾ കച്ചേരിയിലും ദളവായും *(വൈക്കം)* പത്മനാഭപിള്ളയും കുതിരഭക്ഷിയും *(ഇപ്പേരുള്ള ഒരാൾ ഉണ്ടാ യിരുന്നു. കുതിരപ്പക്ഷിയെന്നും പറയും)* മുതൽപേരു പട്ടാളത്തെയും ശേഖരിച്ച് മകരമാസം 4-നു ശൺ൦ കഴിഞ്ഞശേഷം കുണ്ടറയും പാർത്തു. 18-നും 19-നും യുദ്ധം തുടങ്ങി ഏറിയ ആളുകൾക്ക് അപജയം വന്നു. പിന്നത്തേതിൽ വെട്ടിയകോട്ടയിലായിട്ടും തോവാളയിലായിട്ടും ഇംഗ്രേസ് പട്ടാളം വന്നിറങ്ങി. അതു കാരണത്താൽ ദളവാ മുതൽപേരു ഒളിച്ചു പോയി. കുംഭമാസം 12-ാം തീയതിക്കകം എല്ലാവരെയും കൊന്ന് പടയും നിറുത്തലായി (983 കുംഭം 12-നു പട അവസാനിച്ചു).

## വട്ടിപ്പണത്തിന്റെ കടച്ചീട്ട് വേലുത്തമ്പിയുടെ പെട്ടിയിൽ നിന്നെ ടുത്ത് മക്കാളി ഏഴാം മാർത്തോമ്മായെ ഏല്പിക്കുന്നു

ദളവായുടെ പെട്ടകങ്ങൾ മക്കാളി ശോധന ചെയ്യിച്ചു മൂവായിരം പൂവ രാഹന്റെ കടുദാസും എടുത്തുംകൊണ്ട് കച്ചേരിയിൽ വന്ന് മെത്രാൻ ഇരി ക്കുന്ന പുത്തൻകാവിൽ ആളയച്ചാറെ, പീലിപ്പോസു റമ്പാനും കൊച്ചി ട്ടിയും കൂടെ പോയി കടുദാസും *(കടച്ചീട്ട്)* അവരുടെ പറ്റിൽ കൊടുത്തു വർത്തമാനങ്ങളും പറഞ്ഞയക്കയും ചെയ്തു.

http://www.malankaraorthodox.tv/

## ദീയസ്ക്കോറോസ് ബാവാ തിരിച്ചുപോകുന്നു

ഇതിനിടയിൽ *(ദിയസ്ക്കോറോസ്)* ബാവായുടെ ചെമ്മാശ്ശൻ വന്നു സ്താത്തിക്കോൻ ഇവിടെ ഇരുന്നത് കണ്ട് പകർത്തി. അയാൾ കൊണ്ടു വന്നുയെന്നും പറഞ്ഞ് *(ബാവാ)* കൊച്ചിയിൽ ചെന്ന് കപ്പൽ കരേറി പര ദേശത്തിനു പോകയും ചെയ്തു *(ദിയസ്ക്കോറോസ് മടക്കയാത്രയിൽ റോമ്മാ സഭയിൽ ചേർന്നുവെന്നും പറയുന്നു).*

## 7-ാം മാർത്തോമ്മായുടെ മരണവും 8-ാം മാർത്തോമ്മായുടെ സ്ഥാനാരോഹണവും

84-മാണ്ട് *(984)* അശ്ചന്റെ *(കാലം ചെയ്ത ആറാം മാർത്തോമ്മായുടെ)*

ഒരാണ്ടു വീടികക്ക് പുത്തൻകാവിൽ വെച്ച് പീലിപ്പോസ് കത്തനാരു മുതൽപേരും ചെറിയശ്ചനു *(7-ാം മാർത്തോമ്മായുമായിട്ട്)* കുറഞ്ഞൊരു വഴക്കുണ്ടായി. ഇടവമാസത്തിൽ അദ്ദേഹം കണ്ടനാട്ടിന്നു പോയി. ദീനം വിശ്രമിച്ച് മിഥുനമാസം 22-നു *(20-നു എന്നു പാഠാന്തരം)* കാലം ചെയ്തു. തൊമ്മൻ കത്തനാരെ വരുത്തി സ്ഥാനം കൊടുത്തു.

*(ഏഴാം മാർത്തോമ്മാ അന്ത്യശയ്യയിൽ വച്ചോ ബോധരഹിതനായി കിടക്കുമ്പോഴോ ചരമഗതി പ്രാപിച്ചശേഷമോ ചിലർ കൂടി അദ്ദേഹത്തിന്റെ കൈ എടുത്തു തൊമ്മൻ കത്തനാരുടെ തലയിൽ വെച്ച് അദ്ദേഹത്തെ 8-ാം മാർത്തോമ്മാ മെത്രാനായി വാഴിക്കുകയാണ് ചെയ്തത്. ഇതിനിടക്ക് പകലോമറ്റം തറവാട്ടിലെ സുറിയാനി കുടുംബത്തിൽ (റോമ്മൻ കത്തോലിക്കാ കുടുംബം വേറെയുണ്ട്. ആൺവഴി അവസാനിക്കയാൽ ഏഴും എട്ടും മാർത്തോമ്മാമാരെ കടമറ്റം ശാഖയിൽ നിന്നു വരുത്തിയാണ് സ്ഥാനം കൊടുത്തത്).*

എല്ലാവരുംകൂടി കാലം ചെയ്ത ദേഹത്തെ കോലഞ്ചേരിയിൽ കൊണ്ടു ചെന്ന് കവറടക്കി പുലകുളിയും കഴിച്ചു. നാല്പതാം ദിവസം കണ്ടനാട്ടു വെച്ചു കഴിക്കയെന്നും നിശ്ചയിച്ചു. പള്ളിക്കാരെ ഒക്കെയും അവിടെ വരുത്തി കുന്നംകുളങ്ങരെ പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാരു തൊമ്മൻ മെത്രാച്ചനോട് റമ്പസുഖവും ഏറ്റ് അയാളുടെ അനന്തരവൻ ഇട്ടൂപ്പിന് പട്ടവും കൊടുപ്പിച്ചു യാക്കോവായക്കാരുടെ മർയ്യാദപോലെ ഒക്കയും നടന്നുകൊള്ളത്തക്കവണ്ണം എല്ലാ കാർയ്യങ്ങൾക്കും ഒരു പടിയോലയും എഴുതിവെച്ചു *(തൊമ്മൻ മെത്രാച്ചൻ എന്ന് ഇവിടെ പറയുന്നത് 8-ാം മാർത്തോമ്മായെ ഉദ്ദേശിച്ചാണ്. 8-ാം മാർത്തോമ്മാ 984 മിഥുനം 20-ന് സ്ഥാനമേറ്റു).*

85-ാമാണ്ട് *(985)* ചിങ്ങ മാസം മുതൽ ഒരു സംവത്സരം ഒരുവിധത്തിൽ നടന്നു. പിന്നത്തേതിൽ ഇട്ടൂപ്പു റമ്പാനും കിടങ്ങൻ കത്തനാരും തമ്മിലുള്ള വിവതുകൊണ്ട് *(വിവാദം)* ഇട്ടൂപ്പു റമ്പാൻ മെത്രാശ്ചനോടു പിണക്കമായി. കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാച്ചിറ, നടമേൽ ഇങ്ങനെ നാലാറു പള്ളിക്കാരെ കൂട്ടി. ഏറിയ വഴക്കായിട്ട് രണ്ടു പക്ഷത്തിൽ ആളുകളും കൂടി പീലിപ്പോസു റമ്പാനെയും ഇട്ടൂപ്പു റമ്പാനെയും കൂട്ടി.

### മക്രേണ്ടായുടെ ആഗമനവും വിചാരണയും

പട കഴിഞ്ഞശേഷം രാജ്യവിചാരം മക്രേണ്ടാൻ സായ്പിനു ആകകൊണ്ട് രണ്ടു പക്ഷക്കാരും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. ആലുവാ മുതൽ മാവേലിക്കര, നിലെക്കാമുക്ക്, കൊല്ലം വരെയും കാര്യം കേൾക്കയും വിസ്തരിക്കയും ചെയ്തുവരുമ്പോൾ 87-ാമാണ്ട് *(987)* തുലാമാസം 28-നു പീലിപ്പോസു റമ്പാൻ കഴിഞ്ഞ് കണ്ണൻകോട്ടു പള്ളിയിലടങ്ങി.

http://www.malankaraorthodox.tv/

## കായങ്കുളം പീലിപ്പോസു റമ്പാന്റെ മരണം (987 തുലാം 28)

ധനു മാസം 12-നു മന്രോേൻ സായ്പ് കുറ്റാലത്തിന് യാത്രയായപ്പോൾ പള്ളിക്കാരെ ഒക്കയും പറഞ്ഞയച്ചു. പള്ളികൾക്ക് ഏറിയ ചിലവും ജന ങ്ങൾക്കു ബുദ്ധിമുട്ടും ഏറ്റമുണ്ടായി. ഇതിന്റെശേഷം ഇട്ടൂപ്പു റമ്പാനും കിടങ്ങൻ കത്തനാരും തമ്മിൽ നീരസം ആയിരിക്ക കൊണ്ട് കിടങ്ങൻ കുന്നംകുളങ്ങരെ ചെന്നതിന്റെ ശേഷം അഞ്ഞൂർ പാർത്തിരുന്ന കാട്ടുമ ങ്ങാട്ട് ഇളയദേഹവും കണിയാവെള്ളിക്കാരനും കൂടെ തെക്കോട്ടു പോരു വാൻ വരുമ്പോൾ വഴിമദ്ധ്യേ വെച്ച് കണിയാവെള്ളിക്കാരൻ കഴിഞ്ഞു പോക കൊണ്ട് അദ്ദേഹത്തെ കൊണ്ടുചെന്ന് അഞ്ഞൂരടക്കി. ചീരൻ കത്ത നാർക്ക് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെന്ന സ്ഥാനം കൊടുത്തു വാഴിച്ചു. കാട്ടുമങ്ങാട്ട് ഇളയ ദേഹം വെട്ടിക്കൽ വന്നു പാർത്തു. അവിടെ കാലം ചെയ്തടങ്ങി. 989-മാണ്ട് ചീരന് *(ചീരൻ മെത്രാ ന്)* ദീനമായപ്പോൾ കിടങ്ങൻ കത്തനാർക്ക് പീലക്സീനോസ് മെത്രാ പ്പോലീത്താ ആയിട്ട് വാഴിച്ചു *(ചീരന് ദീനമായപ്പോൾ കിടങ്ങൻ കത്ത നാരെ പീലക്സീനോസ് മെത്രാപ്പോലീത്താ ആയിട്ട് വാഴിച്ചു എന്ന് പാഠാ ന്തരവും അർത്ഥ വിവക്ഷയും)*. ചീരൻ കാലം ചെയ്ത് അഞ്ഞൂർ തന്നെ അടങ്ങി.

പീലക്സീനോസു മെത്രാപ്പോലീത്താ യാവനയും ചുരുക്കി അഞ്ഞൂർ പാർത്തുവരുമ്പോൾ *(പുലിക്കോട്ടിൽ)* ഇട്ടൂപ്പു റമ്പാൻ അവിടെ ചെന്ന് പല കൂട്ടവും പറഞ്ഞു ബോധിപ്പിച്ചു.

## ഇട്ടൂപ്പ് റമ്പാൻ മെത്രാൻസ്ഥാനം ഏൽക്കുന്നു

990-മാണ്ട് മീനമാസം 9-നു *(ഇട്ടൂപ്പ് റമ്പാൻ)* മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയിട്ട് സ്ഥാനവും ഏറ്റു വള്ളം കരേറി കൊല്ലത്തു ചെന്ന് മന്രോേൻ സായ്പിന്റെ അടുക്കൽ പാർത്തു. സിമ്മനാരി *(പഴയ സെമിനാരി)* പണി വകക്ക് നാലാണ്ടത്തെ പലിശപ്പണവും *(വട്ടിപ്പണപ്പ ലിശ)* വാങ്ങിച്ച് കോട്ടയത്തു വന്നു ഗോവിന്ദപുരം എന്ന പ്രദേശത്ത് സിമ്മ നാരിക്കു പണിയും തുടങ്ങി.

### 8-ാം മാർത്തോമ്മായുടെ മരണം 991 മകരം 10

അദ്ദേഹത്തിന്റെ മനസ്സുപോലെ ഒക്കയും സായ്പ് ചെയ്തുവരുമ്പോൾ 991-മാണ്ട് ധനു മാസം മുതൽ മർത്തോമ്മാൻ മെത്രാന് ദീനമായി. പുത്തൻ കാവിൽ *(പള്ളിയിൽ)* പാർത്തിട്ട് ഭേദം വരുന്നില്ലെന്നും വിചാരിച്ച് മകര മാസം 8-നു നിരണത്തു കൊണ്ടുചെന്നു. മകരം 10-നു കാലം ചെയ്ത് പുത്തൻകാവിൽ പള്ളിയിൽ കൊണ്ടുവന്ന് കവറടക്കി.

http://www.malankaraorthodox.tv/

## ഒമ്പതാം മാർത്തോമ്മായുടെ സ്ഥാനാരോഹണവും സ്ഥാന ഭ്രംശവും

ദീനം പാരവശ്യമായപ്പോൾ പുത്തൻകാവിൽ വെച്ച് അദ്ദേഹത്തിന്റെ ചിറ്റപ്പൻ അയിപ്പ കത്തനാർക്ക് വയസ്സാക കൊണ്ട് പൈനുംമൂട്ടിൽ കത്തനാരെകൊണ്ട് കുർബാനയും ചൊല്ലിച്ച് മർത്തോമ്മാൻ മെത്രാന്റെ സ്ഥാനം അയിപ്പു കത്തനാർക്ക് കൊടുത്തു. അദ്ദേഹം പുത്തൻകാവിൽ ഇരുന്ന് പുലകുളിയും കഴിച്ച് ദ്രവ്യങ്ങളൊക്കയും ബോധിച്ചവർക്ക് കൊടുത്തു പാർക്കുമ്പോൾ ഇദ്ദേഹത്തിന് സ്ഥാനമില്ലെന്നും മുതലുകാർയ്യങ്ങളൊക്കെയും കണ്ടുകെട്ടി എടുത്ത് കോട്ടയത്ത് സെമിനാരി വകക്ക് ഏൾപ്പിക്കണമെന്നും സായ്പിന്റെ ഉത്തരവു വന്നു. മുതൽകാർയ്യങ്ങൾ എടുപ്പിച്ച് അദ്ദേഹത്തേയും കോട്ടയത്തു കൊണ്ടുപോയി കുപ്പായവും ഊരിവെച്ച് കടമറ്റത്തിനു പോകയും ചെയ്തു *(എന്തൊരു അവമാനകരമായ പ്രവർത്തിയാണ് 9-ാം മാർത്തോമ്മായുടെ തലയിൽ ഇട്ടിരുന്ന മസ്നപ്സാ പോലും പട്ടാളക്കാരെക്കൊണ്ട് തട്ടിപ്പറിപ്പിച്ചത്! പിന്നീട് മരണപർയ്യന്തം അദ്ദേഹം തല മൂടാതെത്തന്നെ കഴിച്ചുകൂട്ടി).*

## മാർ ദീവന്നാസ്യോസ് രണ്ടാമൻ അഥവാ ഇട്ടൂപ്പ് ദീവന്നാസ്യോസിന്റെ ചരമം (993-4-12)

തിരുവല്ലാക്കാരുടെ പള്ളി സംഗതിക്ക് തിരുവല്ലാ ഗ്രാമത്തിൽ *(ഹിന്തുക്കൾ)* അതിനു വിരോധം തുടങ്ങിയ ആളുകളെ കൊണ്ട് 60000 പണം *(1815-ൽ)* പ്രായശ്ചിത്തം ചെയ്യിപ്പിച്ചു. ആ വക പണവും സിമ്മനാരി വകക്ക് കൊടുപ്പിച്ച് മാപ്പിളമാർക്ക് ഉദ്യോഗങ്ങളും കൊടുത്തു നടന്നുവരുമ്പോൾ 993-ാമാണ്ട് വൃശ്ചികമാസം 12-നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കാലം ചെയ്ത് *(പഴയ)* സിമ്മനാരിയിൽത്തന്നെ കബറടങ്ങി. അതിന്റെശേഷം മാർ പീലക്സീനോസ് *(അഞ്ഞൂർ മെത്രാനായ കിടങ്ങൻ പീലക്സീനോസ്)* മെത്രാപ്പോലീത്താ സിമ്മനാരിയിൽ വന്നു. അദ്ദേഹത്തിന്റെ പേർക്ക് *(സർക്കാർ)* വിളംബരവും പ്രസിദ്ധപ്പെടുത്തി. 992-മാണ്ടു മുതൽ പാതിരി സായ്പന്മാരും *(ചർച്ചുമിഷ്യൻ സൊസൈറ്റിക്കാരായ ഇംഗ്ലീഷു മിഷ്യണറിമാർ)* സിമ്മനാരിയിൽ വന്നു.

## സി. എം. എസ്. മിഷ്യണറിമാർ പഴയസിമ്മനാരിയിൽ താമസം ആരംഭിക്കുന്നു (992 മുതൽ)

*(ബഞ്ചമിൻ ബെയിലി, ജോസഫ് ഫെൻ, ഹേൻറി ബേക്കർ എന്നിവരായിരുന്നു മിഷണറിമാർ. സുറിയാനി സഭയുടെ ഉൽക്കർഷത്തിനുവേണ്ടി പ്രവർത്തിപ്പാൻ കർണൽ മണ്രോയുടെ ആഗ്രഹാനുസരണം വന്നുചേർന്നവർ എന്ന നിലയിൽ അവർ സിമ്മനാരിയിൽ താമസമുറപ്പിച്ചു. അവരിൽ*

http://www.malankaraorthodox.tv/

*ഒരാൾ സിമ്മനാരി (വിദ്യാലയം) യിലെ പ്രിൻസിപ്പാളും മെത്രാപ്പോലീത്താ യോടു കൂടെ കൂട്ടുമാനേജരുമായിട്ടാണ് താമസിച്ചത്. മറ്റൊരാൾ ഇടവക തോറും വിദ്യാലയങ്ങൾ ഏർപ്പെടുത്തുന്നതിലും മൂന്നാമൻ വൈദിക ഗ്രന്ഥ ങ്ങൾ ഭാഷാന്തരം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നതിലും ജാഗരൂകരായിരുന്നു).*

എല്ലാവരുംകൂടെ കാർയ്യം അന്വേഷിച്ചു വരുമ്പോൾ മെത്രാപ്പോലീത്താ യ്ക്ക് സ്വസ്ഥത ഇല്ലാത്തതിനാൽ അദ്ദേഹത്തിന്റെ രണ്ടാം ആളായിട്ട് കോട്ടയത്ത് പുന്നത്തുറെ കുര്യൻ കത്തനാർക്ക് വികാരി ജനറാളിന്റെ സ്ഥാനവും ലാട് വീസ്പിന്റെ *(ലോർഡ് ബിഷോപ്പ്. കൽക്കട്ടാ ബിഷോ പ്പിനെ ഉദ്ദേശിച്ചായിരിക്കണം ലാട് വീസ്പെന്ന് പറഞ്ഞിരിക്കുന്നത്).* പേർക്ക് ഒരു മേനാവ് കൊടുത്തയക്കുന്നെന്നും മണ്രോൻ സായ്പിന് എഴുത്തു വരികകൊണ്ട് *(മിഷണറിമാരുടെ എഴുത്താണ്)* മെത്രാപ്പോ ലീത്തായും പുന്നത്തുറ കത്തനാരും കൂടെ കൊല്ലത്തു ചെന്ന് പല്ലക്കും കൊടുത്ത് വിചാരിച്ചു വരുമ്പോൾ *(കാര്യഭരണം നടത്തി വരുമ്പോൾ)*

**മൂന്നാം ദീവന്നാസ്യോസായ പുന്നത്തറ മെത്രാപ്പോലീത്തായു ടെ സ്ഥാനാരോഹണം**

993-മാണ്ട് തുലാമാസം 7-നു മാർ പീലക്സീനോസ് മെത്രാപ്പോലീ ത്തായുടെ കൈകളാലെ വികാരി ജനറാൾക്ക് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്ഥാനം കൊടുത്തു ചെറിയപള്ളിയിൽ വച്ച് പാതിരിമാർ *(മിഷ്യണറിമാർ)* കൂടെ നിന്നു കൊടുപ്പിച്ചു. അദ്ദേഹം 7 സംവ ത്സരം ഭരിച്ചു. ഏറിയ മുതലുണ്ടാക്കി ചെറിയപള്ളിയിൽ ലക്ഷം ചക്രം ചിലവിട്ട് ഒരു മുറിയും പണിയിച്ച് ബഹുമാനമായിട്ട് നടന്നുവരുമ്പോൾ 1000-ാമാണ്ട് ഇടവമാസം 4-നു അദ്ദേഹം കാലം ചെയ്ത് കോട്ടയത്ത് ചെറിയപള്ളിയിൽ അടങ്ങി.

*(പുന്നത്തറ ദീവന്നാസ്യോസിന്റെ കാലത്ത് സുറിയാനി സഭയിൽ വരു ത്തേണ്ട പരിഷ്കാരങ്ങളെ സംബന്ധിച്ച് ആലോചിപ്പാൻ, 994-മാണ്ട് വൃശ്ചി കം 20-നു മിഷ്യണറിമാരുടെ ഹേമത്താൽ മാവേലിക്കര ഒരു മഹായോഗം കൂടി. ഇതിൽ സംബന്ധിച്ച പട്ടക്കാരും അയ്മേനികളും കോട്ടയത്തിന് തെക്കുള്ളവർ മാത്രമായിരുന്നു. വടക്കൻപള്ളിക്കാരിൽ ആരുംതന്നെ ഇതിൽ സംബന്ധിച്ചിരുന്നില്ല. വടക്കുള്ള പട്ടക്കാരെയും ജനങ്ങളെയും ഇതിൽ സംബന്ധിപ്പിച്ചാൽ ഇച്ഛാനുസരണം കാർയ്യങ്ങൾക്കു പുരോഗതി ഉണ്ടാവുകയില്ലെന്ന് മിഷ്യണറിമാർ നേരത്തെ കണ്ടിരുന്നു. സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളിൽ തെറ്റ് എന്ന് മിഷണറിമാർക്കു തോന്നി യവയെപ്പറ്റി ആലോചിപ്പാനായി 6 പട്ടക്കാർ ചേർന്ന ഒരു കമ്മിറ്റിയേയും ഏർപ്പെടുത്തി. ഈ പൊതുയോഗത്തിനാവട്ടെ കമ്മട്ടിക്കാവട്ടെ മലങ്കര സുറിയാനിസഭയുടെ പൊതു പ്രാതിനിധ്യം ഇല്ലായിരുന്നുവെന്ന്*

*സ്പഷ്ടം. വിശ്വാസാചാര വിഷയമായി ആലോചിപ്പാനും അഭിപ്രായം പറവാനും തക്ക വേദപാണ്ഡിത്യവും ചരിത്ര പാണ്ഡിത്യവുമുള്ള വടക്കൻ വൈദിക പ്രമുഖന്മാരെ ഇതിൽ സംബന്ധിപ്പിക്കപോലും ചെയ്തിരുന്നില്ല. ഏതായാലും മാവേലിക്കര യോഗം, ഒളിവിൽനിൽക്കുന്ന മിഷ്യണറിമാരുടെ ഇച്ഛാനുസരണം ഏർപ്പെടുത്തിയുള്ള നാമമാത്ര കമ്മറ്റി പിന്നീട് എപ്പോഴെങ്കിലും കൂടിആലോചിക്കയോ റിപ്പോർട്ട് എഴുതി സമർപ്പിക്കയോ എന്തെങ്കിലും പ്രവൃത്തി ചെയ്കയോ ചെയ്കയുണ്ടായിട്ടില്ല. കമ്മറ്റിയിലെ ഒരു അംഗമായ അബ്രഹാം മല്പാൻ മിഷ്യണറിമാരുടെ ഇഷ്ടാനുസരണം തക്സായിൽ തനിക്കു രുചിക്കാത്തവയായിത്തോന്നിയവയെല്ലാം ദൂരെത്തള്ളി പുതുതായിട്ടൊന്ന് നിർമ്മിക്കയാണ് ചെയ്തത്. ഇങ്ങനെ പുതുതായി ഒന്ന് നിർമ്മിക്കുവാൻ മാവേലിക്കര കൂടിയ പൊതു പ്രാതിനിധ്യമില്ലാത്ത സംഘം പോലും കമ്മട്ടിക്കാരിൽ ആരേയുംതന്നെ ചുമതലപ്പെടുത്തിയിരുന്നില്ല. സഹകാരിയാണെന്ന് അബ്രഹാം മല്പാൻ വിശ്വസിച്ചിരുന്ന കൈതയിൽ മല്പാൻ പോലും അബ്രഹാം മല്പാന്റെ തക്സാ ഉപയോഗിച്ചു കുർബ്ബാന ചൊല്ലുവാൻ വിസമ്മതിച്ചു. എന്നല്ല കൈതയിൽ മല്പാൻ പിൽക്കാലത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ കാലത്ത് യാക്കോബായ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾ യഥാവിധി പഠിപ്പിക്കുന്നതിലേക്ക് ഒരു യാക്കോബായ മല്പാനായി പഴയ സിമ്മനാരിയിൽ പ്രവേശിക്കയും ചെയ്തു.*

*1836-നു കൊല്ലം 1011-മാണ്ട് മകരം 5-നു മിഷ്യണറിമാരുടെ താല്പര്യങ്ങളെ സംബന്ധിച്ച് ആലോചിപ്പാനായി രണ്ടു മെത്രാപ്പോലീത്താമാരുടെ സാന്നിദ്ധ്യത്തിൽ മാവേലിക്കര കൂടിയ രണ്ടാം സുന്നഹദോസിൽ ചെയ്ത തീർപ്പ് നിശ്ചയത്തിന്റെ (പടിയോല) പ്രാരംഭ ഭാഗത്ത് "കൽക്കത്തായിൽ ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന ലാർഡ് ബിഷോപ്പ് ദാനിയേൽ സായ്പവർകൾ കഴിഞ്ഞ വൃശ്ചികമാസത്തിൽ കോട്ടയത്തുവന്ന് മെത്രാപ്പൊലീത്തായുമായിട്ടു കണ്ടശേഷം നമ്മുടെ സുറിയാനിപ്പള്ളികളിൽ നടന്നുവരുന്ന കുറുബാന നമസ്കാരം മുതലായ പള്ളിക്രമങ്ങളിലും ചട്ടങ്ങളിലും ചില വ്യത്യാസം വരുത്തി നടത്തണമെന്ന് പറഞ്ഞാറെ എല്ലാ പള്ളിക്കാരുമായിട്ടു വിചാരിച്ചു നിശ്ചയിച്ചു ബോധിപ്പിച്ചുകൊള്ളാം എന്നു രേഖപ്പെടുത്തിയിരിക്കുന്നതു കൊണ്ടു തന്നെ" 1818-ലെ (994) ലെ മാവേലിക്കര യോഗം പൊതു പ്രാതിനിധ്യമില്ലാത്തതാണെന്നും അബ്രഹാം മല്പാന്റെ സാഹസിക കൃത്യങ്ങൾക്കു ഉത്തരവാദി അദ്ദേഹം മാത്രമാണെന്നും സുവ്യക്തമാണ്).*

http://www.malankaraorthodox.tv/

## നാലാം ദീവന്നാസ്യോസായ പള്ളിപ്പാട്ടു ആഞ്ഞിലിമൂട്ടിൽ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം

വീണ്ടും പീലക്സീനോസ് മെത്രാപ്പോലീത്താ വന്നു പള്ളിക്കാരെയും വരുത്തി പാതിരിമാരും കൂടി കോനോട്ടു മല്പാനും പള്ളിപ്പാടനും അടങ്ങ പ്രത്തിനും ചീട്ട് എഴുതി നടയിൽ വെച്ചാറെ *(പള്ളി നടയിൽ വച്ച് ചിട്ടി ഇട്ടാറെ)* പള്ളിപ്പാടനു *(പള്ളിപ്പാട്ട് ആഞ്ഞിലിമൂട്ടിൽ പീലിപ്പോസു മല്പാന്)* വരികകൊണ്ട് നാല്പതാം ദിവസം മിഥുനമാസം 15-നു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായായിട്ട് വാഴിച്ചു. ഇതിന്റെ ശേഷം 1001-മാണ്ട് ചിങ്ങമാസത്തിൽ പരദേശത്തുനിന്നും നമുക്ക് ബാവാന്മാരു വരുന്നു എന്നും പാതിരി സായ്പന്മാർക്ക് എഴുത്തു വന്നപ്രകാരം പറഞ്ഞ് കോനോട്ടു മല്പാനെയും വേംകടത്ത് മൂപ്പൻ കത്തനാരെയും കൊച്ചീക്ക് അയച്ചു. അവരു പോയി ഒരു മാസം പാർത്തിട്ടും വന്നില്ല. പിന്നത്തേതിൽ വൃശ്ചികമാസം 3-നു കൊച്ചിയിൽ വന്നു എന്നു കേൾക്കകൊണ്ട് കോനോട്ടു മല്പാനും വേങ്കടവനും സായ്പന്മാരും കൂടിച്ചെന്ന് വൃശ്ചിക മാസം 8-നു കോട്ടയത്ത് ചെറിയപള്ളിയിൽ കൊണ്ടുവന്നിരുത്തി. അത്താനാസ്യോസു മെത്രാനും ഒരു റമ്പാനും കൂടിയത്രെ വന്നത്.

*(ഒരു മെത്രാനെ അയച്ചുതരണമെന്ന് പുന്നത്തറ ദീവന്നാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിന് ചരിത്രകാരനായ ജേംസ് ഹൗ വശം ഒരെഴുത്തു അയച്ചിരുന്നു. മിഷ്യണറിമാരുടെ ഗൂഢോദ്ദേശങ്ങളിൽ നിന്നും നയതന്ത്ര പ്രയോഗങ്ങളിൽ നിന്നും സുറിയാനിസഭയെ രക്ഷിക്കുന്നതിന് ഒരു അന്ത്യോഖ്യൻ മെത്രാന്റെ സാന്നിദ്ധ്യം പലതരത്തിൽ ഉപകാരപ്രദമാണെന്ന് ഗ്രഹിച്ചിരുന്നതുകൊണ്ട് അദ്ദേഹം പ്രസ്തുത വിഷയത്തിൽ വീണ്ടും ജാഗ്രതയായി പ്രവർത്തിച്ചു. മിഷ്യണറിമാരുമായിട്ടുള്ള സൗഹാർദ്ദ ഭാവനക്ക് ഭംഗം വരുത്താതെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പ്രതിനിധിയുടെ വിസമ്മതത്തിന്റെ തണലിൽ നിന്നുകൊണ്ട് മിഷ്യണറിമാരുടെ ലാക്കുകളെ എതിർക്കാമെന്നായിരുന്നു അദ്ദേഹം നിശ്ചയിച്ചിരുന്നത്. പ്രോട്ടസ്റ്റാന്റു മതമാണ് സത്യമതമെന്നും യാക്കോബായ വിശ്വാസം വേദവിപരീതമെന്നും ഡച്ചുകാർ അഞ്ചാം മാർത്തോമ്മായെ വിശ്വസിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുമതി കൂടാതെ വിശ്വാസാചാര സംബന്ധമായി യാതൊന്നും മറുപടി പറവാൻ നിവൃത്തിയില്ലെന്ന് മറുപടി കൊടുത്തു. (Hough History, Vol. II, p. 392). റോമൻ കത്തോലിക്കാ വിശ്വാസം സ്വീകരിപ്പാൻ രാജസേവകനായ മാത്തുത്തരകൻ ആറാം മാർത്തോമ്മായായ 1-ാം ദീവന്നാസ്യോസിനെ നിർബന്ധിച്ചപ്പോൾ പരദേശ മെത്രാനായ മാർ ഈവാനിയോസിന്റെ സമ്മതം കൂടാതെ വിശ്വാസാചാര വിഷയമായി തനിക്ക് ഒന്നും ചെയ്വാൻ നിവൃത്തിയില്ലെന്ന് ആറാം മാർത്തോമ്മാ പറഞ്ഞിരുന്നതായി*

http://www.malankaraorthodox.tv/

*ഈ കൈയെഴുത്തു ചരിത്രത്തിന്റെ 723-ാം പുറത്ത് പ്രസ്താവിക്കുന്നു. സഭാദ്ധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദം കൂടാതെ സ്വന്തം പള്ളിക്രമങ്ങളും ചട്ടങ്ങളും മാറ്റി വേറൊന്ന് നടപ്പാക്കുവാൻ സഭക്ക് അധികാരമില്ലെന്ന് മാവേലിക്കര സൂനഹദോസ് തീർപ്പ് ചെയ്യുന്നു. മിഷ്യണറി പക്ഷപാതിയായ പാലക്കുന്നത്ത് മല്പാനും സഹ പ്രവർത്തകന്മാരും കൂടി നാലാം ദീവന്നാസ്യോസിന്റെ മേൽ മിഷ്യണറി മാരുടെ ദുഷ്പ്രേരണ അനുസരിച്ച് അന്യായമായി ദോഷാരോപണം ചെയ്തുകൊണ്ട് റസിഡന്റ് കർണ്ണൽ ഫ്രെസർ സായ്പിന് 1012 ചിങ്ങം 21 -നു സമർപ്പിച്ച ഹർജിയിൽ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തുള്ള സുറിയാനിപ്പള്ളികൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൽ മർത്തോമ്മാ മെത്രാന്മാരുടെ ഭരണത്തിൻകീഴാണെന്നും സഭാഭരണം വേദപുസ്തക മുറപോലെ കാനോൻ പ്രകാരം നടത്തണമെന്നും ആവശ്യപ്പെടുന്നു. ഹൂദായ കാനോൻ മിഷ്യണറിമാരുടെ വിശ്വാസത്തെ യാതൊരുപ്രകാരത്തിലും അനുകൂലിക്കുന്നവയല്ലെന്ന് കരതലാമലകം പോലെ സ്പഷ്ടമല്ലോ. കേരളത്തിലെ സുറിയാനിസഭയുടെ വിശ്വാസാചാരങ്ങൾ ആകമാന ഓർത്തഡോക്സ് സുറിയാനിസഭയുടെ വിശ്വാസാചാരങ്ങളാകയാൽ അവയെ കേരളീയ സുറിയാനിസഭയിലെ ഏതെങ്കിലും പട്ടക്കാർക്കോ മെത്രാന്മാർക്കോ ഇവിടുത്തെ സഭക്ക് മാത്രമോ ഭേദഗതി ചെയ്വാൻ അധികാരമുള്ളതല്ലെന്ന് സഭ എല്ലാക്കാലത്തും വിശ്വസിച്ചു പോന്നു. മലങ്കരസഭയിലെ വിശ്വാസാചാരങ്ങൾ മിഷ്യണറിമാരുടെ ഇഷ്ടാനുസരണം രൂപഭേദം ചെയ്കയോ അപഗ്രഥനം ചെയ്ത് സംവിധാനം ചെയ്കയോ ചെയ്യണമെന്നുള്ള മിഷ്യണറി സംഘത്തിന്റെ അഭിലാഷങ്ങളെ ഒരു അന്ത്യോഖ്യൻ മെത്രാനെക്കൊണ്ട് എതിർക്കുകയെന്നുള്ളതാണ് തൽക്കാലനിലക്ക് നല്ലതെന്ന് മൂന്നാം ദീവന്നാസ്യോസ് മറുപോരു കണ്ടിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ചരമശേഷം മാത്രമാണ് ശീമ മെത്രാനായ മാർ അത്താനാസ്യോസ് മലങ്കര വന്നത്).*

*(അബ്രഹാം മല്പാൻ മുതൽപേർ ചേർന്നു റസിഡണ്ട് കർണ്ണൽ ഫ്രെസർ ധരക്കു കൊടുത്ത അപേക്ഷയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേലധികാരം സമ്മതിക്കുന്നുണ്ടെങ്കിലും വിശ്വാസാചാര വിഷയമായി ഒരു പരിവർത്തനമുണ്ടാക്കുന്ന വിഷയത്തിൽ പാത്രിയർക്കീസിനെ അറിയിക്കപോലും ചെയ്യേണ്ടെന്ന് സ്വേച്ഛാചാരിയായ മല്പാൻ നിശ്ചയിക്കുന്നു. മാർ മാത്യൂസ് അത്താനാസ്യോസ് മർദ്ദീനിൽ നിന്ന് റവ. ജോർജ്ജു മാത്തൻ പാദ്രിക്കയച്ച കത്തിൽ സഭയിൽ ഒരു നവീകരണമുണ്ടാക്കുന്ന വിഷയത്തിൽ പാത്രിയർക്കീസിന്റെയും മേല്പട്ടക്കാരുടെയും അനുവാദം ആവശ്യമാണെന്ന് വ്യക്തമായി സമ്മതിക്കുന്നു. ഞായറാഴ്ച ഗത്യന്തരമില്ലായ്കയാൽ തെങ്ങിൽനിന്ന് ഭാര്യ തേങ്ങാ ഇടുവിച്ചു കൂട്ടാൻ വെച്ചത്*

http://www.malankaraorthodox.tv/

*ശാബ്ബത് ലംഘനമാണെന്ന് വിധിച്ച് കൂട്ടാൻ എടുത്തു മുറ്റത്ത് എറിഞ്ഞ ഒരു ആത്മീയജലപ്രകൃതിയാണ് മല്പാൻ. അദ്ദേഹമാണ് ഒരു പൗരസ്ത്യ സഭയുടെ പുരാതനമായ വേദശാസ്ത്രം പരിശോധിച്ച് സ്വേച്ഛാനുസാരം വിശ്വാസാചാര പരിഷ്കരണം ചെയ്‌വാൻ പുറപ്പെട്ടത്! മല്പാന്റെ നവീകരണ വിശ്വാസാചാരങ്ങളെ സഭയുടെ ഒരു പൊതുവായ ആലോചനാ സംഘം വിചാരണ ചെയ്കയോ വിമർശിക്കുകയോ ചെയ്കയുണ്ടായില്ല. വ്യക്തികളായിട്ട് അംഗീകരിക്കുക മാത്രമായിരുന്നു. വിചിന്തനത്തിനും പരിശോധിക്കുന്നതിനുമുള്ള അവസരം നൽകിയിട്ടില്ല. മാവേലിക്കര സൂനഹദോസിന് എതിരായും വിധിച്ചു.)*

അഞ്ഞൂർ നിന്നും പീലക്സീനോസ് മെത്രാപ്പോലീത്താ വരുവാനും പള്ളിപ്പാട്ടു മെത്രാച്ചൻ കണ്ണങ്കോട്ടു തുലാമാസം 8-നു റമ്പാന്റെ ചാത്തത്തിനു പോയിരിക്കകൊണ്ട് അദ്ദേഹം വരുവാനും ആളയച്ചു. രണ്ടുപേരും വന്നുകണ്ട് സൗത്താത്തിക്കോൻ വായിച്ചതിന്റെ ശേഷം എല്ലാ പള്ളിക്കാരും ധനുമാസം 13-നു കോട്ടയത്തു കൂടത്തക്കവണ്ണം പീലക്സീനോസു മെത്രാപ്പോലീത്തായുടെ സാധനം എഴുതി. അത്തീയതിക്കു എല്ലാവരും കൂടി. അന്നു ബാവാ കുർബാന ചൊല്ലി. മദബഹായിൽ വച്ച് സൌത്താത്തിക്കോൻ കോനോട്ടു മല്പാൻ വായിച്ചതിന്റെ ശേഷം പട്ടക്കാരെല്ലാവരും കൂടെ കസേറമേൽ എടുത്ത് *(ബാവായെ)* നഗരി കാട്ടി വെളിക്ക് പ്രദിക്ഷണം വെച്ചു തെക്കുവശത്തു വന്നപ്പോൾ ഏവൻഗേലിയോൻ വായിക്കണമെന്നും കല്പിക്കകൊണ്ട് മാർ യോഹന്നാന്റെ അറിവിപ്പ് ഇടയവരുടെയും ആടുകളുടെയും കാര്യം പാലക്കുന്നത്ത് കത്തനാർ *(അബ്രഹാം മല്പാൻ)* പൊരുൾ തിരിച്ചു വായിച്ചതിന്റെ ശേഷം ബഹുമാനത്തോടെ മുറിയിൽ കരേറ്റി ഇരുത്തുകയും ചെയ്തു. കത്തങ്ങളിൽ ചിലരും ബാവായെ പറഞ്ഞു ബോധിപ്പിച്ചു. 15-നു അവിടെയുള്ള മെത്രാപ്പോലീത്തന്മാരു കാട്ടുമങ്ങാടന്റെ വഴിക്കാരാകകൊണ്ട് ഇവർക്ക് സ്ഥാനമില്ലെന്നും വടിയും സ്ലീവായും വെക്കണമെന്നും ബാവാ തുടങ്ങി. അതു കാരണത്താൽ ഏറിയ വഴക്കുണ്ടായി. മെത്രാന്മാരു രണ്ടുപേരും സിമ്മനാരിക്കു പോയി സായ്പന്മാരെ കണ്ടു പറഞ്ഞു പാർക്കുമ്പോൾ ഇവരു രണ്ടുപേരും വരത്തക്കവണ്ണം ഒരു കടുദാസെഴുതി റമ്പാന്റെ പറ്റിൽ കൊടുത്തു പിടിച്ചുംകൊണ്ടു വരത്തക്കവണ്ണം ചെന്നാറെ കതകടച്ചിരിക്കകൊണ്ട് വെൻ സായ്പു മുതൽപേരു പറഞ്ഞയക്കയും ചെയ്തു. പിറ്റെ ദിവസം പള്ളിയകത്തിറങ്ങി ഏവംഗേലിയും വെച്ചു രണ്ടു പേർക്കും മഹറോൻ ചൊല്ലി. ബാവാ തന്നെ ഇറങ്ങി വെൻ സായ്പിന്റെ മംകളാവിൽ ചെന്ന് കാർയ്യങ്ങൾ പറയുന്നതിന് അറവിക്കാരെ ആലപ്പുഴ നിന്നും വരുത്തീട്ടുണ്ട്.

അപ്പീൽ കോർട്ടിൽ ചാത്തന്നൂർക്കാരൻ മൂന്നാം ജഡ്ജിയും വൈക്ക

http://www.malankaraorthodox.tv/

ത്തു കോർട്ടിൽ തുമ്പമൺകാരൻ പീലിപ്പോസു ജഡ്ജിയും കണിയാവെള്ളിക്കാരൻ അവിരാ ജഡ്ജിയും മറ്റു പലരും ഉണ്ടായിരുന്നു. കാർയ്യങ്ങൾ പറഞ്ഞു ഒടുക്കം ഇപ്പോൾ നാട്ടുകാര്യം വിചാരിക്കുന്ന ധ്വരെക്ക് എഴുതി അയച്ച് കല്പന വരുത്തി ഇന്നപ്രകാരമെന്നും കല്പന വരുമ്മണ്ണം നടന്നുകൊള്ളാമെന്നും പറഞ്ഞു പിരിഞ്ഞു. അന്നു രാത്രിയിൽ ചെറിയപള്ളിയിൽ വെച്ച് പള്ളിക്കാരെ കൊണ്ട് ബാവായെ അനുസരിപ്പിച്ചപ്രകാരം ഒരു കടുദാസെഴുതി എഴുത്തിടുവിച്ചു *(ഒപ്പിടുവിച്ചു)*. പിറ്റെ ദിവസം കടമ്മറ്റത്ത് ചെറിയ തെക്കിലക്കാടനും വടകര ഓണശ്ശേരിക്കും പ്രവത്ത് കാരമ്മക്കും തല ചിരച്ച് പട്ടം കൊടുത്തു. പിന്നെയും പാലക്കുന്നനും *(അബ്രഹാം മല്പാനും)* കരിങ്ങാടനും കൊച്ചിട്ടിക്കുരുവിള കത്തനാർക്കും ഇടവഴിക്കനും തെക്കെത്തലക്കുക്കും കോതമംഗലത്ത് പീപ്രാമ്മൂടനും തല ചിരച്ച് കറുത്ത തൊപ്പിയും ഇട്ട് പട്ടവും കൊടുത്തു. മകരമാസം 3-നു ഞായറാഴ്ച പുത്തൻകാവിൽ കുർയ്യൻ കത്തനാർക്കും വഞ്ചിത്തറെക്കും ചെറുകരെക്കും മണർകാടനും പട്ടം കൊടുത്തു. കോട്ടയത്തു ചെറിയപള്ളിയുടെ ചെറിയ ത്രോണോസ് രണ്ടും പൊളിച്ച് വളവിനകത്തു വെച്ചു. പുതുപ്പള്ളിലും അപ്രകാരം ചെയ്തു. പീലക്സീനോസ് മെത്രാച്ചൻ വടക്കോട്ടുപോയി. പള്ളിപ്പാട്ടു മെത്രാച്ചൻ സിമ്മനാരിയിലും ഇരുന്നു. ഫെൻ സായ്പും വേലി സായ്പും കൂടെ പ്രെയത്നം ചെയ്തു വരുന്നു. ഇതിനിടയിൽ മെത്രാന്മാരു രണ്ടുപേരുടെയും നാമം ഓർക്കരുതെന്നും അവർക്കു മഹറോൻ ചൊല്ലി എന്നും ബാവാ പള്ളിക്കാർക്ക് ഒക്കയും സാധനം എഴുതി. പിന്നത്തേതിൽ മെത്രാന്മാരുടെ വകക്ക് വടക്കുനിന്നും പീലക്സീനോസ് മെത്രാച്ചൻ 4-ാം പക്കം സിമ്മനാരിയിൽ വന്നു.

993-മാണ്ട് ധനുമാസം 26-നു എഴുതിയ വിളംബരത്തിന്റെ പേർപ്പും ദിവാൻജി അവർകളുടെ സാധനവും മണ്ടപത്തുംവാതുക്കലും പള്ളികളിലും *(ബാവായിൽ നിന്ന് അഴിച്ചു പട്ടമേറ്റ മേൽപ്പറയപ്പെട്ട 13 പേർക്ക്)* പട്ടമേറ്റ കത്തങ്ങൾക്ക് മുടക്കും ഈ വകക്ക് തെക്കെ ദിക്കിൽ കണിയാന്ത്രയേയും വടക്കെത്തലയേയും, വടക്കെ ദിക്കിൽ വല്യവീടനേയും പനയ്ക്കാമിറ്റത്തിനേയും അയച്ചു. മീനമാസത്തിൽ ദിവാൻജിയും ധ്വരയും കോട്ടയത്തു തിരുനക്കര ചെന്ന് ബാവായെ വരുത്തി.

*(985-മാണ്ട് കർണ്ണൽ മന്രോ റസിഡണ്ടായി വന്നു. 986 ഇടവം മുതൽ മന്രോ തിരുവിതാംകൂറിൽ ദിവാൻജി ജോലി കൂടി നോക്കിത്തുടങ്ങി. 989-ൽ മന്രോ തിരുവിതാംകൂർ ദിവാൻ ഉദ്യോഗം വിട്ടുപോയി. 993 വരെ കൊച്ചിയിൽ ദിവാൻജി ഉദ്യോഗം വഹിച്ചു. 994-ൽ മന്രോ റസിഡണ്ട് ജോലിയിൽ നിന്നു പിരിഞ്ഞു. 1033 മകരം 15-ൽ മന്രോ മരിച്ചു).*

*(അത്താനാസ്യോസ് ബാവാ)* ശീലക്കേടായിട്ടു തുടങ്ങിയിരിക്ക

http://www.malankaraorthodox.tv/

കൊണ്ടു ഇപ്പോൾതന്നെ പോ .... കൊണ്ട് യാത്ര പറഞ്ഞു ചെറിയപള്ളിയിൽ നിന്നും ഇറക്കി വള്ളംകരേറി കൊച്ചിയിൽച്ചെന്ന് കപ്പൽ കരേറിപ്പോകയും ചെയ്തു. പട്ടം ഏറ്റ കത്തങ്ങളേയും കോനോട്ടു മല്പാൻ മുതൽപേരെയും വരുത്തി പാറാവു വെച്ച് കൊല്ലത്തു കൊണ്ടുപോയി. ആറുമാസം പാറാവിൽ കിടന്ന് മനസ്സു മുട്ടി എല്ലാവരെക്കൊണ്ടും പ്രായശ്ചിത്തത്തിന് തീർപ്പ് ചെയ്ത് മെത്രാന്മാരെ അനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണം പറഞ്ഞയക്കയും ചെയ്തു. എല്ലാപേരും വന്ന് അനുസരിച്ച് നടന്നുവരുന്നു.

1004-ാമാണ്ട് മകരമാസം 23-നു അഞ്ഞൂർപ്പാർത്തിരുന്ന പീലക്സീനോസു മെത്രാപ്പോലീത്താ കാലം ചെയ്ത് അഞ്ഞൂർത്തന്നെ അടങ്ങി.

ഇദ്ദേഹം കഴിഞ്ഞ അവസ്ഥയ്ക്ക് എഴുത്തു വരിക കൊണ്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പോയി പുലകുളി ആദിയായിട്ടുള്ളതൊക്കയും കഴിച്ച് നാല്പതാം ദിവസം അഞ്ഞൂർ കാലം ചെയ്ത ദേഹത്തിന്റെ കൂടെപ്പാർത്തിരുന്ന കത്തനാർക്ക് കൂറീലോസ് മെത്രാപ്പോലീത്തായുടെ സ്ഥാനം കൊടുത്ത് അഞ്ഞൂർ ഇരുത്തിയും വെച്ച് പള്ളിപ്പാട്ടു മെത്രാശ്ചൻ പോരികയും ചെയ്തു.

1005-മാണ്ട് മേടമാസത്തിൽ ബെയിലി സായ്പ് പരദേശത്തിന്നു പോയി. അതിനു മുൻപ് ഫെനു സായ്പും പോയി. മുൻപു ഏവംഗേലിയോൻ പൊരുളു തിരിച്ചു കൊണ്ടുപോയിരുന്ന പുസ്തകം ബുക്കാനാൻ ധരയുടെ പേർക്ക് അച്ചടിപ്പിച്ചത് കൊല്ലം 990-മാണ്ട് വന്നു പള്ളിക്കാർക്കൊക്കെയും കൊടുക്കയും ചെയ്തു. ബെയിലി സായ്പും ശേഷം സായ്പന്മാരും വന്നു കോട്ടയത്ത് മംകളാവും പണിയിച്ചു പാർക്കുമ്പോൾ പഴമയും പുതുമയും പുസ്തകങ്ങളൊക്കയും മലയാണ്മയിൽ പൊരുളു തിരിപ്പിച്ചു പരദേശത്തുനിന്നും അച്ചടിപ്പാനുള്ള വസ്തുക്കൾ ഒക്കയും വരുത്തി രണ്ടു വക അവിടെനിന്നും കൊണ്ടുവന്നതു കൂടാതെ ഇവിടെ രണ്ടു പണിയിച്ചു അക്ഷരങ്ങളും ബയിലി സായ്പു തന്നെ വാർപ്പിച്ചു അച്ചടിപ്പിച്ചു വരുന്നു.

## കടമറ്റത്തച്ചന്മാരുടെ സ്ഥാനാവരോധവും പെരുമ്പടപ്പും

മിശിഹാകാലം 905-ൽ മാറാവാൻ എന്ന ആൾ തേവലക്കര അടങ്ങിയെന്നും അദ്ദേഹത്തിന്റെ കാര്യം പിന്നാലെ പറയുമെന്നും മുൻപിൽ എഴുതിയിരിക്കുന്ന കാര്യം *(അടിയിൽ)* പറയുന്നു. ഈ ദേഹം കടമറ്റത്ത് ആറ്റുപുറത്തു മാപ്പിളയുടെ വീട്ടിൽ പാർത്തു. അവിടെയത്രെ ഇന്തപൊഴിയെടത്ത് എന്നു പേരു പറയുന്നത്. ഈ വീട്ടുകാരനത്രെ കടമിറ്റത്ത് പള്ളി വെയ്പിച്ചത്. ആറ്റുപുറത്ത് മാപ്പിള മാറാബാനിൽ നിന്ന് ദേവതപഠിത്വം *(മന്ത്രതന്ത്രക്ഷുദ്ര പ്രയോഗങ്ങൾ)* പഠിച്ചു. അത്തറവാട്ടിൽതന്നെ

മൂന്നു പട്ടക്കാരുണ്ടായി. ഇതിന്മണ്ണം പഠിത്വത്തോടുകൂടി അവരു കഴിഞ്ഞ ശേഷം ആറ്റുപുറത്ത് അന്യം നിന്നുപോക കൊണ്ട് മനയത്ത് തറവാട്ടിൽ നിന്നും മടക്കുത്താനത്ത് തറവാട്ടിൽനിന്നും കോടൂർ തറവാട്ടിൽ നിന്നും മൂന്നു മുറക്കു പട്ടക്കാരെ ദത്തു വെച്ചിട്ടുമുണ്ട്. അതിൽ പെരുമ്പടപ്പിൽ നിന്നും പിടിപാടും നിനവും കൊടുത്ത് കടമിറ്റത്തച്ചനെന്നു കല്പിക്കയും വേണം.

*(മകരമാസം 26-നു ആയിരുന്നു മാറാബാന്റെ ചാത്തം തേവലക്കര നടത്തിവന്നത്. ഇപ്പോഴില്ല. നിന്നുപോയി. മാറാബാൻ ദർശനത്തിൽ അരുളിയതനുസരിച്ച് ശിഷ്യനായ കടമറ്റത്തച്ചൻ മാറാബ് കബറിനു മീതെ ഉയർത്തിയ കൈ മുറിച്ച് കടമറ്റത്തു കൊണ്ടുപോയി പ്രതിഷ്ഠിച്ചു)*

*(സാക്ഷാൽ കടമിറ്റത്തച്ചന്റെ കാലശേഷം അദ്ദേഹത്തിന്റെ സ്ഥാനത്ത് പട്ടക്കാരെ അവരോധിക്കുന്നതിനുള്ള അവകാശം പെരുമ്പടപ്പിലേക്കായിരുന്നു. ഏതോ ഒരു കഠോര യുദ്ധത്തിൽ പെരുമ്പടപ്പു സൈന്യങ്ങൾ നിശ്ശേഷം തോറ്റുപോകുമെന്നുള്ള നിലയായപ്പോൾ അന്നത്തെ പെരുമ്പടപ്പ് തമ്പുരാൻ കടമിറ്റത്തച്ചന്റെ സഹായം ആവശ്യപ്പെടുകയും കടമറ്റത്തച്ചൻ ജപിച്ചു കൊടുത്തതായ ഒരു അമ്പ് അദ്ദേഹം ഉപദേശിച്ചവിധം ശത്രുപ്പാളയത്തിൽ എയ്തു വീഴ്ത്തുകയും അതോടുകൂടി ശത്രുസൈന്യങ്ങൾ പരസ്പരം കൊന്നൊടുക്കുകയും അങ്ങനെ പെരുമ്പടപ്പിലേക്കു വിജയം ലഭിക്കയും ചെയ്തു. കടമറ്റത്തച്ചന്മാരുടെ സ്ഥാനവും മഹിമയും അന്തസ്സും നിലനിറുത്തുന്നതിലേക്ക് പല അവകാശങ്ങളും പദവികളും കൊച്ചി രാജാവ് കല്പിച്ചു കൊടുത്തിട്ടുള്ളതിന്റെ പ്രധാന കാരണം ഇതാണെന്നു പറയപ്പെടുന്നു. കൊച്ചീ രാജാക്കന്മാരാൽ ബഹുമാനപൂർവ്വം അവരോധിക്കപ്പെടുന്ന ഒരു സ്ഥാനിയായിരുന്നു കടമറ്റത്തച്ചൻ).*

ഇങ്ങനെ നടന്നുവരുമ്പോൾ മുളന്തുരുത്തിൽ കാലം ചെയ്ത മാർ ഈവാനിയോസിന്റെ കാലത്ത് കടമിറ്റത്ത് ചെന്ന് അവരുടെ ക്ഷുദ്രങ്ങളായിട്ടുള്ള പൊസ്തകങ്ങളും ഗ്രന്ഥങ്ങളും ചുടിയിച്ച് മേലിൽ ഈ വക പ്രവൃത്തികൾ ചെയ്യരുതെന്നും വിലക്കി *(1694-ന് കൊല്ലവർഷം 869-ലായിരുന്നു ഈ സംഭവം നടന്നത്).* നാലാമത്തെ മർത്തോമ്മാൻ മെത്രാൻ പാലമറ്റത്ത് തറവാട്ടിൽനിന്നും ഒരു ആളിനെ വരുത്തി കത്തനാരാക്കി പള്ളി ഇടപെട്ട കാർയ്യങ്ങളൊക്കെയും വിചാരിക്കത്തക്കവണ്ണവും ആ ഇടവകയിൽ *(കടമറ്റത്ത്)* കാരക്കുന്നത്ത് പണിക്കരും കാരക്കുന്നത്ത് കുറുപ്പും കണ്ടമംഗലത്ത് പണിക്കരും നായരു പണിക്കരും ഇങ്ങനെ നാല് ആജാന്മാരും *(ആശന്മാർ)* ഇവരു അഞ്ചുപേരും പ്രമാണികളായിട്ടു വിചാരിച്ചു കൊള്ളത്തക്കവണ്ണം കല്പിച്ച് ആക്കുകയും ചെയ്തു.

അഞ്ചാമത്തെ മർത്തോമ്മാൻ മെത്രാൻ പാലമറ്റത്തു നിന്ന് തൊമ്മൻ

http://www.malankaraorthodox.tv/

കത്തനാരെ വരുത്തി പള്ളിവിചാരത്തിനാക്കി ആ ദേഹം കൊല്ലം 956–ാ മാണ്ട് മരിച്ചു. അന്നുമുതൽ പള്ളി എടപെട്ട കാർയ്യങ്ങൾ യോഗത്തെ കൊണ്ടു വിചാരിപ്പിച്ച് നടത്തിവരുന്നു. മേലെഴുതിയ തൊമ്മൻ കത്തനാ രുടെ കൂടപ്പിറപ്പുകൾ ഏഴു പേര്. എന്നാൽ *(ആരൊക്കെയെന്നാൽ)* തൊമ്മൻ കത്തനാരും, ചാണ്ടിയും, കുരിയതും, യൌസേപ്പും, മാത്തു ണ്ണിയും, കുർയ്യാളയും, ഐപ്പും ഇവരിൽ കുർയ്യാളയെയും അയ്പിനെയും തൊമ്മൻ കത്തനാർ വരുത്തി കടമറ്റത്ത് കുറ്റാപ്പിള്ളിൽ ഒരു ഭവനം പണി യിച്ച് പാർപ്പിക്കയും ചെയ്തു.

### പകലോമറ്റം കടമറ്റം ശാഖ

അഞ്ചാമത്തെ മർത്തോമ്മാ മെത്രാൻ ആറാമത്തെ മെത്രാന് *(മാർ ദീവന്നാസ്യോസ് ഒന്നാമൻ)* 936–ാമാണ്ട് റമ്പസുഖം കൊടുക്കുമ്പോൾ മേലെഴുതിയ അയ്പിനു കൂടെ ചെമ്മാശുപട്ടം കൊടുത്തു. ചാണ്ടി എന്ന ആളിന് മക്കളില്ലായ്കകൊണ്ട് കുർയ്യാളയോടു കൂടെ പാർത്തു. ശേഷം മൂന്നു പേരും കുറവിലങ്ങാട്ടു തന്നെയാകുന്നു. മർത്തോമ്മാശ്ലീഹാ മല യാളത്തു വന്ന് മാർഗ്ഗം അറുവിച്ചപ്പോൾ പട്ടമന പറവൂരെന്ന കോട്ടക്കാ യൽ ഗ്രാമത്തിൽ മുഖ്യപ്പെട്ട ഇല്ലക്കാരു ശങ്കരപുരി, പകലോന്മറ്റമെന്നും പള്ളിയെന്നും കാളിയാകുംകര എന്നും ഇവരു നാലു തറവാട്ടുകാരു ഈ വേദം *(ക്രിസ്തുമതം)* അനുസരിച്ചു.

*(ശങ്കരപുരി, പകലോമറ്റം, പള്ളി, കാളിയാകുംകര എന്നീ കുടുംബങ്ങൾ പട്ടമന പറവൂർ എന്ന കോട്ടക്കായൽ ഗ്രാമത്തിൽ പെട്ടവരാണെന്നു പറയു ന്നത് ആദ്യ കാലത്തുണ്ടായ വ്യവഹാരത്തെ മുൻനിറുത്തിയാണ്. ഈ നാലു കുടുംബവും ഗുരുവായൂർക്കടുത്തുള്ള പാലയൂർ ഗ്രാമത്തിലാണ്. മർത്തോമ്മാ ശ്ലീഹാ പാലയൂർ കുളത്തിൽ വെച്ചാണ് ആദ്യമായി അത്ഭുതം പ്രവർത്തിക്കയും നമ്പൂതിരി ബ്രാഹ്മണർ ജ്ഞാനസ്നാനം ഏല്ക്കുകയും ചെയ്തത്. പാലയൂർ പള്ളിയുടെ ചരിത്രം തലക്കോട്ട് കുറി യാക്കോസ് കത്തനാർ എഴുതീട്ടുള്ളതിൽ ശങ്കരപുരി മുതലായ പുരയിട ങ്ങളുടെ ഇന്നത്തെ സ്ഥിതിയും അവയുടെ സർവ്വെ നമ്പർ മുതലായ വയും വിശദമായി കാണിച്ചിട്ടുണ്ട്. അതിനും പുറമെ അവരുടെ ഇല്ലങ്ങൾ, ഭരദേവതാലയങ്ങൾ മുതലായവ നിന്നിരുന്ന സ്ഥലവും സ്ഥാനവും ചരിത്ര ലക്ഷ്യങ്ങളെ കൊണ്ടു ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. ക്രിസ്തുവർഷം 900–ൽ ഈ നാലു കുടുംബക്കാരും ഏറ്റുമാനൂർ ദേവസ്വക്കാരുടെ ആഴ്മയിലിരുന്ന കുറവിലങ്ങാട്ട്, ദേവസ്വം അധികാരികളുടെ അനുമതിയോടു കൂടി വന്നു പാർത്തു. കുറവിലങ്ങാട് അക്കാലത്ത് വടക്കുംകൂർ അധികാരത്തിൽപെട്ട തും ഏറ്റുമാനൂർ ദേവന്റെ സങ്കേതസ്ഥലവുമായിരുന്നു. അവർ നാലു കുടുംബക്കാരും ചേർന്ന് കുറവിലങ്ങാട്ട് പള്ളി സ്ഥാപിച്ചു. ക്രിസ്തു*

http://www.malankaraorthodox.tv/

*വർഷം 700-ൽ പകലോമറ്റം ശാഖയിൽ നിന്ന് ആരക്കുഴയിലേക്കും അങ്കമാലിയിലേക്കും ചിലർ കുടിയേറ്റം ചെയ്തിട്ടുണ്ട്.*

*പട്ടമനപറവൂർ എന്ന കോട്ടക്കായൽ ഗ്രാമത്തിൽ വെച്ച് മർത്തോമ്മാ ശ്ലീഹാ ജ്ഞാനസ്നാനപ്പെടുത്തിയ ഇല്ലങ്ങളിൽ പ്രാമുഖ്യമുള്ളവ തച്ചിൽ, തറയിൽ, പാറക്കീൽ എന്നിവയാണ്. തറയിൽ നസ്രാണികളിൽ ചിലർ പാലായിൽ കുടിയേറി. പാലാ പള്ളി സ്ഥാപിച്ചത് ഇവരത്രെ. പാറക്കീൽ കുടുംബത്തിൽ നിന്നും കാഞ്ഞൂരും പള്ളിപ്പുറത്തും അവിടെനിന്നൊരു ശാഖ നിരണത്തേക്കും കുടിയേറിയിട്ടുണ്ട്. ശങ്കരപുരി, പകലോമറ്റം മുതലായ കുടുംബക്കാർ സ്വജനസഹകരണം, ഭരണസൗകര്യം, വിവാഹസൗകര്യം മുതലായവ പ്രമാണിച്ചാണ് തെക്കൻ പ്രദേശത്ത് കുടിയേറിയതും. പാലയൂർ, കൊടുങ്ങല്ലൂർ, കോഴിക്കോട് മുതലായ വടക്കൻ പ്രദേശങ്ങളിൽ നിന്ന് തെക്കോട്ടേക്കും, 3-ാം നൂറ്റാണ്ടിൽ തിരുവിതാംകോട്ടെത്തി ച്ചേർന്ന വെള്ളാളരായ തമിഴ് ക്രിസ്ത്യാനികൾ വടക്കോട്ട് മധ്യ തിരുവിതാംകൂറിലേക്കും, ശബരിമലക്കടുത്ത നിലക്കൽ നിന്ന് നസ്രാണികൾ കാഞ്ഞിരപ്പള്ളി, ചെങ്ങന്നൂർ, കടമ്പനാട് എന്നീ സ്ഥലങ്ങളിലേക്ക് അതായത് പടിഞ്ഞാറോട്ടുമാണ് കുടിയേറിയത്.*

*മർത്തോമ്മാശ്ലീഹായുടെ മതപ്രബോധനത്തെക്കാളധികം അദ്ദേഹത്തിന്റെ അത്ഭുത പ്രവർത്തികളായിരുന്നു ബ്രാഹ്മണരെ ക്രിസ്തുമതത്തിലേക്ക് ആകർഷിച്ചത്. അക്കാലത്ത് ഇവിടെ നടപ്പിലിരുന്ന ബുദ്ധ ജൈന ഹൈന്ദവ മതങ്ങൾ തമ്മിൽ പരസ്പര മാത്സര്യത്തിൽ കഴിഞ്ഞു കൂടിയിരുന്നു. ബുദ്ധമതത്തിനും, ജൈനമതത്തിനും, പൗരാണിക ഹിന്ദുമതത്തിനും ധാരാളം അവാന്തര വിഭാഗങ്ങളുമുണ്ടായിരുന്നു. മുക്തിയെ സംബന്ധിച്ചിടത്തോളം ഈ മതങ്ങൾ പരസ്പരഭിന്നങ്ങളായ ഉപദേശങ്ങൾ പ്രചരിപ്പിക്കയും ഓരോന്നും ഇതരമതാസഹിഷ്ണുതയോടുകൂടി പരസ്പരം ദ്രോഹിക്കയും ചെയ്തു. ശൂലത്തിലേറ്റുക, കഴുവിലിടുക, ദഹിപ്പിക്കുക, ചാക്കിലിട്ട് ആട്ടുക എന്നിങ്ങനെയുള്ള പലതരം മാരണക്രിയകളും അതത് മതാവലംബികളായ രാജാക്കന്മാർ ഇതര മതാവലംബികളെ സംബന്ധിച്ച് അനുഷ്ഠിക്കയുണ്ടായി. ഇങ്ങനെ ശൈവന്മാർ ബുദ്ധമതസ്ഥരേയും, ബുദ്ധമതക്കാർ ജൈനമതക്കാരേയും, ജൈനന്മാർ ശൈവന്മാരേയും ബൗദ്ധന്മാരെയും പീഡിപ്പിച്ചുകൊണ്ടിരുന്ന ഒരു കാലത്തായിരുന്നു മർത്തോമ്മാശ്ലീഹാ ഒരു പുതിയ മതവുമായി കേരളത്തിൽ പ്രവേശിച്ചത്. കേരളീയർക്ക് ക്രിസ്തുമതം കേവലം ജൈനബുദ്ധ മതങ്ങളോടൊപ്പം കേരളത്തിനു പുറത്തുള്ള ഒരു മതമെന്നല്ലാതെ മറ്റൊരു തരത്തിൽ വർജനീയമായ ഒന്നായിത്തോന്നിയില്ല. പോരെങ്കിൽ ക്രൈസ്തവ, ബൗദ്ധ മതങ്ങൾക്ക് പലതരത്തിലുള്ള സാമ്യവുമുണ്ടായിരുന്നു. ദക്ഷിണേന്ത്യയിൽ പല സ്ഥലങ്ങളിലും ശൈവന്മാരും ജൈനന്മാരും ബൗദ്ധന്മാരും*

http://www.malankaraorthodox.tv/

*തമ്മിൽ നടത്തിയിരുന്ന മതപീഡകൾ ഏകദേശം 9-ാം നൂറ്റാണ്ടു വരെയും നിലനിന്നിരുന്നു. പൗരാണിക ഹിന്തുമതത്തിനു വിജയസിദ്ധി കൈവരുന്നതുവരെയ്ക്ക് അതാവിത് 13-ാം നൂറ്റാണ്ടുവരെ കേരളത്തിൽ ഈ മതപീഡ അത്യന്തം കഠോരതരമായ വിധം തുടർന്നു പോന്നിരുന്നുവെന്ന് ചരിത്രം സ്പഷ്ടമായി തെളിയിക്കുന്നു. മതത്തിന്റെ സത്യത്തെ തെളിയിക്കുന്നതിലേക്ക് അത്ഭുത കർമ്മങ്ങൾ ഒരു മാനദണ്ഡമായി അക്കാലത്ത് പൊതുവെ സമ്മതിക്കപ്പെട്ടിരുന്നു. ഘടപരീക്ഷ, അഗ്നിപരീക്ഷ ഇത്യാദി അത്ഭുതപരീക്ഷകളിൽ ജയിക്കുന്നവർ ഇതര മതസ്ഥരെ നിർമ്മൂലനം ചെയ്‌വാൻ ഒട്ടും മടിച്ചിരുന്നില്ല. ഈ നിലയിൽ ഓരോ അത്ഭുത പരീക്ഷകളെ മുൻനിറുത്തി ബൗദ്ധന്മാർ ജൈനന്മാരെയും ശൈവന്മാർ ബൗദ്ധന്മാരെയും ജൈനന്മാർ ബൌദ്ധന്മാരെയും പലതരത്തിൽ പീഡിപ്പിച്ചുപോന്നിരുന്നു. തോല്ക്കുന്ന കക്ഷികൾ പലപ്പോഴും വിജയികളുടെ മതം സ്വീകരിക്കുകയും സാധാരണമായിരുന്നു. ഇങ്ങനെ മതത്തിന്റെ സത്യത്വം തെളിയിക്കുന്നതിലേക്ക് അത്ഭുതപരീക്ഷകൾ പൊതുവെ ഒരു പരമ മാനദണ്ഡമായി സ്വീകരിച്ചിരുന്നതുമൂലം മർത്തോമ്മാശ്ലീഹായും അത്ഭുത പരീക്ഷകൾ കാണിപ്പാൻ നിർബന്ധിതനായിത്തീർന്നു. മർതോമ്മാ ശ്ലീഹായുടെ മനുഷ്യാതീതവും ദൈവികവുമായ അത്ഭുതകർമ്മങ്ങൾ കണ്ടറിഞ്ഞ നമ്പൂരി ബ്രാഹ്മണർ തൽക്ഷണം ക്രിസ്തുയേശുവിന്റെ മതം സ്വീകരിപ്പാൻ സന്നദ്ധരായിച്ചമഞ്ഞു.*

*അത്ഭുത പരീക്ഷകൾ കൊണ്ട് സത്യം തെളിയിക്കുന്ന സമ്പ്രദായം 987-നു ശേഷവും ഇവിടെ നിലനിന്നുപോന്നു. ശുചീന്ദ്രത്തു കൈ മുക്കുക, ഈയം വാരുക എന്നിവ അടുത്ത കാലത്താണ് - ലക്ഷ്മീ റാണിയുടെ കാലത്ത് - നിന്നത്.)*

*(വില്യാർവട്ടം സ്വരൂപത്തിന്റെ ആലോചനയോടും ഒത്താശയോടും കൂടിയാണ് പകലോമറ്റം കുടുംബം സഭാപാലന സൗകര്യത്തെ ഉദ്ദേശിച്ച് അങ്കമാലിയിൽ ആസ്ഥാനം ഉറപ്പിച്ചത്.)*

*(പാലയൂരിൽ നിന്ന് 345-ൽ കൊടുങ്ങല്ലൂർ വന്നതായ ശങ്കരപുരി പകലോമറ്റം തുടങ്ങിയ 4 കുടുംബങ്ങളും കൊടുങ്ങല്ലൂർ തോമാ നസ്രാണികളും കൂടി വടക്കേ അങ്ങാടിയിൽ താമസിച്ചു. തെക്കേ അങ്ങാടി ഉൾപ്പെടെ 6 ഗ്രാമങ്ങളിൽ നസ്രാണികൾ താമസിച്ചിരുന്നു.)*

*(ക്നായിത്തൊമ്മന്റെ വരവിനു ശേഷമാണ് "മകോതയപട്ടണം നസ്രാണികൾ", "കൊരക്കേണിക്കൊല്ലം നസ്രാണികൾ" എന്നിങ്ങനെ വ്യവഹാരമുണ്ടായത്. ക്നായിത്തൊമ്മയാണല്ലൊ കൊടുങ്ങല്ലൂരിൽ പട്ടണം സ്ഥാപിച്ചത്. അതിനു മുമ്പ് കൊരക്കേണിക്കൊല്ലം അതിർത്തിക്കുള്ളിലുള്ളവരെ മണിഗ്രാമ ക്രിസ്ത്യാനികളെന്നും അതിനു വടക്കുള്ളവരെ*

http://www.malankaraorthodox.tv/

*പറവൂർ പ്രധാന കേന്ദ്രമായി കല്പിച്ച് കോട്ടക്കായൽ പരിഷയെന്നും വ്യവഹരിച്ചു പോന്നു. മകോതയപട്ടണം നസ്രാണി, കൊരക്കേണി ക്കൊല്ലം നസ്രാണി എന്നീ വ്യവഹാരം രൂഢമൂലമായത് കൊല്ലവർഷം 1-ൽ പേർഷ്യൻ ക്രിസ്ത്യാനികൾ കൊല്ലത്ത് പട്ടണം സ്ഥാപിച്ച ശേഷമാ യിരുന്നു).*

മാർത്തോമ്മാ ശ്ലീഹാ ശങ്കരപുരിയിലും പകലോമറ്റത്തിലും പട്ടവും കൊടുത്ത് അന്നുമുതൽ 293-ാം കാലം കർത്താവിന്റെ ആണ്ട് 345-ൽ കനായിത്തൊമ്മനും യൌസേപ്പു മെത്രാനും വന്നാറെയും പകലോ മറ്റത്ത് തറവാട്ടിൽ ബന്ധുതയുണ്ടായി. അത്തറവാട്ടിൽ നിന്നുതന്നെ ഇപ്പ രിഷക്ക് കർത്തവ്യമായിട്ട് നടത്തണമെന്നും അല്ലാഞ്ഞാൽ വഴക്കുണ്ടാ വുമെന്നും നിശ്ചയിച്ച് യൌസേപ്പു മെത്രാൻ പാലമറ്റത്ത് തറവാട്ടിൽ അർ ക്കദിയാക്കോന്റെ സ്ഥാനം കൊടുത്തു ഇപ്പരിഷക്കാരെ ഒക്കയും വിചാ രിച്ച് ചേരകോൻ പെരുമാൾ തമ്പുരാന്റെ കാലത്തിൽ ഈ പരിഷയൊ ക്കയും കൊടുങ്ങല്ലൂർ പാർത്തു 400-ൽ ചിലാനം സംവത്സരം കഴിഞ്ഞ ശേഷം കൊടുങ്ങല്ലൂർ നിന്നും വാങ്ങി ചേന്നമംഗലത്ത് വില്യാർവട്ടത്ത് സ്വരൂപത്തെ കണ്ട് കുറഞ്ഞൊരു ദിവസം കഴിഞ്ഞതിന്റെ ശേഷം മങ്ങാട്ട് സ്വരൂപത്തിന്റെ നാട് അങ്കമാലിയിൽ ചെന്ന് രാജാവിനെ കണ്ട് പള്ളിയും കമ്പോളവും വെയ്പ്പിച്ച് എല്ലാവെരും കൂടി അവിടെ പാർത്തുവരുമ്പോൾ അങ്കമാലി തുടസ്സമായിട്ട് *(തലസ്ഥാനമായിട്ട്)* നടന്നുകൊള്ളത്തക്കവണ്ണം മുദ്രയും കുത്തിച്ച് അന്നുമുതൽ അർക്കദിയാക്കോന്മാരും മെത്രാന്മാരും സ്ഥാനം കൊടുക്കുന്നതിന് അങ്കമാലി ഇടവക വിളിച്ചത്രെ കൊടുത്തു വരുന്നത്.

*(ഉത്തരകേരളത്തിൽ ഉണ്ടായിരുന്ന മേല്പറഞ്ഞ നാലു കുടുംബ ക്കാരെയും അവരോടു അനുബന്ധിച്ചവരെയും സംബന്ധിച്ച് മാത്രമാണ് ഈ പ്രസ്താവന. നിരണം, കൊല്ലം മുതലായ സ്ഥലങ്ങളിലുള്ള ആളു കളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. പാലയൂരിൽ നിന്ന് പിൽക്കാലത്ത് ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂർ വന്ന് രണ്ടു കൂട്ടരും യോജിച്ചു കൊടുങ്ങ ല്ലൂർ പാർത്തകാലമാണ് 400-ൽ ചിലാനം വർഷം. പിന്നീട് സഭാഭരണ സൗകര്യം പ്രമാണിച്ച് ഒരു കൂട്ടർ അങ്കമാലിക്ക് നീങ്ങി.)*

ഇങ്ങനെ 700-ൽ ചിലാനം കാലം കഴിഞ്ഞതിന്റെ ശേഷം നാലു തറവാ ട്ടുകാരുംകൂടെ വടക്കുംകൂറ്റിൽ സ്വരൂപത്തെ ചെന്നു കണ്ട് കുറവിലങ്ങാട്ടു പള്ളിയും തീർത്ത് അവിടെ ചെന്നു പാർത്തു വരുന്നു. പാലമറ്റത്തു തറ വാടും പള്ളിയിൽത്തറവാടും തമ്മിൽ ബന്ധുക്കളായി ഇപ്പോൾ പനങ്കുഴെ എന്നു പറയുന്ന തറവാടും പാലമറ്റം തന്നെ ആകുന്നു. ഇതിൽ പുത്ത നിലും *(പുത്തൻകൂറ്റിലും)* പഴയതിലും *(പഴയകൂറ്റിലും)* കത്തങ്ങളുമുണ്ട്.

http://www.malankaraorthodox.tv/

കാളിയാകുംകര തറവാട്ടിൽ നിന്നും ചുരുങ്ങിയ ആളുകൾ കുറവി ലങ്ങാട്ടുണ്ട്. ചങ്കരപുരിയിൽ നിന്നും ഒരുത്തൻ വൈപ്പിൽ ഞാറെക്കാ പ്പള്ളി ഇടവകയിൽ ചെന്ന് പെണ്ണുകെട്ടി പാർക്കുന്നപ്രകാരം കേട്ടിട്ടുണ്ട്.

## കടമറ്റത്തച്ചന്മാരുടെ വിവരം

വലിയ ഉതുപ്പു കത്തനാരും ചെറിയ ഉതുപ്പു കത്തനാരും ചാണ്ടിക്ക ത്തനാരും വലിയ അവിരാക്കത്തനാരും നിരണത്ത് വടക്കെ കവറുങ്കൽ കാലം ചെയ്ത മെത്രാശ്ചന്റെ *(5-ാം മാർത്തോമ്മാ)* ചേട്ടൻ ചെറിയക്കത്ത നാരും തൊമ്മൻ കത്തനാരും അയാളുടെ അനുജൻ അയ്പ് കത്തനാരും. ഇദ്ദേഹമത്രെ *(അയ്പു കത്തനാര്)* പുത്തൻകാവിൽ വെച്ച് സ്ഥാനമേറ്റ് കണ്ടുകെട്ടോടുകൂടെ കോട്ടയത്തു ചെന്ന് പറഞ്ഞുംകൊണ്ട് കടമറ്റത്തു പോയി പാർത്ത് 993-ാമാണ്ട് കഴിഞ്ഞത്.

മേൽപ്പറഞ്ഞ തൊമ്മൻ കത്തനാരുടെ അനുജൻ കുറിച്ചിത്താനത്ത് കണ്ണോത്തുകുന്നേൽ ഔസേപ്പിന്റെ മകൻ മാത്തൻ കത്തനാര് 971-ാ മാണ്ട് ചെങ്ങന്നൂർ വെച്ച് സ്ഥാനമേറ്റ് 980-ാമാണ്ട് കാലം ചെയ്തു.

മേല്പടി തൊമ്മൻ കത്തനാരുടെ അനുജൻ കിര്യ്യാള *(കുര്യ്യാള)* യുടെ മകൻ തൊമ്മൻ കത്തനാരു കണ്ടനാട്ടു വെച്ച് സ്ഥാനമേറ്റ് 991-ാ മാണ്ട് കാലം ചെയ്ത് *(8-ാം മര്ത്തോമ്മാ)* പുത്തൻകാവിലടങ്ങി.

എന്നാൽ പാലമറ്റത്ത് തറവാട്ടിലുള്ള അർക്കദിയാക്കോന്മാരുടെയും മെത്രാന്മാരുടെയും വിവരം എഴുതിയിരുന്ന കടുദാസുകളും ഗ്രന്ഥവരിയും നിരണത്ത് പള്ളിയിൽ വെച്ചു പൂട്ടിയിരുന്ന പെട്ടകം ചിതലെടുത്ത് കെടു കാര്യം വന്നു പോയാറെ അതിൽ ഒരിടത്തു കണ്ടത്:-

കൊല്ലം 745-ാമാണ്ട് മിഥുനമാസം 6-നു മാലാനാൽ അർക്കദിയാ ക്കോൻ കഴിഞ്ഞു. 768-ാമാണ്ട് മീനമാസം 30-നു യൊഹാന അർ ക്കദിയാക്കോൻ കാലം ചെയ്തു. 779-ാമാണ്ട് കർക്കടകമാസം 15-നു ഗീവ ര്ഗ്ഗീസ് അർക്കദിയാക്കോൻ കാലം ചെയ്തു. 815-ാമാണ്ട് മീനമാസം 5-നു ഇട്ടിക്കുര്യ്യത് അർക്കദിയാക്കോൻ കാലം ചെയ്തു. ഇതിന്മണ്ണം മിശിഹാ ക്കാലം 345-ൽ അർക്കദിയാക്കോന്റെ സ്ഥാനം കെട്ടിയാറെ 1653-ാം കാല ത്തിനോളവും 1308 സംവത്സരം അർക്കദിയാക്കോന്മാരു മുടക്കം വരാതെ വേദതലവന്മാരായിട്ട് നടത്തിവരുമ്പോൾ തോമ്മാ അർക്കദിയാക്കോന്റെ കാലത്തിൽ മാർഗിനാത്യോസ് മൈലാപ്പൂരു വന്ന് അവിടെനിന്നും കൊടു ത്തയച്ച കടുദാസും പിടിച്ച് ലോകരുകൂടി അർക്കദിയാക്കോനെ 1653-ാം കാലം മർത്തോമ്മാൻ മെത്രാനായിട്ട് വാഴിക്കയും ചെയ്തു. ഇതിന്മണ്ണം അഞ്ചു മെത്രാന്മാരും കഴിഞ്ഞു. 6-ാമത്തെ മെത്രാന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്ഥാനം കിട്ടി. അദ്ദേഹത്തിന്റെ അനന്തരവനെ

http://www.malankaraorthodox.tv/

അപ്പസ്കോപ്പായായിട്ടു വാഴിച്ചു. ആ ദേഹം കഴിഞ്ഞാറെ പിന്നെയും മർ ത്തോമ്മാ മെത്രാനായിട്ടു വാഴിച്ചു. ഈ ദേഹം മരിക്കുമ്പോൾ അദ്ദേ ഹത്തിന്റെ ചിറ്റപ്പനെ വാഴിച്ചു. ഇതിന്മണ്ണം 9 മെത്രാന്മാരും 1653–ാം കാലം മുതൽ 1818–ാമാണ്ടു വരെ 165 സംവത്സരത്തിനിടയിൽ 9 മെത്രാന്മാരും കഴിഞ്ഞിരിക്കുന്നു.

## അഞ്ഞൂർ മെത്രാന്മാരുടെ പിന്തുടർച്ചാ വാഴ്ചക്രമം

കാട്ടുമങ്ങാടന്മാരുടെ *(കാട്ടുമങ്ങാട്ടു കൂറിലോസു മെത്രാൻ തുടങ്ങിയുള്ള തൊഴിയൂർ മെത്രാന്മാരുടെ)* വിവരം:– മിശിഹാകാലം 1771–ൽ കൂറീലോസു മെത്രാപ്പൌലീത്താ വാണു. 32 സംവത്സരം ആ ദേഹം ഇരുന്നു. 1803–ൽ കാലം ചെയ്യുന്നതിനകം 2 മെത്രാൻമാർക്ക് സ്ഥാനം കൊടുത്തു. 1–ാമത് കൂറിലോസു മെത്രാപ്പോലീത്താ. 2–ാമത് ആ ദേഹത്തിന്റെ അനുജൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. മൂന്നാമത് കണിയാവള്ളിക്കാരൻ മാർ ഈവാനിയോസ് അപ്പസ്ക്കോപ്പാ. 4–ാമത് ചീരൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. 5–ാമത് കിടങ്ങൻ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ. ആറാമത് പുലിക്കോടൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ. 7–ാമത് പുന്നത്ര മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. 8–ാമത് പള്ളിപ്പാടൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. 9–ാമത് അഞ്ഞൂക്കാരൻ കൂറിലോസ് മെത്രാപ്പോലീത്താ.

ഇതിൻവണ്ണം ഒൻപത് മേൽപട്ടക്കാരുണ്ടായി. എന്നാൽ പീലക്സീനോസ് കൊല്ലം 1004–ാ മാണ്ടു കഴിയുന്നതിനകം മൂന്നുപേരെ വാഴിച്ചു. ഇപ്പോൾ പള്ളിപ്പാട്ടു മെത്രാപൌലിത്തായും അഞ്ഞുക്കാരൻ കൂറിലോസു മെത്രാപ്പോലീത്തായും ഇരിപ്പോണ്ട്. എന്നാൽ കൊല്ലം 946–ാമാണ്ടു മുതൽ 1004–ാമാണ്ടു വരെ 58 സംവത്സരത്തിനകം ഏഴു മേൽപ്പട്ടക്കാരു കഴിഞ്ഞു. ഇപ്പോൾ രണ്ടു പേരു ഇരിപ്പുണ്ട്.

http://www.malankaraorthodox.tv/